# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 | ലക്കം - 8 | ധനു - 1196 | ജനുവരി 2021



എറണാകുളം ശ്രീ മഹാദേവക്ഷേത്രോത്സവം 2021 ജനുവരി 19 - 26

## സ്ഥാപകദിനത്തോടനുബന്ധിച്ച് കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ നടന്ന മഹാഗണപതിഹോമവും സുദർശനഹോമവും







## എറണാകുളം കരയോഗം അംഗങ്ങളായ കൊച്ചി നഗരസഭാ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ



മാലിനി കുറുപ്പ്
Div. 55
Mob: 9495126235



ശശികല
Div. 61
Mob: 9847004827



മിനി ആർ മേനോൻ
Div. 62
Mob: 6282676643



എഡിറ്റോറിയൽ

# അഭിനന്ദനങ്ങൾ

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞു പറയത്തക്ക അനിഷ്ടസംഭവങ്ങൾ എങ്ങും ഉണ്ടായില്ല എന്നുള്ളത് എല്ലാവർക്കും സന്തോഷത്തിന് വക നല്കുന്നു. ജനാധിപത്യഭരണസംവിധാനത്തിലെ ഈ തിരഞ്ഞെടുപ്പുത്സവം സൗഹാർദ്ദപരമായി മികച്ച സഹിഷ്ണുതയോടുകൂടി ഏറ്റെടുത്തു നടത്തിയ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അത് നടത്തുന്നതിന് ഭരണപരമായ എല്ലാ കർത്തവ്യങ്ങളും സ്തുത്യർഹമായി നിർവ്വഹിച്ച ഇലക്ഷൻ കമ്മീഷനും ഈ കാലയളവിലൊന്നും ക്രമസമാധാനനില തകരാതെ  നിയമപരിപാലനം നടത്തിയ ആഭ്യന്തര വകുപ്പിനും തങ്ങളുടേതായ കർത്തവ്യനിർവ്വഹണം പൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി ,ഫലപ്രദമായി നിർവ്വഹിച്ചു എന്നുള്ളതിൽ അഭിമാനിക്കാം. വരും തിരഞ്ഞെടുപ്പുകളും ഇതുപോലെ തന്നെ അക്രമരഹിതമായി, ആരോഗ്യകരമായ സൗഹൃദമത്സരമായിരിക്കുവാൻ വേണ്ട കരുതലുകൾ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തു നിന്നും ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

ഭൂരിഭാഗം ജനങ്ങളും ഈ കോവിഡ് കാലത്തും തിരഞ്ഞെടുപ്പുമായി പരിപൂർണ്ണമായി സഹകരിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ,കൃത്യമായി അകലം പാലിച്ച്, ക്ഷമയോടുകൂടി ക്യൂ നിന്ന് പോളിംഗ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം വോട്ട് ചെയ്തു. ഇത് കാണിക്കുന്നത് ജനാധിപത്യത്തിലുള്ള അവരുടെ അചഞ്ചലമായ വിശ്വാസവും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്നവരാൽ ഭരണം നടത്തുന്ന ഒരു രാജ്യത്തെ തിരഞ്ഞെടുപ്പിനെ വിജയിപ്പിക്കുക എന്നുള്ളത് നാടിനോടുള്ള തന്റെ കടമയാണെന്ന ഉത്തമ ബോധ്യവുമാണ്. ആ തിരിച്ചറിവാണ് നമ്മുടെ ജനാധിപത്യത്തിന്റെ കരുത്തും. എന്നാൽ ചിലർ തക്കതായ കാരണങ്ങ

## ഉള്ളടക്കം

വാല്യം 13 | ലക്കം 8 | ജനുവരി 2021


എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 6
ബാലലോകം 7
രാഗപരിചയം 10
വാസ്തു 11
ക്ഷേത്രങ്ങളിലൂടെ 12
മഹാഭാരതം 16
ഹരിസുധാലഹരി 19
പാതഞ്ജലയോഗദർശനം 21
ശാസ്ത്രത്തിന്റെ ചരിത്രം - 9
ലോഹങ്ങളുടെ യുഗം 22
ദീപമാഹാത്മ്യം 24
വൃഷലി 28
ദുബായ് ആഘോഷങ്ങളുടെ ലോക തലസ്ഥാനം 40
അതിതീവ്ര കാലാവസ്ഥാ
വ്യതിയാനങ്ങൾ കരുതലോടെയിരിക്കുക 44
ശ്വാസകോശ രോഗങ്ങൾ 48
സ്നേഹമഴ 50
നാലാം വ്യാവസായിക വിപ്ളവത്തിൽ
ഭാഗഭാക്കാകാതിരിക്കാൻ ഇന്ത്യയുടെ
കാർഷിക മേഖലയ്ക്ക് എങ്ങിനെ സാധിക്കും? 53
ദേശാഭിമാനവും ദേശസ്നേഹവും 49
വ്യക്തിത്വ വികസനവും ആത്മാഭിമാനവും 53
പഞ്ചമഹായജ്ഞങ്ങൾ 56
വൈശാഖ ധർമ്മം 57
മാതൃമുക്തകങ്ങൾ 60
മാസഫലം 63
മാട്രിമോണിയൽ 64-66


### പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**

ളൊന്നുമില്ലാതെ വോട്ടു ചെയ്യാതെ മാറി നിന്നു. വിദ്യാഭ്യാസവും വിവരവുമുള്ള ആളുകൾ ഇങ്ങനെ വോട്ട് ചെയ്യാതെ മാറി നില്ക്കുന്നത് ഒരു പൗരന് യോജിച്ച പ്രവണതയല്ല എന്നു മാത്രം സൂചിപ്പിച്ചു കൊള്ളട്ടെ.

ഇനി നമുക്ക് നമ്മുടെ കൊച്ചിയിലേക്ക് വരാം. കൊച്ചിൻ കോർപ്പറേഷൻ കൗൺസിലിലേക്ക് നടന്ന മത്സരത്തിൽ വിജയം വരിച്ച് ജനപ്രതിനിധികളായി എത്തിയിരിക്കുന്ന എല്ലാ കൗൺസിലർമാർക്കും ഞങ്ങളുടെ അഭിനന്ദനങ്ങൾ. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായ ഈ അറബികടലിന്റെ റാണിയെ ലോകോത്തര നിലവാരം പുലർത്തുന്ന ഒരു മഹാനഗരമാക്കി മാറ്റിയെടുക്കുക എന്നുള്ളതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. അതിനുവേണ്ടി എല്ലാ രാഷ്ട്രീയ വ്യത്യാസങ്ങളും മറന്ന്, മാറ്റിവെച്ചുകൊണ്ട് ഒന്നിച്ച് തോളോടു തോൾ ചേർന്ന് പരിശ്രമിക്കണം. തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ വ്യത്യസ്ത രാഷ്ട്രീയ പാർട്ടിക്കാരായിരുന്നു നിങ്ങളിൽ പലരുമെങ്കിലും ഇപ്പോൾ ഇലക്ഷൻ കഴിഞ്ഞ് നിങ്ങളെയെല്ലാം ജനപ്രതിനിധികളായി പ്രഖ്യാപിച്ചിരിക്കുന്നു. ഇനി നിങ്ങൾ രാഷ്ട്രീയ പ്രതിനിധികളല്ല, ഓരോ വാർഡിലെയും എല്ലാ വിഭാഗം ജനങ്ങളുടെയും പൊതു ആവശ്യങ്ങളും ക്ഷേമകാര്യങ്ങളും സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം പേറുന്ന വാർഡ് പ്രതിനിധികളാണ്. ഇനി നിങ്ങൾ കക്ഷിരാഷ്ട്രീയം മാറ്റിവെച്ച് പൊതുസമൂഹത്തിന്റെ സേവകരായി മാറണം.

ഈ സുന്ദരനഗരിയുടെ സാരഥ്യം ഏറ്റെടുത്തിരിക്കുന്ന ബഹു.മാന്യനായ മേയർക്കും, ബഹുമാന്യയായ ഡപ്യൂട്ടി മേയർക്കും ഞങ്ങളുടെ ഹൃദ്യമായ അനുമോദനങ്ങളും ആശംസകളും അർപ്പിച്ചുകൊള്ളുന്നു. ജനങ്ങളുടേതായ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ ചുവപ്പു നാടയിൽ കുടുങ്ങി കിടക്കുന്നുണ്ട്. അവയ്ക്കെല്ലാം സമയബന്ധിതമായി പരിഹാരം ഉണ്ടാക്കണം. നികുതിദായകന്റെ ആവശ്യങ്ങൾ നടത്തി കൊടുക്കുക, ജീവിതം ദു :സഹമാക്കുന്ന വെള്ളക്കെട്ട്, കൊതുകുശല്യം, ഗതാഗതക്കുരുക്ക് തുടങ്ങിയ കാതലായ പ്രശ്നങ്ങളിൽ നിന്ന് അവർക്ക് മോചനം നല്കുക എന്നുള്ളത് നഗരസഭയുടെ ഉത്തരവാദിത്വമാണല്ലോ ? കാലവിളംബം കൂടാതെ ഇവയെല്ലാം നിറവേറ്റണം. ഏറ്റെടുക്കുന്ന പദ്ധതികൾ, അഴിമതിരഹിതമായി, സ്വജനപക്ഷപാതമില്ലാതെ, നിലവാരവും മേന്മയും ഉറപ്പ് വരുത്തി പൂർത്തീകരിക്കുവാൻ തക്കവിധമുള്ള ആസൂത്രണമുണ്ടാവണം. കൊച്ചി കോർപ്പറേഷന്റെ സിരാകേന്ദ്രമായ എറണാകുളം നഗരം നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ഞങ്ങൾ ബഹു. മേയർക്ക് സമർപ്പിച്ചുള്ളതാകുന്നു. ബഹു:കൗൺസിൽ അത് സസൂക്ഷ്മം വിലയിരുത്തണമെന്നും, ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ നഗരത്തിന്റെ വികസനത്തിനനുസരിച്ചുള്ള ആവശ്യങ്ങൾ നടത്തികൊടുക്കുകയും സൗകര്യങ്ങൾ ഒരുക്കുകയും വേണം. ജനങ്ങൾ വൻ പ്രതീക്ഷയിലാണ്. അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുവാൻ ഇപ്പോൾ അധികാരമേറ്റിരിക്കുന്ന ഈ നഗരസഭാ കൗൺസിലർന്മാർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കഴിഞ്ഞ 95 വർഷമായി എറണാകുളം നഗരത്തിന്റെ വളർച്ചയോടൊപ്പം നിന്ന, ഈ നഗരത്തിൽ സാമൂഹ്യസാംസ്കാരിക ക്ഷേമപ്രവർത്തനങ്ങൾക്ക് എന്നും മുന്നിൽ നിന്ന് പ്രവർത്തിച്ചിട്ടുള്ള എറണാകുളം കരയോഗം ഈ പുതിയ നഗരസഭാ കൗൺസിലിന് എല്ലാ വിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു. ബഹു. കൗൺസിലർമാർ ഒന്നോർക്കണം. അടുത്ത അഞ്ചു വർഷകൊണ്ട് ലോകത്തെ മറ്റേതൊരു മഹാനഗരത്തോടും കിടപിടിക്കുവാൻ സാധിക്കുന്ന ഒരു സുന്ദര നഗരമാക്കി നമുക്ക് നമ്മുടെ എറണാകുളത്തെ മാറ്റിയെടുക്കണം. അതിനുവേണ്ടിയായിരിക്കട്ടെ നിങ്ങളുടെ ഓരോരുത്തരുടെയും പ്രയത്നം.

അടുത്തത് ഈ നഗരസഭയിലെ എല്ലാ കൗൺസിലർമാരോടുമുള്ള അപേക്ഷയാണ്. കേന്ദ്രസർക്കാരും, കേരളസംസ്ഥാന സർക്കാരും ജനക്ഷേമകരമായ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഇതെല്ലാം അതിനൊക്കെ അർഹതയുള്ളവരിൽ എത്തിച്ചേരുന്നില്ല എന്ന ദു : ഖസത്യം എടുത്തു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഉദാഹരണത്തിന് താമസിക്കുവാൻ സ്വന്തമായി വീടില്ലാതെ വിഷമിക്കുന്ന എത്രയോ പേർ നമ്മുടെ ഇടയിലുണ്ട്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും ഭവനപദ്ധതികൾ നിലവിലുള്ളപ്പോഴാണ് ഇവർ ഇങ്ങനെ കഷ്ടപ്പെടുന്നത് എന്നോർക്കണം. ഇവർക്ക് സ്വന്തമായി വീട് വെയ്ക്കണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. സർക്കാരിന്റെ ഭവനപദ്ധതി എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കും എന്നുള്ളത് അറിവില്ലാത്തതുകൊണ്ടാണ്.





ഇതുപോലെ കുടിവെള്ള പദ്ധതിയായാലും ശരി, സൗജന്യ ഗ്യാസ് കണക്ഷന്റെ കാര്യമായാലും ശരി, ശൗചാലയ പദ്ധതിയോ എന്തുമാകട്ടെ അതെങ്ങനെ ലഭിക്കും അതിന് ചെയ്യേണ്ടത് എന്തെല്ലാമാണ് ,എന്തൊക്കെ രേഖകളാണ് ഇവയിൽ ഓരോന്നിനും ആവശ്യം എവിടെയാണ് ആരെയാണ് ഇതിനൊക്കെ സമീപിക്കേണ്ടത് എന്നുള്ള കാര്യങ്ങൾ അറിയാത്തതുകൊണ്ടാണ് ഈ ആനുകൂല്യങ്ങൾക്കെല്ലാം അർഹതയുള്ളവർപോലും വിധിയെ പഴിച്ച് കഷ്ടപ്പെട്ട് ദിവസങ്ങൾ തള്ളി നീക്കുന്നത്. സർക്കാർ ഇതിനൊക്കെവേണ്ടി നീക്കി വെയ്ക്കുന്ന തുക ലാപ്സായി പോകുകയും ചെയ്യുന്നു. ഈ ദു:സ്ഥിതി ഒഴിവാക്കുവാൻ ബഹുമാന്യരായ കൗൺസിലർമാർ നിങ്ങളുടെ ഓരോരുത്തരുടെയും വാർഡിലുള്ള സാധാരണക്കാരയ ഇത്തരം ആളുകളെ ഈ കാര്യങ്ങളിലെല്ലാം ബോധവത്കരിക്കണം. പലർക്കും ഈ ആനൂകൂല്യങ്ങളെക്കുറിച്ച് അറിയില്ല. അതുകൊണ്ട് അവർ നിങ്ങളെയോ, സമീപിക്കേണ്ട സ്ഥാപനത്തിനെയോ സമീപിക്കുന്നില്ല. അങ്ങനെയുള്ള മുഴുവൻ ആളുകൾക്കും നിങ്ങൾ മുൻകയ്യെടുത്ത് അവരെക്കൊണ്ട് വേണ്ട രേഖകൾ സഹിതം അപേക്ഷകൾ നല്കിക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ക്ഷേമപദ്ധതികൾ അർഹിക്കുന്നവർക്ക് യഥാസമയം ലഭ്യമാവുകയുള്ളൂ, സർക്കാരുകളുടെ ഉദ്ദേശവും ലക്ഷ്യവും പൂർണ്ണമാവുകയുള്ളൂ.

മാനവസേവയാണ് മാധവസേവ എന്ന ആപ്തവാക്യത്തെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ ഇടയിലെ അശരണരും ആലംബഹീനരുമായ പാവപ്പെട്ട ജനതതിയെ ഉയർത്തിക്കൊണ്ട് വരുന്നതിനും മറ്റുള്ളവർക്കൊപ്പമുള്ള ജീവിതസാഹചര്യം അവർക്കും സൃഷ്ടിക്കുക എന്നുള്ളതുമായിരിക്കട്ടെ ജനസേവകരായ നിങ്ങളോരോരുത്തരുടെയും ലക്ഷ്യം - അതുവഴി യഥാർത്ഥ മാനവസേവയുടെ പുതിയ പാത വെട്ടിതെളിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ.

അഭിനന്ദനങ്ങളോടെ ഭാവുകങ്ങൾ നേരുന്നു.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 ഡിസംബർ മാസം സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. വിദ്യ വിജയൻ മേനോൻ, 2 സി, അബാദ് മേയ് ഫെയർ, വാരീയം റോഡ്, കൊച്ചി –682016 | 1,00,000/- |
| 2. ശ്രീമതി. ടി. പത്മം, C/o ഉദയലക്ഷ്മി സുരേഷ്, സി – 18 ജെം നിർമ്മാല്യം, വി.ജി. റാവു നഗർ, കട്ടബൊമ്മൻ സ്ട്രീറ്റ്, ഗണപതി, കോയമ്പത്തൂർ, തമിഴ്നാട് | 15,000/- |
| 3. ശ്രീ.സി.കെ. രവീന്ദ്രൻ, ബി 3, ഗ്രാൻഡ് അനേ അപ്പാർട്ട്മെന്റ്സ്, സൗത്ത് ചിറ്റൂർ | 10,000/- |
| 4. ശ്രീമതി. സതി മുകുന്ദൻ, ധന്യ, ചർച്ച് ലാൻഡിംഗ് റോഡ്, കൊച്ചി – 682016 | 10,000/- |
| 5. ഡോ. അഞ്ജന, പാർവ്വതി നിവാസ്, ദിവാൻസ് റോഡ്, കൊച്ചി – 682016 | 8,600/- |
| 6. ശ്രീ. ഇ. വിജയകുമാർ, 49/3, ഉഷസ്സ്, ഇളമക്കര, കൊച്ചി | 5,000/- |
| 7. ശ്രീ. മോത്തി. കെ. ആർ, നമ്പർ. 291/എ, കാപ്പിള്ളിൽ ഹൗസ്, മാണിക്യമംഗലം. പി. ഒ, കാലടി | 5,000/- |
| 8. ശ്രീ. രാജേന്ദ്രൻ. ബി, അരവള്ളിൽ, വാരിയം റോഡ്, കൊച്ചി–682016 | 5,000/- |
| 9. ശ്രീ. സുരേഷ്. ബി. നായർ, TRRA141/B, താമരശ്ശേരി റോഡ്, പേട്ട ജംഗ്ഷൻ, പൂണിത്തുറ | 5,000/- |
| 10. ശ്രീമതി. ഇ.കെ. രാധ, 40/6717, നാരകത്തറ റോഡ്, കൊച്ചി | 5,000/- |
| **സ്കോളർഷിപ്പ് എൻഡോവ്മെന്റ്** | |
| 1. ശ്രീമതി. പി. എം, സുകുമാരിദേവി, ആനന്ദ ഭവൻ, രവിപുരം റോഡ്, എറണാകുളം | 10,000/- |



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

ഏവർക്കും പുതുവർഷ ആശംസകൾ,

2021 എല്ലാവർക്കും ഐശ്വര്യവും സമാധാനവും ഉണ്ടാവട്ടെയെന്ന് ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു.

രണ്ടായിരത്തി ഇരുപത് പ്രതീക്ഷയോടെ തുടങ്ങിയെങ്കിലും കോവിഡ് - 19 എന്ന മഹാപകർച്ചവ്യാധി നമ്മുടെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായുമുള്ള പ്രവർത്തനങ്ങളെപ്പോലും പ്രതുകൂലമായി ബാധിക്കുകയും മുന്നോട്ടുള്ള പ്രവർത്തനത്തെ പൂർണ്ണമായും തന്നെ തടസ്സപ്പെടുത്തുകയും ചെയ്തു. മനുഷ്യരാശിയെ മുഴുവൻ ഈ മഹാരോഗത്തിന്റെ വിപത്തും ഒരു പരിധിവരെ മരണഭയവും പിടികൂടി എന്നു പറയുന്നതായിരിക്കും ശരി. എന്നിരുന്നാലും നാം അതും അതിജീവിച്ച് എല്ലാ പ്രയാസങ്ങളെയും നേരിട്ട് മുന്നോട്ടു പോകുകയാണ്. കാലത്തിന്റെ വികൃതികളും പ്രകൃതിയോടുള്ള നമ്മുടെ ക്രൂരമായ ഇടപെടലുകളും സമ്പത്തിനും സ്വത്തിനും വേണ്ടി എല്ലാം വെട്ടി നശിപ്പിക്കുന്ന ആർത്തി പൂണ്ട, എത്ര കിട്ടിയാലും മതിയാവാത്ത മനസ്സുകൾക്കുള്ള തിരിച്ചടിയുടെ ഒരു ഭാഗം മാത്രമാണ് ഇത്തരം പാഠങ്ങൾ. ഈ ഭൂമിയിലുള്ള എല്ലാ പ്രകൃതി വിഭവങ്ങളും മനുഷ്യർക്കു മാത്രമുള്ളതല്ലായെന്നും എല്ലാ പക്ഷിമൃഗസസ്യജീവജാലങ്ങൾക്കും തുല്യമായി അവകാശപ്പെട്ടതാണെന്നുമുള്ള നമ്മുടെ ഋഷിഗുരു പരമ്പരകളും, വേദാന്തങ്ങളും, പുണ്യഗ്രന്ഥങ്ങളും വളരെ വ്യക്തമായും എന്നാൽ ലളിതമായും നമ്മളെ പറഞ്ഞു പഠിപ്പിച്ചിട്ടും എന്തേ നാം ദുരാഗ്രഹങ്ങളുടെ പുറകെ പോയി ഇതെല്ലാം മറന്ന് സ്വത്തിനും പണത്തിനും വേണ്ടി ആർത്തിയോടെ വെട്ടിപ്പിടിക്കുന്നു. എന്നിട്ടും അത് അടുത്ത തലമുറയ്ക്ക് കൈമാറുവാനുള്ള അവസരംപോലും നല്കാതെ പ്രകൃതി ഇത്തരം ദുരന്തങ്ങളിലൂടെ നമ്മളെ ശിക്ഷിച്ചും ഓർമ്മിപ്പിച്ചും കൊണ്ട് ആ മഹാപ്രപഞ്ചത്തിന്റെ വിളയാട്ടം തുടരുകയാണ്.

മാറണം നമുക്ക് മാറി ചിന്തിക്കണം. കുറെക്കൂടി ഈ പ്രകൃതിയോടുള്ള നമ്മുടെ സമീപനങ്ങളിൽ മാറ്റം വരുത്തുകയും ഇണങ്ങി ജീവിക്കുവാൻ കഴിയുകയും ചെയ്യുന്നതാവട്ടെ, അല്ലെങ്കിൽ അതിനുള്ള ദൃഢപ്രതിജ്ഞയാവട്ടെ 2021 എന്ന് ആശംസിക്കുന്നു.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് 2021 കൂടുതൽ കാര്യക്ഷമമായും ഊർജ്ജസ്വലതയോടെയും പ്രവർത്തിക്കേണ്ട വർഷമാണ്. നമ്മുടെ വരുമാന സ്രോതസ്സുകളിലുണ്ടായ ഭീമമായ ഇടിവ് ഈ വർഷം കോവിഡ് -19 ന്റെ നിയന്ത്രണങ്ങൾ ഒഴിഞ്ഞു കിട്ടുന്നതിന്റെ മുറയ്ക്ക് കൂടുതൽ മെച്ചപ്പെടും എന്നു തന്നെയാണ് ശുഭപ്രതീക്ഷ. ടി.ഡി.എം ഹാളിന്റെ വിവിധ ഹാളുകളിലും ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിലും വിവാഹങ്ങളും മറ്റു ചടങ്ങുകൾക്കുമുള്ള ബുക്കിംഗുകൾ പുനരാരംഭിച്ചിട്ടുണ്ട്. കരയോഗത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളെ പറ്റിയും സേവനങ്ങളെ പറ്റിയും ജീവകാരുണ്യ പ്രവർത്തനങ്ങളെ പറ്റിയും ഉള്ള വിവരങ്ങൾ പൊതുജനമദ്ധ്യത്തിലെത്തിക്കുക എന്ന ഉത്തരവാദിത്വവും കടമയും അംഗങ്ങളായ നിങ്ങളിലോരോരുത്തരിലും നിക്ഷിപ്തമാണെന്ന വസ്തുത സവിനയം ഓർമ്മപ്പെടുത്തി കൊള്ളട്ടെ.


2021 മാർച്ച്- ഏപ്രിലോടുകൂടി ടി.ഡി. എം ഹാളിൽ നടത്തി വന്നിരുന്ന എല്ലാ സാംസ്കാരിക കലാപരിപാടികളും പുനരാരംഭിച്ച് സജീവവും സ്നേഹോഷ്മളവുമായ കൂട്ടായ്മകൾ ഉണ്ടാവണമെന്നാണ് ആഗ്രഹിക്കുന്നത്. സർക്കാരിന്റെ നിയന്ത്രണങ്ങൾക്കു വിധേയമായി എല്ലാം ഭംഗിയായി നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

എറണാകുളത്തിന്റെ നാഥനായ എറണാകുളത്തപ്പന്റെ തിരുവുത്സവം ജനുവരി 19 മുതൽ 26 വരെ കോവിഡ് -19 ന്റെ പ്രോട്ടോകോളിനു വിധേയമായി തിരുവിതാംകൂർ ദേവസ്വംബോർഡും ക്ഷേത്രക്ഷേമ സമിതിയും കൂടി ചേർന്ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളട്ടെ.

ജനറൽ സെക്രട്ടറി







## ബാല ലോകം

# കുട്ടികളുടെ നന്മയ്ക്ക്

**പറവൂർ രാജഗോപാൽ (ഫോൺ: 9847291483)**

പ്രീയപ്പെട്ട ചങ്ങാതിമാരെ,

വീണ്ടും ഒരു പുതുവർഷം കൂടി സമാഗതമായിരിക്കുന്നു. പുത്തൻ ഉണർവ്വിന്റെയും പുതുപുത്തൻ ചിന്തകളുടെയും, ആശയങ്ങളുടെയും പ്രതിജ്ഞകളുടെയും മോഹനസുന്ദരസ്വപ്നങ്ങളുടെയുമൊക്കെ പ്രതീക്ഷാനിർഭരമായ മറ്റൊരു നവവർഷക്കാലം.

ഒരു ലക്ഷ്യവും എളുപ്പത്തിൽ കൈവരുന്നതല്ല. അതിന് കഠിനവും നിരന്തരവുമായ പരിശ്രമം അനിവാര്യമാണ്. ഒരു ജോലിയും മറ്റൊന്നിനേക്കാൾ മോശമോ മികച്ചതോ അല്ല. അവനവന്റെ ജോലിയിൽ അവനവൻ വലുത്. മുടിവെട്ടുവാൻ മുടിവെട്ടുകാരനെ സമീപിക്കുമ്പോൾ അയാളുടെ നിർദ്ദേശപ്രകാരം നാം, ആരുതന്നെയായാലും, എത്ര ഉന്നത പദവിയിലുള്ള ആളായാലും ശരി, ഇരുന്നു കൊടുക്കണം. ചെരിപ്പിന്റെ തുകൽ പൊട്ടി, തുന്നിച്ചേർക്കാൻ ചെരുപ്പുകുത്തിയുടെ മുന്നിലെത്തുമ്പോൾ അവിടെയും നാം കാത്തു നിന്നേ പറ്റൂ.

നമ്മൾ ആരായിത്തീർന്നാലും ആത്യന്തികമായി നാം നല്ല മനുഷ്യരാകുക എന്നതാണ് പ്രധാനം. സ്നേഹവും കരുണയും ആർദ്രതയുമുള്ള നല്ല വ്യക്തിത്വത്തിന് ഉടമകളാകണം നാം.

ലക്ഷക്കണക്കിന് ഡോക്ടർമാരെ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്ന ഒരു സമൂഹം ഫലത്തിൽ കോടിക്കണക്കിനു രോഗികളെ സൃഷ്ടിക്കാൻ പ്രാർത്ഥിക്കുകയല്ലേ ചെയ്യുന്നത്......... ?

ഒരാൾ വിജയിച്ചു എന്നതിനർത്ഥം അയാൾ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല എന്നല്ല, അയാൾ പരിശ്രമം അവസാനിപ്പിച്ചില്ല എന്നതാണ്.

അബ്ദുൾ കലാം ആസാദ് പറഞ്ഞിട്ടുള്ളതുപോലെ, നിങ്ങൾ സ്വപ്നങ്ങൾ ഉള്ളവരായിരിക്കുക. ധാരാളം സ്വപ്നങ്ങൾ കാണുക. സ്വപ്നങ്ങൾക്ക് ചെക്ക് പോസ്റ്റ് ഒന്നും ഇല്ല. ആർക്കും വരാം. പോകാം! സ്വപ്നം ചിന്തകളായി മാറും...... ചിന്തകൾ പ്രവൃത്തികളായിത്തീരും.

കണ്ണുകളടച്ച് കടലിനെ സ്വപ്നം കാണാൻ കഴിയണം. മുടിനാരു കൊണ്ട് മലയെ കെട്ടി വലിക്കുക. കിട്ടിയാൽ മല. പോയാൽ മുടി. ജീവിതത്തിലെന്തിനെക്കുറിച്ചും അതായിരിക്കണം ഭാവന. ആശയ്ക്കനുസരിച്ച് വന്നാലും ഇല്ലെങ്കിലും നഷ്ടം ഇല്ലെന്ന ഭാവമായിരിക്കണം മനസ്സിന്. ഒപ്പം ചിരിക്കാനും തമാശ പറയാനും പഠിക്കുക. സങ്കടപ്പെട്ടിരിക്കുമ്പോഴും ചിരിക്കുന്നതെങ്ങനെയെന്ന് പഠിക്കുക. കരയുന്നതിൽ നാണക്കേടില്ലെന്നും മനസ്സിലാക്കുക. സന്തോഷത്തിൽ വിനയഭാവവും, ദുഃഖത്തിൽ ശാന്തതയും കൈവിടാതിരിക്കുക. സഹായിക്കാനും സാഹചര്യങ്ങളെ മനസ്സിലാക്കി സന്മനസ്സോടെ പെരുമാറാനും പഠിക്കുക. പണത്തേക്കാളുപരി സ്നേഹം പങ്കുവെയ്ക്കാൻ കഴിയുന്നതാണ് ജീവിതത്തിന്റെ ഊഷ്മളത. ജീവിതം തന്നവന് നന്ദി പറഞ്ഞുകൊണ്ട് നന്നായി ജീവിക്കുക. അവസരങ്ങൾ ഉപയോഗപ്പെടുത്തുക. നിങ്ങൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾക്ക് പണം ഉപയോഗിക്കുക. വയറുവേദനിക്കും വരെ പൊട്ടിച്ചിരിക്കുക. ഡാൻസ് ചെയ്യാൻ അറിയില്ലെങ്കിലും ചെയ്യുക. ഫോട്ടോക്ക് പോസ് ചെയ്യുമ്പോൾ ബലം പിടിക്കാതെ കൂളാവുക. കുട്ടികൾ നിങ്ങൾ, എല്ലാം എന്തും ഏതും ആസ്വദിക്കുക. വായനയിലൂടെ വളരുക. ഓർക്കേണ്ടത് മറക്കാതിരിക്കുക. മറക്കേണ്ടത് ഓർക്കാതെയും.

നാം ഈ ലോകത്തു വന്ന് ഈ ലോകത്തെ അറിയാൻ വേണ്ടി മാത്രമല്ല, അതിനെ സ്വീകരിക്കാനാണ്. വിജ്ഞാനംകൊണ്ട് നാം ശക്തരായേക്കാം. സഹാനുഭൂതി കൊണ്ടായിരിക്കാം നാം പൂർണ്ണത പ്രാപിക്കുന്നത്. അത് മറക്കേണ്ട.

നമുക്ക് വിവരങ്ങൾ നൽകുക മാത്രം ചെയ്യുന്നതല്ല ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം. മറിച്ച് നമ്മുടെ ജീവിതത്തെ എല്ലാ ജീവജാലങ്ങളോടും താളപ്പൊരുത്തമുള്ളതാക്കി മാറ്റുന്നതാണ്. നമ്മെ തിരിച്ചറിയുന്നതും നമുക്കപ്പുറമുള്ളതു കാണുകയും ചെയ്യുന്നതാവണം വിദ്യാഭ്യാസം. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷ പാസ്സാവാൻ അല്ല മക്കളേ പഠിക്കേണ്ടത്. ഒരു മനുഷ്യായുസ്സ് നീണ്ടു നിൽക്കുന്ന പരീക്ഷ പാസ്സാവാൻ പ്രാപ്തരാവണം നിങ്ങൾ.

സത്യം പറയുകയും ധർമ്മം ആചരിക്കുകയും വേണം. ഇതാണ് ആദർശശുദ്ധി. സദാചാരവും സത്ചിന്തകളും ത്യാഗവും കളങ്കരഹിതമായ സ്നേഹവും

ഇല്ലാത്ത ജീവിതം വ്യർത്ഥമാണ്. ഇന്ദ്രിയങ്ങളുടെ ചരടിൽ കുടുങ്ങി ജീവിതം പാവകളിച്ചു തീർക്കുന്നതുകൊണ്ടാണ് സമൂഹം ഉണങ്ങി വരണ്ടു മരുഭൂമിയാകുന്നത്.

സമർപ്പണം എന്നത് നമ്മുടെ ഉള്ളിന്റെയുള്ളിൽ അന്തർലീനമായ ആഗ്രഹമായിരിക്കണം. ഒരിക്കലും ബാഹ്യമായ നിബന്ധനകളായിരിക്കരുത്. നമ്മുടെ പ്രവർത്തികൾ മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുവാനല്ല മറിച്ച് നമ്മുടെ ആത്മസംതൃപ്തിക്കും കഴിവിന്റെ പൂർത്തീകരണത്തിനുമായിരിക്കണം. അപ്പോൾ, പൂർണ്ണത ചുറ്റുമുള്ളവരുടെ അനുമോദനങ്ങളേക്കാൾ നമ്മുടെ മനസ്സിനുള്ളിൽ സംതൃപ്തി നിറഞ്ഞ ഒരു വികാരമായി നിറയുന്നത് അനുഭവിച്ചറിയാം.

ജീവിതത്തെയും പ്രപഞ്ചത്തെയും കുറിച്ചുള്ള ഒരുപാട് ചോദ്യങ്ങൾക്ക് ഇന്നും സയൻസിന് ഉത്തരമില്ല. അറിവിന്റെ അപ്പുറത്തുള്ള കാര്യങ്ങളും ജീവിതത്തെ ബാധിക്കുന്നു എന്നത് തീർച്ചയാണ്. അതിനാൽ അറിവിന്റെ കൂടെ ഈശ്വരനും ആവശ്യം തന്നെയാണ്.

മക്കൾക്കെങ്ങിനെ, ഈശ്വരവിശ്വാസമൊക്കെയുണ്ടോ ? ദൈവികമായ ഒരു പരിരക്ഷ നമുക്കേവർക്കും അനിവാര്യം തന്നെയാണ്.

സന്ധ്യാകാലങ്ങളിൽ വീടുകളിൽ നിലവിളക്കു കൊളുത്തി വെച്ച്, അതിനു മുന്നിലിരുന്ന് നാമം ജപിക്കുന്ന ഒരു രീതി പണ്ടുകാലങ്ങളിൽ പതിവുള്ളതായിരുന്നു. ഇന്ന് എത്ര ഭവനങ്ങളിൽ ഇങ്ങനെയൊരു രീതി തുടർന്നു പോകുന്നുണ്ടെന്ന് അറിയില്ല. മുത്തശ്ശിമാരൊക്കെയുള്ള വീടുകളിൽ സന്ധ്യാദീപം കൊളുത്തലും നാമജപവുമൊക്കെ തീർച്ചയായും കാണുമെന്ന് കരുതട്ടെ.

മുത്തശ്ശിമാരുള്ള ഭവനങ്ങൾ തന്നെ ഇന്നു ചുരുക്കം. പിന്നെ, ഇന്നുള്ള പല അമ്മൂമ്മമാർക്കും ഇതൊക്കെ ശീലമായിക്കൊള്ളണമെന്നില്ല. സന്ധ്യകളിൽ ഇന്നു മിക്ക ഭവനങ്ങളിലും വീട്ടുകാർ ടി.വിക്കു മുന്നിലാവും. സന്ധ്യാകാലം സീരിയലുകളുടെ സമയം. പലതിലും സ്ത്രീകളെ ക്രൂരയായും ദുഷ്ടകാഥാപാത്രങ്ങളായുമാണ് പരിചയപ്പെടുത്തുന്നത്. ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി കീർത്തിക്കേണ്ട ജനതയ്ക്കു പറ്റിപ്പോകുന്ന തെറ്റുകുറ്റം.

സന്ധ്യാകാലം പ്രാർത്ഥനയ്ക്കും നാമജപത്തിനും മാത്രമേ കൊള്ളുവെന്നാണ് പഴമൊഴി. പഴമൊഴിയിൽ പതിരില്ല, ശുദ്ധമാണ്. വിശ്വസിക്കാം.

കൊച്ചു കൂട്ടുകാരെങ്ങനെ? നാമജപവും ഈശ്വരവിചാരവുമൊക്കെ പതിവുണ്ടോ? നല്ല ശീലങ്ങളാണ്. നല്ലതെന്തും വളർത്തിയെടുത്താൽ ഐശ്വര്യപ്രദമായിരിക്കും ജീവിതം.

ഇന്നത്തെ ലോകം എന്തും ഏതും തെറ്റിദ്ധരിക്കുന്നു. വെറും കല്ല് കണ്ട് രത്നം എന്ന് പേരിടുന്നു. വിവേചനശക്തി തീരെയില്ല ഇന്ന് മനുഷ്യന്. ഭ്രാന്തമായ ലോകം. നേരും വ്യാജവും തമ്മിൽ മത്സരമാണ് ഇന്ന്. വ്യാജന്മാരുടെ ലോകത്ത് നേര് തിരിച്ചറിയുക വിഷമം തന്നെ.

പുണ്യമാസങ്ങളാണ് കൺമുന്നിൽ. പുണ്യം പ്രദാനം ചെയ്യുന്ന ഇത്തിരി കാര്യങ്ങളെപ്പറ്റി പറഞ്ഞാലോ ഇനി. പറയാം അല്ലേ? പുതുവർഷം നിങ്ങൾക്ക് ശോഭനമാകും വണ്ണം ചിട്ടപ്പെടുത്താൻ ചില പൊടിക്കൈകൾ.

ജലവും അന്നവും പോലെയാണ് ജപമന്ത്രങ്ങളും. സുഭാഷിത സൂക്തങ്ങളും. ഭൂമിയിലുള്ള മൂന്ന് അപൂർവ്വമായ രത്നങ്ങളാണ് ജലവും അന്നവും സുഭാഷിതങ്ങളും. പൂജാക്രമങ്ങളും പ്രാർത്ഥനയും ജപമന്ത്രങ്ങളും നാമപാരായണവുമൊക്കെ ഏറെ പ്രസക്തമാണ് ഈ കാലത്ത്.

ജപത്തിലൂടെ നാം ഈശ്വരീയശക്തിയെ ഉള്ളിലാക്കുക. സ്നേഹത്തിലൂടെ അതേ ശക്തിയെത്തന്നെ പുറത്തു വിടുക.

ഇനി പറയുന്ന മൂന്ന് കാര്യങ്ങൾ ചങ്ങാതിമാർ എല്ലാവരും ഓർമ്മിക്കണം.

പഠിക്കേണ്ട സമയത്ത് പഠിക്കണം.
കളിക്കേണ്ട സമയത്ത് കളിക്കണം.
ജപിക്കേണ്ട സമയത്ത് ജപിക്കണം.

പഠനം മാത്രം പോരാ. കളിയും വേണം. കാര്യമായ വ്യായാമമില്ലെങ്കിൽ ശരീരം മേദസ്സു വന്നു നിറയും. പല രോഗങ്ങളും കടന്നാക്രമിക്കും. കളിക്കൊപ്പം കാര്യവും കാണണം. കാഴ്ചപ്പാടുണ്ടാവണം. ഉൾക്കാഴ്ച നേടണം. ഭഗവൽ സ്വരൂപം മനനം ചെയ്യണം. ചുണ്ടിൽ നാമമന്ത്രങ്ങൽ തത്തിക്കളിക്കണം. മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാൻ മനനം നല്ലതാണ്. മന്ത്രജപവും.

ഒരു കുട്ടിയോട് നാമം ജപിക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ അവൻ ചോദിച്ചു.

ജപമൊക്കെ ചെറുപ്പത്തിലേ ആവശ്യമുണ്ടോ? മുത്തശ്ശിമാർക്കും വയസ്സായവർക്കുമല്ലേ രാമായണവും നാമജപവുമൊക്കെ പറഞ്ഞിരിക്കുന്നത്.

അല്ലാട്ടോ. ഏഴിലും എഴുപതിലും ഒരുപോലെ എന്നു കേട്ടിട്ടില്ലേ? കിളികൊഞ്ചുന്ന സ്വരമുള്ളപ്പോൾ ജപിച്ചു ശീലിച്ച ഭാഗ്യവാന്മാരാണ് കൂനിക്കൂടി നടക്കുമ്പോഴും ജപിക്കുന്നത്.

കളിക്കാനും പഠിക്കാനും എപ്പോഴും പറ്റില്ല. എന്നാൽ ജപം എപ്പോഴുമാകാം. രോഗം വന്നാലും ജപിക്കാം. യാത്ര പോകുമ്പോഴും ആവാം. മനസ്സിന്റെ പിരിമുറുക്കമൊക്കെ മാറി സ്വച്ഛമാകും മനസ്സ്.





ഗുരുക്കന്മാർ പറയും.

ജപമാണ് ഏറ്റവും അടുത്ത മിത്രം – എന്ന്.

ഭാഗവതമാഹാത്മ്യത്തിൽ ഗുരുമഹിമ പഠിപ്പിക്കുന്ന ഒരു ശ്ലോകമുണ്ട്. അത് പഠിക്കാം. നല്ലതാണ്. ഗുണം ചെയ്യും.

ചിന്താമണിർ ലോകസുഖം സുരദ്ര സ്വർഗ്ഗ സമ്പദം

പ്രയച്ഛതി ഗുരുഃ പ്രീതോ വൈകുണ്ഠം യോഗി ദുർല്ലഭം

ചിന്താമണി രത്നം, സുരദ്ര എന്ന കൽപ്പവൃക്ഷം, ഗുരു – ഇവർ പ്രസാദിച്ചാലുള്ള ഫലം നോക്കാം.

ചിന്താമണി ഇഹലോകസുഖമെല്ലാം തരും. സുരദ്രു സ്വർഗ്ഗസുഖം തരും. ഗുരു വൈകുണ്ഠം തന്നെ തരും.

ശ്ലോകം ഹൃദിസ്ഥമാക്കുക എന്റെ മക്കൾ. ഭഗവൽ സ്വരൂപം ഉള്ളിലുറപ്പിക്കുക.

അർജ്ജുനപത്ത് എന്നറിയപ്പെടുന്ന അർജ്ജുനന്റെ പത്ത് നാമങ്ങൾ ഉണ്ട്.

അർജ്ജുനൻ, ഫൽഗുനൻ, പാർത്ഥൻ, വിജയൻ, കിരീടി, ശ്വേതാശ്വൻ, ധനഞ്ജയൻ, ജിഷ്ണു, സവ്യസാചി, ബീഭത്സു.

ഇടിവെട്ടു കേട്ടു പേടിക്കുന്ന കുട്ടികൾക്ക് പണ്ട് അമ്മൂമ്മമാർ ഈ നാമങ്ങൽ ചൊല്ലികൊടുക്കുമായിരുന്നു.

ഈ നാമങ്ങൾ തുരുതുരെ ജപിച്ച് പേടിയെ ഓടിച്ചു കളയുന്ന മിടുക്കന്മാരുണ്ട്. ഇന്നും!

അതുപോലെ ഹനുമാൻ സ്വാമിയുടെ ദ്വാദശനാമങ്ങളായ –

ഹനുമാൻ അഞ്ജനാസൂനർ വായുപുത്രോ മഹാബല:

രാമേഷ്ട ഫൽഗുനസഖ: പിംഗാക്ഷോഅമിതവിക്രമഃ

ഉദധിക്രമണശ്ചൈവസീതാശോക വിനാശനഃ

ലക്ഷ്മണ പ്രാണദാതാച ദശഗ്രീവസ്യ ദർപ്പഹാ.

ഈ നാമങ്ങൽ ഉറങ്ങാൻ കിടക്കുമ്പോൾ, രാവിലെ ഉണർന്നെഴുന്നേല്ക്കുമ്പോൾ, യാത്ര പുറപ്പെടുമ്പോൾ, ഒക്കെ ജപിച്ചാൽ ഭയം നീങ്ങും. യുദ്ധക്കളത്തിലോ. രാജസഭയിലോ, ഗുഹയിലോ പോലും ഒന്നും ഭയപ്പെടേണ്ടതില്ല.

പറഞ്ഞു പറഞ്ഞ് കുറച്ചധികമായിപ്പോയോ? ശരി. നിർത്തിയേക്കാം.

കൂട്ടുകാർക്ക് എന്തെല്ലാം കർമ്മപദ്ധതികളാവും ഈ പുതുവർഷം? എല്ലാം സഫലമാകട്ടെയെന്ന് ആശംസിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു. വരുന്ന ഓരോ അവസരവും അതിനായി പ്രയോജനപ്പെടുത്തുക. സദാ കർമ്മ നിരതരായിരിക്കുക. ഉത്സുകരായിരിക്കുക!

ഈശ്വരനെ സ്മരിച്ചാൽ, ഈശ്വരനാമങ്ങൾ ജപിച്ചാൽ ഊശ്വരൻ സദാ കൂടെയുണ്ടാവും, തീർച്ച!

ഹൃദയത്തിന്റെ ഓട്ടുകിണ്ടിയിൽ കുളിരു നിറയട്ടെ.

# കിട്ടുണ്ണിയുടെ കൃഷി

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ജമീന്ദാർ രാംലാലിന്റെ പാചകക്കാരനായിരുന്നു കിട്ടുണ്ണി. എത്രയോ വർഷങ്ങളായി അയാൾ ജമീന്ദാരുടെ അടുക്കളക്കാരനായിട്ട്. കിട്ടുണ്ണി വെച്ചു വിളമ്പുന്ന ആഹാരങ്ങൾക്കൊക്കെ എന്ത് രുചിയെന്നോ. അതുകൊണ്ടു തന്നെ ജമീന്ദാർക്കു കിട്ടുവിനെ ഏറെ പ്രിയവും ആയിരുന്നു.

ഒരു നാൾ കിട്ടുണ്ണിയെ വിളിച്ച് രാംലാൽ പറഞ്ഞു.

കിട്ടൂ, നിനക്കു ഞാനൊരു പുതിയ ജോലി തരുന്നു. മലയടിവാരത്തിൽ എനിക്കുള്ള തരിശുസ്ഥലത്ത് നീ കൃഷിയിറക്കണം. നാളെത്തന്നെ പുറപ്പെട്ടോളൂ.

കിട്ടുണ്ണിക്ക് അത്ഭുതമാണ് തോന്നിയത്.

അടുക്കളക്കാരനായ തന്നെ കൃഷികാര്യങ്ങൾ ഏൽപ്പിക്കുകയോ?

പിറ്റേന്ന് ഒരു കാളവണ്ടിയിൽ വേണ്ട വിത്തും വളവുമൊക്കെയായി കിട്ടുണ്ണി യാത്ര തിരിച്ചു.

വളരെക്കാലമായി കൃഷിയൊന്നും ചെയ്യാതെ കിടക്കുന്ന ജമീന്ദാരുടെ സ്ഥലം കണ്ടപ്പോൾ ഒരു ചിന്ത കിട്ടുണ്ണിയെ കടന്നു പിടിച്ചു.

ഇത്രയും അകലെ കിടക്കുന്ന കൃഷിയിടത്തിൽ എന്തായാലും യജമാനൻ തിരിഞ്ഞു നോക്കാൻ പോകുന്നില്ല. ഇതിൽ പകുതി വിത്തും വളവും വിറ്റാൽ നല്ല വില കിട്ടും. നെല്ല് കുറയുമ്പോൾ വിള മോശമായിരുന്നു എന്ന് പറയാമല്ലോ.

വൈകിയില്ല. കിട്ടുണ്ണി പകുതി വിത്തും വളവും വിറ്റു കാശാക്കി. ബാക്കി കൃഷിയിറക്കുകയും ചെയ്തു.

വിളവെടുത്തപ്പോൾ വളരെ കുറച്ചു നെല്ലേ

(ശേഷം 15-ാം പേജിൽ)

രാഗപരിചയം

# ബേഗഡ

ഡോ. ജയലക്ഷ്മി നന്ദകുമാർ

29 -ാമത്തെ മേളകർത്താ രാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് ബേഗഡ. വളരെ ഹൃദ്യവും ആനന്ദകരവുമായ ഈ രാഗം ഗുരുമുഖത്തു നിന്നു തന്നെ നേരിട്ടു പഠിക്കേണ്ടതാകുന്നു. ശുദ്ധമായ കർണ്ണാടക രാഗമാണിത്.

ആരോഹണം ഃ സ ഗ രി ഗ മ പ ധ പ സ

അവരോഹണം ഃ സ നി ാ ധ പ മ ാ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം.

ആരോഹണത്തിൽ ആറു സ്വരങ്ങൾ വക്രമായും അവരോഹണത്തിൽ ഏഴു സ്വരങ്ങൾ ക്രമസമ്പൂർണ്ണമായി വരുന്നതു കൊണ്ട് ബേഗഡ ഒരു വക്രഷാഡവ സമ്പൂർണ്ണ രാഗമാണ്. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഉപാംഗ രാഗവുമാണ്. ആരോഹണത്തിൽ നിഷാദം വർജ്ജ്യമാണ്. മദ്ധ്യമം തെല്ലു മൂർച്ച കൂട്ടിയും നിഷാദം മൂർച്ച കുറച്ചും ബേഗഡ രാഗത്തിൽ ആലപിക്കുന്നു. ഈ രണ്ടു സ്വരങ്ങൾ രാഗത്തിന്റെ സ്വരൂപം വ്യക്തമാക്കുവാൻ നല്ല പങ്കു വഹിക്കുകയും ബേഗഡ മദ്ധ്യമം, ബേഗഡ നിഷാദം എന്നറിയപ്പെടുകയും ചെയ്യുന്നു.

ബേഗഡ രാഗത്തിൽ 'സനിധപ' എന്ന പ്രയോഗത്തിൽ മാത്രമേ കൃത്യമായ കാകളി നിഷാദം വരുന്നുള്ളു. മദ്ധ്യാഹ്നത്തിനു ശേഷമുള്ള സമയം (4.00pm) ബേഗഡ രാഗം ആലപിക്കുന്നതിന് ഏറ്റവും അനുകൂലമാകുന്നു. 'വേഗഡൈ' എന്ന തമിഴ് രാഗവും, ഹേമകല്ല്യാൺ എന്ന ഹിന്ദുസ്ഥാനി രാഗവും ബേഗഡ രാഗത്തോടു സമാനത പുലർത്തുന്നു.

പട്ടണം സുബ്രഹ്മണ്യ അയ്യർ തുടർച്ചയായി എട്ടു മണിക്കൂർ ബേഗഡ രാഗം ആലപിച്ചരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. ഈ രാഗത്തിലുള്ള പ്രാവീണ്യത്താൽ അദ്ദേഹം 'ബേഗഡ സുബ്രഹ്മണ്യ അയ്യർ' എന്നറിയപ്പെട്ടിരുന്നു. വീരം, ഹാസ്യം, ശൃംഗാരം, അത്ഭുതം എന്നീ ഭാവങ്ങൾ പ്രകടിപ്പിക്കുവാൻ ഉത്തമമായ രാഗമാണ് ബേഗഡ. തെലുങ്കിൽ 'ബേഗഡ മീഗഡ' എന്നൊരു പ്രയോഗം ബേഗഡ രാഗത്തെപറ്റി ഉള്ളതായി കാണുന്നു. മീഗഡ എന്നാൽ പാൽപ്പാട എന്നർത്ഥം. ബേഗഡ രാഗം പാൽപ്പാട പോലെ മിനുസമാണെന്ന് സാരം. 'ആദി നാട്ട, അന്ത്യ സുരട്ടി, ബേഗഡ മീഗഡ' എന്നൊരു ചൊല്ലും നിലവിൽ ഉണ്ട്. നിയമപ്രകാരം നാട്ടരാഗം തുടക്കത്തിലാണ് ആലപിക്കേണ്ടത്. സുരുട്ടി രാഗം പര്യവസാനത്തിലും. എന്നാൽ ബേഗഡ രാഗം ഗായകനു എപ്പോൾ വേണമെങ്കിലും ആലപിക്കാൻ പാകത്തിൽ മിനുസം ആണെന്നു മനസ്സിലാക്കി തരുന്നു. അത്രയും മംഗളകരവുമായ രാഗമാണ് ബേഗഡ. അനേകം കൃതികൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. | ഇന്ത ചസ്ലമു | (വർണ്ണം) | ആദി | വീണകുപ്പയ്യർ |
| 2. | നാദോപാസന | | ആദി | ത്യാഗരാജസ്വാമി |
| 3. | ശങ്കരി നീവേ | | രൂപകം | സുബ്ബരായ ശാസ്ത്രി |
| 4. | വല്ലഭനായകസ്യ | | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 5. | കലയാമി രഘുരാമം | | ചാപ്പ് | സ്വാതി തിരുനാൾ |

## ചലചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | ഇന്നലെ നീയൊരു സുന്ദര | സ്ത്രീ |
| 2. | അമ്പലപ്പറമ്പിലെ ആരാമത്തിലെ | നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി |





# വാസ്തു


ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

വീടുപണി തുടങ്ങുന്നതിനുമുൻപ് സ്ഥലത്തിന്റെ ദോഷം തീർക്കണം. അടുത്ത കാലത്ത് പരിശോധിച്ച ഒരു വീട്ടിൽ ഏതോ വസ്തു നോക്കുന്ന ആൾ വന്ന് അടുക്കള മരണകണക്കാണെന്നു പറഞ്ഞ് അടുക്കളയുടെ ഉള്ളിൽ ഒരു ഭിത്തി കെട്ടി അടുക്കള രണ്ടാക്കി കണ്ടു. അടുക്കള കണക്കു ശരിയാക്കിയശേഷം ബാക്കിയുള്ള സ്ഥലത്ത് ചെറിയ മുറി കണക്കു ശരിയാക്കാൻ വേണ്ടി ഭിത്തി വണ്ണം കൂട്ടി പണിതു കണ്ടു. അടുക്കള ശരിയാക്കിയപ്പോൾ അവിടുത്തെ പ്രശ്നങ്ങൾ കൂടുതൽ അനുഭവപ്പെട്ടു. കരയോഗത്തിലെ ഒരാൾ പറഞ്ഞ് ഞാൻ അവിടെ എത്തി. അടുക്കളയുടെ പുതിയ ഭിത്തി മാറ്റി അടുക്കള പഴയ പടിയാക്കുവാൻ നിർദ്ദേശം നൽകി. സാമാന്യം നല്ല അടുക്കള ആണ്. വീട്ടുകാർക്ക് അവിടെയിരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യമുണ്ട്.

വീടിന്റെ മുൻവശത്ത് വീട്ടിലേക്കു കയറുന്നതിന് മൂന്നു പടിയാണുള്ളത്. മുൻവശത്ത് ആദ്യത്തെ പടിക്കു മുമ്പിൽ ഒരു പടികൂടി കെട്ടി നാലു പടിയാക്കി. ഇപ്പോൾ വീട്ടിൽ നിന്നും ആളുകൾ പുറത്തേക്കിറങ്ങുമ്പോൾ കാലു തെറ്റി വീഴാൻ തുടങ്ങി. കാരണം ആദ്യത്തെ രണ്ടു പടിയും, മറ്റേ പടികളും തമ്മിൽ ഉയരവ്യത്യാസമുണ്ട്. എന്തായാലും പുറത്തേക്കുള്ള ചവിട്ടുപടി പഴയ രീതിയിൽ ആക്കുവാൻ പറഞ്ഞു. വീട്ടിലേക്കു കയറുന്ന പടികൾ ഒറ്റയായാലും, ഇരട്ടയായാലും ലാഭമോ നഷ്ടമോ ഇല്ല.

അതുപോലെ വീടിന്റെ ഒന്നാം നിലയിലേക്കു കയറുന്ന പടികൾ ഒറ്റയായാലും, ഇരട്ടയായാലും യാതൊരു കുഴപ്പവുമില്ല. സ്റ്റെയെർ കെയ്സ് എപ്പോഴും വടക്കു നിന്ന് തെക്കോട്ടോ, കിഴക്കു നിന്ന് പടിഞ്ഞാറോട്ടോ ആയിരിക്കണം. ഇറങ്ങി വരുമ്പോൾ അവസാനത്തെ ചവിട്ടുപടിയിൽ നിന്നാൽ ഉദയം കാണണം. സ്റ്റെപ്പിന്റെ ഉയരം, വീതി എന്നിവ സൗകര്യംപോലെ കൊടുക്കാവുന്നതാണ്. അവിടുത്തെ പ്രധാന പ്രശ്നം. വീടു നിൽക്കുന്ന പറമ്പിന്റെ പടിഞ്ഞാറുള്ള വീതിയെക്കാൾ കിഴക്കോട്ടു വരുന്തോറും കുറഞ്ഞു വരുന്നു. വടക്കുഭാഗം പടിഞ്ഞാറു നിന്നും കിഴക്കോട്ടു വരുമ്പോൾ ചരിഞ്ഞാണ് വരുന്നത്. അതായത് പറമ്പിന്റെ വടക്കുകിഴക്കെ മൂല മുറിഞ്ഞു പോയിരിക്കുന്നു. വടക്കു കിഴക്കെ മൂലയിൽ നിന്നും ചെറിയ മതിൽ വീടിനു സമാന്തരമായി വടക്കു കിഴക്കെ മൂല ചതുരാകൃതിയിൽ (Square) ആകാൻ പാകത്തിന് കിഴക്കു നിന്നും പടിഞ്ഞാറെ മതിലു വരെ കെട്ടണം. കൂടാതെ വടക്കു പടിഞ്ഞാറാണ് ഗേറ്റ് വച്ചിട്ടുള്ളത്. അത് വടക്കു കിഴക്കോട്ടു മാറ്റണം.

ചിത്രത്തിൽ A to B കാണുക.




വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതീയ ജനസമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ ക്ഷേത്രങ്ങൾക്കും മഹനീയസ്ഥാനമാണുള്ളത്. ഹിന്ദുധർമ്മത്തെ സാധാരണ മനുഷ്യർക്ക് സ്പഷ്ടമാക്കി കൊടുക്കുന്നതിനും അവരുടെ ഭക്തിയേയും ശ്രദ്ധയേയും കേന്ദ്രീകരിക്കുവാനും ഉള്ള വിശിഷ്ടമായ ഉപാധിയാണ് ക്ഷേത്രങ്ങൾ. ഭാരതത്തിൽ ധർമ്മത്തെ മുറുകെപ്പിടിച്ച് വ്യക്തി ധർമ്മാധിഷ്ടിതമായി ജീവിതം നയിക്കുമ്പോൾ സമൂഹവും അതിനൊപ്പം ധർമ്മാധിഷ്ഠിതമാകുന്നു. സകലചരാചരങ്ങൾക്കും മംഗളം ഭവിക്കട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ തായ്‌വേരുകളായാണ് ക്ഷേത്രഐതിഹ്യങ്ങളെ നാം കണക്കാക്കുന്നത്. ഏതൊരു ക്ഷേത്രത്തിനും ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്തിനും തനതായ ഒരു ഐതിഹ്യം ഉണ്ടാകും. ഐതിഹ്യങ്ങളെ മനസ്സിലാക്കുമ്പോഴാണ് നാം ക്ഷേത്രപ്രാധാന്യത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുന്നത്. ഭക്തിയോടും വിശ്വാസത്തോടും കൂടി ക്ഷേത്രദേവചൈതന്യത്തെ ഉപാസിച്ചാൽ മാത്രമേ നാടിനും നാട്ടുകാർക്കും അഭിവൃദ്ധിയുണ്ടാകുകയുള്ളൂ.





ക്ഷേത്രഐശ്വര്യം ഒരു നാടിന്റെ മൊത്തം ഐശ്വര്യമാണ്. ഭൂപ്രകൃതിയുടെ വ്യതിയാനം മൂലം പല ക്ഷേത്രങ്ങളിലും ആചാരങ്ങളിൽ വൈവിധ്യങ്ങൾ കണ്ടുവരുന്നുണ്ട്. ക്ഷേത്രോത്സവത്തിന് ദേവീദേവന്മാർക്ക് നദികളിലോ ക്ഷേത്രക്കുളത്തിലോ ആറാട്ട് നടത്താറുണ്ട്. എന്നാൽ കടലിൽ ദേവന്റെ ആറാട്ടു നടക്കുന്ന കേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണ് മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രം. മദ്ധ്യകേരളത്തിലെ അതിപുരാതനമായ ക്ഷേത്രങ്ങളിലൊന്നാണ് മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രം. ആലപ്പുഴ നഗരത്തിൽ നിന്നും പതിനാല് കി.മീ വടക്കു മാറി സ്ഥിതിചെയ്യുന്ന ഒരു ക്ഷേത്രമാണിത്.

നമ്മുടെ പുരാണഗ്രന്ഥങ്ങളിൽ ധാരാളം ദേവന്മാരും അസുരന്മാരും മഹർഷിമാരും രാജാക്കന്മാരും ദിവ്യാവതാരപുരുഷന്മാരും ശ്രീപരമേശ്വരനെ തപസ്സു ചെയ്ത് വരപ്രാപ്തി നേടിയിട്ടുള്ളതായി പ്രതിപാദിച്ചിട്ടുണ്ട്. ശിവപഞ്ചാക്ഷരി മന്ത്രജപശക്തിയാൽ ശ്രീമഹാദേവനെ പ്രീതിപ്പെടുത്തി ഭഗവാന്റെ അനുഗ്രഹം നേടിയ കഥകളും നിരവധിയാണ്. അസുരരാജാവായ രാവണനും പത്മാസുരനും ശ്രീമഹാദേവനെ തപസ്സു ചെയ്ത് വരം നേടിയിട്ടുണ്ട്. അർജ്ജുനൻ പരമശിവനിൽ നിന്നും പാശുപതാസ്ത്രം നേടി. ശ്രീരാമചന്ദ്രദേവൻ ശിവപൂജ ചെയ്ത് പരമശിവാനുഗ്രഹത്താൽ രാവണനെ നിഗ്രഹിക്കുവാനും സീതയെ വീണ്ടെടുക്കുവാനുള്ള ശക്തി നേടി. മഹാദേവകടാക്ഷത്താൽ വിഷ്ണു ഭഗവാന് സാംബൻ എന്ന പുത്രനെ ലഭിച്ചു. സതീദേവിയുടെ ജീവത്യാഗത്തിനു ശേഷം തപസ്സനുഷ്ഠിച്ചിരുന്ന ശ്രീ മഹാദേവനെ തപസ്സു ചെയ്തു പ്രത്യക്ഷപ്പെടുത്തിയ അസുരൻ തനിക്ക് ഒരിക്കലും മരണം സംഭവിക്കരുത് എന്ന വരം ആവശ്യപ്പെട്ടു. ആരും മരണത്തിനതീതരല്ല. ജനിച്ചാൽ മരണവും ഉറപ്പാണ് എന്നു ശ്രീമഹാദേവൻ അരുളി ചെയ്തു. മരണം സംഭവിച്ചേ മതിയാകൂ, എങ്കിൽ തനിക്ക് ശിവപുത്രനാൽ മാത്രമേ മരണം സംഭവിക്കുവാൻ പാടുള്ളൂ. അസുരൻ വരത്തിനായി അപേക്ഷിച്ചു. അസുരന്റെ തപസ്സിൽ സംപ്രീതനായ മഹാദേവൻ ശിവപുത്രനാൽ മാത്രമേ മരണം സംഭവിക്കുകയുള്ളൂ എന്ന വരം നൽകി അസുരനെ അനുഗ്രഹിക്കുകയും ചെയ്തു. അസുരനാകട്ടെ തനിക്കു മരണം സംഭവിക്കുകയില്ല എന്നു കരുതി അഹങ്കരിക്കുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് പാർവ്വതീദേവി ശ്രീപരമേശ്വരന്റെ പത്നീപദത്തിനായി തപസ്സനുഷ്ഠിക്കുന്നത്. ഈ സന്ദർഭഭാവമാണ് മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ കുടിക്കൊള്ളുന്ന ദേവിയുടെയും ദേവന്റെയും ചൈതന്യഭാവങ്ങൾ. മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ കുമാരസംഭവകഥാഭാവങ്ങൾ നിറഞ്ഞു നിൽക്കുന്നു. ഇവിടെ ശ്രീമഹാദേവൻ മാരാരിയായി സ്വയംഭൂവായി വിരാജിക്കുന്നു. പാർവ്വതീദേവി ഇവിടെ പരമശിവനെ തപസ്സനുഷ്ഠിച്ചുകൊണ്ട് കയ്യിൽ വരണമാല്യവുമായി സ്വയംഭൂവായി കുടിക്കൊള്ളുന്നു. ദേവീദേവന്മാർ സ്വയംഭൂവായി കുടികൊള്ളുന്നു എന്നതും ഈ ക്ഷേത്രത്തിലെ ഒരു പ്രത്യേകതയാണ്.

സാധാരണയായി ശിവക്ഷേത്രങ്ങളിൽ പരമശിവപ്രതിഷ്ഠയുള്ള ശ്രീകോവിലിന്റെ പിന്നിലാണ് ശ്രീപാർവ്വതി ദേവിയുടെ സ്ഥാനം കാണാറുള്ളത്. അങ്ങനെയുള്ള ശിവക്ഷേത്രങ്ങളിലെല്ലാം പിൻവിളക്ക് പ്രധാന വഴിപാടുമാണ്. എന്നാൽ മാരാരിക്കുളം മഹാദേവക്ഷേത്രത്തിൽ ശ്രീകോവിലിനു മുന്നിലായി മഹാദേവക്ഷേത്രക്കൊടിമരത്തിനും മുന്നിലായി മറ്റൊരു ശ്രീകോവിലിലാണ് പാർവ്വതി ദേവി കുടികൊള്ളുന്നത്. ഈ ക്ഷേത്രശ്രീകോവിലിനു മുന്നിലും കൊടിമരമുണ്ട്. ശ്രീപാർവ്വതീപരിണയത്തിനു മുൻപ് ശ്രീമഹാദേവപത്നീപദത്തിനായി തപസ്സു ചെയ്യുന്ന ദേവിയാണ് ഇവിടെ. ശ്രീപാർവ്വതിദേവിയും ശ്രീപരമേശ്വരനും മുഖാമുഖം നോക്കിക്കൊണ്ട് കുടിക്കൊള്ളുന്ന അപൂർവ്വ ക്ഷേത്രമാണ് മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രം. ശിവഭക്തിയും ശിവശക്തിയും ഒത്തുചേരുന്ന ഒരു പുണ്യക്ഷേത്രമാണിത്. പണ്ടുകാലത്ത് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലവും പരിസരങ്ങളുമെല്ലാം നിബിഡവനപ്രദേശങ്ങളായിരുന്നു. ഈ വനപ്രദേശം മനുവേലിദേശം എന്നാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ശ്രീമഹാദേവൻ സ്വയംഭൂവായി ഇവിടെ സാന്നിദ്ധ്യമരുളിയതിനുശേഷമാണ് ഈ സ്ഥലം മാരാരിക്കുളം എന്നറിയപ്പെട്ടത്. ശിവപുരാണത്തിലെ രുദ്രസംഹിതയിൽ പ്രതിപാദിച്ചിരിക്കുന്ന പരമശിവന്റെ കാമദേവനിഗ്രഹസമയത്തെ മാരാരിസ്വരൂപമാണ് മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ കുടികൊള്ളുന്ന ദേവചൈതന്യഭാവം. മനുവേലി എന്ന ദേശത്ത് ശ്രീമഹാദേവന്റെ സ്വയംഭൂവായ മാരാരി സാന്നിദ്ധ്യം തിരിച്ചറിഞ്ഞശേഷമാണ് ഈ സ്ഥലം മാരാരിക്കുളം എന്ന പേരിൽ പ്രസിദ്ധമായത്. മാരൻ– കാമദേവൻ, അരി – ശത്രു, കളം – സ്ഥലം എന്നീ അർത്ഥത്തിൽ മാരാരിക്കളം എന്നും കുളത്തിൽ മാരാരി സാന്നിദ്ധ്യം ഉണ്ടായതിനാൽ മനുവേലിദേശം മാരാരിക്കുളമായും

അറിയപ്പെട്ടു.

നിബിഡവനപ്രദേശമായിരുന്ന മനുവേലിദേശത്ത് പണ്ട് ഏഴ് താപസന്മാർ തപസ്സനുഷ്ഠിച്ചിരുന്നു. ഏഴു പോരും ശ്രീമഹാദേവനെ തപസ്സു ചെയ്ത് ഭഗവാന്റെ അനുഗ്രഹത്തിനു പാത്രീഭൂതരായ സ്ഥലമാണ് ഇന്ന് മാരാരിക്കുളം എന്നറിയപ്പെടുന്നത്. ഇവിടെ തപസ്സനുഷ്ഠിച്ചിരുന്ന താപസർ സപ്തഋഷിമാരായിരുന്നു എന്നും വിശ്വസിക്കുന്നുണ്ട്. കാമമോഹങ്ങളിൽ നിന്നും മോചനം നേടുന്നതിനുവേണ്ടിയായിരുന്ന താപസർ ശ്രീമഹാദേവനെ തപസ്സു ചെയ്തത്. അവരുടെ തപസ്സിൽ സന്തുഷ്ടനായ ശ്രീമഹാദേവൻ അവർക്കു വരം നൽകുന്നതിനായി കാമാരിഭാവത്തിലാണ് അവർക്കു പ്രത്യക്ഷനായത്. താപസ്സന്മാരുടെ മനസ്സിളക്കാൻ ശ്രമിക്കുന്ന കാമത്തെ ഭസ്മീകരിക്കുവാൻ കാമാന്തകനായി ശ്രീമഹാദേവൻ താപസ്സന്മാർക്കു മുന്നിലെത്തി അവരെ അനുഗ്രഹിച്ചു. കാമമോചനം ലഭിച്ച താപസ്സന്മാർ ത്രികാലജ്ഞാനികളായ ഋഷിവര്യന്മാരായി ലോകനന്മക്കായി അവിടെനിന്നും യാത്രയാവുകയും ചെയ്തു. താപസ്സന്മാർ തപസ്സനുഷ്ഠിച്ചിരുന്ന കാലത്ത് അവർ മണ്ണുകൂട്ടിവെച്ച് ശിവലിംഗമായി സങ്കല്പിച്ച് പൂജാദികൾ നടത്തിയിരുന്നു. പൂജകൾക്കും അഭിഷേകത്തിനുമായി അവരോരുത്തരും ഓരോ സ്ഥാനങ്ങളിൽ നിന്നാണ് ജലം കൊണ്ടു വന്നിരുന്നത്. അവർ ജലം എടുത്തിരുന്ന ആ സ്ഥാനങ്ങൾ സപ്തതീർത്ഥങ്ങൾ എന്ന് അറിയപ്പെട്ടു. മാരാരിക്കുളത്തെ സപ്തതീർത്ഥങ്ങളെക്കുറിച്ചുള്ള ഐതിഹ്യമാണിത്. കാലാന്തരത്തിൽ ഈ പ്രദേശങ്ങളെല്ലാം കാട്ടുമുൾച്ചെടികളും വെള്ളക്കെട്ടും കൈതക്കാടും നിറഞ്ഞ പ്രദേശമായി.

ഒരിക്കൽ ഈ പ്രദേശത്തുനിന്നും കൈതയോല വെട്ടി പായയുണ്ടാക്കി ഉപജീവനം നടത്തിയിരുന്നവർ കൈതയോലവെട്ടിയെടുക്കുവാൻ ഇവിടെയെത്തി. അവർ കൈതയോല വെട്ടുന്നതിനിടയിൽ അവരുടെ അരിവാളിനു മൂർച്ചക്കൂട്ടാൻ അവിടെ കണ്ട ഒരു കല്ലിൽ അരിവാൾ ഉരച്ചപ്പോൾ ആ കല്ലിൽ നിന്നും രക്തം ഒഴുകുകയും കൈതകൾ നില്ക്കുന്ന കുളത്തിൽ രക്തനിറത്തിൽ വെള്ളം പൊന്തി വരുന്നതും കണ്ട് അവർ ഭയപ്പെട്ടു. അവർ നാട്ടുകാരെ വിവരമറിയിച്ചു. വിവരമറിഞ്ഞു നാട്ടുകാരും നാട്ടുപ്രമാണിമാരും ആചാര്യന്മാരും അവിടെ ഒത്തുകൂടി. അവർ കൈതകളുടെ ചുവട്ടിലെ വെള്ളം വറ്റിച്ചു നോക്കുവാൻ തീരുമാനിച്ചു. വെള്ളം വറ്റിച്ചപ്പോൾ ശിലാവിഗ്രഹം അവർ അവിടെ കണ്ടു. രക്തം ഒഴുകിയ ശിലയിൽ ഏതോ ദേവചൈതന്യം കുടിക്കൊള്ളുന്നുണ്ട് .എന്നാൽ ഏതു ദേവചൈതന്യമാണെന്ന് അവർക്കു മനസ്സിലായില്ല. നമ്പൂതിരിമാരും ദേശവാസികളും ചേർന്ന് പ്രശ്നം വച്ചു നോക്കിച്ചു. പൂർവ്വികരായ താപസ്സന്മാർ പൂജിച്ചിരുന്ന മഹാദേവചൈതന്യമാണ് ഈ വിഗ്രഹത്തിൽ കുടികൊള്ളുന്നത് എന്നവർ മനസ്സിലാക്കി. ആ വിഗ്രഹത്തെ അവർ ആ കുളത്തിൽ തന്നെ പ്രതിഷ്ഠിച്ചു. വിഗ്രഹം കണ്ടെടുത്ത കുളത്തിനു ചുറ്റിലുമായിട്ടാണ് ശ്രീകോവിൽ നിർമ്മിച്ചിരിക്കുന്നത്. ഈ കുളമാണ് സപ്തതീർത്ഥങ്ങളിൽ ഏറ്റവും പ്രദാനപ്പെട്ട കുളം. കാമാരിഭാവത്തിലുള്ള മഹാദേവവിഗ്രഹം കുളത്തിൽ തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നതിനാൽ ക്ഷേത്രം മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രമെന്നും സ്ഥലനാമം മാരാരിക്കുളം എന്നും അറിയപ്പെട്ടു. ദേവവിഗ്രഹം കണ്ടു കിട്ടുന്ന സമയത്ത് അരിവാളുരച്ചപ്പോൾ വിഗ്രഹത്തിലുണ്ടായ മുറിവിൽ ചന്ദനം അരച്ച് പൊത്തിവച്ചശേഷമാണ് രക്തപ്രവാഹം നിലച്ചത്. ഇന്നും പൂജാദികർമ്മങ്ങളുടെ സമയത്ത് വിഗ്രഹത്തിൽ മുറിവിന്റെ സ്ഥാനത്ത് ചന്ദനം അരച്ച് പൊത്തിവച്ചശേഷമാണ് വിഗ്രഹത്തിൽ അലങ്കാരങ്ങൾ ചാർത്തുന്നത്. താപസന്മാർ തപസ്സനുഷ്ഠിച്ചിരുന്നപ്പോൾ ഏഴു തീർത്ഥസ്ഥാനങ്ങളിലെ ജലംകൊണ്ട് അവർ ഭഗവാന് അഭിഷേകം നടത്തിയിരുന്നു എന്ന വിശ്വാസത്താൽ ഇവിടെ മുറാഭിഷേകം നടത്താറുണ്ട്. വേദമന്ത്രങ്ങൾ ജപിച്ചുകൊണ്ട് ശംഖാഭിഷേകവും നടത്തുന്നു.

ഏഴു തീർത്ഥസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭഗവാന്റെ വിഗ്രഹം സ്ഥിതിചെയ്യുന്ന തിരുമാരാരിക്കുളമാണ്. രണ്ടാമത്തെ തീർത്ഥസ്ഥാനം ഭഗവാന്റെ പള്ളിനീരാട്ടു നടക്കുന്ന സമുദ്രതീരത്താണ്. ഇത് ശങ്കരതീർത്ഥം എന്നറിയപ്പെടുന്നു. ചുറ്റുമുള്ള പ്രദേശങ്ങളിലെല്ലാം കടൽക്ഷോഭമുണ്ടായിട്ടും ഈ തീർത്ഥഭാഗത്തു ഇതുവരെയും കടൽക്ഷേഭം ഉണ്ടായിട്ടില്ല. അടുത്ത തീർത്ഥസ്ഥാനം സർവ്വപാപനിവാരിണിയായ ഹരിതതീർത്ഥം എന്നറിയപ്പെടുന്നു. ഇത് ക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്നു. ദേവീദേവന്മാരുടെ കൂടിയാറാട്ടു നടക്കുന്ന കുളമാണ് അടുത്ത തീർത്ഥസ്ഥാനം. അഞ്ചാമത്തെ തീർത്ഥക്കുളം ക്ഷേത്രത്തിന്റെ വടക്കുഭാഗത്തായി കാണപ്പെടുന്നു. ആറാമത്തെ തീർത്ഥക്കുളം അടുത്തു തന്നെയുള്ള തെറുതോട്ടുക്കുളം ക്ഷേത്രത്തിനു സമീപത്താണ്. ഇവിടെയാണ് ഭഗവാന്റെ പള്ളിവേട്ട നടക്കുന്നത്. ഏഴാമത്തെ തീർത്ഥസ്ഥാനം മാരാരിക്കുളം ക്ഷേത്രത്തിന്റെ തെക്കുഭാഗത്തായി കാണപ്പെടുന്നു.





മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രാങ്കണത്തിന്റെ വടക്കുഭാഗത്തായി ഒരു മഹാവിഷ്ണുപ്രതിഷ്ഠയുണ്ട്. മഹാദേവ സാന്നിദ്ധ്യമുണ്ടാകുന്നതിനുമുമ്പ് ഈ മനുവേലിദേശം എന്നറിയപ്പെട്ടിരുന്ന വനപ്രദേശത്ത് ഒരു മഹാവിഷ്ണുക്ഷേത്രമുണ്ടായിരുന്നു. ഇവിടെ കുടിക്കൊണ്ടിരുന്ന വിഷ്ണു ഭഗവാൻ മനുവേലിദേശത്തിന്റെ ദേശദേവതയായിരുന്നു. ക്ഷേത്രാധികാരികൾക്ക് കാലാന്തരത്തിൽ വംശനാശം സംഭവിക്കുകയും ക്ഷേത്രം ജീർണ്ണാവസ്ഥയിലാവുകയും ചെയ്തു. വിഷ്ണു ഭഗവാൻ ധന്വന്തരീ മൂർത്തിഭാവത്തിലാണ് മനുവേലിക്ഷേത്രത്തിൽ വിരാജിച്ചിരുന്നത്. ധന്വന്തരീ മൂർത്തിഭാവമാർന്ന ഈ മഹാവിഷ്ണുചൈതന്യമാണ് മാരാരിക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ ഉപദേവനായ മഹാവിഷ്ണു ഭഗവാൻ. ഇവിടെ ധന്വന്തരീമൂർത്തിയായി ഭഗവാനെ പ്രത്യേക ശ്രീകോവിലിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

സർവ്വാഭീഷ്ടപ്രദായകനും ആശ്രിതവത്സലനുമായ ദിവ്യമൂർത്തിയാണ് മാരാരിക്കുളത്തപ്പൻ. ശ്രീപാർവ്വതി ദേവിയും ഇവിടെ സാന്നിദ്ധ്യമരുളുന്നു. തപസ്സനുഷ്ഠിക്കുന്ന മഹാദേവനെ പതിയായി ലഭിക്കുവാൻ തപസ്സനുഷ്ഠിക്കുന്ന ഭാവത്തിലാണ് ദേവി ഇവിടെ സാന്നിദ്ധ്യമരുളുന്നത്. കയ്യിൽ വരണമാല്യവുമായി ശ്രീമഹാദേവന്റെ ശ്രീകോവിലിലേക്കു നോക്കിയാണ് ദേവി വിരാജിക്കുന്നത്. ശ്രീമഹാദേവൻ പടിഞ്ഞാട്ടും ശ്രീപാർവ്വതിദേവി കിഴക്കോട്ടും ദർശനമായി രണ്ടു ശ്രീകോവിലുകളിലായി ശിവനും ശക്തിയും മുഖാമുഖം നോക്കിക്കൊണ്ടു കുടിക്കൊള്ളുന്നു. രണ്ടു ക്ഷേത്രങ്ങൾക്കും പ്രത്യേകം ധ്വജങ്ങളുമുണ്ട്. ഇരട്ടക്കൊടിമരമുള്ള ഈ ക്ഷേത്രത്തിലെത്തിയാൽ കിഴക്കോട്ടും പടിഞ്ഞാട്ടു തിരിഞ്ഞു ദേവിദേവന്മാരെ തൊഴണം എന്നതും ഒരു പ്രത്യേകതയാണ്. കടലോരപ്രദേശമായതിനാൽ ക്ഷേത്രാങ്കണം കടൽതീരത്തേതുപോലെ പൂഴി നിറഞ്ഞാണ് കാണപ്പെടുന്നത്. ക്ഷേത്രത്തിലെത്തിയാൽ ഭക്തിയോടും നിഷ്ഠയോടും കൂടി സാവധാനം ക്ഷേത്രപ്രദക്ഷിണം നടത്തണം എന്നാണ്. ഒരിക്കലും അത് ഓട്ടപ്രദക്ഷിണമാകരുത്. ഈ തത്ത്വത്തെ അന്വർത്ഥമാക്കിക്കൊണ്ടുള്ള ദൃശ്യങ്ങളാണ് മാരാരിക്കുളം മഹാദേവക്ഷേത്രത്തിലേത്. ഒന്നു വേഗത്തിൽ ക്ഷേത്രപ്രദക്ഷിണം നടത്താം എന്നു വിചാരിച്ചാൽ ഇവിടെ സാധിക്കില്ല. പൂഴിമണലിൽ കാൽപാദം പുതഞ്ഞു പോകുന്നതിനാൽ വളരെ സാവധാനമേ നടക്കാൻ കവിയുകയുള്ളൂ. ഇങ്ങനെ ക്ഷേത്രപ്രദക്ഷിണം സാവധാനത്തിലായിരിക്കണം എന്ന തത്ത്വം ഇവിടെ അക്ഷരാർത്ഥത്തിൽ പാലിക്കപ്പെടുന്നു.

ധന്വന്തരി മൂർത്തിഭാവത്തിൽ ശ്രീമഹാവിഷ്ണു ഭഗവാൻ, ഗണപതി, ശാസ്താവ്, സുബ്രഹ്മണ്യസ്വാമി, നാഗദേവതകൾ , ദേവയക്ഷി, യക്ഷിയമ്മ എന്നീ ഉപദേവതകളും ഈ ക്ഷേത്രത്തിലുണ്ട്. സാധാരണ ശിവക്ഷേത്രങ്ങളിലെ പോലെയുള്ള എല്ലാ വഴിപാടുകളും ഇവിടെയും പ്രധാനമാണ്. എന്നാൽ ആചാരാനുഷ്ഠാനങ്ങളിൽ ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. ശിവരാത്രിയാണ് ഇവിടുത്തെ പ്രധാന ഉത്സവം. ഉത്സവ ആറാട്ട് കടലിലാണ് നടക്കുന്നത്.

ദുഷ്ടതയെ നിഗ്രഹിച്ച് ശിഷ്ടതയെ രക്ഷിക്കുന്ന മാരാരിഭാവമാർന്ന ശ്രീമഹാദേവന്റെയും ശ്രീപാർവ്വതീദേവിയുടെയും അനുഗ്രഹങ്ങൾക്കായി ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു.

---

(9-ാം പേജിൽ നിന്ന് തുടർച്ച)

കിട്ടിയുള്ളൂ. അതുമായി കിട്ടുണ്ണി യജമാനനെ തേടിച്ചെന്നു.

ഏറെക്കാലം കൃഷിചെയ്യാതെ കിടന്ന മണ്ണായതുകൊണ്ടാകും യജമാനനേ, വിള തീരെ കുറവാണ്. - കിട്ടുണ്ണി പറഞ്ഞു.

അതു കേട്ട ജമീന്ദാർ പറഞ്ഞു.

കഷ്ടമായിപ്പോയി. ഈ കൃഷി നീ വിജയകരമായി ചെയ്താൽ നിന്റെ ഇത്രയും കാലത്തെ സേവനത്തിന് പ്രതിഫലമായി ആ ഭൂമി നിനക്ക് തന്ന് നിന്നെ സ്വതന്ത്രനാക്കണമെന്ന് ഞാൻ വിചാരിച്ചിരുന്നു. പിന്നെ വെറും അടുക്കളക്കാരനായി നിനക്ക് കഴിയേണ്ടല്ലോ. എന്നാൽ ഇപ്പോൾ നിനക്ക് കൃഷിപ്പണി തീരെ പറ്റില്ലെന്ന് ബോദ്ധ്യമായി. നിനക്ക് ഒരു ഭൃത്യന്റെ പണിയേ പറ്റൂ. അങ്ങനെ തന്നെ തുടർന്നോളൂ.

അതുകേട്ട കിട്ടുണ്ണിയുടെ കണ്ണുകൾ നിറഞ്ഞു പോയി. തനിക്കു കിട്ടുമായിരുന്ന ഒരു മഹാഭാഗ്യം താൻ തന്നെ നഷ്ടമാക്കി.

ദുസ്സാമർത്ഥ്യം ഒരിക്കലും നന്നല്ലെന്ന് അങ്ങനെ അയാൾ പഠിച്ചു.



# മഹാ ഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

പാണ്ഡവർ വനവാസമാരംഭിച്ചു. വിദുരർ 2 ദിവസം വന്നു താമസിച്ചു. മൂന്നാം ദിവസം സഞ്ജയൻ വന്നു വിദുരരെ കൂട്ടിക്കൊണ്ടുപോയി. ഇവിടെ കാമ്യകവനത്തിൽ താമസിക്കുന്ന സമയത്ത് പല സംഭവങ്ങളും നടന്നു. കുർമ്മീരവധം, വ്യാസന്റെ വരവ്, കൃഷ്ണദർശനം, അർജ്ജുന തപസ്സ്, അർജ്ജുനൻ ദേവലോകത്തു പോയതും തുടർന്നുണ്ടായ ഉർവ്വശീശാപവും ഇന്ദ്രന്റെ ഉപദേശവും എല്ലാം തന്നെ പാണ്ഡവരുടെ ശക്തിക്ക് ആക്കം കൂട്ടി. പിന്നീട് നാരദമുനിയുടെ ഉപദേശപ്രകാരം എല്ലാവരുംകൂടി തീർത്ഥാടനത്തിനു പോയി. കൃഷ്ണൻ പത്നീസമേതം അവിടെയെത്തി. അവിടെവെച്ചാണ് ഭീമപുത്രനായ ഘടോൽകചനെ കണ്ടത്. ബദര്യാശ്രമത്തിൽ താമസിക്കുന്ന സമയത്താണ് ഭീമൻ സൗഗന്ധിക പുഷ്പം തേടിപോയതും ഹനുമാനെ കണ്ടുമുട്ടിയതും അതിനുശേഷം ഒരു പെരുമ്പാമ്പ് ഭീമന്റെ ശരീരത്തിൽ ചുറ്റിമുറുക്കിയതും ഭീമൻ അതിനെ കൊല്ലാൻ ശ്രമിച്ചതും, യമരാജൻ പാമ്പിന്റെ കഥ പറഞ്ഞതും, നഹുഷന്റെ ശാപമോക്ഷവും മറ്റും. പിന്നീട് ദുര്യോധനന്റെ ആഗ്രഹപ്രകാരം ദുർവ്വാസാവു വന്നതും പാഞ്ചാലിയുടെ അക്ഷയ പാത്രം വഴി കൃഷ്ണൻ രക്ഷിച്ചതുമായ കഥകൾ. ചിത്രരഥൻ എന്ന ഗന്ധർവ്വൻ പാണ്ഡവന്മാരെ നശിപ്പിക്കാൻ പുറപ്പെട്ട ദുര്യോധനാദികളെ കെട്ടിയിട്ടതും ജയദ്രഥൻ പാഞ്ചാലിയെ കൊണ്ടുപോകാൻ ശ്രമിച്ചതും തോറ്റ ജയദ്രഥൻ അപമാനിതനായി പോയതും മറ്റും. ഇവിടെ തങ്ങൾക്കനുഭവിക്കേണ്ടിവന്ന ദുരിതങ്ങളേക്കുറിച്ച് യുധിഷ്ഠിരൻ മാർക്കണ്ഡേയ മുനിയോടു പറഞ്ഞപ്പോഴാണ് രാമായണ കഥ അദ്ദേഹം സംക്ഷിപ്തമായി പറഞ്ഞു കേൾപ്പിക്കുന്നത്. മഹർഷി രാമമന്ത്രവും ഉപദേശിച്ചു കൊടുത്തു.

അക്കാലത്ത് അഗ്നിയെ ആരാധിക്കുന്ന ഒരു ബ്രാഹ്മണന്റെ ആരണിക്കട്ട ഒരു മാൻ കൊണ്ടുപോയി. രക്ഷിക്കുവാൻ പാണ്ഡവരോട് അദ്ദേഹം അപേക്ഷിച്ചു. ക്ഷീണിതരായ പാണ്ഡവർ ജലാശയം കണ്ടു വെള്ളം കുടിക്കുവാൻ പോകുകയും, വെള്ളം കുടിക്കരുത്, കുടിച്ചാൽ മരിക്കുമെന്ന് ഒരറിയിപ്പു കിട്ടുകയും ചെയ്തു. വെള്ളം കുടിച്ചവരെല്ലാം മരിച്ചു വീണു. അവസാനം യുധിഷ്ഠിരൻ വന്നു. അദ്ദേഹം ഒരു പക്ഷിയെ കണ്ടു. പക്ഷി പറഞ്ഞു, തന്റെ ചോദ്യങ്ങൾക്ക് ശരിയുത്തരം പറഞ്ഞാൽ ജലം കുടിക്കാം. യമധർമ്മന്റെ വേഷമാറ്റമായിരുന്നു ആ പക്ഷി. യുധിഷ്ഠിരന്റെ ഉത്തരങ്ങളിൽ സംതൃപ്തനായ യമൻ അനുഗ്രഹിച്ചു. വിരാടരാജധാനി അവസാനവർഷത്തെ അജ്ഞാതവാസത്തിന് ഉപകരിക്കുമെന്ന് പറഞ്ഞു. ഇനിയാണ് അർജ്ജുനന്റെ പിതാവായ ഇന്ദ്രന്റെ ചില കപടവേലകൾ കാണുന്നത്. കർണ്ണന്റെ കയ്യിൽനിന്നും കവചകുണ്ഡലങ്ങൾ കൈക്കലാക്കാനുള്ള ഉപായം കണ്ടുപിടിച്ചതും, കർണ്ണന്റെ പിതാവായ സൂര്യൻ കർണ്ണന്റെ മുൻപിൽ പ്രത്യക്ഷപ്പെടുകയും കർണ്ണന്റെ ജന്മരഹസ്യം വെളിപ്പെടുത്തുകയും ചെയ്തു. ദാനശീലനായ കർണ്ണനെ സൂര്യൻ ഉപദേശിച്ചു. പിന്നീട് കർണ്ണൻ പൂജ ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു ബ്രാഹ്മണൻ വന്ന് കവചകുണ്ഡലങ്ങൾ ആവശ്യപ്പെടുകയും കർണ്ണൻ കൊടുക്കുകയും ചെയ്തു. വേഷപ്രച്ഛന്നനായ ഇന്ദ്രൻ പകരം ശക്തിയേറിയ ഒരു വേൽ കർണ്ണനു കൊടുത്തു. ഇവിടെ ഇന്ദ്രന്റെ പുത്രസ്നേഹം ദാനശീലനായ

കർണ്ണന് ആപത്തായിമാറി.

ഇങ്ങനെ പന്ത്രണ്ടു വർഷം കഴിഞ്ഞു. ഇനി അജ്ഞാതവാസം. ഈ ദിനങ്ങൾ വിരാട രജധാനിയിൽ കഴിച്ചുകൂട്ടാൻ തീരുമാനിച്ചു. ആയുധങ്ങൾ മരപ്പൊത്തിൽ സൂക്ഷിച്ചു. ധർമ്മപുത്രർ കങ്കൻ (സന്യാസി), ഭീമൻ വലലൻ (പാചകക്കാരൻ), അർജ്ജുനൻ ബ്രഹന്നള, നകുലൻ ഗ്രന്ഥികൻ (കുതിരക്കാരൻ), സഹദേവൻ തന്ത്രിപാലൻ (പശുവിനെ തീറ്റുന്നവൻ), പാഞ്ചാലി സൈരന്ധ്രി (ദാസി). ഇങ്ങനെ വേഷ പ്രച്ഛന്നരായി വിരാടദേശത്തെത്തി. യുധിഷ്ഠിരൻ കരസ്ഥമാക്കിയ അക്ഷഹൃദയമന്ത്രം കൊണ്ട് ചൂതുകളിയിൽ മുടുക്കനായി. ഭീമൻ പാചകകലയിൽ മിടുക്കനായതുകൊണ്ട് ഭക്ഷണത്തിനു ബുദ്ധിമുട്ടില്ല. അർജ്ജുനൻ നൃത്തം പഠിപ്പിച്ചു. അഞ്ചുപേരും വരുമാനം പരസ്പരം വീതിച്ച് കാര്യങ്ങൾ ഭംഗിയായി നടത്തി. ഇതിനിടയിൽ രാജപത്നിയുടെ അനുജൻ കീചകൻ പാഞ്ചാലിയിൽ ആകൃഷ്ടനായി. രാജ്ഞിയുടെ നിർദ്ദേശപ്രകാരം ഭക്ഷണവുമായി ദാസി കീചകന്റെ മുറിയിൽ ചെന്നു. ഭീമന്റെ ബുദ്ധിപൂർവ്വമായ ഇടപെടലിൽ കീചകൻ വധിക്കപ്പെട്ടു. അവിടെയുണ്ടായ മല്ലയുദ്ധത്തിൽ കീചകന്റെ 105 അനുജന്മാരും വധിക്കപ്പെട്ടു. അജ്ഞാതവാസം അവസാനിക്കാറായി.

ഈ സമയം ഹസ്തിനപുരത്തിൽ കീചകന്റെ മരണവിവരം അറിഞ്ഞു. ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെയെന്ന് അവർ ഉറച്ചു. അങ്ങനെ വിരാടരാജ്യത്തേക്ക് ദുര്യോധനൻ പട നയിച്ചു. വിരാടൻ ബന്ധിക്കപ്പെട്ടു. ഭീമൻ യുദ്ധത്തിനിറങ്ങി. രാജാവിന്റെ മകനായ ഉത്തരന്റെ തേരാളിയായി ബ്രഹന്നളയും. സൂക്ഷിച്ചുവെച്ചിരുന്ന ആയുധങ്ങളുമെടുത്ത് അർജ്ജുനൻ പുറപ്പെട്ടു. ഭയന്നുവിറച്ച ഉത്തരന്റെ വാക്കുകൾ കേട്ട് ഉത്തരൻ തേരാളിയാകൂ, താൻ യുദ്ധം ചെയ്യാമെന്ന് അർജ്ജുനൻ പറഞ്ഞു. ഘോരയുദ്ധത്തിനൊടുവിൽ വിരാടർ ജയിച്ചു. തിരികെ വരുംവഴി ഉത്തരനെ രാജധാനിയിലേക്കയച്ച് ആയുധങ്ങൾ അർജ്ജുനൻ പഴയപടി സൂക്ഷിച്ചു വെച്ചു. രാജാവിനു സന്തോഷമായി. അവർ വരുന്നതുവരെ ചൂതുകളിക്കാനായി രാജാവ് കങ്കനെ ക്ഷണിച്ചു. ഉത്തരൻ യുദ്ധത്തിൽ ജയിച്ചുവെന്നു പറഞ്ഞ രാജാവിനോട് ഉത്തരനല്ല ബ്രഹന്നളയായിരിക്കുമെന്ന് കങ്കൻ പറഞ്ഞു. ദേഷ്യം മൂത്ത രാജാവ് ചൂതുകട്ടയെടുത്ത് കങ്കന്റെ മുഖത്തെറിഞ്ഞു. യുധിഷ്ഠിരൻ രക്തം താഴെ വീഴാതെ കൈകളിലെടുത്തു. അടുത്തുനിന്ന ദാസി വെള്ളംകൊണ്ടുവന്ന് രക്തം ജലം നിറച്ച പാത്രത്തിലാക്കി. ഈ സമയം വിജയശ്രീലാളിതരായി എല്ലാവരുമെത്തി. അപ്പോൾ കങ്കൻ പറഞ്ഞു ഉത്തരൻ ആദ്യം വരട്ടെ, ബ്രഹന്നള പുറകെ വന്നാൽ മതിയെന്നു പറഞ്ഞു. കാരണം കങ്കന്റെ മുഖത്തെ ചോര കണ്ടാൽ ബ്രഹന്നളക്കു സഹിക്കില്ല. ഉത്തരൻ കടന്നുവന്ന് എല്ലാവരേയും നമസ്കരിച്ചു. കങ്കന്റെ മുഖത്ത് രക്തം കണ്ട ഉത്തരൻ എന്താണെന്നും ആരാണ് ചെയ്തതെന്നും തിരക്കി. ഇതുകേട്ട രാജാവു പറഞ്ഞു, ഞാനാണ്. ഇവൻ നിന്നെ പുകഴ്ത്തുന്നതിനു പകരം ബ്രഹന്നളയെ പുകഴ്ത്തുകയാണ്. ഇതുകേട്ട ഉത്തരൻ പറഞ്ഞു, വേഗത്തിൽ ക്ഷമ ചോദിച്ചില്ലെങ്കിൽ ഭവാനെ ഇവർ വേരോട് നശിപ്പിക്കും. വീണ്ടും ഉത്തരനെ പുകഴ്ത്തുന്ന രാജാവിനോട് തന്നെ വിജയത്തിലേക്കു നയിച്ച സാരഥി 3 ദിവസം കഴിഞ്ഞ് ഇവിടെയെത്തുമെന്നു പറഞ്ഞു. 3 ദിവസം കഴിഞ്ഞ് സർവ്വാഭരണഭൂഷിതരായി അവർ വന്ന് വിശിഷ്ടാസനത്തിൽ ഉപവിഷ്ടരായി. ഇവരെ കണ്ട വിരാടരാജാവിന് ഒന്നും മനസിലായില്ല. ഉത്തരൻ എല്ലാവരേയും പരിചയപ്പെടുത്തി. രാജാവ് മാപ്പപേക്ഷിച്ചു. തന്റെ മകളായ ഉത്തരയെ അർജ്ജുനന് വിവാഹം കഴിച്ചുകൊടുക്കുവാനും തീരുമാനിച്ചു.

ഉത്തര തന്റെ ശിഷ്യയാണെന്നും ആചാര്യൻ ശിഷ്യയെ വിവാഹം കഴിക്കരുതെന്നും തന്റെ പുത്രനായ അഭിമിന്യുവിനേക്കൊണ്ട് ഉത്തരയെ വിവാഹം കഴിപ്പിക്കണമെന്നും പറഞ്ഞു. അങ്ങനെ പാണ്ഡവരുടെ അജ്ഞാതവാസവും അവസാനിച്ചു.അവിടെവെച്ച് അഭിമന്യുവിന്റേയും ഉത്തരയുടേയും വിവാഹം ഭംഗിയായി നടന്നു.

അഭിമന്യുവിന്റേയും ഉത്തരയുടേയും വിവാഹശേഷം എല്ലാ ക്ഷണിക്കപ്പെട്ട രാജാക്കന്മാരും വിരാടരാജധാനിയിൽ ഒത്തുകൂടി. പാണ്ഡവരുടെ കാര്യങ്ങൾ കൃഷ്ണന്റെ നേതൃത്ത്വത്തിൽ ചർച്ച നടത്തി. പാണ്ഡവർ വനവാസക്കാലത്ത് അനുഭവിച്ച കഷ്ടതകൾ വിവരിച്ച കൃഷ്ണൻ കൗരവരുടെ അടുത്തേക്ക് ദൂതനെ അയച്ച് വിവരങ്ങൾ അറിയണമെന്ന് അഭിപ്രായപ്പെട്ടു. സാത്വകിയും ദ്രുപദനും എല്ലാവരും തങ്ങളുടെ അഭിപ്രായങ്ങൾ പറഞ്ഞു. പാണ്ഡവരുടെ വിശദവിവരങ്ങൾ എല്ലാ രാജാക്കന്മാരേയും അറിയിക്കുവാനും കൗരവരുടെ അഭിപ്രായമറിയുവാൻ ദൂതന്മാരെ അയക്കുവാനും തീരുമാനിച്ചു. വിവരങ്ങളുമായി പോയവരെല്ലാം തിരികെ വന്നു. യുദ്ധം അനിവാര്യമായി തോന്നിയതായി എല്ലാവരും അഭിപ്രായപ്പെട്ടു. ശ്രീകൃഷ്ണന്റെ സഹായം ആവശ്യമാണെന്നുള്ള ധാരണയിൽ അർജ്ജുനൻ ദ്വാരകയിലേക്കു പുറപ്പെടാനൊരുങ്ങി. ഇതെല്ലാം രഹസ്യമായി അറിഞ്ഞ ദുര്യോധനനും ദ്വാരകയിലേക്കു തിരിച്ചു. രണ്ടുപേരും അവിടെയെത്തുന്നുവെന്നു മനസിലാക്കിയ കൃഷ്ണൻ ശയ്യാഗൃഹത്തിലെത്തി ഉറക്കം നടിച്ചു കിടന്നു. ദുര്യോധനൻ തലഭാഗത്തു കണ്ട പീഠത്തിൽ ഇരുന്നു. അർജ്ജുനൻ കാൽക്കലും.

ഉറക്കമുണർന്ന കൃഷ്ണൻ കാൽക്കൽ നിൽക്കുന്ന അർജ്ജുനനെ ആദ്യം കണ്ടു. പിന്നെ ദുര്യോധനനേയും. എന്താണ് ആവശ്യമെന്ന കൃഷ്ണന്റെ ചോദ്യത്തിനുത്തരമായി ദുര്യോധനൻ താനാണാദ്യം വന്നതെന്നും സഹായിക്കണമെന്നും പറഞ്ഞു. താൻ അർജ്ജുനനെയാണാദ്യം കണ്ടതെന്നു കൃഷ്ണൻ പറഞ്ഞു. ഒരാൾക്ക് സേനയും മറ്റേയാൾക്ക് നിരായുധനായ കൃഷ്ണനനും, ഇതിലേതു വേണമെന്നു തീരുമാനിക്കാൻ അവസരം കൊടുത്തു. അർജ്ജുനൻ കൃഷ്ണനേയും ദുര്യോധനൻ സേനയേയും ആവശ്യപ്പെട്ടു. രണ്ടുപേരും സന്തുഷ്ടരായി തിരകെ പോയി.

വീരനും പരാക്രമിയുമായ ശല്ല്യർ പാണ്ഡവരെ കാണാനായി പുറപ്പെട്ടു. ഇതറിഞ്ഞ ദുര്യോധനൻ രഹസ്യമായി ഏർപ്പാടുകളെല്ലാം ചെയ്തു. ശല്ല്യർ സന്തുഷ്ടനായി. ഈ അവസരംനോക്കി ദുര്യോധനൻ ശല്ല്യരെ സമീപിച്ചു തന്റെ സൈന്യത്തിന്റെ നേതൃത്വം സ്വീകരിക്കാമെന്നുള്ള വരം വാങ്ങി. അതിനുശേഷം ശല്ല്യർ യുധിഷ്ഠിരനെ കാണാൻ ആയി തിരിച്ചു. ശല്ല്യർ സംസാരത്തിനിടയിൽ ദുര്യോധനൻ വരം വാങ്ങിയ വിവരം പറഞ്ഞു. യുധിഷ്ഠിരൻ ഒരാവശ്യം ഉന്നയിച്ചു. അർജ്ജുനനും കർണ്ണനും തമ്മിൽ യുദ്ധം ചെയ്യുമ്പോൾ ശല്ല്യർ കർണ്ണന്റെ തേരാളിയാകണം. ആ സമയം കർണ്ണനോട് അഹിതമായ വാക്കുകൾ സംസാരിച്ച് അയാളുടെ മനസിന്റെ സ്വസ്ഥത നശിപ്പിക്കണം. ശല്ല്യർ യുധിഷ്ഠിരന്റെ ദുഃഖത്തിന്റെ ആഴം കുറക്കുവാനായി ഇന്ദ്രന്റെ കഥകളും മറ്റും പറഞ്ഞു കൊടുക്കുന്നു. ഇത്തരം കഥകൾ കേൾക്കമൂലം ശത്രുഭയം ഒഴിവാകുമെന്നും ദീർഘായുസു ലഭിക്കുമെന്നും പറഞ്ഞു. പിന്നീടു ശല്ല്യർ ദുര്യോധനന്റെ അടുത്തേക്കു പോയി. യുധിഷ്ഠിരനെ സഹായിക്കാൻ ധാരാളംപേർ സൈന്യങ്ങളുമായെത്തി.

ദൂതനായ പുരോഹിതൻ ധൃതരാഷ്ട്രരേയും വിദുരരേയും ഭീഷ്മരേയും കണ്ട ശേഷം ദുര്യോധനനേക്കണ്ടു. ദുര്യോധനാദികൾ പാണ്ഡവരോടു ചെയ്ത ദുഷ്ക്കർമ്മങ്ങൾ ഓരോന്നായി പറഞ്ഞു. കഴിഞ്ഞ കാര്യങ്ങൾ മറക്കാനും സന്ധിസംഭാഷണങ്ങൾക്കു ഞങ്ങൾ തയ്യാറാണെന്നും ഉള്ള പാണ്ഡവസന്ദേശം പുരോഹിതൻ പറഞ്ഞു. പുരോഹിതന്റെ വാക്കു കേട്ട് സന്തോഷഭരിതനായ ഭീഷ്മർ പാണ്ഡവരുടെ പ്രത്യേകിച്ചും അർജ്ജുനന്റെ സാമർത്ഥ്യത്തെക്കുറിച്ചു പറഞ്ഞു. ഇതു കർണ്ണന് സഹിക്കാനായില്ല. കർണ്ണൻ യുദ്ധത്തേക്കുറിച്ചാണ് ഓർമ്മിപ്പിച്ചത്. കർണ്ണന്റെ ധിക്കാരപരമായ വാക്ക് ഭീഷ്മരേയും ധൃതരാഷ്ട്രരേയും വേദനിപ്പിച്ചു. ഭീഷ്മരെ ഉദ്ധരിച്ച് സമാധാനമായിരിക്കുവാനും സഞ്ജയനെ പാണ്ഡവരുടെ അടുത്തേക്കയക്കാമെന്നും പറഞ്ഞ് പുരോഹിതനെ പ്രസാദിപ്പിച്ച് പറഞ്ഞയച്ചു. പാണ്ഡവരുടെ യുദ്ധവീര്യത്തിൽ ഭയന്ന് സഞ്ജയനോട് ഉടൻതന്നെ പാഞ്ചാലരാജ്യത്തുചെന്ന് യുധിഷ്ഠിരനെ കണ്ട് വിവരം ധരിപ്പിക്കുവാൻ ഉള്ള കാര്യങ്ങൾ ചെയ്യാൻ പറഞ്ഞു. സഞ്ജയനിൽനിന്നും യുധിഷ്ഷ്ഠിരൻ ധൃതരാഷ്ട്രരുടെ സന്ദേശം ശ്രവിച്ചു. ഇതെല്ലാംകേട്ട യുധിഷ്ഠിരൻ യുദ്ധത്തിനെ ഭയക്കുന്നതെന്തിനെന്നും വീരന്മാരായ തന്റെ സഹോദരന്മാർ ജീവിച്ചിരിക്കുമ്പോൾ അവരുടെ ധനം അപഹരിക്കുന്നത് ശരിയല്ലാ എന്നും ആപത്താണെന്നും ആ വിചാരം ധൃതരാഷ്ട്രർക്കു തോന്നാതിരുന്നാൽ പുത്രന്മാരെല്ലാവരും ദഹിച്ചു ചാമ്പലാകുമെന്നും പറഞ്ഞു. ഇതുകേട്ട സഞ്ജയൻ ധർമ്മത്തേക്കുറിച്ചു പറഞ്ഞു. ധർമ്മപുത്രർ ധർമ്മമോ അധർമ്മമോ എന്താണിപ്പോഴുള്ളതെന്നു ചോദിച്ചു. താൻ അധർമ്മമായി ഒരു സമ്പത്തും ആഗ്രഹിക്കുന്നില്ല. തങ്ങളുടെ കാര്യങ്ങൾ തീരുമാനിക്കുന്നതു കൃഷ്ണനാണെന്നും ആ അഭിപ്രായം ധിക്കരിക്കുകയില്ലയെന്നും പറഞ്ഞു. ഇതുകേട്ട കൃഷ്ണൻ സഞ്ജയനോടു മറുപടി പറഞ്ഞു. പാണ്ഡവർക്ക് ധർമ്മപ്രകാരം കിട്ടിയ രാജ്യം ധൃതരാഷ്ട്രരും പുത്രന്മാരും അപഹരിക്കുകയായിരുന്നുവെന്നും പാഞ്ചാലിയെ അപമാനിച്ചപ്പോൾ ആ സഭയിൽ അഭിപ്രായം പറയാതിരുന്നവരാണോ ഇന്നു ധർമ്മോപദേശം ചെയ്യുന്നതെന്നും ചോദിച്ചു. മന്യുവായ മഹാവൃക്ഷം ദുര്യോധനനും സ്കന്ധം കർണ്ണനും ശാഖ ശകുനിയുമാണ്. ഫലപുഷ്പങ്ങൾ ദുശ്ശാസനനും ധൃതരാഷ്ട്രരുമാണ്. എന്നാൽ യുധിഷ്ഠിരൻ ധർമ്മമാണ്. അതിന്റെ സ്കന്ധം അർജ്ജുനൻ. ശാഖ ഭീമനും. ഫലമൂലാദികൾ നകുലസഹദേവന്മാരും. ക്രൂരമായ കുറെ വാക്കുകളും സത്യങ്ങളും പറഞ്ഞ ശ്രീകൃഷ്ണൻ ഈ വിവരമെല്ലാം അവരെ ധരിപ്പിക്കുകയെന്നു പറഞ്ഞു. യുധിഷ്ഠിരൻ യുദ്ധത്തിനും സന്ധിക്കും ധർമ്മമനുസരിച്ച് തയ്യാറാണെന്നു പറഞ്ഞു. കൗരവവംശത്തിന്റെ നാശമുണ്ടാകാൻ പോകുന്ന വിവരം ധരിപ്പിച്ചു. സഞ്ജയന്റെ വാക്കുകൾ കേട്ടതിനുശേഷം ധൃതരാഷ്ട്രർ വിദുരരെ വിളിച്ചു വിവരം ധരിപ്പിച്ചു. ഇവിടെ വിദുരർ ധർമ്മാർത്ഥമോഹങ്ങളും നാശവും ഉണ്ടാകുന്നതെങ്ങനെയെന്നു വിവരിച്ചു. അവസാനം തന്റെ വാക്കുകൾ ഗ്രഹിച്ച് നേർവഴിക്കു വരാനും ഇല്ലെങ്കിൽ ദുര്യോധനന്റെ അധഃപതനം നേരിൽ കാണേണ്ടിവരുമെന്നും ഓർമ്മിപ്പിച്ചു.

(തുടരും)





# ഹരിസുധാലഹരി

**നന്ദകുമാർ മേനോൻ, ഫോൺ : 9895981809**

**ശ്ലോകം 61**

ഇല്ലാ സ്ത്രീപുരുഷാദി ശൈശവവയോവൃദ്ധാദിയാം ഭേദമൊ–

ട്ടില്ലാ വർണ്ണവിവേചനാദിയുമപഭ്രംശാദിയാം ഭീതിയും

എല്ലാക്കാലവുമാർക്കുമേ സുഗമമാണാഭക്തിമാർഗ്ഗം നശി –

ക്കില്ലാ ഭക്തനവൻ ജയിപ്പൂ നിതരാം സർവ്വോത്തമൻ സർവ്വദാ

**ശ്ലോകാർത്ഥം :**

സ്ത്രീപുരുഷൻ എന്ന വ്യത്യാസമില്ല. ശിശു, വയോവൃദ്ധൻ മുതലായ ഭേദം അല്പം പോലുമില്ല. ബ്രാഹ്മണാദി ചതുർവർണ്ണഭേദമില്ല. വഴിതെറ്റിപ്പോവും എന്നു തുടങ്ങിയിട്ടുള്ള ഭയവുമില്ല. വിഷ്ണുവിങ്കലുള്ള ഭക്തി, എല്ലാവർക്കും എല്ലാക്കാലത്തും വളരെ എളുപ്പത്തിൽ കടന്നുചെല്ലാൻ കഴിയുന്ന വഴിയാണ്. ആ ഭക്തൻ ഒരുകാലത്തും നശിക്കുന്നില്ല. എല്ലാവരിലും ശ്രേഷ്ഠനായി എല്ലാക്കാലത്തും എല്ലാവിധത്തിലും അവൻ വിജയിക്കുന്നു.

**വ്യാഖ്യാ :**

വൈദിക താന്ത്രികാദി മാർഗ്ഗങ്ങൾക്കുള്ള അധികാരിഭേദം ഇവിടെ വ്യംഗ്യമാക്കുന്നു. അത്തരം അധികാരം, വർണ്ണഭേദം, ലിംഗഭേദം, വയോഭേദം മുതലായതിനെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഭക്തിമാർഗ്ഗത്തിന് അത്തരം പരിഗണനകളൊന്നുമില്ല. അതിനെ ആശ്രയിച്ചാൽ സംസാരത്തെ തരണം ചെയ്ത് , ജനനമരണങ്ങളെ അതിജീവിക്കുന്നു.

**ശ്ലോകം 62**

മുക്തന്മാർ ശുകനാരദാദികളഹോ ത്വന്നാമസങ്കീർത്തനാ–

സക്തന്മാരുടലേന്തിടുന്നു തവമാഹാത്മ്യം സ്തുതിച്ചീടുവാൻ

ഭക്തന്മാർക്കു ഭജിപ്പതേ പരമമാം ലക്ഷ്യം ചിദാനന്ദമി–

ത്യുക്തം ഭക്തിരസാർത്ഥമായവരഹംപോലും വരിപ്പൂ ഹരേ

**ശ്ലോകാർത്ഥം :**

അവിടുത്തെ നാമങ്ങൾ പാടുന്നതിൽ ആസക്തിയുള്ള ശുകൻ നാരദൻ മുതലായി സംസാരത്തിൽ നിന്നും മോചനം നേടിയവർ അവിടുത്തെ മാഹാത്മ്യം പാടിപുകഴ്ത്തുന്നതിനുവേണ്ടി ജന്മമെടുക്കുന്നു. അല്ലയോ ഹരേ, ഭക്തന്മാർക്ക് ഭജനം ചെയ്യുന്നതു തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിന്റെ ലക്ഷ്യം ചിദാനന്ദം (ബ്രഹ്മാനന്ദം) തന്നെ എന്നു പറയപ്പെട്ടിരിക്കുന്നു. ഭക്തിയുടെ ആ രസം വീണ്ടും നുകരുവാൻ വേണ്ടി അവർ, 'അഹം' അ മുതൽ ഹ വരെയുള്ളത്, പ്രപഞ്ചം, ഭവം സ്വീകരിക്കുന്നു.

**വ്യാഖ്യാ :**

ഗുരുനാഥൻ ഈ ശ്ലോകത്തിൽ മുൻപ് ആവർത്തിച്ചതുപോലെ, ഭക്തിയുടെ രസം വിവരിക്കുന്നു. ശുകൻ നാരദൻ മുതലായവർ മുക്തന്മാരാണ്. അവർ വിഷ്ണുവിന്റെ അപദാനങ്ങൾ പാടിനടക്കുകയായിരുന്നു. അതിനാണ് അവർ ജന്മമെടുത്തതു തന്നെ. ഭക്തന്മാർക്ക് പരമമായ ലക്ഷ്യം ഭജിക്കുന്നതാണ്. അതിന്റെ ഫലമായി ചിദാനന്ദം അഥവാ ബ്രഹ്മാനന്ദം എന്ന ലക്ഷ്യത്തിൽ അവർ എത്തിച്ചേരുന്നു. ഇത് ഋഷിപ്രോക്തമത്രെ, ഭക്തിരസം നുകരുവാൻ വേണ്ടി അവർ വീണ്ടും ഭവസാഗരം (അഹം) സ്വീകരിക്കുന്നു. 'അ' എന്ന ആദ്യത്തെ അക്ഷരം മുതൽ 'ഹ' എന്ന അവസാന അക്ഷരം വരെയുള്ള എല്ലാ അക്ഷരങ്ങളുടെയും എല്ലാവിധ ചേർച്ചകളാലുമുണ്ടാകുന്ന പദങ്ങൾക്ക് ഉള്ള അർത്ഥങ്ങൾ മാത്രമേ ഈ പ്രപഞ്ചത്തിലുള്ളൂ. അങ്ങനെ എല്ലാ പദാർത്ഥങ്ങളും അടങ്ങിയതുകൊണ്ടാണ് സംസാരം സമ്യക്കായ സാരം എന്നും ഭവം അറിയപ്പെടുന്നത്. ആ ഭവം വീണ്ടും വിണ്ടും സ്വീകരിക്കാൻ ഭക്തന്മാർക്കുള്ള ഉത്സാഹം ഭക്തിയുടെ രസം തന്നെ വീണ്ടും വീണ്ടും നുകരുവാൻ വേണ്ടിയാണ്. ഗുരുനാഥനുമായുള്ള ചില സംഭാഷണങ്ങളിൽ എനിക്ക് മോക്ഷമൊന്നും വേണ്ടാ, വീണ്ടും വീണ്ടും ജനിച്ച് ദേവിയെ പൂജിച്ചു കൊണ്ടിരുന്നാൽ മതി എന്ന് പറയാറുള്ളതോർമ്മ വരുന്നു.

**ശ്ലോകം 63**

ഇല്ലാരും പരിപൂർണ്ണയോഗിയഖിലാധാരൻ ഭവാനെന്നി മ –

റ്റെല്ലാ യോഗികളും ഭവൽക്കരുണയാൽ നേടുന്നു സിദ്ധ്യഷ്ടകം

ഇല്ലാ ശക്തിയവർക്കു ലോകരചനാ രക്ഷാദി കർമ്മത്തിന–

ങ്ങല്ലാതത്ഭുതമിബ്ഭവപ്രഭവലീലക്കാരു ശക്തൻ വിഭോ.

**ശ്ലോകാർത്ഥം :**

എല്ലാത്തിന്റെയും ആധാരനായ അങ്ങല്ലാതെ മറ്റാരും പരിപൂർണ്ണ യോഗിയായി ഇല്ല തന്നെ. മറ്റെല്ലാ യോഗികളും അവിടുത്തെ കരുണകൊണ്ട് അണിമ മുതലായ എട്ട് സിദ്ധികളും കൈവരിക്കുന്നു. അവർക്കാർക്കും ലോകത്തെ സൃഷ്ടിക്കുക, രക്ഷിക്കുക, മുതലായ കർമ്മങ്ങൾക്ക് ശക്തിയില്ല. അങ്ങക്കല്ലാതെ ഈ പ്രപഞ്ചപരിണാമങ്ങൾക്ക് ആർക്കാണ് കഴിവുള്ളത്, അത്ഭുതം തന്നെ ഹേ സർവ്വവ്യാപി.

**വ്യാഖ്യാ :**

അഷ്ടാംഗമാർഗ്ഗമായ യോഗചര്യയുടെ ഒരു ഫലസിദ്ധിയത്രേ അണിമ (അണുവിനോളം ചെറുതാവുക), മഹിമ (അളക്കാൻ കഴിയാത്തത്ര വലുതാവുക), ഗരിമ (അളക്കാൻ കഴിയാത്തത്ര കനമുള്ളതാവുക), ലഘിമ (അല്പംപോലും കനമില്ലാതാവുക), പ്രാപ്തി (എല്ലാടവും എല്ലാ സമയത്തും എല്ലാ പ്രകാരത്തിലും എത്താൻ കഴിയുക), പ്രാകാമ്യം (ആഗ്രഹിക്കുന്നതെല്ലാം സാധിക്കുക), ഈശിത്വം (എല്ലാത്തിന്റെയും അധീശത്വം ഉണ്ടാവുക), വശിത്വം (എല്ലാത്തിനെയും വശത്താക്കുക) എന്നീ അഷ്ടസിദ്ധികൾ ഉള്ള ആളെയാണ് പരിപൂർണ്ണയോഗി എന്നതുകൊണ്ട് ഗുരുനാഥൻ ഉദ്ദേശിക്കുന്നത് ഈ അഷ്ടസിദ്ധികളും പരിപൂർണ്ണമായി സിദ്ധിച്ചവർ എന്നായിരിക്കണം. ഈ സിദ്ധ്യഷ്ടകം എല്ലായോഗികൾക്കും കിട്ടുന്നതു തന്നെ അവിടുത്തെ കരുണകൊണ്ട് എന്നിരിക്കെ, ഈ സിദ്ധികളെല്ലാം കിട്ടിയിട്ടും, അത്ഭുതകരമായ ഈ പ്രപഞ്ചത്തിന്റെ വിളയാട്ടത്തിനു കാരണമാകാൻ ആ യോഗികൾക്കൊന്നും സാദ്ധ്യമല്ല തന്നെ. അങ്ങേക്കല്ലാതെ ആർക്കും തന്നെ അതിനു കഴിയില്ല. അതുകൊണ്ടു തന്നെ ഗുരുനാഥൻ അതിനെ അത്ഭുതം എന്നു വിശേഷിപ്പിക്കുകയും അങ്ങയെ വിഭോ എന്നു വിളിക്കുകയും ചെയ്യുന്നു.

എറണാകുളം
കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...

95 വർഷത്തെ സേവനപാരമ്പര്യമുള്ള
എറണാകുളം കരയോഗത്തിൽ കൊച്ചി
കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള
എല്ലാ നായർ സമുദായാംഗങ്ങൾക്കും
കരയോഗം നിയമാവലിയ്ക്ക് വിധേയമായി
അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*
Email: ekmkgm@gmail.com

*(മിനിക്കഥ)*

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

# അനാവശ്യ വസ്തുക്കൾ

ചേട്ടയെ പുറത്താക്കിയാലേ ശീവോതി അകത്തു വരൂ എന്നാണല്ലോ പ്രമാണം. അതുകൊണ്ട് അനാവശ്യ വസ്തുക്കളെ വീട്ടിൽ നിന്നും പുറന്തള്ളണം. എങ്കിലേ ഉത്തമമായ ഊർജ്ജം പ്രസരിക്കൂ എന്നു മനസ്സിലാക്കി അയാൾ വീടു മുഴുവൻ അരിച്ചു പെറുക്കി അവയെ ഉപേക്ഷിച്ചു. അങ്ങനെ വീട് ഐശ്വര്യപൂർണ്ണമായി.

പക്ഷെ , മനസ്സിൽ നിന്നും അതുപോലെ അനാവശ്യ ചിന്തകളെ അകറ്റിയാലേ ജീവിതത്തിൽ ഊർജ്ജസ്വലതയുണ്ടാവൂ എന്ന് അയാൾ അറിയാതെ പോയി.





# പാതഞ്ജലയോഗദർശനം

**കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203**

**സൂത്രം 1–46**

അവ തന്നെ സബീജസമാധി.

നാല് സമാപത്തികളെപ്പറ്റി തൊട്ടുമുമ്പുള്ള സൂത്രങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. സവിതർക്ക- നിർവിതർക്ക -സവിചാര-വിർവിചാര സമാപത്തികൾ. അവയ്ക്കെല്ലാം കൂടിയുള്ള പേരാണ് സംപ്രജ്ഞാത സമാധി.

ധാരണ എന്നു പറയുന്നത് മനസ്സിനെ ഒരിടത്ത് കെട്ടിയിടലാണ്. അത് അവിടെത്തന്നെ നിരന്തരമായി നിലനിൽക്കുമ്പോഴാണ് ധ്യാനത്തിൽ പ്രവേശിക്കുന്നത്. ധ്യാനത്തിനുമപ്പുറത്തുള്ള അവസ്ഥയാണ് സമാപത്തി അഥവാ സമാധി.

സമാധിയെ രണ്ടു ഘട്ടമായി തിരിച്ചാൽ ആദ്യത്തേത് സംപ്രജ്ഞാത സമാധി: രണ്ടാമത്തേത് അസംപ്രജ്ഞാത സമാധി.

സംപ്രജ്ഞാതത്തെ വിതർക്കം, വിചാരം ആനന്ദം, അസ്മിത എന്നിങ്ങനെ നാലു ഘട്ടങ്ങൾ ആയി പറഞ്ഞു. പിന്നെ വിതർക്കത്തെ സവിതർക്ക- നിർവിതർക്കങ്ങളെന്നും, വിചാരത്തെ സവിചാര- നിർവിചാരങ്ങളെന്നും തിരിച്ചു. ഇപ്പറഞ്ഞവയെല്ലാം- ആറെണ്ണവും സംപ്രജ്ഞാത സമാധികളാണ്. സബീജ സമാധികളുമാണ്. ബീജമുള്ളതിനെയാണ് സബീജമെന്നു പറയുക. മുളയ്ക്കാൻ, വളർന്നു ചെടിയാവാൻ കെല്പുള്ളവയാണ് ബീജങ്ങൾ (സംസ്കാരങ്ങൾ). ഏതിന്റെ ബീജങ്ങൾ ? സംസാരവൃക്ഷത്തിന്റെ ബീജങ്ങൾ. ഗ്രഹിതാവ്, അതായത് അറിവു നേടുന്നവൻ, നേടാനുള്ള ശരീരത്തിലെ ഉപകരണങ്ങൾ. അറിയപ്പെടുന്ന വസ്തുക്കൾ ഇവയാണ് മനസ്സിന്റെ വിഷയങ്ങൾ. ഇവ തന്നെയാണ് ബീജങ്ങൾ അവലംബങ്ങൾ. സാധനയിൽ ഇവ ചുരുങ്ങി വരും. സ്ഥൂലമായവ സൂക്ഷമാവും, അറിയപ്പെടുന്ന സ്ഥൂലവസ്തുക്കൾ, സൂക്ഷ്മവസ്തുക്കൾ എന്നിങ്ങനെ ചുരുങ്ങും. എങ്കിലും തീരെ ഇല്ലാതാവില്ലെന്നതിനാലാണ് സബീജമെന്നു പറയുന്നത്. ഈ എല്ലാ ഘട്ടങ്ങളെയും ചേർത്തുള്ള സാമാന്യനാമമാണ് സാലംബന, സബീജ, സംപ്രജ്ഞാത സമാധി.

ആനന്ദാനുഗത സമാപത്തി ബുദ്ധി ധർമിയാണ്. ഗ്രഹണ ധർമിയാണ്. അഹങ്കാരത്തിന്റെ സത്വപ്രധാനമായ ഞാനുണ്ട് എന്ന അവസ്ഥയിലാണ് ആനന്ദ അനുഭവമുണ്ടാവുന്നത്. നിർവിചാര സമാപത്തിയുടെ ഉച്ചതമരൂപമാണിത്.

ഇവയെല്ലാം സബീജസമാധിയിലുൾപ്പെടും.

യോഗ ദർശനത്തിന്റെ ഒന്നാം പാദം സമാധി പാദമാണ്. പക്ഷെ സമാധിയെന്ന പദം ഈ അധ്യായത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ഈ സൂത്രത്തിലാണ്.

'ഈശ്വരപ്രണിധാനാത് വാ' എന്നും 'സമാധി സിദ്ധിരീശ്വരപ്രണിധാനാത്' എന്നും സൂത്രങ്ങളുണ്ട്. സമാധി സിദ്ധിക്ക് ഈശ്വരാധീനം വേണമെന്നു താല്പര്യം. യമം, നിയമം, മുതലായ അഷ്ടാംഗങ്ങളിൽ സമാധിയൊഴിച്ചെല്ലാം പരിശ്രമസാധ്യമാണ്. എന്നാൽ സമാധി എന്ന അനുഭവം മനുഷ്യസാമർഥ്യത്താൽ നേടാവുന്നതല്ല. നമ്മുടെ ഉള്ളിലുള്ള ബോധസ്വരൂപന്റെ മാത്രം ലോകമാണത്. മറ്റെല്ലാ അറിവുകളും താൽക്കാലികമാണ്. സ്മൃതിയാലും സംസ്കാരത്താലുമുള്ള ജ്ഞാനമാണ്. ശബ്ദത്തെയല്ല അതിന്റെ അർഥത്തെ അറിയണം. കാണുന്ന വസ്തുക്കളിലെല്ലാമുള്ള വൈവിധ്യത്തെയല്ല, അതിലുള്ള ഈശ്വരാംശത്തെയാണ് അറിയേണ്ടത്. അപ്പോൾ സദാ സമാധിയനുഭവിക്കാം.

നമ്മുടെ സംസ്കാരത്തിൽ നാം ഒരാളെ കാണുമ്പോൾ നമസ്തേ പറയുന്നു. അങ്ങയ്ക്ക് നമസ്കാരം എന്നർത്ഥം. അതിൽ അങ്ങ് എന്നുള്ളത് ഭൗതിക വ്യക്തിയല്ല, അവരുടെ ഉള്ളിലുള്ള ഈശ്വര ചൈതന്യമാണ്. ദേഹമല്ല, ദേഹിയാണ്.

അമ്പലത്തിലും മറ്റും ശുദ്ധിയാക്കുന്നതിനുള്ള ഒരു കർമ്മമുണ്ട്. പുണ്യാഹം, അതിൽ കർമികൾ ദർഭാക്ഷതങ്ങളാൽ പൂതമായ വെള്ളം ആക്കിയ പാത്രം ഉയർത്തിക്കൊണ്ട് തമ്മിൽ ചില ചോദ്യോത്തരങ്ങൾ ഉണ്ട്. ഒരാൾ പറയുന്നു. മന: സമാധീയതാം നിങ്ങളുടെ മനസ്സ് സമാധിപോലെയാവട്ടെ, എന്ന്. മറുപടിയായി മറ്റുള്ളവർ പറയും. സമാഹിത മനസ : സ്മ: ഞങ്ങളുടെ മനസ്സ് സമാഹിതമാണ്. (സമാധിപോലെ ഏകാഗ്രമാണ്) വീണ്ടും ഒന്നാമത്തെയാൾ. പ്രസീദന്തു ഭവന്ത ഭവാന്മാരുടെ മനസ്സ് പ്രസന്നമാവട്ടെ. പ്രസന്നാ : സ്മ : ഞങ്ങൾ പ്രസന്നരാണ്. ഇങ്ങിനെ തുടരും.

മനസ്സ് സമാഹിതവും (സമാധിസ്ഥവും) അങ്ങിനെ പ്രസന്നവുമാവുമ്പോൾ ആണ് ശുദ്ധികരണത്തിനുള്ള യോഗ്യത കിട്ടുന്നത്.

സമാധിയും വേദവും തന്ത്രവുമായുള്ള ബന്ധം ഇവിടെ കാണാം.

# ശാസ്ത്രത്തിന്റെ ചരിത്രം - 9

# ലോഹങ്ങളുടെ യുഗം

സി. രാമചന്ദ്രൻ, ഫോൺ: 9995820684

ലോഹങ്ങൾ പൊതുവേ അയിരുകളായിട്ടാണ് പ്രകതിയിൽ കാണുക. ചെമ്പ്, സ്വർണ്ണം തുടങ്ങി അപൂർവ്വം ലോഹങ്ങൾ മാത്രമേ ഭൂമിയിൽ ചിലയിടങ്ങളിൽ അങ്ങനെ നേരിട്ടു കാണപ്പെടുകയുള്ളൂ. ലോഹങ്ങൾ സംസ്കരിക്കുവാൻ മനുഷ്യൻ പഠിച്ചത് ദീർഘകാല പരിചയത്തിന്റെയും പരീക്ഷണങ്ങളുടേയും പരിണതഫലമായിട്ടാണ്. അയിരുകളുടെ കട്ടകൾ, ശിലായുഗ മനുഷ്യന്റെ പോലും ശ്രദ്ധ ആകർഷിച്ചിരുന്നിരിക്കണം. അത്തരം ചില തിളങ്ങുന്ന തുണ്ടുകൾ ആകൃതിപ്പെടുത്തി കഴുത്തിലോ കയ്യിലോ കെട്ടിയതായിരിക്കണം ആദ്യകാല ആഭരണങ്ങൾ. ചില അയിരുകൾ ഉരച്ചു ചാലിച്ച് ലേപനമായും ഉപയോഗിക്കപ്പെട്ടു.

സ്വർണ്ണം നേരിട്ടു തന്നെ പ്രകൃതിയിൽ നിന്നു ലഭിക്കുമെന്നും അത് അടിച്ചു പരത്താൻ കഴിയുമെന്നു മനസ്സിലാക്കുകയും ചെയ്തതോടെ ലോഹപ്പണി ആരംഭിച്ചു. ചെമ്പും ഈ രീതിയിലുള്ള സ്വഭാവം പ്രകടിപ്പിക്കുന്നതിനാൽ അലങ്കാരയോഗ്യമല്ലാത്ത പല കാര്യങ്ങളിലും ഉപയോഗിച്ചു വന്നു. ലോഹങ്ങൾ തീയിലിട്ടു പഴുപ്പിച്ചാൽ പതംവരുമെന്നു മനസ്സിലായപ്പോൾ പല ആകൃതിയിൽ അടിച്ച് ആകൃതിപ്പെടുത്താമെന്ന് മനസ്സിലാക്കി. ലോഹവും താപവും തമ്മിലുള്ള പ്രവർത്തനം നിരീക്ഷിച്ചാണ് ആയിരുകളിൽ നിന്ന് ലോഹം വേർതിരിച്ചെടുക്കുന്ന സൂത്രവും അവർ മനസ്സിലാക്കുന്നത്. ഒരു കൂട്ടമാളുകൾ കൃഷി സ്ഥലത്തു നിന്ന് ഖനനപ്രദേശത്തേക്കു കുടിയേറുവാനും അതു കാരണമായി കാണണം.

ലോഹംകൊണ്ടുള്ള ഉപകരണങ്ങളും കരുക്കളും ശിലകൾകൊണ്ടുള്ളതിനേക്കാൾ മെച്ചമാണെന്ന തിരിച്ചറിവ് മനുഷ്യപുരോഗതിയുടെ ചരിത്രത്തിൽ വലിയൊരു വഴിത്തിരിവു തന്നെയായി. ആദ്യകാലങ്ങളിൽ ആയുധങ്ങളുണ്ടാക്കുവാൻ മാത്രമാണതുപയോഗിച്ചു കാണുക, കാരണം അതിന്റെ ദൗർലഭ്യത തന്നെ.

ചെമ്പും വെളുത്തീയവും ചേർത്ത് വെങ്കലമുണ്ടാക്കാമെന്നും അത് കൂടുതൽ പ്രയോജനകരമായിരിക്കുമെന്നുമുള്ള കണ്ടു പിടുത്തം ലോഹയുഗത്തിനകത്തു തന്നെ വെങ്കലയുഗം എന്ന ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തി. തുടർന്നങ്ങോട്ട് ക്ഷേത്രങ്ങൾ അലങ്കരിക്കുന്നതിനും പ്രഭുകുടുംബങ്ങളിലേക്ക് പാത്രങ്ങളുണ്ടാക്കുന്നതിനും യുദ്ധോപകരണങ്ങളുണ്ടാക്കുന്നതിനുമെല്ലാം വെങ്കലം പ്രധാനമായി.

രസതന്ത്രമാണ് എന്നു തിരിച്ചറിയാതെ തന്നെ ലോഹങ്ങളുടെ രാസഗുണങ്ങളും ഭൗതികഗുണങ്ങളും മനസ്സിലാക്കാൻ ഇത് ബന്ധപ്പെട്ടവർക്ക് അവസരം നൽകി. ലോഹങ്ങൾ അടിച്ചുപരത്തി ഷീറ്റാക്കാനും വലിച്ചു നീട്ടി കമ്പികളാക്കാനും തട്ടിമുട്ടി ആകൃതിപ്പെടുത്തുവാനും പ്രതിമകളും പാത്രങ്ങളും ആഭരണങ്ങളുണ്ടാക്കുവാനുമുള്ള വിദ്യകൾ ക്രമേണ പുരോഗമിച്ചു. ഇത്തരം തൊഴിലുകൾ ചെയ്യുന്ന ലോഹത്തൊഴിലാളികളുടെ കുടുംബങ്ങളും അത് അവരുടെ കുലത്തൊഴിലും ആയി മാറി. തൊഴിൽപരമായ കുടുംബങ്ങളിൽ കുശവന്മാർക്കും നെയ്ത്തുകാർക്കുമൊപ്പം മറ്റൊന്നു കൂടി സമാന്തരമായി ഉടലെടുത്തു. ലോകത്തെല്ലായിടത്തും ഇത്തരം കുലങ്ങളും കുലത്തൊഴിലുകളുമുണ്ടായിരുന്നു. നവോത്ഥാനവും വ്യാവസായിക വിപ്ലവവും യൂറോപ്പിൽ ഉടനീളം അലയടിച്ചപ്പോൾ അത്തരം കുലങ്ങളും ഗോത്രങ്ങളും കുലത്തൊഴിലുകളും ഇല്ലാതായി. എന്നാൽ ഇന്ത്യയിലും ചുറ്റിപ്പറ്റിയുള്ള രാജ്യങ്ങളിലും അവരെ ഇന്നും കാണാം. ജ്ഞാനോദയത്തിന്റെ വെളിച്ചം വേണ്ടതുപോലെ വീഴാതിരിക്കുകയും നവോത്ഥാന പാരമ്പര്യം ഇല്ലാതെ പോകുകയും നാടുവാഴിത്ത സംസ്കാരത്തിന്റെ കട്ട് (Hang Over) വീഴാതെ നിലനില്ക്കുകയും ചെയ്യുന്നതിനാലാണ് ഇന്ത്യയിൽ ഇന്നും ജാതികൾ പ്രേതബാധപോലെ തുടരുന്നത്. (ഇന്ത്യയിൽ നാം നവോത്ഥാനം എന്നു പറയുന്നത് ജാതി - മത നവീകരണ പ്രസ്ഥാനങ്ങളെയാണ്. അതുകൊണ്ട് ജാതി എന്ന നിലയിൽ അനുഭവിച്ചിരുന്ന ചില വിവേചനങ്ങൾക്ക് അറുതി വന്നെങ്കിലും ജാതികൾ ശക്തമായി തുടരുകതന്നെയാണ്) കുലത്തൊഴിലുകാർ അവരുടെ വിദ്യകൾ മിക്കവാറും കുലത്തിനകത്തുതന്നെ രഹസ്യമായി വയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അക്ഷരാഭ്യാസം ഇല്ലാതിരുന്നതുകൊണ്ട് വരമൊഴിയിലൂടെയുള്ള വിവര വിനിമയവും കുറവായിരുന്നു.

ലോഹത്തൊഴിലാളികളിൽത്തന്നെ രണ്ടുതരം പണിക്കാർ തൊഴിൽ വിഭജനംപോലെ തന്നെ ഉണ്ടായി വന്നു. ഖനനത്തിലും ലോഹസംസ്കരണത്തിലും വ്യാപൃതരായിരുന്ന ഒരു വിഭാഗവും ലോഹംകൊണ്ടു പണിയെടുക്കുന്ന മറ്റൊരു വിഭാഗവും. ഖനനത്തൊഴിലാളികൾ ഖനികൾക്കു സമീപവും ലോഹത്തൊഴിലാളികൾ നഗരങ്ങളിലും തമ്പടിച്ചു. തൊഴിലാളികളിൽ ചിലർ നാടുനീളെ നടന്ന് ആവശ്യക്കാർക്ക് ആവശ്യത്തിനനുസരിച്ച് അവിടവിടെ പണിചെയ്തു കൊടുത്തിരുന്നു എന്നുള്ളതിനും തെളിവുകളുണ്ട്. കാരണം കുഴിച്ചെടുത്ത അവശിഷ്ടങ്ങളിൽ പലയിടങ്ങളിൽ നിന്നു ലഭിച്ച വീട്ടുപകരണങ്ങൾ മാത്രമല്ല അതുണ്ടാക്കാനുപയോഗിച്ച കരുക്കളും ഉണ്ടായിരുന്നു.

ലോഹം സമൂഹത്തിലേക്കു കൊണ്ടു വന്ന മാറ്റങ്ങൾ വളരെ വലുതാണ്. സാങ്കേതികമായ അതിന്റെ കെല്പിൽ വലിയ കുതിച്ചു ചാട്ടമുണ്ടായി. ശിലായുഗത്തിൽ കല്ലുകൊണ്ടുള്ള ആയുധങ്ങൾ ചതയ്ക്കാനും പൊട്ടിക്കാനും മറ്റും നന്നായി ഉതകുമെങ്കിലും മുറിക്കാനും ചീന്തിയെടുക്കാനും മറ്റും ലോഹം കൊണ്ടുള്ളതു തന്നെയാണ് ഫലപ്രദം. കത്തി, ഉളി, ഈർച്ചവാൾ തുടങ്ങിയവയുടെ വരവ് മരപ്പണിയിൽ നന്നായി പ്രതിഫലിച്ചു. മരത്തുണ്ടുകൾ കൂട്ടി യോജിപ്പിക്കുവാനും എളുപ്പമായി.

മരപ്പണിയിൽ മാത്രമല്ല കല്പണിയിലും ലോഹ ഉപകരണങ്ങൾ പരിഷ്കാരം വരുത്തി. കല്പടവുകളും ശിലാശില്പങ്ങളും മറ്റും ഉണ്ടാക്കാനായി. ഇതിനെല്ലാമുപരി ചക്രങ്ങൾ സർവ്വസാധാരണമായത് ലോഹയുഗത്തിലാണ്. കൃഷി പരിഷ്കൃതമായതും ലോഹക്കൊഴുവും മൺവെട്ടിയും നിലവിൽ വന്നതോടെയാണ്. ചെമ്പും പിച്ചളയുമുണ്ടായി മൂവ്വായിരം വർഷമെങ്കിലും കഴിഞ്ഞാണ് ഇരുമ്പു വരുന്നത്. ഇരുമ്പയിര് സംസ്കരിക്കുന്നതിനുള്ള അറിവും സാങ്കേതിക ജ്ഞാനവുമാർജ്ജിക്കുന്നതിന് അത്രയും തന്നെ സമയം ആവശ്യമായിരുന്നു. പക്ഷെ ഇരുമ്പിന്റെ വരവ് പണിയായുധങ്ങളിലും യുദ്ധോപകരണങ്ങളിലും വലിയ പരിവർത്തനമാണ് വരുത്തിയത്. ലോഹയുഗത്തിനു മുൻപും കുശവന്റെ ചക്രവും കളിമൺ ചക്രങ്ങളുമുണ്ടായിരുന്നെങ്കിലും ചക്രങ്ങളുടെ ശരിയായ പരിഷ്കരണമുണ്ടാകുന്നത് ഇരുമ്പിന്റെ കണ്ടു പിടിത്തത്തോടെയാണ്.

മസ്തിഷ്കത്തിന്റെ ഉപയോഗത്തിൽ വന്ന ക്രമാനുക്രമമായ പുരോഗതിയാണ് നമുക്കിവിടെ ലോഹയുഗത്തിൽ കാണാനാവുന്നത്. എന്നാൽ അത് വളരെ സാവധാനമായ ഒരു വളർച്ചയായിരുന്നു. ഒരു കണ്ടു പിടിത്തത്തിനുശേഷം നീണ്ട ഒരു ഇടവേള അടുത്ത കണ്ടുപിടുത്തത്തിനിടക്ക് ഉണ്ടായിരുന്നു. പക്ഷെ കാലം പുരോഗമിക്കുന്തോറും ഈ ഇടവേളകളുടെ ദൈർഘ്യം കുറഞ്ഞു കുറഞ്ഞു വന്നു. ഇതിനർത്ഥം മനുഷ്യന്റെ ബുദ്ധിയുടെ അളവ് കൂടി വരുന്നു എന്നല്ല. ബുദ്ധിശക്തിയുടെ ഉപയോഗം കൂടുന്നതിനനുസരിച്ച് അതിനു വികാസം സംഭവിക്കുന്നു എന്നതു കൊണ്ടാണ്. മാത്രമല്ല ആർജ്ജിതമായ അറിവിന്റെ അളവും കൂടിത്തന്നെയാണല്ലോ വരുന്നത്. പതിനായിരം വർഷങ്ങളായി മനുഷ്യൻ സ്വാംശീകരിച്ച അറിവിന്റെ സാരാംശം ഇന്ന് ഇരുപതു വയസ്സിനകം തന്നെ ഒരാൾക്ക് ഉൾക്കൊള്ളാനാകും. ആർജിതമായ ഒരു വീക്ഷണത്തിലൂടെയായിരിക്കും അയാൾ അത് ഉൾക്കൊള്ളുന്നത് എന്നത് മറ്റൊരു കാര്യം.

ലോഹയുഗത്തിൽ ഉണ്ടായ കണ്ടു പിടുത്തങ്ങളിൽ ഏറ്റവും വലിയ പ്രത്യാഘാതമുണ്ടാക്കിയത് പരിഷ്കൃതമായ ചക്രങ്ങളും ചക്രവണ്ടികളും കാളവണ്ടികളുമായിരുന്നു. മനുഷ്യന്റെ ചലനശേഷിയെ ഏറ്റവും മുന്നോട്ടു നയിച്ച ഒന്നായിരുന്നു അത്. കാളയും കലപ്പയും കാളത്തേക്കും കാളവണ്ടിയും കൃഷിയെ പരിപുഷ്ടമാക്കി. അദ്ധ്വാനഭാരം കുറയുവാൻ ഇത് കാരണമായി. ഒഴിവുസമയം വർദ്ധിച്ചു. ബൗദ്ധികരംഗത്തെ അത് പുഷ്ക്കലമാക്കി. കലയും മതവും ശാസ്ത്രവും അവർക്ക് ചിന്താവിഷയമായി.

# ദീപമാഹാത്മ്യം

**ഡോ. കെ. ഹരിഹരൻ. ഫോൺ : 9847313322**

ഐശ്വര്യത്തിന്റെ പ്രതീകമാണ് ദീപം. ദീപം തെളിയുമ്പോൾ അജ്ഞാതമാകുന്ന അന്ധകാരം അകലുന്നു. വേദങ്ങളിൽ മുഖ്യമായി പ്രകീർത്തിക്കപ്പെടുന്ന ദേവന്മാരിലൊരാളാണ് അഗ്നി.

ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്യദേവ മൃത്വിജം
ഹോതാരം രത്നധാതമം

പുരോഹിതനും, യജ്ഞത്തിന്റെ ദേവനും ഋതുക്കൾക്ക് കാരണഭൂതനും മഹാദാനിയും രത്നനിർമ്മാതാവും അഗ്രണിയായ നായകനും ഞാൻ സ്തുതി പാഠം ചെയ്യുന്നു.

ഋഗ്വേദത്തിന്റെ ആദിമന്ത്രമാണിത്. അഗ്രണി അഥവ ആദിശക്തിയായ അഗ്നിയെ സ്തുതിക്കുകയും അഗ്നിയുടെ വിവിധ ഭാവങ്ങളേയും ഗുണങ്ങളേയും വ്യഞ്ജിപ്പിക്കുന്ന വിശേഷണപദങ്ങൾ നൽകുകയും ചെയ്യുന്നതാണ് ഈ മന്ത്രം.

ഈ മന്ത്രത്തോടുകൂടി ആരംഭിക്കുന്ന ഋഗ്വേദത്തിൽ അനേകം സൂക്തങ്ങളിൽ അഗ്നിയുടെ മഹത്വം വർണ്ണിക്കപ്പെടുന്നു. യാഗത്തിന്റെ അംശങ്ങളെ ദേവന്മാർക്ക് എത്തിച്ചു കൊടുക്കുന്നവനും ദേവന്മാരുടെ സന്ദേശഹരനുമാണ് അഗ്നി എന്നും ഒരു വിശ്വാസമുണ്ട്. അഗ്നിയുടെ മൂന്നു രൂപങ്ങളെക്കുറിച്ചും വേദങ്ങളിൽ പറയുന്നു. ഭൂമിയിലുള്ള സാധാരണ അഗ്നി, അന്തരീക്ഷത്തിലെ മിന്നൽ, ആകാശത്തിലെ സൂര്യൻ എന്നിവയാണവ. സൂര്യൻ വൈകുന്നേരം തന്റെ തേജസ്സ് ഭൂമിയിലെ അഗ്നിയിൽ നിക്ഷേപിക്കുമെന്നും അഗ്നി അത് പുലർക്കാലത്ത് സൂര്യന് തിരിച്ചു കൊടുക്കുമെന്നും ഋഗ്വേദത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അതിൽ നിന്നു തന്നെ ഇരു സന്ധ്യകളിലും ദീപം തെളിയിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാകുന്നു. ചില ഭവനങ്ങളിൽ അസ്തമനത്തിന് മുമ്പ് മുതൽ പിറ്റേന്ന് ഉദയശേഷം വരെ ദീപംകെടാതെ സൂക്ഷിക്കാറുണ്ട്. ഈ ഭവനങ്ങളിൽ എല്ലാ വിധ ഐശ്വര്യവുമുണ്ടാകുമെന്നാണ് വിശ്വാസം.

നമ്മുടെയെല്ലാം പ്രത്യക്ഷ ദൈവം ആദിത്യനാണ്. ആദിത്യന്റെ പ്രതിനിധി അഗ്നിയും അതുകൊണ്ടു തന്നെ സകലദേവതാപൂജകളിലും നിവേദ്യം തുടങ്ങിയ ഘട്ടങ്ങളിലും ദേവതയെ അഗ്നിജ്വാലയായി അർച്ചകൻ സങ്കല്പിക്കുന്നത്. ഹൈന്ദവരുടെ ഗർഭാധാനം മുതൽ മരണം വരെയുള്ള സകല കർമ്മങ്ങളും അഗ്നിസാക്ഷികമായാണ് നടക്കുന്നത്. ഭൂരിപക്ഷം ഹൈന്ദവരും ശവസംസ്കാരം അഗ്നിയിൽ ദഹിപ്പിച്ചു നടത്തുന്നു. എല്ലാ വിധ ഉപാസനകളിലും അഗ്നിക്ക് മുഖ്യപങ്കാണുള്ളത്. അഗ്നി സ്പർശിക്കുന്നതെന്തും പരിശുദ്ധമായി തീരുന്നു. നമ്മുടെ ഏതു കർമ്മങ്ങളും അഗ്നിസാക്ഷികമായി ചെയ്യുമ്പോൾ അതിന് ഒരു പവിത്രത കൈവരുന്നു എന്നാണ് വിശ്വാസം. അനിഷ്ടങ്ങളുടെ പരിഹാരത്തിനും ഇഷ്ടസിദ്ധിക്കുമായി അഗ്നിഹോത്രം മുടങ്ങാതെ അനുഷ്ഠിക്കണമെന്ന് വിധിയുണ്ട്. ഇത്തരത്തിലൊക്കെ മഹത്വമുള്ള അഗ്നിയുടെ സാന്നിദ്ധ്യമാണ് ഇരു സന്ധ്യകളിലും ദീപം തെളിയിക്കുന്നതിലൂടെ ഗൃഹത്തിൽ കൈവരുന്നത്. നിത്യേന ദീപം തെളിയിക്കുന്ന വീടുകൾ ദുഷ്ടശക്തികൾ, ദുർമ്മൂർത്തികൾ തുടങ്ങിയവയ്ക്ക് അപ്രാപ്യമാകുന്നു. കത്തി നിൽക്കുന്ന ദീപം കുണ്ഡലിന്യഗ്നിയുടെ ഒരു പ്രതീകമായി കാണാം. ഏഴു തിരിയിട്ട നിലവിളക്കിന്റെ ശോഭ ഒന്നുകൊണ്ടു തന്നെ വീടിന്റെ ഐശ്വര്യം പതിന്മടങ്ങ് വർദ്ധിക്കുന്നത് നമുക്ക് കാണാനാകും.

ദീപോജ്യോതി പരംബ്രഹ്മ ദീപോത്യോതിർ ജനാർദ്ദന ഃ

ദീപോഹരതുമേ പാപം സന്ധ്യാദീപ നമോ സ്തുതേ

ശുഭം ഭവതു കല്യാണം ആയുരാരോഗ്യവർദ്ധനം

നമ : ശത്രു വിനാശായ ദീപ ജ്യോതിർ നമോ നമ :

നിലവിളക്ക് കൊളുത്തുമ്പോൾ നാം ജപിക്കേണ്ട മന്ത്രമാണിത്. ദീപത്തെ ബ്രഹ്മാവായും, വിഷ്ണുവായും, ശിവനായും സങ്കല്പിക്കുന്ന ഈ മന്ത്രജപം ഹൈന്ദവ ദർശനങ്ങളുടെ വിവിധങ്ങളായ അർദ്ധതലങ്ങളെ വിവരിക്കുന്നു. ആത്മാവിനെ ജ്യോതിരൂപമായി കാണുന്ന നാം ഈശ്വരന്റെ പ്രതുരൂപമായി ദീപനാളത്തെ കാണുന്നു. ഒരു ദീപനാളമായി ജ്വലിച്ചു തുടങ്ങി. സൂര്യശോഭ നേടണമെന്നാണ് ഭാരതീയ ആദ്ധ്യാത്മിക പൈതൃകം നമ്മെ പഠിപ്പിക്കുന്നത്. ഇവിടെ എല്ലാം ജ്യോതിർരൂപങ്ങളാണ്. സൂര്യനും ചന്ദ്രനും പ്രപഞ്ചവുമെല്ലാം ജ്യോതിർരൂപങ്ങൾ തന്നെ. അപ്രകാരം ബുദ്ധി, ആരോഗ്യം, ഐശ്വര്യം എന്നിവയുടെ ജ്യോതിർമണ്ഡലങ്ങളായി നിലനിൽക്കുന്നു. ജ്യോതിസ്സിനുള്ളിൽ സർവ്വമംഗളങ്ങളും ഉണ്ടാകുന്നു എന്ന തത്വമാണ് നിലവിളക്കിന് ആധാരം.

സൂര്യോദയത്തിലും സൂര്യാസ്തമയത്തിലുമാണ് വിളക്ക് കത്തിക്കുന്നത്. രാവിലെ ബ്രഹ്മമുഹൂർത്തത്തിലും വൈകിട്ട് ഗോധൂളി മുഹൂർത്തത്തിലുമാണ് നിലവിളക്ക് ജ്വലിപ്പിക്കേണ്ടത്. സൂര്യോദയത്തിന് മുമ്പുള്ള 48 മിനിട്ടാണ് ബ്രഹ്മമുഹൂർത്തം. സൂര്യാസ്തമയ സമയത്തുള്ള 48 മിനിട്ടാണ് ഗോധൂളി മുഹൂർത്തം എന്നു പറയുന്നത്. രാവിലെ നിലവിളക്കു കത്തിക്കുന്നത് വിദ്യക്കു വേണ്ടിയാണ്. ബ്രഹ്മമുഹൂർത്തത്തിൽ തലച്ചോറിലെ അറിവ് പ്രവർത്തിച്ചു തുടങ്ങുന്ന സമയമാണിത്. സന്ധ്യയ്ക്ക് ഉമ്മറത്ത് നിലവിളക്ക് കൊളുത്തി വെയ്ക്കുന്നതിന് സന്ധ്യാദീപം എന്നു പറയുന്നു. ഇത് ഒരു ദിവസംപോലും മുടക്കരുത്. സന്ധ്യയ്ക്ക് മുൻപായി കുളിച്ച് ശരീരശുദ്ധി വരുത്തി ശുഭവസ്ത്രം ധരിക്കണം. ഓട്, പിത്തള, വെള്ളി, സ്വർണ്ണം എന്നീ ലോഹങ്ങളിൽ നിർമ്മിച്ച നിലവിളക്കുകളാണ് ഉപയോഗിക്കേണ്ടത്. പാദങ്ങളിൽ ബ്രഹ്മാവും മദ്ധ്യേ വിഷ്ണുവും മുകളിൽ ശിവനുമെന്ന ത്രിമൂർത്തി ചൈതന്യവും ഒന്നിക്കുന്നതിനാൽ നിലവിളക്കിനെ ദേവിയായി കരുതി വരുന്നു. വിളക്ക്, ശംഖ്, പൂജാഗ്രന്ഥം, മണി എന്നിവയുടെ ഭാരം ഭൂമിദേവി നേരിട്ടു താങ്ങില്ലെന്നതിനാൽ നിലവിളക്ക് പീഠത്തിനു മുകളിൽ പ്രതിഷ്ഠിക്കണം.

നിലവിളക്കിന് സംഭവിക്കുന്ന അശുദ്ധി വീടിന്റെ ഐശ്വര്യത്തെ ബാധിക്കും. കഴുകി മിനുക്കിയ ശേഷം കൊളുത്തുന്നതിനു മുമ്പ് നിലവിളക്കിന്റെ പാദങ്ങളിലും കഴുത്തിലും നെറ്റിയിലും, ആദ്യം ഭസ്മംകൊണ്ട് മൂന്നുവരയും അതിനു മദ്ധ്യേ ചന്ദനം കൊണ്ടൊരു വരയും ചന്ദനത്തിനു മദ്ധ്യേ കുങ്കുമം കൊണ്ടൊരു പൊട്ടും വേണം. നിലവിളക്കിന്റെ ശിരോഭാഗത്തായി കെട്ടേണ്ട പുഷ്പമാല്യത്തിൽ ഭദ്രകാളിക്കു പ്രിയപ്പെട്ട ചെമ്പരത്തിപ്പൂവ് പ്രധാനമാണ്. വൃത്തിയാക്കി വെച്ചിരിക്കുന്ന നിലവിളക്കിൽ എണ്ണ ഒഴിച്ച് തിരി കത്തിച്ച് ദീപം എന്നു മൂന്നു പ്രാവശ്യം ഉച്ചരിച്ചുകൊണ്ട് ഉമ്മറത്ത് വൃക്ഷങ്ങൾക്കും ചെടികൾക്കും പക്ഷിമൃഗാദികൾക്കും കാണത്തക്കവിധം പീഠത്തിൽ വെയ്ക്കുക. സന്ധ്യ കഴിയുന്നതുവരെ കുടുംബാംഗങ്ങളെല്ലാവരും ചേർന്ന് വിളക്കിനു സമീപമിരുന്ന് സന്ധ്യാനാമം ജപിക്കണം. വെറും നിലത്തിരുന്ന് ധ്യാനം, ജപം ഇവ അരുത്. പുൽപ്പായ, കമ്പളം, പലക അങ്ങനെ ഏതെങ്കിലും ഒന്നിലിരുന്നേ ധ്യാനജപം പാടുള്ളൂ. ഇവകൊണ്ട് മനുഷ്യശരീരത്തിന് ലഭിക്കുന്ന ഊർജ്ജം നഷ്ടപ്പെടാതിരിക്കാനാണ്. നിലത്തിരുന്നാൽ ഊർജ്ജം ഭൂമിയിലേക്ക് സംക്രമിക്കും. സന്ധ്യാദീപം കൊളുത്തുമ്പോൾ തന്നെ തുളസിത്തറയിലും ദീപം തെളിപ്പിക്കണം.

ഏകവർത്തിർമ്മഹാവ്യാധിർ–
ദ്വിവർത്തിസ്തു മഹദ്ധനം,
ത്രിവർത്തിർമ്മോഹമാലസ്യം
ചതുർവ്വർത്തി ദുരിതോ –
പഞ്ചവർത്തിസ്തു ഭദ്രംസ്യാ–
ദ്വിവർത്തിർസ്തു സുശോഭനം.

വർത്തിയെന്നാൽ തിരി, ദീപനാളമെന്നൊക്കെ അർത്ഥം കല്പിക്കുന്നു. ഒറ്റത്തിരിയിട്ടു കൊളുത്തുന്നത് മഹാവ്യാധിയും, രണ്ടു തിരി ധനവൃദ്ധിയും മൂന്നു തിരി ദാരിദ്ര്യവും, നാലുതിരി ആലസ്യവും അഞ്ചുതിരി സർവ്വൈശ്വര്യവുമെന്ന് വിധിയുണ്ട്.

ഒരു തിരിയായി വിളക്കുകൊളുത്തരുത്. കൈതൊഴുതു പിടിക്കുന്നതുപോലെ രണ്ടു തിരികൾ കൂട്ടിയോജിപ്പിച്ച് ഒരു ദിക്കിലേക്കിട്ട് ദീപം കൊളുത്താം. പ്രഭാതത്തിൽ ഒരു ദീപം കിഴക്കോട്ട് വൈകിട്ട് രണ്ട് ദീപങ്ങൾ കിഴക്കോട്ടും പടിഞ്ഞാറോട്ടും. ഇതാണ് ഗൃഹത്തിൽ ദീപം തെളിയിക്കുന്നതിനുള്ള സാമാന്യ വിധി. താന്ത്രിക പൂജാദികർമ്മങ്ങൾ, ദീപപ്രശ്നം തുടങ്ങിയവയിലാണ് സാധാരണ മറ്റു രീതികൾ ചെയ്യുന്നത്. മൂന്ന്, അഞ്ച്, എന്നിങ്ങനെയും ഗൃഹങ്ങളിൽ ദീപം കൊളുത്താം. മൂന്നാണെങ്കിൽ കിഴക്ക്, പടിഞ്ഞാറ്, വടക്ക്, എന്നീ ദിക്കുകളിലേക്കാണ് തിരിയിടേണ്ടത്. വടക്കിനു പകരം വടക്കു കിഴക്കു തിരിയിടണമെന്ന് പക്ഷാന്തരമുണ്ട്. അഞ്ചു തിരിയിട്ടാൽ അവ നാലു ദിക്കുകളിലേക്കും അഞ്ചാമത്തേത് വടക്കു കിഴക്കു

ദിക്കിലേക്കും ആവാം. ഏഴു തിരിയിടുമ്പോൾ നാലു ദിക്കുകളിലേക്കും , വടക്കു കിഴക്ക്, തെക്കുകിഴക്ക്, വടക്കു പടിഞ്ഞാറ് ദിക്കുകളിലേക്കും തിരിയിടാം. കൂടുതൽ തിരികൾ ഇട്ടുകൊടുക്കുമ്പോൾ വടക്കു നിന്നും ആരംഭിച്ച് പ്രദക്ഷിണമായി വേണം കൊളുത്തേണ്ടത്. അവസാന തിരി കത്തിച്ചു കഴിഞ്ഞാൽ പ്രദക്ഷിണം പൂർത്തിയാക്കാതെ തിരിച്ചു വരണം. അതിനുശേഷം കത്തിക്കാൻ ഉപയോഗിച്ച ദീപം കെടുത്തി വെക്കണം.

വിളക്കുകളിൽ നെയ്യ് വിളക്കിനാണ് ഏറ്റവും മഹത്വമുള്ളത്. പഞ്ചമുഖനെയ്വിളക്കിനു മുമ്പിലിരുന്ന് അഭിഷ്ടസിദ്ധിക്കായ് ജപം തുടങ്ങിയവ നടത്തിയാൽ ക്ഷിപ്രഫലം ഉണ്ടാകുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. നെയ് വിളക്ക് മറ്റ് എണ്ണകൊണ്ടുള്ള തിരിയിൽ നിന്നോ വിളക്കിൽ നിന്നോ കൊളുത്തരുത്. ശുദ്ധമായ വെളിച്ചെണ്ണ, എള്ളെണ്ണ എന്നിവയും ഗൃഹദീപത്തിനുപയോഗിക്കാം. ചിലയിടങ്ങളിൽ മരണാനന്തര കർമ്മങ്ങൾക്കു മാത്രമേ എള്ളെണ്ണ ഉപയോഗിക്കാറുള്ളൂ. കരിം പുക അധികം ഉയരുന്ന എണ്ണകൾ ഉപയോഗിക്കുന്നത് അശ്രീകരമാണ്. ദീപം കൊളുത്തുമ്പോൾ എണ്ണ, തിരി, വിളക്ക് എന്നിവ തികച്ചും ശുദ്ധമായിരിക്കണം, ശരീരമനശുദ്ധിയോടെ വേണം വിളക്കു കൊളുത്താൻ. മംഗല്യവതികളായ സ്ത്രീകൾ വിളക്കു കൊളുത്തുന്നത് മംഗളപ്രദമാണ്. ഒരു പിടിപൂവ് വിളക്കിന് മുമ്പിൽ അർപ്പിക്കുക, വിളക്കിൽ ചന്ദനം തുടങ്ങിയവ ചാർത്തുക, പൂമാല ചാർത്തുക, സമീപം ചന്ദനത്തിരി കൊളുത്തുക തുടങ്ങിയവയും സൗകര്യപൂർവ്വം അനുഷ്ഠിക്കാം.

പ്രശ്നമാർഗ്ഗത്തിൽ വിളക്കിന്റെ ദീപം കൊണ്ട് ഭാവികാല പ്രവചനം നടത്തുന്നുണ്ട്. വിളക്കുകൊണ്ട് സകലഗുണദോഷങ്ങളും ചിന്തിക്കാം.

സ്നേഹോ യസ്യേഹ ദേഹോഭവതി തദുദരേ വർത്തി നിവർത്തിരാത്മാ

ജ്വാലാ ചായുസ്തദിയേ വിമലമലിനതേ സൗഖ്യദു:ഖേ ക്രമേണ

പാത്രം ഗേഹം സമീരോ സൃഭുപരുഷഗുണോ ബന്ധുശത്രുസ്വരൂപ:

പ്രഷ്ടുർവൃത്തം നികാമം പിശുനയതി മഹാദേവതാത്മാ സ ദീപ :

ഇവിടെ വിളക്കിലെ എണ്ണ പ്രഷ്ടാവിന്റ ദേഹമായും അതിനുള്ളിൽ കിടക്കുന്ന തിരി ആത്മാവായും ജ്വാല ആയുസ്സായും അതിന്റെ നൈർമ്മല്യവും മാലിന്യവും ക്രമത്താൽ സുഖവും ദു:ഖവും ആയും പാത്രം (വിളക്ക്) ഗൃഹമായും മൃദുഗുണവും പാരുഷ്യവും ഉള്ള കാറ്റ് ബന്ധുരൂപവും ശത്രുരൂപവുമായും തീരുന്നു. മഹാദേവതാത്മ എന്നതിന് ദേവസ്വരൂപമെന്നോ ശിവസ്വരൂപമെന്നോ പറയാം. വിളക്കിലെ എണ്ണയുടെ അളവ് കൊണ്ട് ദേഹപുഷ്ടി നിർണ്ണയിക്കാം. എണ്ണയുടെ ചൂട് ശരീരാസ്വാസ്ഥ്യം കാണിക്കുന്നു. മാലിന്യം രോഗാനുഭവമാണ്. നൈർമല്യം ശരീരപ്രകാശത്തെ കാണിക്കുന്നു. എണ്ണയുടെ അളവുകൊണ്ട് പുണ്യപാപങ്ങൾ നിർണ്ണയിക്കാം. സുകൃതദുഷ്കൃതങ്ങളുടെ ഏറ്റക്കുറച്ചിൽ ആണല്ലോ ജീവിതസുഖം. ആത്മാവായ തിരി ശുദ്ധമായിരുന്നാൽ ബുദ്ധിപ്രകാശം, ആത്മസുഖം മുതലായവ കാണിക്കുന്നു. തിരിയുടെ മലിനത്വം ദു:ഖാധിക്യം, സന്തോഷക്കുറവ് എന്നിവയാണ്. തിരി ഒന്നിനുമുകളിൽ ഒന്നായി പിരിഞ്ഞിരുന്നാൽ വായുവിന് ആവരണം സംഭവിച്ചിട്ടുണ്ട് എന്നു പറയാം. ഉപയോഗിക്കാതെ കിടക്കുന്ന തിരികൾ സന്താനങ്ങളുടെ സുഖദു:ഖങ്ങൾ കാണിക്കുന്നു. തിരി അധികമായാൽ മന : ക്ലേശം ഫലമാകുന്നു. ജ്വാലയുടെ ആകൃതി അനുസരിച്ച് ആയുസ്സിന്റെ സ്ഥിതി പറയാം. തടിച്ച് ഉരുണ്ട ജ്വാലയായാൽ ആയു:പുഷ്ടി, ജ്വാല ഇളക്കമുള്ളതായാൽ ആയുസ്സിന്റെ സന്നിഗ്ദ്ധത. തെളിഞ്ഞ ജ്വാലയായൽ സൗഖ്യം. മങ്ങിയ ജ്വാല ദു:ഖം . പാത്രത്തിന്റെ വലിപ്പമുസരിച്ച് ഗൃഹത്തിന്റെ സ്ഥിതികൾ ചിന്തിക്കണം. പാത്രത്തിന്റെ ഭംഗിയും വലിപ്പവും വീടിന്റെ ഭംഗി, ഉറപ്പ്, വലിപ്പം എന്നിവ കാണിക്കുന്നു. പാത്രത്തിനു കേടുണ്ടെങ്കിൽ ഗൃഹദോഷം പറയാം. ശുദ്ധമായ പാത്രം വീടിന്റെ പരിശുദ്ധിയേയും നൈർമ്മല്യം മലിനതയേയും കാണിക്കുന്നു. എണ്ണ അധികമുണ്ടെങ്കിൽ അഗ്നിഭയം പറയാം. വിളക്കിന്റെ ജ്വാലയുടെ ചലനംകൊണ്ട് വായുവിന്റെ സ്ഥിതി മനസ്സിലാക്കിക്കൊള്ളണം. മന്ദവായു ബന്ധു സഹായത്തേയും, പരുഷവായു ശത്രുപീഡയേയും കാണിക്കുന്നു.

പൂർവ്വേ ഭിപ്രേതമാത്രീ ശിഖിനി ശിഖിഭയം

ദക്ഷിണേ പ്രാണഹാനി

നൈരൃത്യാം വിസ്മൃതി സ്യാദ്വരുണദിശി ശിഖാ

ശാന്തിദാ വായുകോണേ

ശൂന്യാ മൃത്യുഞ്ജയീ സ്യാദ്ധനദദിശി ശിഖാ

ശം വിധത്തേ ശിവാഖ്യേ

വഹ്നേ രൂർദ്ധ്വാ ശിഖൈഷാ വിതരതി വവുഷോ

ഭീഷ്ട വസ്തു നി സദ്യ :





ദീപത്തിന്റെ ജ്വാല കിഴക്കു ദിക്കിലായാൽ അഭിഷ്ട സിദ്ധി ലഭിക്കുകയും അഗ്നികോണിലായാൽ അഗ്നിഭയവും തെക്കുദിക്കിലായാൽ മരണവും നിര്യാതികോണിലായാൽ ഓർമ്മക്കുറവും ഉണ്ടാകുന്നു. വരുണ ദിക്കിലെ ജ്വാല ശാന്തി നല്കുന്നു. വായുകോണിലായാൽ രോഗശാന്തിയും ഉണ്ടാകും. ഈശാ കോണിൽ ഉള്ള ജ്വാല സുഖം നൽകുന്നു. അഗ്നിയുടെ മേലോട്ടുയരുന്ന ഈ ജ്വാല ശരീരത്തിനാവശ്യമായ ഇഷ്ടവസ്തുക്കൾ ഉടനടി പ്രദാനം ചെയ്യും.

കാർത്തിക നക്ഷത്രത്തിന്റെ ദേവത അഗ്നിയാണ്. കാർത്തിക നക്ഷത്രം തോറും ഗൃഹത്തിൽ പഞ്ചമുഖ നെയ് വിളക്ക് കൊളുത്തുന്നത് ഐശ്വര്യപ്രദമാണ്. വൃശ്ചികത്തിലെ കാർത്തിക നാളിൽ വീടും പരിസരവും ദീപാലംകൃതമാക്കുന്നത് പ്രസിദ്ധമാണ്. അതുപോലെ ദീപാവലി ദിനത്തിലും ഇതുപോലെ ദീപാലങ്കാരം നടത്തുന്നത് ഐശ്വര്യപ്രദമാണ്. ഈ ദിനങ്ങളിൽ ദീപം തെളിയിക്കുമ്പോൾ താഴെ പറയുന്ന മന്ത്രം ജപിക്കാവുന്നതാണ്.

യാ ലക്ഷ്മീർദ്ദിവസേ പുണ്യേദീപാവല്യാം ച ഭൂതലേ

ഗാവാം ഗോഷ്ഠേ തു കാർത്തിക്യാം ഡാ ലക്ഷ്മീ വരദാമമ.

# ശിവ, നീ ജ്വലിച്ചാലും!

**പി. ഐ. ശങ്കരനാരായണൻ**

കാലനും നാണിക്കുന്ന കാലമാണിതു നാട്ടിൽ
കാളരാത്രികൾ നീളും വേളയിൽ മനം നൊന്തു
കേഴുന്ന മർത്ത്യർക്കുള്ളിൽ നർത്തനം ചെയ്യൂ ദേവ!
ജഡമായിരിക്കുന്നു നാട് ഹാ! പകൽപോലും
ഇരുളായ് പരക്കുന്നു നീ വരൂ മഹാദേവ!
ഗന്ധവാഹകൻ വീർപ്പുമുട്ടുന്നു, ദാഹം തീർക്കാൻ
ശുദ്ധകാകോളം, സൂര്യൻ കേവലം കരിക്കട്ട!
കുരിരുട്ടധികാരമേൽക്കുന്നു, ധിക്കാരത്തിൻ
പാദപാതങ്ങൾ ഏറ്റുവാങ്ങുന്നു ജനകോടി,
ഇവരിൽ നിദ്രാമോഹമുക്തികൾ തീർത്തിട്ടു നീ
ഉണരൂ, ശിവശക്തി യുക്തിയിൽ മൂന്നാം കണ്ണായ്
നിൻ കടുംതുടിനാദം മൗനവേദന തിന്നും
മർത്ത്യനിൽ മഹാനന്ദമാകുവാൻ, ജാഡ്യത്തിന്മേൽ
അഗ്നിതാണ്ഡവമാടി വന്നാലും മഹാദേവ!
നിൻ ജടയുലയ്ക്കട്ടെ മാരുതൻ കൊടുങ്കാറ്റായ്,
ഗംഗയിലുരുകട്ടെ ഹിമവാൻ, മഹാബ്ധിയെ
പ്രളയംകൊള്ളിക്കുവാൻ നദികൾ കുതിക്കട്ടെ,
പഞ്ചഭൂതങ്ങൾ നിന്നു വിറകൊള്ളട്ടെ, നിന്റെ
മഞ്ജുള മന്ദസ്മേര ചന്ദ്രിക തെളിയട്ടെ!
ഇനിയും താങ്ങാൻ വയ്യ, ഈ ഇരുട്ടിനെ, ഞങ്ങൾ-
ക്കുദയം നൽകാൻ ശിവ രാത്രിയിൽ ജ്വലിച്ചാലും;
ത്രിപുരാന്തക! കാലകാല! നീ ചിരിച്ചാലും!

# വൃഷലി



പ്രൊഫസർ അംബുജാക്ഷി. പി., ഫോൺ : 9447577652

ഞാൻ ഇറങ്ങട്ടെ. ഇനിയൊരു ജീവിതം വേണ്ട. എന്റെ വൃഷകേതു! എന്റെ പൊന്നോമന. അവൻ അർഹിക്കുന്ന, അധികാരമുള്ള കൈകളിൽ എത്തിച്ചേർന്നു. അവനെ ഞാൻ സുപ്രിയയുടെ കയ്യിൽ ഏല്പിച്ചിരുന്നു. അവൾക്കൊരു കളിക്കൂട്ട്.

സുപ്രിയ! എന്റെ സപത്നി. അല്ല മകൾ ലോകമെന്തെന്നറിയാത്ത ഒരു കളിമ്പപ്പെണ്ണ്. ഒരു വീരന്റെ - കൗരവസേനാനായകന്റെ - അംഗരാജാവിന്റെ പത്നിയാണ്. പറഞ്ഞിട്ടെന്തു കാര്യം!

പൂക്കളോടും കിളികളോടും കൊഞ്ചിക്കുഴയാനല്ലാതെ, ചേലകളുടെയും ആഭരണങ്ങളുടെയും മിനുപ്പിൽ ഭ്രമിക്കാനല്ലാതെ മറ്റൊന്നിലും താല്പര്യമില്ല. പാവം കുട്ടി. അവൾ എന്തിന് ഞങ്ങളുടെ ജീവിതത്തിൽ വന്നു?

എല്ലാം എന്റെ ഭർത്താവിന്റെ വിധേയത്വം. സൂര്യതേജസ്സുള്ള എന്റെ ഭർത്താവ്. വസുഷേണൻ എന്ന കർണ്ണൻ.

സുവർണ്ണമയമായ കവചകുണ്ഡലങ്ങളോടു കൂടി ജനിച്ചവൻ.

ജന്മനാ സുരക്ഷിതൻ.

പക്ഷെ..................

ഗംഗാനദിയിൽ കുളിച്ചുകൊണ്ടിരുന്ന അധിരഥന് ഒഴുകി വന്ന ഒരു പെട്ടിയിൽ നിന്ന് കിട്ടിയ ഒരനാഥ ജന്മം.

മക്കളില്ലാതിരുന്ന ആ സൂതനും ഭാര്യ രാധയും ആ കുഞ്ഞിനെ വളർത്തി. കണ്ണിലെ കൃഷ്മണിപോലെ. വസുഷേണൻ എന്ന് പേരിട്ടു. അന്ന് സൂതന്മാർക്കിടയിൽ അത്തരം പേരുകളായിരുന്നു ഉണ്ടായിരുന്നത്.

കുഞ്ഞിന്റെ തേജസ്സും ധൈര്യവും ബുദ്ധിയും ആ സൂതദമ്പതികളെ ഏറെ ആനന്ദിപ്പിച്ചു.

വളർത്തച്ഛന്റെ മനസ്സിൽ ഒരാഗ്രഹം

നമ്മുടെ മകനെ ഒരു യോദ്ധാവാക്കണം. മറ്റു രാജകുമാരന്മാരെപ്പോലെ. എന്നെപ്പോലെ ഒരു വെറും തേരാളിയായാൽപ്പോര.

അധിരഥൻ തന്റെ പത്നിയോട് പറയുമായിരുന്നത്രെ. പക്ഷേ, എല്ലാ അമ്മമാരേയുംപോലെ അവരും പറയും.

വേണ്ട. അവൻ നമ്മുടെ പൊന്നുമോനല്ലേ. നമ്മുടെ കുലത്തൊഴിൽ തന്നെ ചെയ്ത് ജീവിക്കട്ടെ. സൂതപുത്രൻ സൂതപുത്രനായി വളരുന്നതാണ് നല്ലത്.

അധിരഥനും രാധയും എന്റെ ബന്ധുക്കളാണ്. പണ്ടു മുതലേ ഞാൻ അവരെ അമ്മാമൻ, അമ്മായി എന്നാണ് വിളിച്ചിരുന്നത്. അമ്മാമൻ ധൃതരാഷ്ട്രമഹാരാജാവിന്റെ തേരാളി. ആ വഴിക്കുതന്നെയാണ് എന്റെ സഹോദരൻ സത്യസേനൻ ദുര്യോധനകുമാരന്റെ സാരഥിയായതും.

വസുഷേണൻ എല്ലായ്പ്പോഴും രാജകുമാരന്മാരുടെ കൂടെയായിരിക്കും. അമ്മായിക്ക് അതത്ര താല്പര്യമില്ല. എന്നാൽ അമ്മാമന് ആ ചങ്ങാത്തം വലിയ ഇഷ്ടമായിരുന്നു. വല്ലപ്പോഴും വല്ല കുടുംബച്ചടങ്ങുകളിൽ മാത്രമേ ഞാൻ അമ്മാമനേയും അമ്മായിയേയും കണ്ടിട്ടുള്ളൂ. അപ്പോഴൊക്കെ വസുഷേണനെക്കുറിച്ചു പറയാനേ അമ്മായിക്കു നേരമുള്ളൂ. രാജകുമാരന്മാരുമായുള്ള കൂട്ടുകെട്ടായിരുന്നു അമ്മാമന്റെ വർണ്ണന. അപ്പോൾ മാത്രം അമ്മായി നിശ്ശബ്ദയായിരിക്കും. അതുമാത്രം അവർക്കിഷ്ടമല്ല. പിന്നെ ഭർത്താവിന്റെ ആഗ്രഹത്തിന് വിരോധം പറഞ്ഞില്ലെന്നു മാത്രം.

ഞാൻ അവനെ ആയുധക്കളരിയിൽ ചേർത്തു. കൗരവരാജകുമാരന്മാരുടെ കൂടെ. അമ്മാവന് എന്തൊരാഹ്ലാദം.

അമ്മായി ഒന്നുനെടുവീർപ്പിട്ടതേയുള്ളൂ. കാരണം അന്ധനായ ആ രാജാവിന്റെയും മക്കളുടെയും കുടിലത അവർക്ക് നന്നായി അറിയാം.

ഇതൊക്കെ അമ്മായി പലപ്പോഴായി എന്നോട് പറഞ്ഞിട്ടുള്ളതാണ്. ഞാൻ മരുമകളായി വന്നതിനുശേഷം .........

ഞങ്ങൾ ആദ്യം കണ്ടതെന്താണ്? ആ സംഭവം ഓർമ്മയുണ്ട്.

ഒരു ദിവസം............

അരുവിയിൽ നിന്ന് ഒരു കുടത്തിൽ വെള്ളവുമായി ഞാൻ വീട്ടിലേക്ക് പോകുകയായിരുന്നു. ഒരു കുതിരക്കളമ്പടി. ഞാൻ പേടിച്ച് തിരിഞ്ഞു നോക്കി.

ഒരു രാജകുമാരൻ!

സൂര്യതേജസ്സോടെ!

കവചകുണ്ഡലങ്ങൾ വെട്ടിത്തിളങ്ങുന്നു.

എന്റെ ഭയം ഇരട്ടിച്ചു. ഒരു ദാസി ഏതോ ഒരു രാജകുമാരന്റെ വഴി മുടക്കി നില്ക്കുന്നു.

ദൈവമേ! എനിക്കെന്തായിരിക്കും ശിക്ഷ? ഞാൻ പെട്ടെന്ന് വഴിയിൽ നിന്ന് ഓടി മാറി. എന്റെ കയ്യിലുള്ള മൺകുടം വീണുടഞ്ഞു. ഞാൻ കുറ്റബോധത്തോടെ സ്തംഭിച്ചു നിന്നു.

ആ രാജകുമാരന്റെ കാലൊച്ച അടുത്തടുത്തു വരുന്നു.

സുന്ദരി, നീ ആരാണ്? അദ്ദേഹത്തിന്റെ ശബ്ദം.

മുഖമുയർത്താതെ ഞാൻ പറഞ്ഞു. രാജകുമാരാ, ഞാനൊരു ദാസി. സൂതപുത്രി. വെള്ളമെടുക്കാൻ വന്നതാണ്. എന്നോട് ക്ഷമിക്കണേ.

ആരു പറഞ്ഞു ഞാൻ രാജകുമാരനാണെന്ന്. ഞാനും ഒരു സൂതപുത്രനാണ്. ധൃതരാഷ്ട്രമഹാരാജാവിന്റെ തേരാളിയായ അധിരഥന്റെ പുത്രൻ. വസുഷേണൻ എന്ന കർണ്ണൻ.

അദ്ദേഹം പ്രതിവചിച്ചു.

എനിക്ക് ആശ്വാസമായി.

ഞാൻ ദുര്യോധനകുമാരന്റെ സാരഥിയായ സത്യസേനന്റെ അനുജത്തിയാണ്. ഞാനൊരു വിധം പറഞ്ഞൊപ്പിച്ചു.

അപ്പോൾ........നമ്മൾ ഒരേ വിഭാഗക്കാർ സൂതന്മാർ.

സത്യസേനൻ എന്റെ ചങ്ങാതിയാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ ഉത്സാഹം.

പക്ഷെ, ദൂരെനിന്ന് വരുന്നതു കണ്ടപ്പോൾ ഒരു രാജകുമാരനാണെന്ന് തോന്നി. എനിക്കും കുറച്ചു ധൈര്യം വന്നു.

അതെന്റെ ജന്മസിദ്ധമായ കവചകുണ്ഡലങ്ങൾ കാരണമാണ്. ഞാനൊരനാഥജന്മം. അച്ഛനമ്മമാർ ഉപേക്ഷിച്ച ഒരു പാഴ്ശിശു. പെട്ടിയിലാക്കി പുഴയിലൊഴുക്കി എന്ന് കേട്ടിട്ടുണ്ട്. കവചകുണ്ഡലങ്ങളുടെ ശക്തികൊണ്ട് മരിച്ചില്ലെന്നു മാത്രം.....

അങ്ങനെ ഞാനും ഒരു സൂതപുത്രനായി. ആ കണ്ഠം ഇടറുന്നുണ്ടായിരുന്നു.

അപ്പോഴും മുഖമുയർത്തി നോക്കാൻ എനിക്കൊരു സങ്കോചം.

ഭവതിയുടെ പേരെന്താണ് ? ആ ചോദ്യം എന്റെ ചെവിയിൽ വന്നലച്ചു. ദാസി എന്നർത്ഥമുള്ള എന്റെ പേരു പറയാൻ മടിയുണ്ടായിട്ടല്ല. എന്നാലും ഒരന്യപുരുഷനോട്......

വൃഷലി ഞാൻ മന്ത്രിച്ചു.

വൃഷലിയോ! എന്താണ് അങ്ങനെയൊരു പേര്?

എനിക്ക് ഒരു ധൈര്യം തോന്നി.

ദാസിമാരുടെ പേരുകൾ അങ്ങനെയൊക്കെയാണല്ലോ. വൃഷലി, കാളി എന്നൊക്കെ.

ഇത്രയും അഭിമാനമുള്ള ഭവതി എന്താണ് മുഖമുയർത്താത്?

ആ ചോദ്യം കേട്ടപ്പോൾ ഞാൻ പതുക്കെ മുഖമുയർത്തി. ആ കണ്ണുകൾ എന്റെ മുഖത്ത് ഓടിക്കളിച്ചു.എനിക്കും ഒരു വല്ലായ്മ തോന്നി.

അദ്ദേഹം മന്ത്രിച്ചു.

ഈ കണ്ണുകൾ താമരയിതൾ പോലെ. കവിളുകൾക്ക് താമരപ്പൂനിറം

ചുണ്ടുകൾ താമരദളം തന്നെ.

കൈകൾ താമരത്തണ്ടു പോലെ................

സർവ്വം പത്മമയം..............

ഞാനൊരു പേരിടട്ടെ? ഞാൻ പത്മാവതിയെന്നേ വിളിക്കൂ.

ഞാൻ എന്തു പറയാനാണ് എന്റെ മൺകുടം പൊട്ടിപ്പോയിരുന്നു. മേലാകെ നനഞ്ഞു. വീട്ടിൽപ്പോയി മറ്റൊരു കുടം എടുക്കണം. ഞാൻ നടക്കാൻ തുടങ്ങി.

ഒന്നും പറയാതെ പോകുകയാണോ ? മൺകുടം പൊട്ടിപ്പോയി, അല്ലേ, ഞാൻ നല്ലൊരു പൊൻകുടം തരാം. വിഷമിക്കേണ്ട. അദ്ദേഹം പറഞ്ഞു.

വേണ്ട, എന്റെ ശബ്ദത്തിൽ അഭിമാനബോധം കൂടിപ്പോയോ? ഞാൻ തുടർന്നു. ഞങ്ങൾ ദാസിവർഗത്തിന് മൺകുടമാണ് ഇഷ്ടം. അതാണ് പരിചയം. പൊൻകുടം രാജകുമാരിമാർക്കേ ചേരുകയുള്ളൂ.

ഞാൻ തിരിഞ്ഞു നടന്നു. അദ്ദേഹം ആ ഉടഞ്ഞ മൺകുടത്തിന്റെ ഒരു കഷണം കുനിഞ്ഞെടുക്കുന്നതായി തോന്നി. വഴിയിൽ നിന്ന് എറിഞ്ഞു കളയാനായിരിക്കും........

കുടം കയ്യിൽ നിന്ന് വീണുപൊട്ടിയതാണ്

എന്ന് അമ്മയോട് പറഞ്ഞു. മറ്റൊന്നും പറഞ്ഞില്ല. അല്ലെങ്കിൽത്തന്നെ അതിലെന്തെങ്കിലും പ്രാധാന്യം ഉണ്ടെന്ന് തോന്നിയതുമില്ല.

മാസങ്ങൾ കടന്നുപോയി. ഒരു ദിവസം ജ്യേഷ്ഠൻ സത്യസേനൻ അച്ഛനോടും അമ്മയോടും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അച്ഛന്റെ മുഖത്ത് വലിയ ഉത്സാഹം. എന്നാൽ അമ്മയ്ക്ക് ഗൗരവം തന്നെ.

ഞാനും എന്റെ ജോലികളിൽ മുഴുകി. അരുവിയിൽ നിന്ന് വെള്ളം കൊണ്ടു വരുന്നതു തന്നെയാണ് പ്രധാന ജോലി. അലക്കാനും കുളിക്കാനും ഒക്കെ അരുവിതന്നെ ശരണം. കൂട്ടുകാരികളൊത്തു നീന്തിക്കളിക്കാനും പന്തയംവെച്ച് മുങ്ങിക്കിടക്കാനും എന്തു രസമാണ് ! കൂട്ടത്തിൽ അലക്കും കുളിയും. എല്ലാം കഴിഞ്ഞു തിരിച്ചെത്തുമ്പോൾ ഒരു നേരമാവും. കണ്ണും മുഖവുമൊക്കെ ചെമ്പരത്തിപ്പൂപോലെ തുടുത്തിട്ടുണ്ടാവും.

പ്രായമായ കുട്ടികളാണ്. ഇവർ ഇങ്ങനെ കളിച്ചു തിമിർത്തു നടക്കുന്നത് ശരിയല്ല.

അമ്മക്കെപ്പോഴും പെൺകുട്ടികളുടെ കാര്യത്തിൽ ആധിയാണ്. അപ്പൊഴൊക്കെ അച്ഛൻ രക്ഷക്കെത്തും.

അവൾ കുട്ടിയല്ലേ. ഇപ്പോൾ തോഴിമാരോടൊപ്പം കളിച്ചു നടക്കട്ടെ. നമ്മുടെ പ്രായമെത്തുമ്പോൾ ആധിപ്പെട്ടാൽ പോരേ എന്ന്. അമ്മയെ കളിയാക്കും.

ഒരു ദിവസം............

അമ്മ എന്നെ വിളിച്ച് അടുത്തിരുത്തി. എന്റെ മുടി വിടർത്തി, അതിലൂടെ വിരലോടിച്ചുകൊണ്ട് പറഞ്ഞു.

എത്ര നല്ല മുടി. നല്ല ഉള്ളും മിനുപ്പും. ഇതൊന്നും നീ ശ്രദ്ധിക്കുന്നതേയില്ല. വരൂ, ഞാൻ മിനുക്കിക്കെട്ടിത്തരാം.

അമ്മയുടെ കൈവിരൽ കൊണ്ടുള്ള ആ കോതിമിനുക്കൽ എനിക്കേറെ ഇഷ്ടമാണ്. അനുസരണയോടെ ഞാൻ അമ്മയുടെ മുന്നിൽ ഇരുന്നു. അമ്മ പതുക്കെപ്പതുക്കെ എന്റെ മുടികോതി മിനുക്കാൻ തുടങ്ങി.

മോളേ....... നിനക്ക് വിവാഹപ്രായം ആയിരിക്കുന്നു. നിന്നെ മോഹിച്ച് ഒരാൾ വന്നിട്ടുണ്ട്. അമ്മ പറഞ്ഞു. ഞാൻ ചോദ്യഭാവത്തോടെ നോക്കി.

സത്യസേനന്റെ ചങ്ങാതിയായ കർണ്ണൻ സദാസമയവും ദുര്യോധനന്റെ കൂടെ നടക്കുന്ന ആ ചെറുപ്പക്കാരൻ.

എനിക്കത്ര താല്പര്യം തോന്നിയില്ല. തേജസ്വിയാണ്. വീരനാണ്. പക്ഷെ.......... അമ്മ പറയാറുള്ളതുപോലെ........... ആ ദുഷ്ടന്മാരുടെ കൂടെയാണ് വാസം.

ആ അപകർഷതാബോധവും ദുരഭിമാനവും എനിക്ക് അനുഭവമുണ്ട്. അസ്തിത്വം മറന്നുള്ള എന്തോ ഒരു സ്വഭാവം.

അമ്മയോട് ഞാൻ മനസ്സു തുറന്നു. അമ്മയ്ക്കും അത്ര താല്പര്യമില്ല. പക്ഷെ ഏട്ടനും അച്ഛനും വലിയ സന്തോഷത്തിലാണ്.

ദുര്യോധനരാജകുമാരന്റെ ആത്മസുഹൃത്ത്. ആയുധവിദ്യയിലും തേജസ്സിലും കേമൻ. ദുര്യോധനൻ നാളത്തെ മഹാരാജാവ്. അപ്പോൾ വസുഷേണന്റെ പദവി എന്തായിരിക്കും !

വെറുമൊരു തേരാളിയല്ല. ഇപ്പോഴേ അദ്ദേഹം രാജാവാണ്. ഭാവിയിൽ ഒരു ചക്രവർത്തി തന്നെ. അതാണ് അച്ഛന്റെയും സഹോദരന്റെയും ആകാശക്കോട്ടകൾ.

പക്ഷെ എനിക്കതിൽ താല്പര്യമുണ്ടായിരുന്നില്ല. എന്നും ഞാനായി ഇരിക്കാനാണ് എനിക്കിഷ്ടം.

ഈ ചുറ്റുപാട്

എന്റെ ഈ കൊച്ചുവീട്

എന്റെ മാതാപിതാക്കൾ

കൂട്ടുകാരികൾ... ഈ കൊച്ചരുവി, ചെടികൾ, പൂക്കൾ............അങ്ങനെയങ്ങനെ.

എങ്കിലും ഞാൻ എതിരൊന്നും പറഞ്ഞില്ല.

ഞങ്ങളുടെ വിവാഹം നടന്നു. അതു നിമിത്തം അച്ഛന്റെയും ഏട്ടന്റെയും പദവിയും ഉയർന്നു.

ആദ്യദിവസം തന്നെ അദ്ദേഹത്തിന് എന്നോടുള്ള സ്നേഹം ഞാൻ മനസ്സിലാക്കി. ഒരമൂല്യ വസ്തു ഒളിപ്പിച്ചുവച്ചുകൊണ്ടാണ് അദ്ദേഹം എന്നെ സമീപിച്ചത്.

ഇതൊരു നിധിയാണ്. എന്റെ പ്രിയതമയ്ക്ക് ഞാൻ കരുതിവച്ച ഒരു നിധി. ഉത്തരീയത്തുമ്പത്ത് എന്തോ ഒന്ന് കെട്ടിവച്ചിട്ടുണ്ടായിരുന്നു.

അതെന്താണ്. എനിക്കും കൗതുകം തോന്നി. അദ്ദേഹം ശ്രദ്ധാപൂർവ്വം ആ കെട്ടഴിച്ചു. അതിൽ നിന്നെന്തോ ഒരു അമൂല്യവസ്തു പുറത്തെടുത്തു. എന്നോട് കണ്ണടക്കാനും കൈനീട്ടാനും പറഞ്ഞു. നീട്ടിയ കയ്യിൽ എന്തോ ഒന്ന് വെച്ചു തന്നു. ഞാൻ കണ്ണു തുറന്നു.





ഒരു മൺകുടത്തിന്റെ കഷണം !

ഞാൻ അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കി.

ഇത്...... നമ്മൾ ആദ്യം കണ്ടതിന്റെ ഓർമ്മക്കായി ഞാൻ സൂക്ഷിച്ചുവെച്ചതാണ്. നിന്റെ കയ്യിൽ നിന്ന് വീണുടഞ്ഞ കുടത്തിന്റെ ഒരു പൊട്ട്. ഒരു നിധിപോലെ, നിന്റെ കരസ്പർശം അനുഭവിച്ച ഇതിനെ ഞാൻ കരുതിവെച്ചു.

എനിക്ക് അത്ഭുതം തോന്നി. എന്റെ മനസ്സിൽ ഒരു ചലനം! ഒരിഷ്ടം!

അതെ, എന്നെ മോഹിച്ച പുരുഷൻ!

എന്റെ മനസ്സിൽ ഒരു അലിവിന്റെ ഉറവ. എന്റെ ഉള്ളിൽ ഏറെ വീരന്മാർ ഉണ്ടായിരുന്നു. സ്വജനത്തിലും ഉന്നതകുലത്തിലും ഉള്ള ധാരാളം പുരുഷന്മാർ. അവരൊക്കെ സുമുഖരും ധീരന്മാരും ആയിരുന്നു. ശസ്ത്രവും ശാസ്ത്രവും ഒരേപോലെ കൈകാര്യം ചെയ്യുന്നവർ. എന്നാൽ അവരുടെ കൂട്ടത്തിൽ ഒന്നും ഈ വസുഷേണൻ എന്ന കർണ്ണൻ ഉണ്ടായിരുന്നില്ല.

പക്ഷെ.............

എന്നെ സ്നേഹിക്കുന്ന, എന്നെ ആഗ്രഹിക്കുന്ന ഒരു മനസ്സ്. ഈ പുരുഷനിൽ മാത്രമാണ് ഉള്ളത് എന്ന് എനിക്കു തോന്നി.

ഇനി പരസ്പരം താങ്ങും തണലുമായി ഒരു യാത്ര........ എരിഞ്ഞടങ്ങുവോളം.....

പത്മാവതീ......... എന്താണ് ചിന്തിക്കുന്നത്?

ആ വിളിപോലും മറന്നിട്ടില്ലല്ലോ ? എനിക്കത്ഭുതം തോന്നി. ആ വിവരണം ഞാൻ ഓർക്കുന്നു....... അതെ ഇദ്ദേഹം തന്നെയാണ് എന്റെ പുരുഷൻ.

അങ്ങനെ വൃഷലി പത്മാവതിയായി. വസുഷേണന്റെ പത്മയായി സുഭദ്രമായ, ശാന്തമായ ഒരു കുടുംബജീവിതം, അതായിരുന്നു എന്റെ സ്വപ്നം.

സ്വപ്നങ്ങൾക്ക് തിളക്കം കൂടും. എന്നാൽ ജീവിതാനുഭവങ്ങൾ മിന്നിയും മങ്ങിയും ആണ് പ്രത്യക്ഷപ്പെടുന്നത്. ഞങ്ങൾക്കിടയിലും ചില അഭിപ്രായവ്യത്യസം ഉണ്ടാകാറുണ്ട്. എന്റെ ഭർത്താവ് ഒരു ദുരഭിമാനിയാണെന്ന് എനിക്ക് തോന്നാറുണ്ട്. പ്രത്യേകിച്ച് കുടുംബത്തെപ്പറ്റി പറയുമ്പോൾ.

പിന്നെ എന്നെ അലോസരപ്പെടുത്തുന്നത് ദുഷ്ടനായ ദുര്യോധനന്റെ കൂട്ടുകെട്ടാണ്. ആ ചങ്ങാത്തവും പ്രലോഭനങ്ങളുമൊക്കെ ഞങ്ങളുടെ ഇടയിൽ ചില അസ്വാരസ്യങ്ങൾ ഉണ്ടാക്കാറുണ്ട്. അംഗരാജ്യം നല്കി അടിമയാക്കിയത് എനിക്ക് തീരെ ഇഷ്ടമുണ്ടായിരുന്നില്ല. അതു ഞാൻ സൂചിപ്പിക്കുമ്പോൾ അദ്ദേഹം തന്റെ പരിദേവനങ്ങൾ നിരത്തും. ഞാൻ വീരനാണ് ! ധീരനാണ് ! എന്റെ ഈ കവചകുണ്ഡലങ്ങൾക്ക് സൂര്യശോഭയുണ്ട് അർജ്ജുനനെപ്പോലും തോൽപ്പിക്കാൻ ഞാൻ മതി. എന്നിട്ടും ജനം എന്നെ കളിയാക്കുന്നു. സൂതപുത്രാ, സൂതപുത്രാ....... എന്ന്. ഈ അവഗണന....ഇത് ഞാൻ ആജീവനാന്തം സഹിക്കണ്ടേ? ആർക്കും വേണ്ടാത്തവനാണ് ഞാൻ. നീയെങ്കിലും എന്നെ ഉപേക്ഷിക്കരുത്. അതെനിക്ക് സഹിക്കാനാവില്ല.

അങ്ങ് ആരുമാവട്ടെ....എന്റെ കണ്ണിൽ അങ്ങ് അധിരഥനമ്മാമന്റെയും രാധാമ്മായിയുടേയും മകനാണ്. അത്രയും നല്ല മാതാപിതാക്കളാണ് അങ്ങയുടെ ഭാഗ്യം. അവർ കണ്ണിലെ കൃഷ്ണമണിപോലെ അങ്ങയെ വളർത്തി. കിട്ടിയ ഉടൻ കവചകുണ്ഡലങ്ങൾ അറുത്തെടുത്ത് പുഴയിൽ തള്ളിയിരുന്നെങ്കിലോ ! ഇങ്ങനെ ദു:ഖിച്ച് അങ്ങ് അവരോട് നന്ദികേട് കാണിക്കരുത്. ഞാനും ഒരു സൂതവംശജയാണ്. അങ്ങ് ഇനി അതിന്റെ പേരിൽ സങ്കടപ്പെടുമോ. അങ്ങയുടെ പേരിൽ അഭിമാനിക്കാൻ ഞങ്ങളൊക്കെയുണ്ടല്ലോ. ഞാൻ ആശ്വസിപ്പിക്കും.

എന്റെ വാക്കുകൾ അല്പനേരത്തേക്ക് ഒരാശ്വാസം കൊടുത്തിരിക്കാം. പക്ഷെ ആ ദുരഭിമാനം മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കും. ഒരു മൂകദു:ഖമായി അത് മുഖത്ത് നിഴലിക്കും. ആ ദുരഭിമാനം എന്റെ ഭർത്താവിനെ അടിമയാക്കുന്നു. ദുഷ്ടനായ ദുര്യോധനന്റെ അടിമ.

അംഗരാജ്യം വെച്ചുനീട്ടി അടിമയാക്കി. അതു വെറുതെയല്ല. കുരുവംശത്തിന്റെ സർവാധിപതിയാക്കാൻ സഹായിക്കും എന്ന ഒറ്റ ലക്ഷ്യം. ഒരു കുടിലതന്ത്രം ! ഭാനുമതിയുടെ ഒരു ഗൂഢാലോചനകൂടി അതിന്റെ പിറകിലില്ലേ ?

കലിംഗരാജാവായ ചിത്രാംഗദന്റെ മകളാണ് ഭാനുമതി. നല്ല കരുത്തുള്ള ഒരു രാജകുമാരി. സ്വയംവര വേളയിൽ ദുര്യോധനനെ അവഗണിച്ച് മുന്നോട്ടു പോയ സ്വയംവരവധു. പാഞ്ചാലിസ്വയംവര വേളയിൽ പരാജയപ്പെട്ട ആ രാജകുമാരനെപ്പറ്റി ധാരാളം കേട്ടിട്ടുണ്ടായിരുന്നത്രെ. ഒരു പക്ഷെ അതുകൊണ്ടാവാം ആ അവഹേളനം.

ബലാൽക്കാരേണ ദുര്യോധനൻ ആ കുമാരിയെ ഹസ്തിനപുരത്തിലേക്ക് കൊണ്ടു പോയി. അവസാനം രണ്ടു കരാറുകളുടെ ബലത്തിലാണത്രെ രാജകുമാരി ദുര്യോധനനെ വിവാഹം ചെയ്തത്.

ദുര്യോധനൻ ഏകപത്നീവ്രതക്കാരനാകണം.

തന്റെ തോഴിയായ സുപ്രിയയെ കർണ്ണൻ വിവാഹം കഴിക്കണം. സുപ്രിയ സുന്ദരിയാണ്. സൂ

തവംശജയാണെന്നേ ഉള്ളൂ. അതിനെന്താണ്. കർണ്ണനും അങ്ങനെയല്ലേ ?

ഭാനുമതിയെ കിട്ടാൻവേണ്ടി ദുര്യോധനൻ അതു രണ്ടും സമ്മതിച്ചു. കർണ്ണന്റെയോ കർണ്ണ പത്നിയുടെയോ സമ്മതം ആർക്കു വേണം !

പിന്നെ ........ കർണൻ സമ്മതിക്കാതിരിക്കില്ല. ആ സൂതപുത്രനെ രാജാവാക്കിയത് ആരാണ് അപ്പോൾ തിരുവായ്ക്ക് എതിർവായ് ഉണ്ടാവില്ല.

അത് മറ്റൊരു ബന്ധനമാണെന്ന് എനിക്കു തോന്നി. പക്ഷെ, അദ്ദേഹം അത് മനസ്സിലാക്കുന്നില്ല. ദുരഭിമാനം വിവേകത്തിന്റെ കണ്ണുമൂടിക്കെട്ടിയിരിക്കുന്നു.

സുപ്രിയ ഒരു സൂതപുത്രിയാണ്. എന്തുകൊണ്ട് കർണ്ണന് ഒരു രാജകുമാരിയെ നിർദ്ദേശിച്ചില്ല. രാജാവാക്കി അഭിഷേകം ചെയ്തതല്ലേ ? എന്നിട്ടും സൂതപുത്രിയേയോ ? അടിമച്ചങ്ങലയുടെ കണ്ണികൾക്ക് ബലം കൂടട്ടെ.

തന്റെ മാനം രക്ഷിച്ച ദുര്യോധനനോടുള്ള വിധേയത്വം കൂടികൂടി വന്നതേയുള്ളൂ. ചിലപ്പോഴൊക്കെ ഞാൻ തുറന്നു പറയാറുണ്ട്. അപ്പോൾ ദീനതയോടെ എന്നോട് പറയും.

പത്മേ, എന്റെ നിസ്സഹായത നീ മനസ്സിലാക്കൂ. ഇതെന്റെ അടിമത്തം തന്നെ. പക്ഷെ എന്റെ അഭിമാനം കാത്ത അടിമത്തമാണിത്. അന്ന്.... ഒരു വലിയ സദസ്സിൽവെച്ച് എന്നെ അപമാനിച്ചവരോടുള്ള പ്രതികാരത്തിന്റെ അടിമത്തം ! ജനനം മുതൽക്കേ കേട്ടു തഴമ്പിച്ച പരിഹാസവാക്കുകൾക്കുള്ള മറുപടി പത്മേ...... പത്മേ.... നീയെങ്കിലും എന്നെ മനസ്സിലാക്കൂ.

ആ ദൈന്യത കാണുമ്പോൾ സ്ത്രീസഹജമായ ഒരു ആർദ്രത എന്നിൽ ഉറവയെടുക്കും. കുറച്ചു നേരത്തേക്കു മാത്രം.

അദ്ദേഹം ഒരിക്കലും എന്റെ ഇഷ്ടാനിഷ്ടങ്ങൽ ശ്രദ്ധിച്ചിട്ടില്ലെന്ന് എനിക്ക് തോന്നാറുണ്ട്. ചിലപ്പോൾ അത് എന്നിലുള്ള വിശ്വസംകൊണ്ടായിരിക്കും.

വിവാഹം കഴിഞ്ഞ ആദ്യദിവസങ്ങളിൽപ്പോലും ദുര്യോധനനെപ്പറ്റി പറയാനേ നേരമുണ്ടായിരുന്നുള്ളൂ. ഇഷ്ടാനിഷ്ടങ്ങളൊക്കെ ദുര്യോധനനുവേണ്ടി മാറ്റിവെച്ചപോലെ.

നാഥാ, നമുക്കൊരു ദിവസം വനഭംഗി ആസ്വദിക്കാൻ പോകാം. നമ്മൾ കണ്ടുമുട്ടിയ ആ അരുവിയും കിളികളും പൂക്കളും ഒക്കെയുള്ള ആ വന പ്രദേശം. എന്റെ ഒരു മോഹം. കാട്ടുചോലയുടെ കുളിരിൽ ഒന്നു നീന്തിക്കുളിക്കണം. കിളിയൊച്ചയോടൊപ്പം എനിക്കും ഒരു മാറ്റൊലിയിടണം. ഒരു ചെറിയ മോഹം. ഞാൻ എന്റെ മോഹം അദ്ദേഹത്തോടു പറഞ്ഞു.

കാട്ടുപെണ്ണേ എന്ന് എന്നെ കളിയാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. അതിനെന്താ ? പത്മയ്ക്ക് എപ്പോൾ വേണമെങ്കിലും പോകാം. കൂടെ കുറച്ച് വിശ്വസ്തരായ രക്ഷകരേയും അയയ്ക്കാം. താമസിക്കാനും സുരക്ഷിതമായ ഒരിടം തയ്യാറാക്കാം. നാളെത്തന്നെ തയ്യാറായിക്കൊള്ളൂ.

എന്റെ ഉത്സാഹം കെട്ടു. മുഖം മങ്ങി. അതു മനസ്സിലാക്കിയിട്ടാകാം. എന്റെ മുഖം പിടിച്ചുയർത്തി കണ്ണിൽ നോക്കിക്കൊണ്ട് പറഞ്ഞു.

പത്മേ, എനിക്കിപ്പോൾ ഒരേ ഒരു ലക്ഷ്യമേ ഉള്ളൂ. ദുര്യോധനന്റെ രാജ്യാഭിഷേകം. അതിനു സാധിച്ചില്ലെങ്കിൽ......

അർജ്ജുനനെയെങ്കിലും ഇല്ലാതാക്കണം. അതുവരെ എനിക്കെന്റെ ചങ്ങാതിയെ പിരിയാനാവില്ല.

'അർജ്ജുനൻ'!

ആ പേര് എന്നിൽ ഒരു മിന്നൽ പ്രവാഹം ഉണ്ടാക്കി. മനസ്സിൽ ആരാധിക്കുന്ന ദേവവിഗ്രഹം ! സത്യത്തിനും ധർമ്മത്തിനും വേണ്ടി ആയുധമെടുക്കുന്ന വീരൻ ! ഒരു സൂതപുത്രിക്ക് ചിന്തിക്കാൻപോലും അവകാശമില്ല. ആ രാജകുമാരനെ എത്രയോ പ്രാവശ്യം ഞാൻ ഒളിഞ്ഞു നിന്ന് നോക്കിയിട്ടുണ്ട്. ആയുധപരിശീലന വേളകളിലും ചില വിനോദവേളകളിലുമൊക്കെ ഞാൻ കാണാമറയത്ത് ഒളിച്ചു നില്ക്കാറുണ്ട്. ഒരു ബാലചാപല്യം. അത്രയേ ഉള്ളൂ. ആ പേരിൽ സ്വപ്നം കാണാനോ മനക്കോട്ട കെട്ടാനോ താല്പര്യമുണ്ടായിട്ടല്ല. കാരണം ഞാൻ എന്റെ അസ്തിത്വത്തെ മാനിക്കുന്നു.

പക്ഷെ ...... ഇന്ന് എന്റെ സ്വാമിയുടെ വായിൽ നിന്ന് ആ പേര് ഉതിർന്നു വീണപ്പോൾ ഞാൻ അത് മനസ്സിൽ സൂക്ഷിച്ചു താലോലിച്ചു. അപ്പോൾത്തന്നെ എനിക്കവിടെ നിന്ന് ഓടി രക്ഷപ്പെടണമെന്നു തോന്നി. ഒന്നും മിണ്ടാതെ ഞാൻ തിരിഞ്ഞു നടന്നു. അദ്ദേഹം എന്നെ അനുഗമിച്ചു. അനുനയിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു.

പത്മേ, നീയാണെന്റെ കരുത്ത്. നീ വനയാത്രയ്ക്ക് ഒരുങ്ങിക്കോളൂ. അവിടെ താമസിക്കാനുള്ള ഒരുക്കങ്ങൾ ചെയ്യണം. ദുര്യോധനൻ അനുവദിക്കുന്നതുവരെ ഞാനും നിന്റെ കൂടെ ഉണ്ടായിരിക്കും.

അതിലും ഒരു അടിമത്തത്തിന്റെ വിങ്ങൽ ഞാൻ അറിഞ്ഞു. ആ തേങ്ങൽ ഞാൻ കേട്ടു..... എന്തായാലും എനിക്കി എനിക്കിത്തിരി ദിവസം കാടിന്റെ മടിത്തട്ടിൽ ആശ്വസിക്കണം....





ഒരാഴ്ച കഴിഞ്ഞു. വനയാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ദാസിമാർ, സേവകർ, ഭടന്മാർ...... അങ്ങനെ എല്ലാമെല്ലാം.

വനയാത്രക്കുള്ള ദിവസമെത്തി. അദ്ദേഹം ദുര്യോധനനോടു യാത്ര പറയാൻ പോയതാണ്. വരാൻ വൈകുന്നു. എനിക്കും സംശയമുണ്ട്. അല്ലെങ്കിൽ തന്നെ...... ഇതൊക്കെ ഞാൻ പ്രതീക്ഷിച്ചതാണ്. ദുര്യോധനൻ ദുർബലനും അത്യാഗ്രഹിയും ദുഷ്ടനുമാണ്. അപ്പോൾപ്പിന്നെ മറ്റൊന്നും പ്രതീക്ഷിക്കാനില്ല.

ദൂരെ അലംകൃതമായ ഒരു പല്ലക്ക് വരുന്നുണ്ട്. ഇങ്ങോട്ടുതന്നെ. ഞാൻ ആശ്വസിച്ചു. അമാലന്മാർ പല്ലക്ക് എന്റെ മുമ്പിൽ ഇറക്കി വെച്ചു. പിന്നാലെ കുറച്ചു ഭടന്മാരും.

അമാലപ്രധാനി എന്നെ വണങ്ങിക്കൊണ്ടു പറഞ്ഞു.

രാജകുമാരീ............

ഞാനൊന്നു ചൂളി. ഇതെന്നെത്തന്നെയാണോ വിളിക്കുന്നത്? അല്ലെങ്കിൽ, ഭാനുമതി രാജകുമാരിയെങ്ങാൻ പല്ലക്കിലുണ്ടോ?

അമാലൻ കുറച്ചുകൂടി മുന്നിലേക്ക് വന്ന് ഒന്നുകൂടി വിളിച്ചു.

രാജകുമാരി, അംഗരാജാവിന്റെ ഒരു കല്പനയുണ്ട്.

ഇപ്പോൾ എനിക്ക് ഉറപ്പായി. ഈ സൂതപുത്രിയാണ് രാജകുമാരി. സൂതപുത്രൻ അംഗരാജാവും.

ഞാൻ അമാലനെ നോക്കി. എന്റെ നോട്ടത്തിലെ ചോദ്യത്തിൽ അമാലൻ ഒന്നു ചൂളിയോ?

അയാൾ ഒന്നു ചൂളി. പിന്നെ ഒരു സന്ദേശം എന്റെ നേർക്ക് നീട്ടിക്കൊണ്ട് അയാൾ തുടർന്നു.

കൗരവ രാജകുമാരന് വളരെ ഗൗരവമായ എന്തോ കാര്യാലോചനയുണ്ട്. അതുകൊണ്ട് എനിക്ക് ഭവതിയുടെ കൂടെ വരാൻ നിരവാഹമില്ല. പൊയ്ക്കോളൂ. ഞാൻ എല്ലാ സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. ഇവിടത്തെ തിരക്കൊഴിഞ്ഞാൽ ഞാൻ അവിടെയെത്തും.

ഇതായിരുന്നു ആ സന്ദേശം. നേരിയ ഒരു പ്രതീക്ഷയേ ഉണ്ടായിരുന്നുള്ളൂ. എന്നാലും ഈ സന്ദേശം എന്നെ മരവിപ്പിച്ചു. .....

എന്റെ പിരിമുറുക്കം ഒന്നയഞ്ഞു കിട്ടാൻ നേരം ഏറെയോടുത്തു.

ഞാൻ കരഞ്ഞുവോ?

ഞാൻ ജ്വലിച്ചുവോ?

കൗരവരാജകുമാരന്റെ പേരുപോലും....... ഓർമ്മപോലും കത്തിച്ചു കളയാൻ എനിക്കു തോന്നി......

പതുക്കെ...... ഞാൻ സ്ഥിരബുദ്ധി വീണ്ടെടുത്തു. പിന്നെ ഒരു ദൃഢനിശ്ചയം. ഞാൻ ഒരു സ്ത്രീയാണ്. കുടുംബത്തോടുള്ള വിശ്വസ്തത പുലർത്തിക്കൊണ്ട് തന്നെ എനിക്കെന്റെ ജീവിതം ജീവിക്കണം. ഞാൻ അമാലമുഖ്യനോട് പറഞ്ഞു.

ശരി, നമുക്കു പോകാം.

അങ്ങനെ.......... എന്റെ അടുത്ത ഒന്നുരണ്ടു കൂട്ടുകാരികളും വിശ്വസ്ത ഭൃത്യരും കുറച്ചു ഭടന്മാരും മാത്രം എന്റെ കൂടെ.

ഞാൻ വനത്തിലേക്ക് പോയി. കാടിന്റെ പാട്ടും കുളിരും പച്ചപ്പുമൊക്കെ എനിക്കപ്പോൾ ആവശ്യമായിരുന്നു. അരുവിയിലെ ബഹളക്കാരികളായ നീലയോളങ്ങൾ.............

പുൽപ്പരപ്പിലെ പച്ചയോളങ്ങൾ..........

വൃക്ഷത്തലപ്പുകളിലെ മുടിയാട്ടങ്ങൾ........

ഞാൻ വീണ്ടും പഴയ ഗ്രാമീണപ്പെൺകുട്ടിയായി. വൃഷലി എന്ന കൊച്ചു പോൺകുട്ടി ആകാശത്തിലേക്ക് പറന്നുയരാൻ ശ്രമിക്കുന്ന ഒരു കിളിപ്പെണ്ണ്. കിളിപ്പാട്ടിനൊപ്പം മറുപാട്ട് പാടുന്ന ഒരു കളിക്കുട്ടി. കാട്ടുമരങ്ങളുടെ മുടിയാട്ടത്തിനൊപ്പം മയിലാട്ടം കളിക്കാനൊരുങ്ങുന്ന ഒരു കാട്ടുപെണ്ണ്.

ഒരു സുഖചികിത്സയുടെ ഊർജ്ജം ഞാൻ ആസ്വദിക്കുന്നു. ശരീരവും മനസ്സും ഒരു പുതിയ ഉണർവിലേക്ക്!! അനുഭവംകൊണ്ട് പരുപരുക്കനായ എന്റെ മനസ്സ് തരളമായി........

ഞാനും ഒരിളം തെന്നലായി. ദിവസങ്ങൾ പോയതറിഞ്ഞില്ല. ഒരു പക്ഷേ പിരിമുറുക്കങ്ങളിൽ നിന്നുള്ള മോചനമായിരിക്കാം. ഇവിടം ഞാൻ ആസ്വദിക്കുകയായിരുന്നു.

ഒരു ദിവസം...... പതിവുപോലെ ജലകേളിക്കിറങ്ങി, തോഴിമാരും ഉണ്ടായിരുന്നു. നീന്തിയും തുടിച്ചും കളിച്ചും പരസ്പരം വെള്ളം ഊത്തുക്കളിച്ചുമൊക്കെ കണ്ണും മുഖവും ചുവന്നു. കുളികഴിഞ്ഞ് മടങ്ങുകയായിരുന്നു...... പെട്ടെന്ന്.

ഞങ്ങളുടെ മുമ്പിൽ കുറെ ഭീകരരൂപങ്ങൾ!!

ഒരു കൂട്ടം കാട്ടുകള്ളന്മാർ..... അവർ ഞങ്ങളുടെ ആഭരണങ്ങൾ മുഴുവൻ കവർന്നെടുത്തു. ഞങ്ങൾ വാവിട്ടു നിലവിളിച്ചു. ഭയന്നു വിറച്ച ഞങ്ങളുടെ ശബ്ദം. വാക്കുകളില്ലാതെ അലർച്ചയായി മാറി.

ഭടന്മാരിൽ ചിലരെ അവർ വെട്ടിക്കൊന്നു. ശേഷിച്ചവർ പേടിച്ചോടി.

ജീവിതം നിശ്ചലമായി. കാലം ഇരുട്ടിലായി. നിസ്സഹായരായ ഞങ്ങളും അന്ധകാരത്തിലേക്ക്. ..............

ഈ കൊടുങ്കാട്ടിൽ ആരാണ് നിങ്ങളെ രക്ഷിക്കാനെത്തുന്നത് എന്ന അട്ടഹാസം മാത്രം ഓർമ്മയുണ്ട്. ആയുധങ്ങളുടെ കാറ്റിനെക്കീറുന്ന ഒച്ചയും.

ആരോ തോളിൽത്തട്ടിയതായി തോന്നി. എന്റെ കണ്ണുകൾ വെളിച്ചത്തിലേക്ക് തുറന്നു. എന്താണ് സംഭവിച്ചത്.? ആരാണ് എന്റെ തോളിൽ തട്ടിയത്? മുഖത്തു വെള്ളം തളിച്ചും വരണ്ട ചുണ്ടുകളിൽ വെള്ളമിറ്റിച്ചും ആരാണ് എന്നെ ചുറ്റുപാടിലേക്ക് തിരിച്ചുകൊണ്ടു വന്നത്?

രക്ഷകനാണോ?

അതോ കടിച്ചുകീറാൻ വന്ന ആ കാട്ടുകള്ളന്മാരോ?

ഞാൻ പരിസരം ഒന്നു വീക്ഷിച്ചു. തോഴിമാർ ഭയത്തോടെ, എന്നാൽ ബഹുമാനത്തോടെ ഒഴിഞ്ഞു മാറി നില്ക്കുന്നു. ഞാൻ പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചു. ശക്തമായ ഒരു കൈ എന്നെ സഹായിച്ചു. അതൊരു സ്നേഹസ്പർശമായി എനിക്കു തോന്നി. ഞാൻ ആഗ്രഹിച്ചിരുന്ന ഒരു സാന്ത്വന സ്പർശം.

എന്റെ ഭർത്താവ് വസുഷേണൻ. ഒരഭയസ്ഥാനം കണ്ടെത്തിയപോലെ ഞാൻ അദ്ദേഹത്തോട് ചേർന്നു നിന്നു. ഒരു നിമിഷം കണ്ണടച്ചു. ആശ്വാസത്തിന്റെ ദീർഘനിശ്വാസം. അദ്ദേഹം എന്നെ ആലിംഗനം ചെയ്യുന്നതായും മൂർധാവിൽ മുകരുന്നതായും ഞാൻ അറിഞ്ഞു.

ഒരപരിചിതത്വം. എന്നാലും അന്യനാണെന്ന് തോന്നിയില്ല. ഞാൻ സ്വയം മറന്നു നിന്നു. ഒരാശ്വാസം. മനസ്സിന്റെ പിരിമുറുക്കം ഒന്നയഞ്ഞപോലെ. ഇപ്പോഴെങ്കിലും അദ്ദേഹം എത്തിയല്ലോ.

ഞാൻ കണ്ണു തുറന്നു. പിടിവിട്ട് മുഖത്തേക്ക് നോക്കി. ഞാൻ ഞെട്ടി. ഇത് വസുഷേണനല്ല ! പക്ഷെ അദ്ദേഹത്തെപ്പോലെ തന്നെ ശരീരപ്രകൃതിയും സുഭഗതയും ഉള്ള ഒരാൾ. ഞാൻ മാറി നിന്നു. ഒരു കുറ്റബോധത്തോടെ ചോദിച്ചു.

അങ്ങാരാണ്.

സുന്ദരി, നീയാരാണ്? എന്തിനാണ് ഈ കൊടുങ്കാട്ടിൽ വന്നത്? ഭവതിയെപ്പോലെ ഒരു മഹാലക്ഷ്മിയെ രക്ഷിക്കാൻ ഈ ദുർബലരായ ഭടന്മാർക്ക് സാധിക്കില്ലല്ലോ.

എന്റെ ജീവനും മാനവും രക്ഷിച്ചത് ആരാണ്? ഞാനങ്ങേക്ക് കടപ്പെട്ടിരിക്കുന്നു. എന്റെ ആയുഷ്കാലം മുഴുവനും. അങ്ങനെയാണ് എനിക്കപ്പോൾ പറയാൻ തോന്നിയത്.

ഞാൻ അർജ്ജുനൻ. ഇപ്പോൾ വനവാസത്തിലാണ്. രാജകുമാരി...... ഭവതി ആരാണെന്നു പറഞ്ഞില്ലല്ലോ.

അർജ്ജുനൻ.

ഈ സൂതപുത്രി നിശ്ശബ്ദമായി ആരാധിച്ചിരുന്ന ഒരു വീരപുരുഷൻ ആർക്കും പങ്കിട്ടെടുക്കാനാവാത്തവിധം മനസ്സിന്റെ നിലവറയിൽ പൂട്ടിവെച്ച ആ വിഗ്രഹം. ......

ഇതാ, ഇവിടെ എന്റെ മുമ്പിൽ എന്റെ ഉള്ളിൽ ഒരു ചലനം.

ചിരകാലമായി കാണാൻ കൊതിച്ച ദേവൻ പ്രത്യക്ഷപ്പെട്ടതുകൊണ്ടാണോ?

ഭർത്താവിന്റെ ആജന്മശത്രുവിനെ നേരിൽകണ്ടതിനാലാണോ?

അല്ലെങ്കിൽ, ആ ആലിംഗനത്തിന്റെ സുഖസ്പർശത്തിൽ, സാന്ത്വനസ്പർശത്തിൽ സ്വയം മറന്നു നിന്നതിനാലാണോ?

എന്താണ് ഭവതി ഒന്നും മിണ്ടാതെ നില്ക്കുന്നത്. അദ്ദേഹത്തിന്റെ ശബ്ദം എന്നെ ഉണർത്തി.

ഞാൻ രാജകുമാരിയല്ല. സൂതപുത്രിയാണ്. വൃഷലി ഇപ്പോൾ അംഗരാജാവായ വസുഷേണന്റെ പത്നി.

പെട്ടന്നദ്ദേഹം എന്റെ തോളിൽ നിന്ന് കൈയെടുത്തു. അല്പം പിറകിലേക്ക് മാറി. തൊഴുതുകൊണ്ടു പറഞ്ഞു.

എന്നോടു ക്ഷമിക്കൂ. കർണ്ണപത്നി ഇത്തരം അപമാനങ്ങൾ സഹിക്കേണ്ടവളല്ല. ഇനി ഈ കാട്ടിൽ താമസിക്കരുതേ. തോഴിമാരോടൊത്ത് തിരിച്ചുപോകൂ. ഇവിടം സുരക്ഷിതമല്ല.

അദ്ദേഹം ഭടന്മാരെ വിളിച്ച് എന്നെ സുരക്ഷിതമായി തിരിച്ചുകൊണ്ടുപാകാൻ ഏർപ്പാടാക്കി.

തൊഴുതുകൊണ്ട് ഞാൻ പറഞ്ഞു.

എന്റെ മാനവും ജീവനും രക്ഷിച്ച രാജകുമാരാ, അങ്ങയോട് ഈ വൃഷലി എന്നും കടപ്പെട്ടിരിക്കുന്നു. സത്യവും ധർമ്മവും അങ്ങയെ രക്ഷിക്കട്ടെ. ഭവതി ആരായാലും ഞാൻ വൃഷലി എന്ന് വിളിക്കില്ല. ഈ കുലീനത എന്നെ വല്ലാതെ ആകർഷിക്കുന്നു. സാക്ഷാൽ മഹാലക്ഷ്മിയുടെ രൂപമഹിമയുള്ള ദേവിയെ ഞാൻ പത്മയെന്ന് മനസ്സിൽ





കുറിച്ചിടുന്നു. അർജ്ജുനകുമാരൻ പറഞ്ഞു.

അതായിരുന്നു ഞങ്ങളുടെ ആദ്യസാമീപ്യം. ഞാൻ കേട്ടറിഞ്ഞതിനേക്കാൾ ആദരണീയമായ വ്യക്തിപ്രഭാവം. സാക്ഷാത് കൃഷ്ണന്റെ ചങ്ങാതിയല്ലേ. ഞാൻ തിരിച്ചു നടന്നു..........

ആ സ്വർഗ്ഗസുഖത്തിൽ നിന്ന് ഞാൻ തിരിച്ചു വന്നു. എന്റെ ജീവിതത്തിലേക്ക് പിന്നീട് ഞങ്ങൾ പലപ്പോഴും കണ്ടുമുട്ടി. ഒരു സ്പർശസുഖത്തോളമെത്തുന്ന ദർശനസുഖം. മാന്യമായ .....കരുതലോടെയുള്ള പെരുമാറ്റം.

അപ്പോഴൊക്കെ എന്റെ മനസ്സ് ഉരുകും. അർജ്ജുനൻ എന്ന പേരിനെപ്പോലും ചുട്ടുകരിക്കാൻ വെമ്പുന്ന എന്നെ ഭർത്താവിനെയോർത്ത്. ആ വായിൽ നിന്നുതിരുന്ന കഠിനവാക്കുകൾ ഓർത്ത്.

..........................

മൗനരാഗം നീണ്ടു നീണ്ടു പോയി. സൂര്യനും താമരയും പോലെ..........ചന്ദ്രനും ആമ്പലും പോലെ............

പാവനമായ ഒരു മാനസിക സാമിപ്യം.

.........................................................

കാലമേറെ കടന്നു പോയി. ഉപജാപങ്ങളും വെല്ലുവിളികളും ചതിയും ചൂതാട്ടവും തോൽവിയും അപമാനങ്ങളും ഒക്കെ ആർക്കോവേണ്ടി തലയിലേറ്റിയുള്ള ജീവിതം എനിക്കിപ്പോൾ കൂട്ടിന് സുപ്രിയയുണ്ട്. എന്റെ സപത്നി. ഭാനുമതി രാജകുമാരിയുടെ തോഴി. ജീവിതമെന്തെന്നറിയാത്ത ഒരു കളിക്കുട്ടി. ചേലകളുടെയും ആഭരണങ്ങളുടെയും പളപളപ്പിൽ മാത്രം ഭ്രമിക്കുന്ന ഒരു കൊച്ചുപെണ്ണ്. എന്നാൽ അവൾ എപ്പോഴും രാജകുമാരിയുടെ കൂടെയായിരിക്കും.

എത്രവട്ടം കാടുകൾ പൂത്തു. എത്രവട്ടം ഇലകൾ പൊഴിഞ്ഞു. ഋതുക്കൾ മാറി മാറി വന്നു. ഞാൻ ഒരമ്മയായി. എട്ടുപൊന്നോമനകൾ. മറ്റൊന്നും ചിന്തിക്കാൻ എനിക്ക് സമയമില്ലാതായി. മക്കളുടെ സംരക്ഷണച്ചുമതല ഞാൻ സ്വയം ഏറ്റെടുത്തു. അഥവാ, എന്റെ ഭർത്താവ് ആ കാര്യങ്ങൾ എന്നെ ഏല്പിച്ചു. എന്നിലുള്ള ആ വിശ്വാസം എനിക്കും ഒരഭിമാനമായിത്തോന്നി.

മക്കൾക്കൊക്കെ പേരുതെരഞ്ഞെടുക്കാനുള്ള അവകാശം അദ്ദേഹം എനിക്കു നല്കി. ഞങ്ങളുടെ ഇടയിൽ പ്രചാരത്തിലുള്ള പേരുകൾ തന്നെ ഞാൻ അവർക്ക് വിളിച്ചു. അഭിമാനത്തോടെ വളരാൻ ആരുടേയും അടിമയായി വളരാതിരിക്കാൻ ആശ്രമത്തിൽ ഞാൻ വിജയിച്ചുവോ ? കാലം തെളിയിക്കട്ടെ.

ആദ്യത്തെ കൺമണിയെ ഞാൻ വൃഷസേനൻ എന്ന് വിളിച്ചു. അച്ഛന്റെ ഒരു കൊച്ചുപതിപ്പ്. എന്റെ ഭർത്താവിനും അവനോട് ഏറെ അടുപ്പമായിരുന്നു. ശാസ്ത്രത്തിലും ശസ്ത്രത്തിലും എന്റെ ഉണ്ണി മറ്റുള്ളവരേക്കാൾ ഏറെ മുമ്പിൽ. ശസ്ത്രപ്രാവിണ്യത്തിൽ ഏറെ അഭിമാനിച്ചത് അവരുടെ പിതാവു തന്നെയാണ്. കുട്ടികളുടെ ആയുധക്കമ്പം എന്നെ അസ്വസ്ഥയാക്കിയിരുന്നു. ഞാൻ അഭിമാനിച്ചത് അവരുടെ ശാസ്ത്രപരിചയത്തിലാണ്.

അവരുടെ കാര്യത്തിൽ ഞാൻ ഏറെ അസ്വസ്ഥയായിരുന്നു. മക്കൾ ധീരരാണ്. വീരരാണ്. സമർഥരാണ്. കൈകഴുകിത്തൊടാവുന്ന രൂപഭംഗി...... എന്നിട്ടും എനിക്ക് വേവലാതി.

അച്ഛന്റെ ദുരഭിമാനം രക്ഷിക്കാൻ വേണ്ടി ഇവരും ബലിമൃഗങ്ങളാകുമോ ? ആർക്കോ വേണ്ടി ഈ കുരുന്നുകൾ പ്രാണൻ ത്യജിക്കേണ്ടി വരുമോ ? ഇതിന്നിടയിൽ ഞാൻ മറ്റൊരു കുഞ്ഞിനു കൂടി ജന്മം നല്കി. വൃഷകേതു ! വസുഷേണന്റെ രൂപവും ഭാവവും പറിച്ചെടുത്തപോലെ ഒരു പൊന്നോമന.

സുപ്രിയയായിരുന്നു അവന്റെ കളിക്കൂട്ടുകാരി. ഓമനിച്ചും വഴക്കടിച്ചും.

അവർ കളിക്കുമ്പോൾ ഞാനോർക്കും എന്റെ അനുജത്തി!

അതോ മൂത്തമകളോ?

അവൾക്കൊരു ദു:ഖമില്ല, ചിന്തയില്ല......

ചിലപ്പോൾ എന്റെ മക്കളുടെ കൂടെ കളിക്കും.

ചിലപ്പോൾ കലഹിക്കും. ഒരു ഭാര്യയാണെന്നോ , മക്കളില്ലെന്നോ ഒരു ചിന്തയുമില്ല. ഭർത്താവിന്റെ കാര്യത്തിലും ഒരു ശ്രദ്ധയില്ല.

അവൾ ഭാഗ്യവതിയാണ്. ചിന്തകളൊന്നും അവളെ വേട്ടയാടാറില്ല. കാട്ടിലെ കിളികളെപ്പോലെ പാടിപ്പാറി നടക്കാൻ. അസൂയ തോന്നാറുണ്ട്. ........

ചില ജന്മങ്ങൾ അങ്ങനെയാണ്. ആഹ്ലാദിക്കാൻ വേണ്ടി മാത്രം ജനിച്ചവർ. അവരാണ് ജീവിക്കുന്നവർ.

മറ്റു ചിലരോ .......ദു:ഖിക്കാൻ ജനിച്ചവർ... അപമാനിതരാവാൻ ജനിച്ചവർ. തെറ്റും ശരിയും ചിന്തിച്ചു ചിന്തിച്ച് സ്വയം ഉരുകുന്നവർ.

ഇതിൽ എന്റെ സ്ഥാനം എവിടെയാണ്?

സ്ഥാനക്കൊതിയും മാനക്കൊതിയും ദുരഭിമാനക്കോതിയും, യുദ്ധക്കൊതിയും സഹനവും മൂത്തുമൂത്ത് ഒരു സർവനാശത്തിന്റെ വക്കിലെത്തി

യിരിക്കുന്നു.

കനകവും കാമിനിയും മാത്രമാണോ യുദ്ധകാരണം? എങ്ങനെയൊക്കെ ചിന്തിച്ചാലും എന്റെ മനസ്സിൽ ഓടിയെത്തുന്നത് സ്ത്രീകളുടെ നിസ്സഹായവസ്ഥ തന്നെയാണ്. അവർക്ക് പല പേരുകളാണ്. അമ്മ, സഹോദരി, ഭാര്യ, പുത്രി, പുത്രവധു ഇങ്ങനെയൊക്കെയാണ് ആ സ്ത്രീകളുടെ പേരുകൾ. സത്യവതിത്തമ്പുരാട്ടി, ഗാന്ധാരിത്തമ്പുരാട്ടി, കുന്തിത്തമ്പുരാട്ടി, പാഞ്ചാലി, വസുഷേണന്റെ അജ്ഞാതയായ അമ്മ..... ഇവരെയൊക്കെ ഞാൻ അക്കൂട്ടത്തിൽ കാണാറുണ്ട്. ചിന്തകൾക്ക് കടിഞ്ഞാണിടാനാവാതെ ഞാൻ സ്വയം കുറ്റപ്പെടുത്തുന്നു. എന്തിനാണ് ഇങ്ങനെയോരോന്നു ചിന്തിച്ച് ഞാൻ സ്വയം ആധിപിടിപ്പിക്കുന്നത്.

എത്രയൊക്കെ നിയന്ത്രിച്ചാലും മനസ്സ് പിടിവിട്ടുപോകും. ഇനി അതൊക്കെ ഓർത്തിട്ടെന്തു കാര്യം? എല്ലാം കഴിഞ്ഞിട്ടില്ല.

സർവനാശകരമായ യുദ്ധം. ധർമ്മവും അധർമ്മവും തമ്മിൽ. നന്മയും തിന്മയും തമ്മിൽ. നെറിയും നെറികേടും തമ്മിൽ. തുടക്കത്തിലെ ധർമ്മയുദ്ധം ഒടുക്കം വരെ, അങ്ങനെയായിരുന്നുവോ? അതോ ആദർശങ്ങൾ പ്രയോഗത്തിൽ വരുമ്പോൾ നിറം മാറുമോ? ഒരു കാര്യം തീർച്ച. ദുരഭിമാനം, അത്യാഗ്രഹം, പക. ഇവർക്ക് നേർവഴി അറിയില്ല.

എത്രയെത്ര മഹാരഥന്മാർ മരിച്ചു വീണു. ഭീഷ്മപിതാമഹൻ ഉത്തരായനം കാത്തു കിടക്കുന്നു. അല്ലെങ്കിൽ തന്നെ മരണദേവതയ്ക്ക് കണ്ണും കാതും ഇല്ലല്ലോ.

എന്റെ മക്കൾ, അഭിമന്യു......... അങ്ങനെ എത്രയെത്ര ചെറുപ്പക്കാർ മരിച്ചു! എല്ലാമുപേക്ഷിച്ച് ഇറങ്ങുമ്പോഴും എന്റെ ഉള്ളൊന്ന് നീറി.

എന്റെ മക്കൾ....... അതെ എട്ടുമക്കളെ നൊന്തു പെറ്റ് മോഹിച്ച് ലാളിച്ചു വളർത്തിയ എന്റെ പൊന്നുമക്കളെ..... ആർക്കോവേണ്ടി ബലികൊടുത്തില്ലേ?

പുത്രദു:ഖം.... അതാണ് ലോകമഹാദു :ഖം . പാലൂട്ടി വളർത്തിയ എന്റെ കുഞ്ഞുങ്ങൾ ഓരോരുത്തരായി ജീവിതത്തോട് വിടപറയുമ്പോഴും എന്റെ മനസ്സ് കല്ലായിരുന്നുവോ?

ആർക്കോ വേണ്ടി ബലിയാടുകളാവാൻ എന്റെ ഉദരത്തിൽ പിറന്നവർ.

ഞാനാരെ കുറ്റപ്പെടുത്തണം...........?

ഒമ്പതുമക്കളുടെ അമ്മ എന്നഭിമാനിച്ചിരുന്ന എന്നെയോ?

വസുഷേണൻ എന്ന അടിമയായ ഭർത്താവിനേയോ?

ദുര്യോധനൻ എന്ന ദുർബലനായ അത്യാഗ്രഹിയേയോ?

എന്റെ മൂന്നുമക്കൾ മരിച്ചത് അർജ്ജുനനുമായുള്ള യുദ്ധത്തിലാണ്. അച്ഛന്റെ പക മക്കളിൽ ആളിക്കത്തി.

മൂന്നുപേരെ നകുലൻ വധിച്ചു.

ഒരാളെ ഭീമൻ മറ്റൊരാളെ സാത്യകി. ആരോടും പരിഭവമില്ലാതെ എല്ലാം നിശ്ശബ്ദം സഹിച്ചു.

ഇതുപോലെ എത്രയെത്ര അമ്മമാർ! അപ്പോൾ ......ഞാൻ മറ്റൊരമ്മയെക്കുറിച്ചോർത്തു. കുന്തീദേവി! ഓർക്കാൻ കാരണമുണ്ട്.

എന്നും യുദ്ധത്തെക്കുറിച്ച് ആവേശം കൊള്ളുന്ന എന്റെ ഭർത്താവ് ഒരു ദിവസം തികച്ചും മൂകനും ദുഃഖിതനുമായിരുന്നു. എത്ര ചോദിച്ചിട്ടും കാരണം പറയുന്നില്ല. വളരെ നിർബന്ധിച്ചപ്പോൾ അദ്ദേഹം മന്ത്രിച്ചു.

പത്മേ, ഞാനിന്ന് ഒരു സത്യം മനസ്സിലാക്കി.

പ്രതീക്ഷയോടെ, പതിവില്ലാത്ത വിധം അനുകമ്പയോടെ ഞാൻ അദ്ദേഹത്തെ നോക്കി. ഈശ്വരാ.... എന്റെ ഭർത്താവ് ദുര്യോധനന്റെയും ശകുനിയുടേയുമൊക്കെ ദുഷ്കൃതങ്ങൾ തിരിച്ചറിഞ്ഞുവോ? സത്യത്തിന്റെയും ധർമ്മത്തിന്റെയും മാർഗ്ഗത്തിലേക്ക് വരുന്നുണ്ടോ?

ഇനിയെങ്കിലും പാണ്ഡവരെക്കുറിച്ച് പഴി പറയാതിരിക്കുമോ? പ്രത്യേകിച്ചും തന്റെ ജീവനും മാനവും രക്ഷിച്ച അർജ്ജുനനെക്കുറിച്ച്......

എന്റെ മനസ്സ് അർജ്ജുനനിൽ തടഞ്ഞു നിന്നു. ഒന്നു കാണണം. വെറുതെ.... ഈശ്വരനെക്കാണുന്നതുപോലെ ..... ഒരു പുണ്യദർശനം. അത്രമാത്രം.

പത്മേ,

ഞാൻ എന്റെ ഭർത്താവിലേക്ക് തിരിച്ചു വന്നു.

ഞാനിന്ന് എന്റെ അമ്മയെ കണ്ടു.

ഞാനത്ഭുതപ്പെട്ടു. ആരാണ് ആ ഒളിച്ചിരുന്ന അമ്മ? എന്തിനിപ്പോൾ പുറത്തു വന്നു? നൊന്തുപെറ്റ കുഞ്ഞിനെ പുഴയിലൊഴുക്കിയ അമ്മ ഈ സംഘർഷ നിമിഷങ്ങളിൽ എന്തു നേടാനാണ് വന്നത്? ദുരഭിമാനത്തിന്റെ മറ്റൊരു രൂപം! അപ്പോൾ ..... അമ്മയുടെ ദുരഭിമാനമായിരിക്കാം മകനും കിട്ടിയത്.

അമ്മയോ? ആരാണ്. ആരാണ് അങ്ങയുടെ അമ്മ? സ്വന്തം കുഞ്ഞിനെ പുഴയിലൊഴുക്കിയ ആ





അമ്മയെ എനിക്കൊന്നു കാണണം.

ഞാൻ ചോദിച്ചുകൊണ്ടേയിരുന്നു.

ആരാണ്? ആരാണ്? ഞാനൊരു ഉന്മാദവസ്ഥയിലായിരുന്നു.

എന്റെ തോളിൽ തലചായ്ച്ചുകൊണ്ട് അദ്ദേഹം പതുക്കെ പറഞ്ഞു.

എനിക്ക് ഒരു സംശയമുണ്ടായിരുന്നു. കൃഷ്ണനും അറിയാമായിരുന്നു. ഭീഷ്മപിതാമഹനും. എന്നാൽ ഇന്ന് ആ സ്ത്രീ നേരിൽ വന്ന് പറഞ്ഞപ്പോൾ......

ഭൂമി പിളർന്ന് താഴേക്ക് പോകാൻ ഞാൻ ആഗ്രഹിച്ചു പത്മേ.

ആ നിസ്സഹായത എന്നെയും ദു:ഖത്തിലാഴ്ത്തി. ഞാൻ അദ്ദേഹത്തെ ഒരു കൊച്ചുകുഞ്ഞിനെ എന്നപോലെ എന്റെ മടിയിൽ കിടത്തി. സാരിത്തുമ്പുകൊണ്ട് മുഖം തുടച്ചു. പതുക്കെ വീശി വീശി ആശ്വസിപ്പിച്ചു. എന്റെ മടിയിൽ കിടക്കുന്നത് കർണ്ണൻ എന്ന മഹാവീരനല്ല, വൃഷ്ടികേതു എന്ന എന്റെ ഇളയകുഞ്ഞാണ് എന്ന് എനിക്ക് തോന്നി. കുറെ നേരം ഞാൻ അദ്ദേഹത്തെ നിശബ്ദമായി ആശ്വസിപ്പിച്ചു കൊണ്ടിരുന്നു. എന്റെ നോട്ടവും സ്പർശവും ശ്വാസോച്ഛ്വാസംപോലെ അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നവിധം ഞാൻ ക്രമീകരിച്ചു.

പത്മാവതീ...........ആ വിളി കേട്ടപ്പോൾ ഞാൻ അരുമയോടെ അദ്ദേഹത്തെ നോക്കി . എന്തേ? നെറ്റിയിൽ കയ്യോടിച്ചുകൊണ്ട് ഞാൻ ആശ്വസിപ്പിച്ചു. പറയൂ, എന്നോടു പറയൂ, ആരാണവർ?

ഇല്ല, എനിക്കതു വെളിപ്പെടുത്താനാവില്ല പത്മാവതീ. അതു പരസ്യമായാൽ.....

പരസ്യമായാൽ എന്താണ് കുഴപ്പം? അങ്ങനെയെങ്കിലും ഒരു യുദ്ധം ഒഴിവാക്കാൻ പറ്റിയാൽ..... ഒരു സർവനാശം ഒഴിവാക്കാൻ സാധിച്ചാൽ...... ഞാൻ പ്രതീക്ഷയോടെ ചോദിച്ചു.

ഇല്ല പത്മേ, ഞാനതു ചെയ്യില്ല. എന്റെ ജീവൻ പോയാലും മാനം കാത്ത ദുര്യോധനനെ ഞാൻ ഉപേക്ഷിക്കില്ല. ഇല്ല.... ഇല്ല......

അദ്ദേഹം അതു തുടർന്നുകൊണ്ടേയിരുന്നു.

വല്ലാതെ വിയർക്കുന്നു..... ശ്മശാനമൂകത...... ഭീകരമായ ആ മൗനം ഭേദിച്ചുകൊണ്ട് ഞാൻ പതുക്കെ പറഞ്ഞു.

അങ്ങ് എന്നോടും പറയൂ. ആ രഹസ്യം അങ്ങയുടെ മനസ്സിൽ ഉള്ളതുപോലെ തന്നെ സുരക്ഷിതമായിരിക്കും. എന്റെ ശത്രുവിനെ ഞാനൊന്നു മനസാ നമസ്കരിക്കട്ടെ.

മൗനം തന്നെ. ഞാനും വിട്ടില്ല. അങ്ങയുടെ ഒരാഗ്രഹത്തിനും ഞാൻ തടസ്സം പറഞ്ഞിട്ടില്ല. അഭിപ്രായഭിന്നതകൾ ഉണ്ടായിരുന്നു, പല കാര്യങ്ങളിലും. എന്നിട്ടും ഞാൻ എതിരൊന്നും പറഞ്ഞില്ല. എന്റെ ഭർത്താവിന്റെ ഇഷ്ടം, മക്കളുടെ നന്മ ഇതൊക്കെയായിരുന്നു എന്റെ മുൻഗണന, ഇനിയെങ്കിലും പറയൂ എന്റെ അജ്ഞാത ശത്രു ആരാണ്? ഞാൻ കെഞ്ചിക്കെഞ്ചി ചോദിച്ചു.

ഒരു ദീർഘനിശ്വാസം.... ഒടുവിൽ അദ്ദേഹം പറയാൻ തുടങ്ങി, ഒരാമുഖത്തിനുശേഷം.....

പത്മേ, ഈ രഹസ്യം നമ്മളിൽ മാത്രം ഒതുങ്ങട്ടെ. സ്ത്രീകൾ രഹസ്യം സൂക്ഷിക്കാൻ സമർത്ഥരാണെന്ന് എനിക്കറിയാം. എന്റെ അമ്മയുടെ കാര്യത്തിൽ അതാണല്ലോ. സത്യം ഇത്രയും കാലം ഇതൊളിപ്പിച്ചു വച്ചില്ലേ?

പെട്ടിയിലാക്കി പുഴയിലൊഴുക്കുമ്പോൾ..... അനാഥനെന്ന് മറ്റുള്ളവർ കളിയാക്കുമ്പോൾ ആയുധ പരീക്ഷയിൽ സൂതപുത്രനെന്ന് പറഞ്ഞ് അവസരം നിഷേധിക്കുമ്പോൾ എന്തേ എന്റെ അഭിമാനം രക്ഷിക്കാൻ ആ സ്ത്രീ വരാഞ്ഞത്?

എന്നെ പ്രസവിച്ചത്...മറ്റാരുമല്ല

കുന്തീദേവി , ഞാൻ ചോദിച്ചു.

അദ്ദേഹം ഒന്നു ഞെട്ടി, എന്റെ വായ്പൊത്തിക്കൊണ്ട് പറഞ്ഞു. അതെ, പത്മ എങ്ങനെ അറിഞ്ഞു.

അതൊരു ഉൾക്കാഴ്ച മാത്രം. കുന്തീദേവിയെപ്പറ്റി കേട്ടിട്ടുള്ളതൊക്കെ വേറിട്ട കഥകൾ. പിന്നെ വല്ലപ്പോഴും എന്നെ കാണുമ്പോൾ മുഖത്തു കാണുന്ന ദു :ഖം നിറഞ്ഞ വാത്സല്യം, നമ്മുടെ മക്കളോടുള്ള വാത്സല്യം, നെടുവീർപ്പ്.... ഇതൊക്കെ ഞാൻ അപൂർമായിട്ടെങ്കിലും അനുഭവിച്ചിട്ടുണ്ട്. പിന്നെ അങ്ങയുടെയും പാണ്ഡവന്മാരുടെയും രൂപസാദൃശ്യം. ഇതൊക്കെ ഞാൻ മനസ്സിലാക്കിയിട്ടും ഉണ്ട്.

അദ്ദേഹം അത്ഭുതത്തോടെ എന്നെ നോക്കി.

പത്മേ, എനിക്കെന്നും പത്മയോട് ബഹുമാനമായിരുന്നു. ഭവതിയുടെ ഉൾക്കാഴ്ച എന്നെ ആശ്ചര്യപ്പെടുത്തുന്നു.

അങ്ങേയ്ക്ക് ഇത് ജ്യേഷ്ഠപാണ്ഡവനെ അറിയിച്ചുകൂടെ? ഒരു മഹായുദ്ധം ഒഴിവാക്കാൻ വേണ്ടിയെങ്കിലും.

പെട്ടെന്ന് അദ്ദേഹത്തിന്റെ ഭാവം മാറി.

ഇല്ല ഇല്ല. ആരും ഇതറിയരുത്. പത്മപോലും ഇതറിയരുത് എന്നാണ് ഞാൻ ആഗ്രഹിച്ചത്. എന്റെ ജീവിതം ദുര്യോധനനുള്ളതാണ്. ഇനി ഞാനതു തിരിച്ചെടുക്കില്ല.

എന്റെ അഭ്യർത്ഥന നിഷ്ഫലമാണെന്ന് അറിയാം. അദ്ദേഹം അങ്ങനെയാണ്. എന്തും ആർക്കും ദാനം ചെയ്യും.

എന്റെ വാക്കുകൾ നിഷ്ഫലം. വീണ്ടും ഞാനെന്നിലേക്ക് – എന്റെ മക്കളിലേക്ക് ഒതുങ്ങികൂടി. നമ്മുടെ ഇഷ്ടത്തിനല്ല സ്വന്തം ജീവിതം. അപ്പോൾ വരുന്നത് അനുഭവിക്കുക. അത് സ്വീകരിക്കുക മാത്രം. വിധിയുടെ കളിപ്പാട്ടങ്ങൾ!

ഇടക്കൊക്കെ അർജ്ജുനനെ കാണാറുണ്ട്. ദൂരെദൂരെയായി. നന്ദിയോടെ ഞാൻ എന്റെ ആരാധന അറിയിക്കും.

പക്ഷെ, ഒരു ദിവസം ഞങ്ങൾ ആകസ്മികമായി കണ്ടു മുട്ടി. ആകസ്മികമായിരുന്നുവെങ്കിലും ആഗ്രഹിക്കുന്ന  ഒരു സാമിപ്യം ഒരാനന്ദം, കണ്ടുമുട്ടുമ്പോഴൊക്കെ നന്ദിയോടെയുള്ള ഒരാരാധന. അതേറ്റുവാങ്ങുമ്പോൾ ഉള്ള ദിവ്യമായ ഒരു പ്രേമം. ഞങ്ങളുടെ മനസ്സുകൾ ഒന്നാവും. അപ്പോഴേക്കും ഒരു ഭാര്യയുടെ, അമ്മയുടെ, കുടുംബിനിയുടെ കടമകൾ എന്നിലെ രാഗിണിയെ തൊട്ടുണർത്തും. സാധാരണ ഞാൻ തൊഴുതു പിൻവാങ്ങും. പക്ഷെ അന്ന് ഞാൻ ആ സാമിപ്യം അനുഭവിച്ച് ആശ്വസിച്ച് നിന്നു. എത്രനേരം അങ്ങനെ നിന്നുവെന്ന് അറിയില്ല. ഏതോ ഒരു ലോകത്തിലായിരുന്നു.

ഒടുവിൽ ഞാൻ മൗനം ഭഞ്ജിച്ചു.

'രാജകുമാരാ..........'

അദ്ദേഹം എന്റെ മുഖമുയർത്തി. ഞാൻ തുടർന്നു.

ഞാനൊരമ്മയാണ്.  ഒമ്പതുകുഞ്ഞുങ്ങളുടെ അമ്മയാണ്. അങ്ങയുടെ ശത്രുവായ കർണ്ണന്റെ പത്നി. എന്നാലും എനിക്കൊരപേക്ഷയുണ്ട്. ഇതുവരെ ഞാനൊന്നും ആരോടും ആവശ്യപ്പെട്ടിട്ടില്ല. ഇപ്പോൾ ഞാൻ അങ്ങയോട് യാചിക്കുന്നു.

'അദ്ദേഹം ചോദ്യഭാവത്തിൽ എന്നെ നോക്കി. ഞാൻ പറയാൻ തുടങ്ങി.

കുമാര, തീർച്ചയായും യുദ്ധം നടക്കും. സത്യവും ധർമ്മവും ജയിക്കണം. അതാണ് എന്റെ പ്രാർത്ഥന.'

യുദ്ധവും ഭവതിയുടെ യാചനയും തമ്മിൽ എന്തുബന്ധം.? അതായിരുന്നു അദ്ദേഹത്തിന്റെ സംശയം.

യുദ്ധത്തിൽ കൗരവവർ മുഴുവൻ ഒടുങ്ങും. എന്നു തന്നെയാണ് എന്റെ കണക്കുകൂട്ടൽ. ഒരു സർവ്വനാശം തന്നെ. ഒരു ദീർഘനിശ്വാസത്തോടെ ഞാൻ തുടർന്നു. എന്റെ ഭർത്താവും മക്കളുമൊക്കെ ദുര്യോധനന്റെ അത്യാഗ്രഹത്തിനു മുമ്പിൽ ജീവിതം വെടിയും. അതൊക്കെ ഓർത്തോർത്ത്  ഞാൻ നീറുകയാണ്. ഞാൻ മാത്രമല്ല, നിരവധി സ്ത്രീകൾ.

യുദ്ധം ഉപേക്ഷിക്കണമെന്നാണോ പത്മ പറയുന്നത്. അദ്ദേഹത്തിന്റെ ഉത്ക്കണ്ഠ.

അല്ലേ അല്ല, ഞാൻ തൊഴുതുകൊണ്ട് പറഞ്ഞു. ക്ഷത്രിയർക്ക് യുദ്ധം കുലധർമ്മമാണ്. സൂതപുത്രിയായ എനിക്ക് അത് നന്നായി അറിയാം. ധർമ്മം ജയിക്കും. എന്നാലും.... എന്റെ ഭർത്താവ് എന്റെ മക്കൾ. അവരെയോർത്ത് എന്റെ ഉള്ള് നീറുന്നു.

മനസ്സിൽ ഒരാറ്റിക്കുറുക്കൽ. ഞാനെന്താണ് പറയേണ്ടത്? എങ്ങനെ പറയും.

എന്താണ് പത്മേ, പറയൂ, നീയെനിക്ക് ഏറെ പ്രിയപ്പെട്ടവളാണ്. നമ്മൾ കണ്ടു മുട്ടാൻ വൈകിപ്പോയി. എന്നാലും നിന്നെ ഞാൻ സ്നേഹിക്കുന്നു, എന്നെപ്പോലെ സ്നേഹിക്കുന്നു . നീ പറയൂ. അദ്ദേഹം ചോദ്യഭാവത്തിൽ നോക്കിക്കൊണ്ടേയിരുന്നു.

എന്റെ ഭർത്താവിന്റെ ലക്ഷ്യംതന്നെ അർജ്ജുനവധമാണ്. പക്ഷെ കൃഷ്ണൻ  സാരഥിയാകുമ്പോൾ അങ്ങ് അജയ്യനാണല്ലോ? അതുകൊണ്ട് ഞാൻ യാചിക്കുന്നു. കുമാരാ, അങ്ങ് എന്റെ മക്കളുടെയോ ഭർത്താവിന്റെയോ നേർക്ക് ആ രണ്ട് അസ്ത്രങ്ങൾ മാത്രം പ്രയോഗിക്കരുതേ........ പ്രപഞ്ചനാശത്തിന് കാരണമായ പാശുപതവും ബ്രഹ്മാസ്ത്രവും.

അദ്ദേഹം ആശ്ചര്യത്തോടെ ഒന്നു നോക്കി. പ്രപഞ്ചത്തിന്റെ സൃഷ്ടിയും സ്ഥിതിയും ഇല്ലാതാക്കാൻ ശേഷിയുള്ളവയാണ് അവ. യുദ്ധം കഴിഞ്ഞാലും ഈ പ്രപഞ്ചം നിലനില്ക്കണം. എനിക്കുവേണ്ടിയല്ല.  അഖിലചരാചരങ്ങൾക്കും വേണ്ടി. അതുകൊണ്ടുതന്നെ ഞാൻ ധൈര്യത്തോടെ പറഞ്ഞു. ഇത് സ്വാർഥതയല്ല കുമാരാ. നമ്മൾ ഇല്ലാതായാലും പ്രപഞ്ചം നിലനില്ക്കണം. അതിനുവേണ്ടി മാത്രം.

അതാണോ കാര്യം? പത്മേ നീ സൂതപുത്രിയല്ല. ക്ഷത്രിയരാജകുമാരിയാണ്. ആയുധങ്ങളെക്കുറിച്ച് നല്ല പാണ്ഡിത്യം ഉണ്ടല്ലോ. പാശുപതം മനുഷ്യർക്കു നേരെ പ്രയോഗിക്കാവുന്നതല്ല. പിന്നെ, ബ്രഹ്മാസ്ത്രം ! കാടും കടലും ചുട്ടെരിക്കാൻ ശക്തമായതാണ് അത്. ഇവ രണ്ടും സാധാരണ മനുഷ്യരിൽ പ്രയോഗിക്കരുത് എന്ന് ഗുരു പറഞ്ഞിട്ടുണ്ട്. സാഹചര്യം വന്നാൽപ്പോലും പ്രയോഗിക്കുയില്ല എന്ന് ഞാൻ സത്യം ചെയ്യുന്നു.

ഒന്നു നിർത്തിയശേഷം എന്റെ മുഖം കൈത്തലത്തിൽ എടുത്തുകൊണ്ട് അർജ്ജുനൻ പറഞ്ഞു. അങ്ങനെ വേണ്ടി വരുമ്പോൾ ഞാൻ എന്റെ പത്മയെ ഓർക്കും. എന്റെ ഈറൻ കണ്ണുകൾ തുടച്ച്, അദ്ദേഹം എന്റെ നെറ്റിയിൽ ചുംബിച്ചു. ഒരാലിംഗനത്തിലേക്ക് നീങ്ങാവുന്ന ഒരവസ്ഥ. പക്ഷെ ഞാൻ അമ്മയാണ്, കുടുംബിനിയാണ്. എന്റെ മാനമാണ് കുടുംബത്തിന്റെ അഭിമാനം.

രാജകുമാരാ, ഒരപേക്ഷ കൂടി

ചോദ്യഭാവത്തിൽ അദ്ദേഹം എന്നെ നോക്കി.

ഞാൻ ദയനീയമായി പറഞ്ഞു. എനിക്കൊരു കൊച്ചു കുഞ്ഞുണ്ട്. വൃഷകേതു. അവൻ ഒരു ശിശുവാണ്. തലതാഴ്ത്തിക്കൊണ്ട് ഞാൻ തുടർന്നു.

അവനെ ഗർഭം ധരിച്ചപ്പോൾ മുതൽ ഞാൻ പ്രാർത്ഥിച്ചിരുന്നു. അങ്ങയെപ്പോലെ ധീരനും വീരനും ധർമ്മിഷ്ഠനുമായി അവൻ വളരണം എന്ന്. യുദ്ധശേഷം അവന്റെ സംരക്ഷണം അങ്ങ് ഏറ്റെടുക്കണം എന്നാണ് എന്റെ അടുത്ത ആവശ്യം. അങ്ങയുടെ മാനസപുത്രനായി അവൻ വളരണം. കാരണം ഞാൻ മനസാ വ്യഭിചരിച്ചു കഴിഞ്ഞു.

ഒരാലിംഗനം പിന്നീട് പതുക്കെപ്പതുക്കെ അദ്ദേഹം പിൻവാങ്ങി. എന്നെ ആശ്വസിപ്പിച്ചുകൊണ്ട് എന്റെ കാതിൽ പറഞ്ഞു.

പത്മേ, പൊയ്ക്കോളൂ. ഈ സ്നേഹം ഞാൻ മറക്കില്ല. അതിന്റെ സമ്മാനമായി നിന്റെ രണ്ട് ആഗ്രഹങ്ങളും സാധിപ്പിക്കുന്നുണ്ട്. ഇനി നാം തമ്മിൽ കണ്ടെന്നു വരില്ല. എന്നാലും പരസ്പരം ഓർമ്മയിൽ ഒത്തുകൂടാം.

അതായിരുന്നു അവസാന കൂടിക്കാഴ്ച.

ഇപ്പോൾ എല്ലാം അവസാനിപ്പിച്ചിരിക്കുന്നു. ഒരു മഹായുദ്ധത്തിന്റെ പരിണത ഫലം ! മക്കളും ഭർത്താക്കന്മാരും സഹോദരന്മാരും അമ്മാവന്മാരും ഒക്കെ നഷ്ടപ്പെട്ടു കുറെ അബലകൾ മാത്രം ശേഷിച്ചു. അശരണരായ കുറെ സ്ത്രീകളുടെ രോദനം എങ്ങും കേൾക്കാം.

സുപ്രിയ അച്ഛന്റെ ഗൃഹത്തിലേക്ക് തിരിച്ചുപോയി. ഇനിയെന്തു ജീവിതം? എന്റെ കുഞ്ഞിനെ ഞാൻ സുരക്ഷിതമായ കൈകളിൽ എത്തിച്ചു. വിടപറയുമ്പോൾ കൃഷ്ണന്റെ വാക്കുകൾ–

പത്മേ, എനിക്കെല്ലാം അറിയാമായിരുന്നു. പക്ഷെ, കടമകളുടെ മുമ്പിൽ എല്ലാവരും നിസ്സഹായർ. ഈ ധർമ്മബോധം നമ്മെയെല്ലാവരേയും ദു:ഖിപ്പിക്കുന്നു.

ഞാൻ രണ്ടുപേരേയും തൊഴുതു. വാചാലമായ ഒരു മൗനത്തിലൂടെ വിടവാങ്ങി എന്റെ കുഞ്ഞ് അർജ്ജുനനെ കയ്യിൽ ഇരുന്നു ചിരിക്കുന്നു. എനിക്ക് ആശ്വാസവും വേദനയും തോന്നി.

ഇനി തിരിഞ്ഞു നോക്കേണ്ടതില്ല. എന്റെ അവസാനത്തെ കടമ. ഭർത്താവിന്റെ ചിത അതാണെന്റെ ലക്ഷ്യം.

ഈ ചിന്തകൾക്കിടയിലും ഞാനേറെ ദൂരം നടന്നു നീങ്ങിയിരിക്കുന്നു. വിശപ്പോ ദാഹമോ ക്ഷീണമോ ഇല്ല.

അതാ.... അങ്ങു ദൂരെ, ഒരു മെലിഞ്ഞ രൂപം. വെള്ളവസ്ത്രം ധരിച്ച ഒരു വൃദ്ധ അവർ എന്റെ അടുത്തേക്കാണ് വരുന്നത്.

'കുന്തീദേവി'

എന്റെ ശത്രു.

മകളേ, അവർ ഓടിവന്ന് എന്നെ ആലിംഗനം ചെയ്തു. എന്നോടു പൊറുക്കൂ. പൊറുക്കൂ.

അവർ കരഞ്ഞുകൊണ്ട് അപേക്ഷിച്ചു. എന്റെ മനസ്സിൽ ഒരായിരം ചോദ്യങ്ങൾ, വെറുപ്പിന്റെ, വിദ്വേഷത്തിന്റെ .......നിസ്സഹായതയുടെ.

നീയെന്നോടു പൊറുക്കണേ. ഞാനെന്നും നിന്നെ പുത്രവധുവായിട്ടേ കരുതിയിട്ടുള്ളൂ. നിസ്സഹായയായ ഈ വിധവയോട് പൊറുക്കണം മകളേ. ഇപ്പോൾ എനിക്ക് എന്റെ പുത്രനും നഷ്ടപ്പെട്ടിരിക്കുന്നു. നീ എന്നെ ശപിക്കരുതേ.

മഹാറാണി, എല്ലാ സ്ത്രീകളും അനാഥരും നിസ്സഹായരും ആണല്ലോ. നമുക്ക് പരസ്പരം മാപ്പു ചോദിക്കാം. മറ്റൊരു പോംവഴിയുമില്ല. എന്റെ കുഞ്ഞിനെ ഞാൻ കൃഷ്ണാർജ്ജുനന്മാരെ ഏല്പിച്ചിട്ടുണ്ട്. പിതൃകർമ്മം ചെയ്യാനെങ്കിലും ഒരു നാമ്പ് വേണ്ടേ?

അവനെയെങ്കിലും മഹാറാണി പേരക്കുട്ടികളുടെ കൂട്ടത്തിൽ ചേർക്കണേ. ഞാൻ എന്റെ ഭർത്താവിനെ അനുഗമിക്കുന്നു. പ്രയാഗയിൽ ആരെയും സംസ്കരിക്കാത്ത ആരും ചെന്നെത്തിയിട്ടില്ലാത്ത ഒരു പുണ്യഭൂമിയിലാണ് ചിത ഒരുക്കിയിട്ടുള്ളത്. എനിക്കവിടെയെത്തണം.

മകളേ....... എന്ന ദീനരോദനം ഒന്നിനും എന്നെ പിന്തിരിപ്പിക്കാനാവില്ല. മരണത്തിലെങ്കിലും ഞീനും എന്റെ ഭർത്താവും ഏകമനസ്സോടെ ഒരുമിക്കട്ടെ.

# ദുബായ്
## ആഘോഷങ്ങളുടെ ലോക തലസ്ഥാനം

**പി. രാമാനുജൻ**

1973 ൽ രൂപീകതമായ ഐക്യ അറബ് രാജ്യം (യു.എ.ഇ), അബുദാബി, ദുബായ്, ഷാർജ, റാസൽഖൈമ, അജ്മാൻ, ഫുജൈറ, ഉം അൽ ഖുവൈൻ എന്നീ ഏഴ് സ്വതന്ത്രരാജ്യങ്ങളുടെ ഒരു കൂട്ടായ്മയാണ്. ഓരോ രാജ്യത്തിനും പ്രത്യേകം ഭരണാധികാരികളും, ഭരണസംവിധാനവും ഉണ്ടെങ്കിലും യു. എ. ഇ യ്ക്ക് പൊതുവായി ഒരു രാഷ്ട്രപതി (പ്രസിഡന്റ്) യും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഭരണ സംവിധാനവുമുണ്ട്. യു. എ.ഇ യുടെ തലസ്ഥാനം അബുദാബിയും പ്രസിഡണ്ട് അബുദാബിയുടെ രാജാവുമാണ്. യു. എ.ഇ യുടെ സ്ഥാപക പ്രസിഡന്റ് തന്നെയും അബുദാബി ഭരണാധികാരി ആയിരുന്നു. നിലവിൽ, ദുബായിയുടെ ഭരണാധികാരിയായ ഷെയ്ക് മുഹമ്മദു തന്നെയാണ് യു. എ. ഇ യുടെ ഉപാദ്ധ്യക്ഷനും, പ്രധാനമന്ത്രിയും അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തതമൂലം, ആഗോളനിക്ഷേപകരെ സംബദ്ധിച്ചിടത്തോളം, ദുബായ്, പ്രഥമ പരിഗണനാ നഗരമായി തുടരുമ്പോൾ തന്നെ അവിടെ കുടുംബമായി സ്ഥിരതാമസം ഉറപ്പിക്കുന്ന കുടിയേറ്റക്കാരുടെ കാര്യത്തിലും ദുബായ് ഗണ്യമായ പുരോഗതി കൈവരിക്കുന്നുണ്ട്.

മനോഹരങ്ങളും, പുതുപുത്തൻ നിർമ്മാണശൈലി അവലംബിച്ചുള്ളതും ആയ കെട്ടിടനിർമ്മാണ രംഗത്തെ കുതിച്ചു കയറ്റവും, ഭരണകർത്താക്കളുടെ കലവറയില്ലാത്ത പ്രോത്സാഹനവും കൊണ്ട്, ഈ മേഖല, ഇപ്പോൾ യു. എ. ഇ യുടെ മൊത്ത ആഭ്യന്തര ഉത്പാദനമുല്യമായ 103 കോടി ഡോളറിന്റെ 7.2% വരെ എത്തി നിൽക്കുന്നുണ്ട്.

1960 ന് മുമ്പ് കേവലം ഒരു മരുഭൂമിയായിരുന്ന ദുബായ് അസൂയാവഹമായ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. ഇതേപ്പറ്റിയുള്ള ഒരു വിദേശ പത്രപ്രവർത്തകന്റെ ചോദ്യത്തിന് ഉത്തരമായി ദുബായ് ഭരണാധികാരിയായ ഷെയ്ക് മുഹമ്മദ് പറഞ്ഞത് എനിക്ക് ദുബായിയെ ലോകത്തിലെ തന്നെ ഒന്നാം സ്ഥാനത്തെത്തിക്കണം. എന്റെ രാജ്യത്തെ ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം, ആരോഗ്യം മെച്ചപ്പെട്ട ജീവിതരീതി എന്നിവയെല്ലാം ഉടനെത്തന്നെ (20 കൊല്ലം കഴിഞ്ഞിട്ടില്ല) പ്രദാനം ചെയ്യണം എന്നാണ്.

ഗൾഫ് രാജ്യങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായ പെട്രോളിയം ഉത്പന്നങ്ങളുടെ ഖനനത്തിൽ, ദുബായിക്ക് വലിയ സ്ഥാനമില്ല. (ജി.ഡി.പി.യുടെ 5% ത്തിൽ കുറവാണ്) എങ്കിലും വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുത്തുകൊണ്ട് വിദേശരാജ്യങ്ങളുടെ സംരംഭങ്ങളെ ആകർഷിക്കുവാനും, അവരുടെ വിവിധ പദ്ധതികളും സ്ഥാപനങ്ങളും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ദുബായ് ഭരണകൂടം പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. അതിന്റേതായ നേട്ടം അവർ കൈവരിച്ചിട്ടുണ്ട്. ഈ അടിസ്ഥാന സൗകര്യവികസനവും സന്ദർശകരെ ആകർഷിക്കത്തക്ക സംവിധാനങ്ങളും, സൗകര്യങ്ങളും തന്നെയാണ് ദുബായിയുടെ അസൂയാവഹമായ വളർച്ചയ്ക്ക് കാരണമായി ഭവിച്ചിട്ടുള്ളത്.

ദുബായ് ഒരു സ്വപ്നഭൂമിയും ഒരു വിനോദ സഞ്ചാര സങ്കേതവുമാണ് എന്നും. അവിടുത്തെ നിരന്തരമായ നിർമ്മാണ പ്രവർത്തനങ്ങളു, മറ്റു തൊഴിൽ സാദ്ധ്യതകളും തന്നെയാണ് മലയാളികളേയും അവിടേക്ക് ആകർഷിച്ചിട്ടുള്ളത്. മതിയായ യന്ത്രസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലം മുതൽക്കു തന്നെ, മലയാളികൾ ഗൾഫ് രാജ്യങ്ങളിലേക്ക് ജോലി തേടി പോയിരുന്നുവല്ലോ. പത്തേമാരിയിൽ കുത്തിനിറച്ച് കൊണ്ടു പോയി, ആൾപ്പാർപ്പില്ലാത്ത കടൽ തീരങ്ങളിൽ ഇറക്കി വിട്ട് അനധികൃതമായി അവിടെ ജോലി ചെയ്തിരുന്ന ധാരാളം മലയാളികൾ ഉണ്ടായിരുന്നു. കാലാകാലങ്ങളിൽ അവർക്ക് തിരിച്ചു വരാൻ സൗകര്യങ്ങൾ ഒരുക്കിയും, യാത്രാരേഖകൾ





(പാസ്പോർട്ട്, വിസ എന്നിവ) ശരിയാക്കാൻ അവസരങ്ങളും, അവധിയും നൽകിയും, അവിടുത്തെ ഭരണകൂടം, അവരെ സഹായിച്ചിട്ടുണ്ട്.

നമ്മുടെ തന്നെ മലയാള സിനിമകളായ ഗർഷോം, ഷാർജ ടു ഷാർജ, പെരുമഴക്കാലം, അറബിക്കഥ, ഗദ്ദാമ, വിസ, പത്തേമാരി എന്നിവയെല്ലാം പ്രവാസ കഥകളുടെ ആവിഷ്കാരമാണ്. അങ്ങിനെ ആദ്യം പത്തേമാരിയിലും, പിന്നീട് മുംബൈയിൽ നിന്ന് കപ്പൽമാർഗ്ഗമായും, അതിനുശേഷം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം തുടങ്ങിയതു മുതൽ അവിടെ നിന്ന് വിമാനം വഴിയും, ക്രമാനുഗതമായി കോഴിക്കോട്, കൊച്ചി, മംഗലാപുരം വിമാനത്താവളങ്ങൾ വഴിയും, അവസാനമായി കണ്ണൂർ വിമാനത്താവളം വഴിയും മലയാളികൾ ഗൾഫ് രാജ്യങ്ങളിലേക്ക് പ്രയാണം അനുസ്യൂതം തുടർന്നു വന്നു. ഇടക്കാലത്ത് ലോകത്താകമാനം സംഭവിച്ച സാമ്പത്തിക മാന്ദ്യത്തെ തുടർന്നും, ഗൾഫ് രാജ്യങ്ങളിലെ തന്നെ പൗരന്മാർക്ക് ജോലി സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന്റെയും അവർക്കു മാത്രമായി പല ജോലികളും പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി, വളരെയേറെ പേർക്ക് / തിരിച്ചു വരവിന്റെ പോംവഴി സ്വീകരിക്കേണ്ടി വന്നു. എങ്കിലും കേരളത്തിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിലും ജീവിത നിലവാരം ഉയർത്തുന്നതിലും നിർണ്ണായക പങ്ക് വഹിച്ചുകൊണ്ട്, ഇപ്പോഴും വളരെയേറെ പേർ ഗൾഫ് രാജ്യങ്ങളിലെ, വിശിഷ്യാ യു. എ. ഇ യിലെ - അതിൽ തന്നെ ദുബായിലെ പ്രവാസി ജീവിതം തുടർന്നു വരുന്നു.

ഔദ്യോഗിക സ്ഥലം മാറ്റത്തിന്റെ ഭാഗമായി മുംബൈയിൽ ജോലി ചെയ്തിരുന്ന എന്റെ മൂത്ത മകൻ 2002 ൽ ദുബായിൽ ജോലി സ്വീകരിച്ചു. 2019 വരെ കുടുംബസമേതം അവിടെ തുടരുകയും ചെയ്തു. അവൻ ഏർപ്പാടാക്കിയ സന്ദർശക വിസയുടെ അടിസ്ഥാനത്തിൽ ഞാനും ഭാര്യയും, നാലഞ്ചു തവണ ദുബായിൽ പോയി. 2 മാസത്തോളം വീതം താമസിക്കുകയും ചെയ്തിട്ടുണ്ട്. 2002- 2003 ലെ ആദ്യത്തെ യാത്രയിൽ, ഇടയ്ക്ക് താമസതുടർച്ച ഒഴിവാക്കാൻ 2 ദിവസത്തേക്ക് ഒമാനിലെ മസ്ക്കറ്റിൽ പോയി വന്നുകൊണ്ട് ഏതാണ്ട് 5 മാസത്തോളം തന്നെ താമസിക്കുകയും ചെയ്തിട്ടുണ്ട്.

ഏറ്റവും അവസാനമായി പോയത് 2019 ആഗസ്റ്റ് 28 ാം തീയതി എന്നാൽ ഓരോ പ്രാവശ്യം പോകുമ്പോഴും ദുബായ് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പുതിയ പദ്ധതികൾ, മാളുകൾ, പരിഷ്കാരങ്ങൾ, അടിസ്ഥാന സൗകര്യവികസനം എന്നീ കാര്യങ്ങളിലെല്ലാം നിരന്തരമായി ശ്രദ്ധിക്കുകയും നവംനവങ്ങളായ ആശയങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുന്ന ദുബായ് സന്ദർശകർക്ക് കാഴ്ച വിരുന്നുകൾ ഒരുക്കുന്നതിലും സൗകര്യങ്ങൽ വർദ്ധിപ്പിക്കുന്നതിലും സദാ ജാഗരൂകരാണ്. ഊർജസ്വലനും കർമ്മകുശനുമായ അവിടുത്തെ ഭരണാധികാരി തന്നെ പറയാറുണ്ടത്രെ. പുരോഗമന ആശയങ്ങളുടെ സ്വപ്നങ്ങളുടെ കാര്യത്തിൽ സമയബന്ധിതമായി അവ പ്രാവർത്തികമാക്കുവാനുള്ള ഇച്ഛാശക്തിയും, കർമ്മശേഷിയും, സാമ്പത്തിക സ്ഥിതിയും ഉള്ളപ്പോൾ വലിയ, വലിയ സ്വപ്നങ്ങൾ കാണുന്നതിൽ എന്താണ് തെറ്റ് എന്ന്. അത്തരം സ്വപ്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും അദ്ദേഹം ജാഗരൂകനാണ്.

### പ്രധാന സന്ദർശന/ ആകർഷണ കേന്ദ്രങ്ങൾ

അതിന്റെ ഫലമായി തന്നെയാണ്, വ്യത്യസ്ത ആകൃതിയിലും വലിപ്പത്തിലും ഉള്ളതും വൈവിധ്യപൂർണ്ണവുമായ മാളുകൾ, തദ്ദേശീയരുടെയും പ്രവാസികളുടെയും സന്ദർശകരുടെയും ആകർഷണ കേന്ദ്രങ്ങളായി തീരുന്നത്. അവിടുത്തെ പ്രധാനപ്പെട്ട മാളുകളാണ് സിറ്റി സെന്റർ (ദെയ്റ, മിർഡിഫ് -1995), ദുബായ് മാൾ, മാൾഓഫ് എമിറേറ്റ്സ്, ഇബൻ ബത്തൂത്ത മാൾ, വാഫിമാൾ (ഈജിപ്ഷ്യൻ പിരമിഡുകളുടെ മാതൃകയിൽ), മെർക്കാറ്റ മാൾ എന്നിവ. ലോകത്തിൽ ഏറ്റവുമധികം സന്ദർശകരെത്തുന്ന സ്ഥലമാണ് ദുബായ് മാൾ (3,50, 000 m2) അവിടുത്തെ ഒരു പ്രധാന ആകർഷണാകേന്ദ്രം, ലോകത്തിലെ തന്നെ ഏറ്റവും വലിയ ടവർ ആയ ബുർജ് ഖലീഫ (830 മീറ്റർ ഉയരം) ആണ്. അതിന്റെ ഏതാനും ഉയരംവരെ സന്ദർശകർക്ക് പോകാൻ അനുമതിയുണ്ട്. മുൻകൂട്ടി നിശ്ചയിച്ച സമയങ്ങളിൽ, നിർദ്ദിഷ്ട ഫീസ് കൊടുത്ത് കൊണ്ട്, ഒരേ സമയത്ത് നിയന്ത്രിത എണ്ണം സന്ദർശകരെ മാത്രം അനുവദിക്കുന്ന രീതിയിലാണ് സന്ദർശനം ക്രമീകരിച്ചിട്ടുള്ളത്.

### ബുർജ് ഖലീഫ

ലോകത്തിലെ തന്നെ ഏറ്റവും ഉയരം (830 മീറ്റർ) കൂടിയ ദുബായിയുടെ അഭിമാനഗോപുരമായ 150 കോടി യു. എസ്. ഡോളർ ചിലവിൽ 2010 ഉദ്ഘാടനം ചെയ്ത ബുർജ് ഖലീഫ, 163 നിലകളുള്ള ആകാശചുംബിയായ ഒരു ഗോപുരമാണ്. രാത്രി വെളിച്ചത്തിലും, പ്രഭാത സൂര്യന്റെ പ്രകാശത്തിലും ആ ഗോപുര മുകളിൽ നിന്ന് താഴെയും ചുറ്റിലുമുള്ള കാഴ്ചകൾ കണ്ടും ആസ്വദിക്കത്തക്കവണ്ണം പുലർച്ചെ

5.30 നാണ് ഞങ്ങൾ അവിടം സന്ദർശിച്ചത്.

**പനമരദ്വീപ്**

ദുബായിലെ മറ്റൊരു പ്രധാന ആകർഷണകേന്ദ്രം മാത്രമല്ല, നിർമ്മാണവൈദഗ്ദ്ധ്യത്തിന്റെ നേർക്കാഴ്ചയും കൂടിയാണ് കടൽ നികത്തി കൃത്രിമമായി സൃഷ്ടിച്ച പനമരത്തിന്റെ ആകൃതിയിലുള്ള വിശാലമായ ഈ ദ്വീപ്. 2001 ൽ നിർമ്മാണം ആരംഭിച്ചു ഏതാണ്ട് 6 വർഷം കൊണ്ടു പൂർത്തിയാക്കി. 12 കോടി ഡോളർ ചെലവിൽ 5.5 ദശലക്ഷം ക്യൂബിക് മീറ്റർ പാറയും, കടലിൽ നിന്നു ഖനനം ചെയ്തെടുത്ത 94 ദശലക്ഷം ക്യൂബിക് മീറ്റർ മണ്ണും ഇതിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചു. മാത്രമല്ല, ദുബായിയുടെ തന്നെ പ്രത്യേകതയായ പനമരത്തിന്റെ ആകൃതിയിൽ (ഒരു തടിയും നിരവധി ഇലകളുമായി) നിർമ്മിച്ചിട്ടുള്ള ഈ ദ്വീപിൽ 1500 കടലോര വാണിജ്യ കെട്ടിടങ്ങളും, 6000 പാർപ്പിട സമുച്ചയങ്ങളും കൂടാതെ അറ്റ്ലാന്റിസ് എന്നൊരു വലിയ ഹോട്ടൽ സമുച്ചയവും പിന്നീട് നിർമ്മിച്ചിട്ടുണ്ട്. ഈ ദ്വീപിലേക്ക് കടലിനടിയിലുള്ള ടണൽ വഴി റോഡ് മാർഗ്ഗമായും, മുകളിലെ മോണോ റെയിൽ തീവണ്ടി മുഖേനെയും ദ്വീപുനിവാസികൾക്കും സഞ്ചാരികൾക്കും എത്തിച്ചേരാൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**ദുബായ് വിസ്മയ പൂന്തോട്ടം**

2013 ലെ വാലന്റയിൻ ദിനത്തിലാണ്, നയനമനോഹരമായ ഈ പൂന്തോട്ടം സന്ദർശകർക്കു മുമ്പിൽ വിസ്മയ കാഴ്ചകൾ ഒരുക്കി തുറന്നുകൊടുത്തത്. 7200 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ പരന്നു കിടക്കുന്ന ഈ നയന വിസ്മയം, ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്വാഭാവിക പുഷ്പങ്ങളുടെ ശേഖരമാണ്. 250 ദശലക്ഷം ചെടികളും, 50 ദശലക്ഷം വ്യത്യസ്ത വർണ്ണങ്ങളിലും വലിപ്പത്തിലുമുള്ള പൂക്കളും കൊണ്ട് അത്യാകർഷകമായ രൂപഭംഗിയിൽ, വിവിധങ്ങളായ മനം മയക്കുന്ന കാഴ്ച വിരുന്നാണ് ഈ പൂന്തോട്ടം നമുക്ക് മുന്നിൽ അനാവൃതമാക്കുന്നത്.

**കൃത്രിമ ജലപാതകൾ**

കടൽ നികത്തി കര ഉണ്ടാക്കുകയും, അവിടെ രമ്യഹർമ്മങ്ങൾ പണിയുകയും ചെയ്തതിനുശേഷം, ദുബായ് ഭരണകൂടം ഏറ്റെടുത്ത മറ്റൊരു വിസ്മയ നിർമ്മാണം, കരഭാഗത്തു കൂടെ കൃത്രിമമായി ജലപാതകൾ നിർമ്മിക്കുകയെന്ന ദൗത്യമായിരുന്നു. 2013 ഒക്ടോബറിൽ ആരംഭിച്ചതും, ലോകത്തിലെ തന്നെ ഏറ്റവും നല്ല കൃത്രിമജലപാതയുമായ ഈ നൂതന സംരംഭം, 2016 നവംബറിൽ പൂർത്തികരിച്ചു. മൂന്നു കിലോമീറ്റർ നീളത്തിലുള്ള ഈ ജലപാതയോടനുബന്ധമായി, 4 ഹോട്ടലുകളും ഒരു വാണിജ്യകേന്ദ്രവും 450 റെസ്റ്റോറന്റുകളും , സൈക്കിൾ സവാരിക്കുള്ള ഇടവും നടപ്പാതകളും ഉണ്ട്. 6 മീറ്റർ ആഴവും 80 –120 മീറ്റർ വീതിയും ഉള്ള ഈ ജലപാതയിൽ കൂടി ബോട്ടിൽ സഞ്ചരിക്കുവാനുള്ള സൗകര്യവും ഉണ്ട്.

**ദുബായ് ഫ്രെയിം**

ഒരു ഫോട്ടോ ഫ്രെയിമിന്റെ ആകൃതിയിൽ, സബീൽ പാർക്കിൽ പണിതുയർത്തിയ മനോഹര സൗധമാണ് ദുബായിലെ ഏറ്റവും പുതിയ ആകർഷണ കേന്ദ്രം. 150 മീറ്റർ ഉയരത്തിലുള്ള ഈ സൗധം, 2018 ജനുവരി ഒന്നാം തീയതിയാണ് ഉദ്ഘാടനം ചെയ്തത്. 23 കോടി ദിർഹം ചെലവിൽ നിർമ്മിച്ച ഈ സൗധത്തിന്റെ ഒരു വശത്തു കൂടി സന്ദർശകർക്ക് മുകളിലേക്ക് പോകാനും മറുവശത്തു കൂടി ഇറങ്ങിവരാനും ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുകളിലേക്ക് പോകുന്ന വഴിയിൽ, ഇപ്പോഴത്തെ ദുബായിയുടെ ചരിത്രവും, തിരിച്ചു വരുമ്പോൾ ദുബായിയുടെ ഭാവിയിലെ വികസന സങ്കല്പങ്ങളും വിവരിക്കുന്ന വീഡിയോ ദൃശ്യങ്ങൾ ഒരുക്കിയിട്ടുണ്ട്. രണ്ടു വശങ്ങളിലെ സ്തൂപസമാനമായ ഭാഗങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള മുകളിലെ പാലം പോലെയുള്ള ഭാഗത്തിന്റെ മദ്ധ്യത്തിൽ, രണ്ടു നിരയിലായി കട്ടിയുള്ള ചില്ലുകൊണ്ടാണ് നടപ്പാത ഉണ്ടാക്കിയിരിക്കുന്നത്. അതിലൂടെ നടക്കുമ്പോൾ 150 മീറ്റർ താഴെയുള്ള ഭൂമിയിലെ കാഴ്ചകൾ കാണാൻ സൗകര്യത്തിന് അങ്ങിനെ ചെയ്തിരിക്കുന്നത്. അതിൽ കൂടി നടക്കാൻ ഭയമുള്ളവർക്ക് ആ ചില്ലുപാലത്തിന്റെ ഇരുവശങ്ങളിലുമുള്ള സാധാരണ നടപ്പാതകളിൽ കൂടി നടന്ന് ഇരുവശത്തുമുള്ള ദുബായിയുടെ ദൃശ്യവിസ്മയം ആസ്വദിക്കുകയും ചെയ്യാം.

അതിനിടയ്ക്ക് ദുബായ് ഫ്രെയിമിന്റെ മാതൃകയിലുള്ള, താരതമ്യേന ചെറിയ ഫ്രെയിമുകൾക്കുള്ളിൽ സ്വന്തം പ്രതിബിംബം വരത്തക്കരീതിയിൽ, നമുക്ക് സ്വന്തം ഫോട്ടോ എടുക്കാനുള്ള സൗകര്യവും ഉണ്ട്. നിരവധി സന്ദർശകർ വന്നു പോകുന്ന ഒരു ആകർഷണ കേന്ദ്രമാണത്.

**ബജറ്റ് :** 2020 വികസനത്തിന്റെ ഒരു പുതിയ ദശാബ്ദത്തിന് തുടക്കം കുറിക്കും എന്ന് പ്രഖ്യാപിച്ചുകൊണ്ട് യു. എ.ഇ യുടെ ചരിത്രത്തിലെ എക്കാലത്തേയും ഉയർന്ന തുകയായ 61.3 ശതകോടി ദർഹത്തിന്റെ ബജറ്റാണ്, ഷെയ്ക് മുഹമ്മദ് ബിൻ റഷീദ് എന്ന ഭരണാധികാരി പ്രഖ്യാപിച്ചത്. അതിൽ തന്നെ





23 ശതകോടി ദർഹം സർക്കാരിന്റെ ഭരണച്ചെലവിനും 2.67 ശതകോടി ദർഹം സാമൂഹ്യവികസനത്തിനും സാമൂഹ്യനന്മയ്ക്കായുള്ള പദ്ധതികൾക്കും വേണ്ടിയും, 10.4 ശതകോടി ദർഹം, പൊതു, ഉന്നത, സർവ്വകലാശാല വിദ്യാഭ്യാസ പദ്ധതികൾക്കും വേണ്ടിയാണ് നീക്കി വെച്ചിട്ടുള്ളത്.

**പുസ്തകോത്സവം :** പതിവായി എല്ലാ വർഷവും നടക്കാറുള്ള ഒരു ബൃഹത് പരിപാടിയായ ഷാർജാ അന്താരാഷ്ട്ര പുസ്തകോത്സവം നടന്നത് ഞങ്ങളുടെ സന്ദർശന വേളയിലായിരുന്നു. 2019 ഒക്ടോബർ 30 മുതൽ നവംബർ 9 വരെ നടന്ന 38 –ാമത്തെ ആ പുസ്തോകത്സവത്തിൽ 81 രാജ്യങ്ങളിൽ നിന്നായി 2000 പുസ്തകപ്രസാധകരാണ് പങ്കെടുത്തത്. തുറന്ന പുസ്തകങ്ങൾ, തുറന്ന മനസ്സുകൾ എന്നതായിരുന്നു ഈ പുസ്തകോത്സവത്തിന്റെ പ്രമേയം. അതിൽ പങ്കെടുത്ത വിശിഷ്ടാതിഥികളുടെ കൂട്ടത്തിൽ, അമേരിക്കയിൽ നിന്നുള്ള സ്റ്റീവ് ഹാർവി, 2006 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനാർഹയായ ആദ്യത്തെ തുർക്കി നോവലിസ്റ്റ് ഓർഹൻ പമുക് എന്നിവരും, ഇന്ത്യയിൽ നിന്ന് അനിതാ നായർ, സംവിധായകനും ഗാനരചയിതാവുമായ ഗുൽസാർ എന്നിവരും ഉണ്ടായിരുന്നു.

ഇന്ത്യയിൽ നിന്നുള്ള പ്രസാധകരുടേയും, പുസ്തകശാലക്കാരുടേയും കൂട്ടത്തിൽ, നാഷണൽ ബുക്ക് ട്രസ്റ്റ്, മാതൃഭൂമി ബുക്സ്, കൈരളി ബുക്സ്, ലിപി പബ്ലിക്കേഷൻസ്, കറന്റ് ബുക്സ്, ഡി.സി. ബുക്സ്, പൂർണ്ണ പബ്ലിക്കേഷൻസ്, സാഹിത്യ അക്കാദമി, എച്ച് & സി. പബ്ലിഷിംഗ് ഹൗസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവരുടെ സാന്നിദ്ധ്യം സവിശേഷ ശ്രദ്ധ ആകർഷിച്ചു.

ആ പുസ്തകോത്സവത്തിൽ വെച്ച് പ്രകാശനം നിർവ്വഹിച്ച പുസ്തകങ്ങളുടെ കൂട്ടത്തിൽ, ഉമ്പായി – നിലക്കാത്ത രാഗമാലിക, കേരള സ്പീക്കർ ശ്രീ. പി. രാമകൃഷ്ണന്റെ നവോത്ഥാനം, നവജനാധിപത്യം, നവകേരളം, സിനിമാനടൻ സിദ്ധിക്കിന്റെ അഭിനയമറിയാതെ, ശ്രീ. ബിനോയ് വിശ്വം, എം.പി യുടെ ഇനിയും പറയാനുണ്ട്, ശിഹാബുദ്ദീൻ പൊയ്തുംകടവിന്റെ ഭാഗ്യരേഖ, കെ. പി. സുധീരയുടെ എന്റെ പ്രണയകഥകൾ, പ്രണയഋതു എന്നിവ ഉൾപ്പെടുന്നു. യു.എ.ഇ യിലെ ഇന്ത്യൻ അംബാസിഡറായിരുന്ന ശ്രീ. നവദീപ്സിങ് സൂരി, സ്ഥാനമൊഴിയുന്നതിനു മുമ്പ്, തന്റെ മുത്തച്ഛനായ ശ്രീ. നാനാക് സിങ്, ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെ ആസ്പദമാക്കി പഞ്ചാബിഭാഷയിൽ രചിച്ച ഖൂനി വൈശാഖിയുടെ ആംഗലപരിഭാഷയും ഈ അവസരത്തിൽ പ്രകാശനം ചെയ്തു.

**മിന്നിത്തിളങ്ങുന്ന പൂന്തോട്ടം**

സബീൽ പാർക്കിൽ, ലോകത്തിലെ തന്നെ വ്യത്യസ്തമായ കരവിരുതും, ആശയാവിഷ്കാരവും, കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവിസ്മയങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു ദൃശ്യവിരുന്നാണ് ഈ മിന്നും പൂന്തോട്ടം കാഴ്ച വെയ്ക്കുന്നത്.

(തുടരും)

---

**ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളു,മരനിറയെ-**
**ക്കിങ്ങിണിപ്പൊന്നരഞ്ഞാ –**
**ണുണ്ണിക്കൈകൊണ്ടു താളങ്ങളു,മണിമുടിയിൽ**
**പിഞ്ഛവും കൊഞ്ചൽ വായ്പും ;**
**ഉണ്ണിക്കണ്ണന്റെ പൂമെയ് കുഴൽ വിളിയുമടു-**
**ത്തുള്ള ചിൽപ്പിള്ളരും മേ**
**കണ്ണിൽക്കാണുന്നപോലെ മനതളിരിലുദി-**
**ക്കേണമോർക്കുമ്പൊഴെല്ലാം.**

*പൂന്താനം – ശ്രീകൃഷ്ണകർണ്ണാമൃതം*

ഉണ്ണിക്കാൽക്കൊണ്ടു നൃത്തങ്ങളും അരയിൽ നിറയെ കിങ്ങിണികളുള്ള പൊന്നരഞ്ഞാണവും ഉണ്ണിക്കൈകൊണ്ടു താളംകൊട്ടലും മനോഹരമായ തലമുടിയിൽ മയിൽപ്പീലിയും കൊഞ്ചലിന്റെ ആധിക്യവും ഉണ്ണിക്കണ്ണന്റെ പൂമേനിയും ഓടക്കുഴൽ വിളിയും അടുത്തുള്ള കുട്ടികളും കണ്ണു കൊണ്ടു നേരിട്ടു കാണുന്നതുപോലെ എപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞു കാണണം.

# അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ

## കരുതലോടെയിരിക്കുക!



എൻ. രാജശേഖരൻ . ഫോൺ 8589090719

കാലാവസ്ഥ വ്യതിയാനത്തിന്റെ സുവ്യക്തമായ സൂചനകൾ ഭൂമിയിൽ കാണാൻ തുടങ്ങിയിട്ട് നാളുകളായി. വെള്ളപ്പൊക്കമൊ, ഭൂമിക്കുലുക്കമൊ, മഹാമാരികളോ വരുമ്പോൾ മാത്രമെ നാം കാലാവസ്ഥാ വ്യതിയാനങ്ങളെപ്പറ്റി ചിന്തിക്കാറുള്ളു. കുറച്ചു ദിവസത്തെ ചർച്ചയിലൊതുങ്ങും കാര്യങ്ങൾ. എന്നാൽ, ആഗോള താപനവും കാലാവസ്ഥാ വ്യതിയാനങ്ങളും ഭൂമിയിൽ സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ സംഭ്രമജനകമാണ്, അക്ഷരാർത്ഥത്തിൽ തന്നെ നടുക്കുന്നതുമാണ്.

മഹാമാരികൾ, വെള്ളപ്പൊക്കം, വരൾച്ച, ചുഴലികൊടുങ്കാറ്റുകൾ, ഉഷ്ണക്കാറ്റ്, ജലദൗർലഭ്യം, മേഘവിസ്ഫോടനം എന്നിവ അതീവ തീവ്രതയോടെ എത്തുകയാണ് വരുംനാളുകളിൽ. ഈ ഭയാനകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന സമസ്ത പ്രതിഭാസങ്ങളുടെയും പിന്നിൽ ആഗോളതാപനം തന്നെയാണുള്ളത്. ആഗോള താപനം കാലാവസ്ഥയെ സംപൂർണ്ണമായി മാറ്റിക്കൊണ്ടിരിക്കുകയാണ്. എന്താണ് ഈ ആഗോളതാപനം ആരാണ് ഇതിന്റെ പിന്നിൽ? നമുക്ക് വിശദമായി പരിശോധിക്കാം.

വിഷയത്തിലേക്ക് കടക്കും മുമ്പായി നമുക്ക് അല്പം പിന്തിരിഞ്ഞ് നോക്കേണ്ടതാണ്. ഈ മഹാപ്രപഞ്ചത്തിൽ ജീവന് അനുകൂല ചുറ്റുപാടുകളുള്ള ഒരേ ഒരു ഗ്രഹം ഭൂമി മാത്രമാണ്. ഭൂമിക്ക് 4600 മില്യൻ വർഷങ്ങളുടെ പഴക്കമുണ്ട്. പ്രാരംഭത്തിൽ ചുട്ടുപഴുത്തിരുന്ന ഭൂമി കോടിക്കണക്കിന് വർഷങ്ങൾ കൊണ്ട് എത്രയോ മാറ്റങ്ങൾക്ക് വിധേയമായിട്ടാണ് ഈ നിലയിൽ എത്തിച്ചേർന്നത്. ഭൂമിയുടെ അന്തർഭാഗമാകട്ടെ നിതാന്തമായി ഇളകി മറിഞ്ഞുകൊണ്ടേയിരിക്കുന്നു. ഭൂമിക്ക് 29% മാത്രമേ കരയുള്ളൂ. ബാക്കി മുഴുവൻ തന്നെ സമുദ്രങ്ങളാണ്. ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായ ജലം, ഓക്സിജൻ എന്നിവ ഭൂമിയിൽ മാത്രമാണുള്ളത്. വൻകരകളെ 150 മീറ്റർ കനത്തിൽ മൂടാൻ കഴിയുന്നത്ര ഉപ്പ് സമുദ്രങ്ങളിലുണ്ട്. സൂര്യന്റെ പ്രകാശവും, ചൂടും ഉള്ളതിനാലാണ് നമ്മുടെ ജീവൻ നിലനിൽക്കുന്നത്.

ഭൂമി സൂര്യനുമായി കുറച്ച് കൂടി അടുത്തായിരുന്നെങ്കിൽ ചൂടിന്റെ ആധിക്യത്താൽ ജീവൻ നിലനിൽക്കുമായിരുന്നില്ല. അതുപോലെ സൂര്യൻ ഭൂമിയിൽ നിന്ന് കുറച്ചുകൂടി അകലത്തായിരുന്നെങ്കിൽ ജീവിതം അസാദ്ധ്യമാകുമായിരുന്നു. സൂര്യനും, ഭൂമിയും തമ്മിലുള്ള അകലം എത്ര കൃത്യമായാണ് സ്ഥിതി ചെയ്യുന്നതെന്ന് ഒരു നിമിഷം ചിന്തിച്ച് നോക്കൂ! ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രകൃതി ഒരുക്കി തന്നിരിക്കുന്നതെന്ന് ആലോചിക്കേണ്ട വിഷയം തന്നെയാണ്.

നാല് പാളികളായി അന്തരീക്ഷ വാതകങ്ങൾ കൊണ്ട് ഭൂമിയെ പൊതിയപ്പെട്ടിരിക്കുന്നു. ഭൂമിയുടെ അന്തർഭാഗമാകട്ടെ നാല് തരം പാളികളാൽ നിർമ്മിക്കപ്പെട്ടവയാണ്. ഏറ്റവും ഉള്ളിൽ ഖരാവസ്ഥയിലുള്ള അകം കാതൽ (Inner Core) അതിന് പുറമേ ദ്രാവകാവസ്ഥയിലുള്ള പുറം കാതൽ (Outer Core) പിന്നത്തെ പാളി ഖരാവസ്ഥയിലുള്ള മാന്റിൽ (Mantle). ഏറ്റവും പുറമേയുള്ള ഭാഗം കട്ടികുറഞ്ഞ ഭൂവൽക്കം. ഭൂഖണ്ഡങ്ങളിൽ നിന്ന് 40 കിലോമീറ്ററും, സമുദ്രത്തിൽ നിന്ന് 5 കിലോമീറ്ററും അടിയിലുള്ള പുറംതോടാണ് ഭൂമിയുടെ ഉപരിതലം.

സൂര്യനിൽ നിന്നെത്തുന്ന അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞു നിർത്തി മനുഷ്യനെയും ഭൂമിയിലുള്ള മുഴുവൻ ജീവജാലങ്ങളെയും രക്ഷിക്കുന്നത് ഓസോൺ പാളികളാണ്. ഭൂമിയുടെ പിറവിക്കുശേഷം പിന്നെയും 100 കോടിവർഷങ്ങൾക്ക് ശേഷമാണ്, ഭൂമിയിൽ ജീവൻ രൂപം കൊണ്ടത്. നാം ഇന്ന് കാണുന്ന മനുഷ്യന്റെ ഭൂമിയിലേക്കുള്ള വരവ് ഉണ്ടായിട്ട് 2 ലക്ഷം വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ. 12.5 ലക്ഷം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഹോമോസാപ്പിയൻസ് നിയാണ്ടർ താലൻസിസ് (Homosapianiens Neanderthaliensis) എന്ന വർഗ്ഗമാണ് മനുഷ്യന്റെ തൊട്ടുമുമ്പുള്ള ജീവികൾ, തികഞ്ഞ അപരിഷ്കൃത ജീവിതമാണ് മനുഷ്യൻ തുടക്കത്തിൽ പുലർത്തിയത്. തലച്ചോറിന്റെ വികാസമാണ് മറ്റ് ജീവികളുടെ മേൽ ആധിപത്യം പുലർത്താൻ മനുഷ്യനെ പ്രാപ്തനാക്കിയത്.

ഇപ്പോൾപോലും മറ്റ് ജീവികളെ അപേക്ഷിച്ചു ഒട്ടേറെ പരിമിതികളുണ്ട് മനുഷ്യന്. കുതിരയെപ്പോലെ ഓടാൻ മനുഷ്യന് കഴിയില്ല. പട്ടിയുടെ ഘ്രാണശക്തി മനുഷ്യന് ഇല്ല. വവ്വാലിന്റെ ശ്രവണശക്തിയുടെ അടുത്തെത്താൻ പോലും മനുഷ്യന് ആവില്ല. ദൃശ്യപ്രകാശം മാത്രമേ കാണാൻ മനുഷ്യന് കഴിയുന്നുള്ളൂ. എന്നാൽ മുകളിൽ പറഞ്ഞ പരിമിതികളെ അതിജീവിക്കാൻ മനുഷ്യൻ ആധുനിക ഉപകരണങ്ങൾ നിർമ്മിക്കുകയാണ് ചെയ്തത്.

പ്രകൃതിയിന്മേലുള്ള മനുഷ്യന്റെ ആക്രമിച്ചുള്ള കടന്നു കയറ്റം ആരംഭിച്ചത് വ്യവസായ വിപ്ലവത്തോടെയാണ്. കാടുകളെല്ലാം വെട്ടിത്തെളിച്ച് ആന്തരീക്ഷമാകെ മലിനപ്പെടുത്തിക്കൊണ്ട് മനുഷ്യൻ നടത്തിയ പ്രവർത്തികൾ പ്രാരംഭഘട്ടത്തിൽ ഭക്ഷണത്തിനും പാർപ്പിടത്തിനും വേണ്ടിയായിരുന്നുവെങ്കിൽ പിന്നെ പിന്നെ പ്രകൃതിയെ ആകമാനം മലിനപ്പെടുത്തിക്കൊണ്ടുള്ള ഭ്രാന്ത് പിടിച്ച ജൈത്രയാത്രയായിരുന്നു. ഫോസിൽ ഇന്ധനങ്ങളുടെ വഴി വിട്ട ഉപയോഗം, ആവശ്യത്തിൽ കൂടുതലായുള്ള ഉപഭോഗവസ്തുക്കളുടെ ഉത്പാദനം അതിൽ നിന്നുള്ള ലാഭത്തിന്മേലുള്ള അത്യാർത്തിയുമാണ് മനുഷ്യനെ തികച്ചും അന്ധനാക്കി തീർക്കുകയും ചെയ്തത്. പ്രകൃതിക്കു സഹിക്കാൻ കഴിയാവുന്നതിൽ കൂടുതലുള്ള അന്തരീക്ഷ മലിനീകരണം സംഭവിക്കാൻ തുടങ്ങിയത് അങ്ങനെയാണ്.

### പരിസ്ഥിതി

ഈ ഭൂമിയിൽ മനുഷ്യർ മാത്രമല്ല കോടാനുകോടി ജീവജാലങ്ങൾ ഒരുമിച്ച് സന്തോഷത്തോടെയാണ് കഴിഞ്ഞു വന്നിരുന്നത്. ഇതിനിടയിൽ കൊന്നും തിന്നും, വഴക്കടിച്ചും കളിച്ചുമാണ് അവർ ജീവിച്ചത്. ഇങ്ങനെയുള്ള ഒരു സന്തുലിതാവസ്ഥ ഇവിടെ നിലനിന്നിരുന്നു എന്നത് ഒരു സത്യമാണ്. എന്നാൽ ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ നശിപ്പിക്കാൻ ശ്രമിച്ചാൽ അതോടെ ആ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരികയായി. തണ്ണീർ തടങ്ങൾ, തടാകങ്ങൾ, കുളം, കുന്നുകൾ, നദികൾ, കായൽ, കടൽ, ചതുപ്പുനിലങ്ങൾ ഇവയെല്ലാം ചേർന്ന് ഒരു ആവാസവ്യവസ്ഥ ഉണ്ടായിരുന്നു. സമസ്ത ജീവജാലങ്ങളുമടങ്ങിയ ഒരു ജൈവസമൂഹമുണ്ട്. ഇതിനെല്ലാം പുറമേ കാലാവസ്ഥ, ഭൂമിയുടെ ഉയരം, പ്രകാശം എന്നിവയടങ്ങിയ ഒരു അജൈവ പരിസ്ഥിതിയുണ്ട്. എല്ലാ ആവാസവ്യവസ്ഥകളിലും സസ്യങ്ങളിൽ നിന്നാരംഭിക്കുന്ന പല ഭക്ഷ്യശൃംഘലകൾ (Food Chains) ഉണ്ട്. ഇങ്ങനെ വിവിധ തരം ജീവികൾ പരസ്പരം ആശ്രയിച്ച് ജീവിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണ് പരിതസ്ഥിതിയിലെ സമതുലിതാവസ്ഥ. ജൈവവൈവിധ്യം ഓരോ ആവാസവ്യവസ്ഥയിലും വ്യത്യസ്തമായിരിക്കും. ഉദാഹരണമായി കാട്ടിൽ കാണുന്ന ജൈവവൈവിധ്യമല്ല നാട്ടിലേത്. നമ്മുടെ രാജ്യം തന്നെയെടുക്കാം. ഹിമാലയം മുതൽ കന്യാകുമാരി വരെ എത്രയെത്ര സസ്യജാലങ്ങളുണ്ട്? എത്ര മൃഗവംശങ്ങളുണ്ട്? എന്നാൽ ഇതിൽ ഒരു വംശം ക്രമാതീതമായി വർദ്ധിക്കുമ്പോഴാണ് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഇപ്രകാരം, യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെ ക്രമാതീതമായ വളർന്ന് പെരുകിയ ഒരു ജീവിയാണ് മനുഷ്യൻ.

ലോകത്തിലെ ഏറ്റവുമധികം ജൈവവൈവിധ്യമുള്ള 12 രാജ്യങ്ങളിൽ ഒന്നാണ് നമ്മുടെ ഭാരതം. എല്ലാവരുടെയും ന്യായമായ ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളുടെ വൈവിധ്യമാർന്ന ഒരു കലവറ തന്നെ നമ്മുടെ ഭൂമിയിലുണ്ട്. സസ്യങ്ങളുടെ മേലുള്ള മനുഷ്യന്റെ ആശ്രിതത്വം അനിവാര്യമാണ്. 47000 -ൽ പരം സസ്യജനുസ്സുകൾ ഭാരതത്തിലുണ്ട്. ഇപ്പോഴും പുതിയവ കണ്ടെത്തികൊണ്ടിരിക്കുന്നു.ഭാരതത്തിലെ 47000-ൽപപരം സസ്യജനുസ്സുകളിൽ 8000-ൽപ്പരവും ഔഷധഗുണമുള്ള സസ്യങ്ങളാണ്. ഇതിൽ തന്നെ 800 -ൽപ്പരം സസ്യജനുസ്സുകൾ ഔഷധനിർമ്മാണത്തിന് ഉപയോഗിക്കുന്നവയാണ്. ഡോക്ടർമാർ നിർദ്ദേശിക്കുന്ന 20% മരുന്നുകളും സസ്യങ്ങളിൽ നിന്നാണ് നിർമ്മിക്കുന്നത്.

എന്നാൽ പ്രകൃതിയിലെ സമസ്തജീവജാലങ്ങളും തനിക്ക് മാത്രം അവകാശപ്പെട്ടതാണെന്നുള്ള മനുഷ്യന്റെ തെറ്റായ ധാരണയും, പിടിവാശിയുമാണ് ഈ കുഴപ്പങ്ങൾക്കെല്ലാം മൂലകാരണം ഈ ദുഷിച്ച് നാറിയ ചിന്താഗതി എന്നു മുതൽക്കാണോ മനുഷ്യമനസ്സുകളിൽ കടന്ന് കൂടിയത് അന്ന് മുതൽക്ക് സന്തുലിതാവസ്ഥയ്ക്ക് ഭംഗം വരികയും, പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു.

വൈവിധ്യമേറിയ ആവാസ വ്യവസ്ഥകളും മഴയുടെ ലഭ്യതയും നമ്മുടെ ജൈവവൈവിധ്യത്തെ എത്രയോ സമ്പന്നമാക്കിയിട്ടുണ്ട്. ബാലൻസ് തെറ്റിക്കാതെയുള്ള വംശവർദ്ധനവാണ് ജൈവവൈവിധ്യ

മുള്ള സ്ഥലങ്ങളിൽ കാണുന്നത്. ഈ സംവിധാനം തെറ്റിച്ചുകൊണ്ടുള്ള ഒരു പ്രത്യേക ജീവിയുടെ മാത്രം ക്രമാതിതമായ വളർച്ച പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. മനുഷ്യന്റെ എണ്ണത്തിലുണ്ടായ മുകളിൽ കാണിച്ച ജൈവവൈവിധ്യം തെറ്റിച്ചുകൊണ്ടുള്ള വളർച്ച എല്ലാവിധ അനുപാതങ്ങളെയും തകർത്തു കളഞ്ഞു.

മനുഷ്യശരീരത്തിലുള്ള കോടാനുകോടി കോശങ്ങൾ (Cells) പ്രവർത്തിക്കണമെങ്കിൽ പ്രാണവായു അത്യന്താപേക്ഷിതമാണ്. പ്രാണവായു കോശങ്ങളിലെത്തുന്നത് രക്തത്തിൽ കൂടിയാണ്. രക്തത്തിന് പ്രാണവായു ലഭിക്കുന്നത് ശ്വാസകോശത്തിൽ കൂടിയാണ്. ഇനി ശ്വാസകോശങ്ങൾക്ക് പ്രാണവായു ലഭിക്കുന്നത് അന്തരീക്ഷത്തിൽ നിന്നാണ്. അന്തരീക്ഷത്തിൽ പ്രാണവായു നൽകി നിലനിർത്തുന്നതാകട്ടെ വനവും സമുദ്രവുമാണ്. അപ്രകാരം അന്തരീക്ഷത്തിന് പ്രാണവായു നൽകി, അന്തരീക്ഷ മാലിന്യങ്ങളെ വലിച്ചെടുക്കുന്നത് വനങ്ങളും, സമുദ്രവുമാണ്. ഭൂമിയെ ചവറ്റുകൊട്ടയാക്കി തീർത്ത ധിക്കാരിയായ മനുഷ്യന്റെ ചെയ്തികളാണ് സമസ്ത ദുരന്തങ്ങൾക്കും കാരണം. പരിസ്ഥിതിയോടുള്ള മനുഷ്യന്റെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന എണ്ണമറ്റ പ്രതിപ്രവർത്തനങ്ങൾ മാറ്റാതെ ആഗോള താപനവും, കാലാവസ്ഥ വ്യതിയാനങ്ങളും തന്മൂലമുണ്ടാകുന്ന ദുരന്തങ്ങളും നിയന്ത്രിക്കുവാൻ കഴിയുന്നതല്ല.

## വനനശീകരണം

2019 ൽ തന്നെ ലോകമാകെ 38 ലക്ഷം ഹെക്ടർ നിബിഡവനങ്ങളാണ് നശ്പ്പിക്കപ്പെട്ടത്. തെക്ക് കിഴക്കൻ ഏഷ്യ, തെക്കേ അമേരിക്ക, ആഫ്രിക്ക എന്നീ സ്ഥലങ്ങളിലാണ് ഏറ്റവുമധികം വനനശീകരണം നടക്കുന്നത്. ഇപ്പോൾ തന്നെ 41415 തരം ജീവജാലങ്ങൾ വംശനാശം നേരിടുകയാണ്. പ്രതിവർഷം 15000000000 മരങ്ങളാണ് അരിഞ്ഞ് വീഴ്ത്തപ്പെടുന്നത്. ഓരോ മിനിട്ടിലും 50 ഏക്കറിൽ കൂടുതൽ വനങ്ങൾ മനുഷ്യൻ നശിപ്പിക്കുന്നു. മണ്ണുപോലും വില്പനചരക്കാക്കി മാറ്റിക്കഴിഞ്ഞ ഇക്കാലത്ത് മനുഷ്യന്റെ ഭൂമിയിലെ താമസം ഏതാണ്ട് എണ്ണപ്പെട്ടു കഴിഞ്ഞു എന്നാണ് മനസ്സിലാക്കേണ്ടത്.

## പശ്ചിമഘട്ട നിരകൾ

വടക്ക് താപ്തി നദി മുതൽ കന്യാകുമാരി വരെ 1600 കിലോമീറ്റർ നീളത്തിലും 1200 മീറ്റർ ഉയരത്തിലും കാണുന്ന സഹ്യപർവ്വത നിരകളാണ് പശ്ചിമഘട്ടങ്ങൾ എന്നറിയപ്പെടുന്നത്. നൂറ് കണക്കിന് നദികളുടെ ഉത്ഭവസ്ഥാനം കൂടിയാണ് ഈ പർവ്വത നിരകൾ. ഇതിൽ ഹൈറേഞ്ച് എന്നറിയപ്പെടുന്ന ഭൂവിഭാഗങ്ങളിലേറെയും നമ്മുടെ ഇടുക്കി ജില്ലയിലാണ്. എണ്ണമറ്റ സസ്യജാലങ്ങളുടെയും അപൂർവ്വമായ ജന്തുജാലങ്ങളുടെയും ആവാസകേന്ദ്രമായ ഈ പ്രദേശത്തെ നീർച്ചാലുകളെയും നദികളെയും താറുമാറാക്കിയ പ്രവർത്തനങ്ങളാണ് ഇത്രയും നാശം ചെയ്തുകൊണ്ടിരുന്നത്.

പശ്ചിമഘട്ട നിരകളിലെ അമ്പത് ശതമാനത്തിൽ കൂടുതലായുള്ള നിബിഡവനങ്ങൾ എല്ലാം തന്നെ നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. കേരളത്തിലെ ഇടുക്കിപദ്ധതിക്ക് വേണ്ടി മാത്രം 6000 ഹെക്ടർ വനമാണ് വെട്ടിതെളിച്ചത്. ഈ പദ്ധതിക്ക് വേണ്ടി തുറന്ന റോഡുകൾക്കായി 20000 ഹെക്ടർ വനങ്ങളും ഇല്ലാതായി. ആദ്യം തടിക്ക് വേണ്ടി തുടങ്ങിയ വനനശീകരണം പിന്നെ നാണ്യവിളകൾക്ക് വേണ്ടിയും പിന്നെ ജലവൈദ്യുത പദ്ധതികൾക്ക് വേണ്ടിയും വലിയ തോതിൽ തുടരുകയാണുണ്ടായത്.

വനനശീകരണത്തെ തുടർന്ന് മണ്ണിടിച്ചിലും ഉരുൾപൊട്ടലും വ്യാപകമായിരിക്കുന്നു. ശക്തമായ മഴയാണ് മറ്റൊരു വിപത്ത്. വേനൽ ദിനങ്ങളിൽ പെയ്യുന്ന ശക്തമായ മഴ മണ്ണെല്ലാം ഇളക്കി മറിച്ചും ഉരുൾപൊട്ടൽ ഉണ്ടാക്കിയും വെള്ളപ്പൊക്കം സൃഷ്ടിക്കുകയാണ്. കഴിഞ്ഞ ആഗസ്റ്റ് മാസം ഉണ്ടായ മണ്ണിടിച്ചിലും തന്മൂലമുണ്ടായ മരണങ്ങളും ഓർക്കുമല്ലോ?

ഇനിയും കൂടുതൽ നശിക്കാതെ ബാക്കിയുള്ള വനങ്ങൾ സംരക്ഷിക്കാൻ ശക്തവും മുഖം നോക്കാതെയുമുള്ള നടപടികളാണ് ആവശ്യം.

കേരളത്തിലെ വനനശീകരണത്തിന് ഏറ്റവുമധികം ഉത്തരവാദികൾ കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡാണ് (KSEB) ഇടുക്കി പദ്ധതിക്ക് ശേഷം KSEB അടുത്ത ജലപദ്ധതിക്കായി തെരഞ്ഞെടുത്തത് സൈലന്റ് വാലിയെയാണ്. പാലക്കാട് ജില്ലയിൽ സ്ഥിതിചെയ്യുന്നതും സമുദ്രനിരപ്പിൽ നിന്ന് 1100 മീറ്റർ ഉയരത്തിലുമുള്ള ഈ വനപ്രദേശം മറ്റൊരിടത്തും കാണാനിടയില്ലാത്ത സസ്യജാലങ്ങളാൽ സമൃദ്ധമാണ്. സൈലന്റ് വാലിയിൽ ജലവൈദ്യുതി പദ്ധതിക്കായുള്ള പണികളുമായി KSEB മുന്നോട്ട് പോയിരുന്നു. ഇതിനെതിരെ ബഹുജനപ്രസ്ഥാനം തന്നെ ഉടലെടുക്കുകയുണ്ടായി. ശ്രീമതി സുഗതകുമാരി, ഡോ. സ്വാമിനാഥൻ, ഡോ. സലിംഅലി എന്നിവരുടെ നേതൃത്വത്തിൽ വലിയ പ്രതിഷേധം തന്നെ





യുണ്ടായി. ഒടുവിൽ ശ്രീമതി. ഇന്ദിരാഗാന്ധിയാണ് പണി നിർത്തിവെക്കുവാനും, സൈലന്റ് വാലിയെ നാഷണൽ പാർക്ക് ആക്കുന്നതിനും ഉത്തരവിട്ടത്. നിത്യഹരിത ഉഷ്ണമേഖലാ മഴക്കാടുകളുടെയും, വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളുടെയും കേന്ദ്രമായ സൈലന്റ്വാലി ഇന്ദിരഗാന്ധിയുടെ സമയോചിതമായ ഇടപെടൽ കൊണ്ട് രക്ഷപ്പെടുകയാണുണ്ടായത്.

നടപ്പാക്കാൻ സാധ്യതയില്ലാത്ത ജലവൈദ്യുത പദ്ധതിയായ ആതിരപ്പിള്ളിക്ക് വേണ്ടി KSEB വീണ്ടും മുന്നോട്ട് വന്നെങ്കിലും നടന്നില്ല എന്നതാണ് സത്യം. നിലവിലില്ലാത്ത ഈ ഒരു ജലവൈദ്യുതി പദ്ധതിക്കു വേണ്ടി 1998 മുതൽ KSEB യിൽ 22 പേരുള്ള ഒരു ഡിവിഷൻ ഓഫീസ് പ്രവർത്തിക്കുന്നു. മാസം തോറും 14 ലക്ഷത്തിൽ പരം രൂപയാണ് പണിയൊന്നുമില്ലാത്ത ഈ KSEB ഡിവിഷനുവേണ്ടി ചിലവിടുന്നത്. കൂടാതെ പെരിങ്ങൽ കുത്ത് ജലസേചനപദ്ധതിക്കുവേണ്ടി നൂറ് കണക്കിന് മരങ്ങളാണ് പറമ്പിക്കുളത്തെ നിബിഡവനങ്ങളിൽ നിന്ന് വെട്ടിമാറ്റാൻ പോകുന്നത്. സോളാർ പദ്ധതിയിലൂടെ യൂണിറ്റിന് 2 രൂപ 48 പൈസയ്ക്ക് വൈദ്യുതി ലഭിക്കുമെന്നിരിക്കെ എന്തിനാണ് KSEB ഈ വനനശീകരണം നടത്തുന്നത്? ലോകത്തിൽ ഏറ്റവുമധികം മഴ പെയ്തുകൊണ്ടിരുന്ന ചിറാപുഞ്ചിയിൽ ഇന്ന് മഴ ലഭിച്ചിട്ട് നാളുകളായിരിക്കുന്നു. നിബിഡ വനങ്ങളെല്ലാം വെട്ടി നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. സമൃദ്ധമായി ജലമുണ്ടായിരുന്ന ഈ സ്ഥലം ഇന്ന് വറ്റി വരണ്ട് കിടക്കുകയാണ്. ഒരു ദിവസത്തിൽ വളരെ കുറച്ച് മാത്രം വരുന്ന പൈപ്പ് വെള്ളത്തിന് വേണ്ടി സ്ത്രീകൾ 7,8 മണിക്കൂറുകൾ കാത്തു നിൽക്കുന്ന കാഴ്ച ചിറാപുഞ്ചിയിൽ സർവ്വസാധാരണമാണ്.

എക്കാലവും വനങ്ങൾ മനുഷ്യജീവിത്തിലേക്ക് നൽകിയിട്ടുള്ള സേവനങ്ങൾ അമൂല്യമാണ്. ഇതിനൊന്നും പുല്ലു വില പോലും കണക്കാക്കാൻ മനുഷ്യൻ തയ്യാറായിട്ടില്ല. ലോകത്തിൽ ഓരോ ദിവസവും 350 ചതുരശ്ര മീറ്റർ വനങ്ങളാണ് മനുഷ്യൻ നശിപ്പിക്കുന്നത്. മരങ്ങൾ നിഷ്കരുണം വെട്ടി നശിപ്പിക്കുമ്പോൾ അന്തരീക്ഷത്തിലെ അധിക $Co_2$ ആഗീരണം നടക്കുന്നില്ല എന്നോർക്കണം.

ഒരു ഹെക്ടർ വനം 750 ടൺ കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിൽ നിന്നും നീക്കം ചെയ്യും. അതുകൊണ്ട് കഴിയുന്നത്ര മരങ്ങൾ വച്ച് പിടിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു മരം ഒരു വർഷം 250 പൗണ്ട് ഓക്സിജനെ പുറത്തേക്ക് വിടുന്നു.

വനനശീകരണത്തിന്റെയും മരങ്ങൾ വെട്ടി നശിപ്പിക്കുന്നതിന്റെയും വെളിച്ചത്തിൽ വിപുലമായ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും ഫലമായി ഐക്യരാഷ്ട്ര സംഘടന തന്നെ മുൻകൈ എടുത്ത് പതിനായിരം കോടി (One Trillion Tree Compaign) മരങ്ങൾ ലോകമാകെ വച്ച് പിടിപ്പിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു.

ലോകത്തിലെ മിക്ക കമ്പനികളും, ഗവൺമെന്റുകളും ഐക്യരാഷ്ട്രസംഘടനയുടെ ഈ പദ്ധതിയെ പിൻതുണയ്ക്കുകയും വേണ്ട സഹായങ്ങൾ ചെയ്യാമെന്ന് വാഗ്ദാനവും ചെയ്തിട്ടുമുണ്ട്.

അന്തരീക്ഷത്തിലെ മാലിന്യമായ കാർബൺ ഡൈ ഓക്സൈഡിനെ വലിച്ചെടുത്ത് ശുദ്ധമായ ഓക്സിജൻ ഉല്പാദിപ്പിക്കുകയാണ് മരങ്ങളും, സസ്യങ്ങളും ചെയ്യുന്നത്. 1990-2007 നും മധ്യേ ലോകത്തിൽ ഗതാഗതരംഗത്തു നിന്ന് വിസർജിച്ച കാർബൺ ഡൈ ഓകാസൈഡിന്റെ മൂന്നിലൊരു ഭാഗവും വലിച്ചെടുത്തത് വനങ്ങളാണ്. കൂടാതെ അന്തരീക്ഷ ഊഷ്മാവിന്റെ 2-8 ഡിഗ്രി സെൽഷ്യസ് വരെ കുറക്കാൻ മരങ്ങൾക്ക് കഴിവുണ്ട്. അന്തരീക്ഷത്തിൽ നിന്ന് പൊടി, പുക, ഉപദ്രവകാരികളായ വാതകങ്ങൾ എന്നിവയെ ഒരു അരിപ്പപോലെ അരിച്ചെടുത്ത് വായുവിനെ സംശുദ്ധമാക്കുന്നതും മരങ്ങൾ തന്നെ. ഇവാപ്പൊ ട്രാൻസ്പിരേഷൻ (Evapo Transpiration) വഴി ഇലകൾ അന്തരീക്ഷത്തെ കുളിർമയുള്ളതാക്കുന്നു. ഈർപ്പത്തെ ജലകണങ്ങളാക്കി പുറത്തേക്ക് വിട്ടുകൊണ്ടാണ് മരങ്ങൾ അന്തരീക്ഷത്തെ കുളിർമ്മയുള്ളതാക്കുന്നത്.

അങ്ങനെ എത്ര എത്ര പ്രയോജനങ്ങളാണ് മരങ്ങൾ കൊണ്ടും, വനങ്ങൾകൊണ്ടും നമുക്ക് ലഭിക്കുന്നത്. തക്കതായ കാരണങ്ങൾ ഇല്ലാതെ മരങ്ങൾ വെട്ടുന്നതും, ശാഖകൾ അരിഞ്ഞ് വീഴ്ത്തുന്നതും ശിക്ഷാർഹമായ കുറ്റകൃത്യമായി പ്രഖ്യാപിക്കണം. സൗദി അറേബ്യയിൽ, തക്കതായ കാരണമില്ലാതെ മരം മുറിച്ചാൽ 59 കോടി രൂപ പിഴയും 10 കൊല്ലം തടവുമാണ് ശിക്ഷ വിധിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. മരം മുറിക്കുന്നത് കൂടാതെ ഔഷധ സസ്യങ്ങൾ പിഴുതെടുക്കുക, ഇലകൾ പറിച്ചെടുക്കുക, മരത്തിന്റെ കടയ്ക്കൽ നിന്ന് മണ്ണുനീക്കം ചെയ്യുക എന്നീ പ്രവർത്തികളെല്ലാം കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(തുടരും)

# ശ്വാസകോശ രോഗങ്ങൾ

ഡോ. പാർവ്വതി. കെ.എസ്

## രോഗലക്ഷണങ്ങൾ

ചുമ, കഫം, ശ്വാസംമുട്ടൽ, നെഞ്ചു വേദന, രക്തം തുപ്പുക എന്നിവയാണ് ശ്വസകോശരോഗങ്ങളുടെ പ്രധാന ലക്ഷണങ്ങൾ.

വൈറസ്, ബാക്ടീരിയ, മുതലായവയുടെ രോഗ സംക്രമണം, അന്തരീക്ഷ മലിനീകരണം, പുകവലി, മുതലായവയാണ് ഏറ്റവും പ്രധാന ശ്വാസകോശ രോഗ കാരണങ്ങൾ.

## ചുമ

രോഗലക്ഷണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ചുമയാണ്. ഇത് സ്വയമേയോ തടസ്സങ്ങൾ മൂലമോ ഉണ്ടാകുന്നു. കണ്ഠദ്വാരം അടഞ്ഞിരിക്കുമ്പോൾ ശക്തിയായ നിശ്വാസത്തിനുള്ള പ്രേരണയുണ്ടാകുന്നു. അപ്പോൾ ഉള്ളിലുള്ള വായുവിന്റെ മർദ്ദം കൂടുകയും കണ്ഠദ്വാരം പെട്ടെന്ന് തുറക്കുകയും വായു, കഫം മറ്റു പദാർത്ഥങ്ങൾ എന്നിവ പുറത്തു പോകുകയും ചെയ്യും. ചുമ ഒരു രോഗലക്ഷണം മാത്രമല്ല ഒരു രക്ഷാപ്രവർത്തനം കൂടിയാണ്. അറിയാതെ അന്യവസ്തുക്കൾ ശ്വാസനാളങ്ങളിൽ കടന്നു കൂടിയാൽ അവ പുറത്തു കളയാനുള്ള ഒരു നല്ല മാർഗ്ഗം.

നീണ്ടു നിൽക്കുന്ന ചുമ അപകടകാരിയാകുന്നു. സാധാരണ ചുമ ചികിത്സയിലൂടെ ഒന്നോ രണ്ടോ ആഴ്ചകൾ കൊണ്ട് മാറും. ചുമ കാൻസർ മുതൽ കൊറോണ വരെയുള്ളവയുടെ സൂചനയാകാം. ചുമ കുറവില്ലെങ്കിൽ വിശദമായ പരിശോധന ആവശ്യമാണ്.

ചുമയുടെ ഫലമായി പുറത്തു വരുന്ന ദ്രാവകമാണ് കഫം. കഫം ഇല്ലാതെയും ചുമയുണ്ടാകാം. കഫത്തിന്റെ നിറം, അളവ്, കട്ടി, മണം മുതലായവയും പരിശോധിക്കേണ്ടതാണ്. ബ്രോങ്കയെക്റ്റേസിസ് ശ്വാസകോശത്തിലെ പഴുപ്പ് മുതലായവയിൽ ദുർഗന്ധം വമിക്കുന്ന മഞ്ഞനിറത്തിലുള്ള കഫം ധാരാളം ഉണ്ടാകാം. കൽക്കരി ഖനികളിലും മറ്റും ജോലിചെയ്യുന്ന ആളുകൾ തുപ്പുന്ന കഫം കൽക്കരിപൊടി മൂലം കറുപ്പു നിറമായിരിക്കും. ന്യൂമോണിയായിൽ ചുവപ്പു നിറത്തിലുള്ള കഫം ഉണ്ടാകും. ഹൃദ്രോഗം, മൂലം ശ്വാസകോശവീക്കം ഉണ്ടാകുമ്പോൾ കടും ചുവപ്പു നിറവും പതയുമുള്ള കഫം ഉണ്ടാകുന്നു. കരളിലുണ്ടാകുന്ന അമീബാവ്രണം ശ്വസകോശത്തെ ബാധിക്കുമ്പോൾ ചോക്ളേറ്റ് നിറത്തിലുള്ള കഫം കാണപ്പെടുന്നു.

ശ്വസംമുട്ടലാണ് മറ്റൊരു ശ്വാസകോശരോഗലക്ഷണം. ഇപ്പോഴത്തെ സാഹചര്യത്തിൽ കൊറോണ വൈറസ് ബാധ ശരീരത്തിൽ കൂടുതൽ വ്യാപിക്കുമ്പോൾ ശ്വാസംമുട്ടലാണ് പ്രധാനമായി കണ്ടു വരുന്നത്. സാധാരണയായി ശ്വസനപ്രക്രിയ നമ്മൾ അറിയാതെ തന്നെ നടന്നുകൊണ്ടിരിക്കുന്നു. എപ്പോഴാണോ ഈ ശ്വസനപ്രക്രിയ ശ്വസനത്തിന് പോര എന്നു തോന്നുന്നത് അപ്പോഴാണ് ശ്വാസംമുട്ടൽ അനുഭവപ്പെടുന്നത്. നെഞ്ചെല്ല് ഒടിയുക, സ്വാസകോശം, പ്ലൂറോ, ശ്വാസനാളങ്ങൾ മുതലായവയിലുണ്ടാകുന്ന രോഗങ്ങൾ, ശ്വാസകോശപേശികളുടെ തളർച്ച, അനീമിയ, ഹൃദ്രോഗങ്ങൾ മുതലായവ മൂലവും ശ്വാസംമുട്ടൽ ഉണ്ടാകാം. വായു ഉള്ളിലേക്കു വലിക്കുമ്പോൾ വിഷമം തോന്നാം. ചില വസ്തുക്കൾ കൊച്ചു കുട്ടികളുടെ ശ്വാസനാളങ്ങളിൽ കടന്നാൽ ഇത്തരത്തിലുള്ള ശ്വാസം മുട്ടൽ കാണാം.

ശ്വാസം മുട്ടൽ രണ്ടു തരത്തിൽ കാണാം. നടക്കുമ്പോഴും കയറ്റം കയറുമ്പോഴും പുകവലിക്കാർക്കുണ്ടാകുന്ന ശ്വാസംമുട്ടൽ ക്രോണിക് ബ്രോങ്കൈറ്റിസ് മുലമാണ്. ഇടവിട്ട് വരുന്ന ശ്വാസംമുട്ടലിനെയാണ് സാധാരണയായി ആസ്തമയെന്ന് പറയുന്നത്. അദ്ധ്വാനം ചെയ്യുമ്പോൾ ശ്വാസം മുട്ടൽ ഉണ്ടാകുകയും വെറുതെയിരിക്കുമ്പോൾ ശ്വാസംമുട്ടൽ മാറുകയും രോഗി മലർന്നു കിടക്കുമ്പോൾ ശ്വാസംമുട്ടൽ ഉണ്ടാകുകയും വെറുതെയിരിക്കുമ്പോൾ ശ്വസംമുട്ടൽ കുറയുകയും ചെയ്യുകയാണെങ്കിൽ ഇതിനു കാരണം ഹൃദയത്തിന്റെ തകരാറുകൊണ്ട് ശ്വാസകോശത്തിൽ ഉണ്ടാകുന്ന വീക്കമാണ്. ഇത്തരം രോഗികൾ ഉറക്കത്തിൽ കഠിനമായ ശ്വാസം മുട്ടൽ കൊണ്ട് പെട്ടെന്ന് എഴുന്നേൽക്കാറുണ്ട്.

രക്തം തുപ്പുന്നതും, മറ്റൊരു രോഗലക്ഷണമാണ്. ക്ഷയം, ന്യുമോണിയ, ബ്രോങ്കയെക്റ്റേസിസ്, ബ്രോങ്കൈറ്റിസ്, ഹൃദയവാൽവിന്റെ തകരാറ്, കാൻസർ എന്നിവ അത്തരം രോഗങ്ങളാണ്.

## ന്യുമോണിയ

കൊറോണ വൈറസ് ബാധ കൂടുതൽ വ്യാപിച്ചാൽ ന്യുമോണിയയായി മാറുന്നതും മരണം സംഭവിക്കുന്നതായും ഇപ്പോൾ കണ്ടു വരുന്നു, പ്രത്യേകിച്ചും പ്രായമായവരിൽ ശ്വാസകോശത്തിൽ അങ്ങിങ്ങായോ ഒരു പ്രത്യേക ദളത്തിലോ ഒരു പ്രത്യേക സെഗ്മെന്റിലോ ഉണ്ടാകുന്ന കഫക്കെട്ടാണ് ന്യുമോണിയ.

ന്യുമോണിയ രണ്ടു തരത്തിലുണ്ട്. ഒരു പ്രത്യേക ദളത്തിൽ ഉണ്ടാകുന്ന ന്യുമോണിയയെ ലോബാർ ന്യുമോണിയ എന്നും ശ്വാസകോശത്തിന്റെ രണ്ടു വശത്തും പല ഭാഗത്തുമായി ഉണ്ടാകുന്ന കഫക്കെട്ടിനെ ബ്രോങ്കോ ന്യുമോണിയ എന്നും പറയുന്നു.

## കാരണങ്ങൾ

ന്യൂമോകോക്കൈ, സ്റ്റഫയിലോകോക്കൈ ഹീമാഫിലസ്, ക്ലെബ്സിയെല്ല മുതലായ ബാക്ടീരിയകൾ കൊറോണയും മറ്റ് വൈറസ്സുകളും പലതരം പൂപ്പലുകൾ, ട്രോക്റ്റോ പ്ലാസ്മ, അമീബ മുതലായ ഏകകോശ ജീവികൾ എന്നിവയാണ് ന്യുമോണിയ ഉണ്ടാക്കുന്നത്. അലർജി രോഗങ്ങൾ, സൾഫർഡയോക്സൈഡ്, ക്ലോറിൻ, നൈട്രജൻ ഓക്സൈഡ്, മണ്ണെണ്ണ മുതലായ രാസവസ്തുക്കൾ ശ്വാസകോശങ്ങളിലേക്ക് കടക്കുന്നത്. റേഡിയോ പ്രസരണം ഇവ മൂലവും ന്യുമോണിയ ഉണ്ടാകാം.

പനി, ചുമ, (കഫമുള്ളത്), വിമ്മിഷ്ടം നെഞ്ചുവേദന എന്നിവയാണ് പുറമേ കാണുന്ന ലക്ഷണങ്ങൾ. മദ്യപാനം, പ്രമേഹം, കാൻസർ,കോർട്ടിസോൺ ഇനത്തിലുള്ള മരുന്നുകൾ എന്നിവ ന്യുമോണിയയെ ഉത്തേജിപ്പിക്കുന്നു. വെള്ളം, പഴുപ്പ് മുതലായവ കെട്ടുക, പ്ലൂറയിൽ ശ്വാസകോശവ്രണം, മെനിൻജൈറ്റിസ് ഹൃദ്രോഗങ്ങൾ മുതലായവയാണ് ന്യുമോണിയ മൂലമുള്ള പ്രത്യാഘാതങ്ങൾ.

## ന്യുമോകോക്കൽ ന്യുമോണിയ

പെട്ടെന്നുണ്ടാകുന്ന തീഷ്ണമായ രോഗമാണിത്. 50 മുതൽ 80 ശതമാനം വരെയുള്ള ന്യുമോണിയയും ഇതുമൂലമുണ്ടാകുന്നു. സാധാരണയായി ശ്വാസകോശത്തിലെ ഒരു ദളത്തിലോ ഒരു സെഗ്മെന്റിലോ ആണ് ഇതുണ്ടാകുന്നത്. രക്തം, കഫം പരിശോധന, നെഞ്ചിന്റെ എക്സറേ എന്നിവയിൽ നിന്നും രോഗ നിർണ്ണയം നടത്താം.

ഇപ്പോൾ ലോകം മുഴുവനും വ്യാപിച്ചിരിക്കുന്ന മഹാമാരിയായ കോവിഡ് -19 മൂലമുണ്ടാകുന്ന മരണത്തിൽ കൂടുതലും രോഗം തീവ്രമായി ന്യുമോണിയ ബാധയായി മാറുന്നതു മൂലമാണ്. അതുകൊണ്ട് കോവിഡ് -19 വരാതെ മുൻകരുതൽ എടുക്കുക എന്നുള്ളത് വളരെയേറെ പ്രാധാന്യമർഹിക്കുന്നു.

പ്രായമായവരിൽ പ്രത്യേകിച്ചും 60 വയസ്സിന് മുകളിലുള്ളവർ പുറത്തിറങ്ങാതിരിക്കുക, സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുക, മാസ്ക് നിർബന്ധമായും ധരിക്കുക, അകലം പാലിക്കുക, ഇവയെല്ലാം ശ്രദ്ധിച്ചാൽ തന്നെ കൊറോണ വൈറസ് വ്യാപനം തടയാം.

**സൂര്യാസ്തമയത്തിലും നക്ഷത്രങ്ങളുടെ നടുവിലുയർന്ന ഈ ചന്ദ്രക്കലയിലുമൊക്കെ സത്യത്തിന്റെ അംശമുണ്ടോ ?**

തീർച്ചയായും. സത്യമാണാ സൗന്ദര്യം. അവയുടെ പിന്നിൽ മറഞ്ഞു നില്ക്കുന്ന സ്രഷ്ടാവിനോളം സത്യമാണവയും. സത്യസൗന്ദര്യങ്ങളെങ്ങനെ സൃഷ്ടിയുടെ കേന്ദ്രബിന്ദുക്കളായി ? അസ്തമയദൃശ്യവും നിലാവലയും മനസ്സിനെ തൊട്ടുണർത്തി ഈശ്വരാഭിമുഖമാക്കുന്നു. ഈ സൃഷ്ടിയിലൂടെ ഞാനാ സർവ്വേശ്വരനേയും അദ്ദേഹത്തിന്റെ കാരുണ്യത്തികവിനേയും അറിയുന്നു.

*യംഗ് ഇൻഡ്യ, 13-11-1924 പുറം 378*

*-മഹാത്മാ ഗാന്ധി*

കഥ

# സ്നേഹമഴ

അനുരാധ ഫോൺ : 9447035067

മണിക്കുട്ടീ
ഉറക്കം തൂങ്ങുന്ന മിഴികൾ അടഞ്ഞുപോകുന്നു.

ഉറക്കം വരണുണ്ടെങ്കിൽ പോയി കിടന്നോളൂ. ഏട്ടന് കുറെ ഹോംവർക്ക് ചെയ്യാനുണ്ട്.

അപ്പൊ കഥയോ?

അത് നാളെയാകാം.

അതു പറ്റില്ല. ഏട്ടന്റെ കഥ കേട്ടിട്ടേ ഞാനുറങ്ങണുള്ളൂ.

കഥ പറയാൻ തുടങ്ങുമ്പോഴേക്കും ആളുറക്കമാകും. എങ്കിലും ഉറങ്ങുന്നതുവരെ അവൾക്ക് ഏട്ടൻ അടുത്തുണ്ടാവണം.

എന്തെല്ലാം ഒളിമങ്ങാത്ത ഓർമ്മകൾ. മനസ്സിന്റെ കളിത്തട്ടിൽ എത്രയെത്ര നുറുങ്ങു സംഭവങ്ങൾ. സ്കൂളിലെ മരച്ചുവട്ടിൽ ഏട്ടനെ തേടിയെത്താറുള്ള തന്റെ അനുജത്തി. കൊഞ്ചിക്കുഴഞ്ഞുകൊണ്ടുള്ള സംസാരം. സ്നേഹം വഴിയുന്ന വിടർന്ന കണ്ണുകളുടെ തിളക്കം. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ.

ഞാനിന്ന് ഏട്ടന് ഒരൂട്ടം കൊണ്ടുവന്നിട്ടുണ്ടാല്ലോ

എന്ത് ?

ദേ ഇത് കണ്ടോ ഫ്രോക്കിന്റെ പോക്കറ്റിൽ നിന്നെടുത്ത നിലക്കടലയുടെ പൊതി. ഞാനിന്നേ അമ്മേടെ കയ്യീന്ന് പൈസ വാങ്ങീരുന്നു.

പതുപതുത്ത കൈവിരലുകളുടെ മൃദുസ്പർശത്തിന്റെ സ്നിഗ്ദ്ധത. അതിപ്പോഴും അനുഭവപ്പെടുന്നതുപോലെ.

പാതിമുക്കാലും തന്റെ കൈയ്യിലേക്ക് ചൊരിഞ്ഞിട്ടു തരുന്ന താനത് രുചിയോടെ ചവക്കുന്നത് കണ്ട് സായൂജ്യമടയുന്ന മണിക്കുട്ടി. അവളെപ്പോഴും അങ്ങനെയായിരുന്നല്ലോ. ഏട്ടന്റെ സന്തോഷമായിരുന്നു അവൾക്കെല്ലാം.

എന്നിട്ട്.............

ഓട്ടിൻപുറത്തുനിന്ന് ഇറ്റിറ്റ് വീഴുന്ന മഴവെള്ളം മുറ്റത്തുള്ള കൊച്ചുകുഴികളിൽ അപ്രത്യക്ഷമാകുന്നതിലേക്ക് അലസമായി കണ്ണൂന്നിക്കൊണ്ട് അയാളങ്ങനെ എന്തെല്ലാമോ ഓർത്തുകൊണ്ട് ഇറയത്തെ ചാരുകസേരയിലിരിക്കുമ്പോൾ ഒരു സ്വരം. മണിയമ്മേ, ഒരു കുപ്പി മോരുതരാനുണ്ടാവോ, കയ്യിൽ ഒരു കുപ്പിയുമായി ഒരു പെൺകുട്ടി.

ദാ, ഇപ്പോൾ കൊണ്ടുവരാം. അകത്തുനിന്ന് മറുപടി കേട്ടു.

ഒരു പാത്രത്തിൽ മോരുമായി ഉമ്മറത്ത് പ്രത്യക്ഷപ്പെട്ട വീട്ടമ്മയെ അയാൾ വേദനയോടെ ശ്രദ്ധിച്ചു.

മണിക്കുട്ടി എത്ര മാറിപ്പോയി. വാരിവലിച്ചു കെട്ടിയ തലമുടി.

മുഷിഞ്ഞുലഞ്ഞ വേഷം. വിണ്ടുകീറിയ കാൽ മടമ്പുകളിൽ അഴുക്ക് കട്ടപിടിച്ചിരിക്കുന്നു. കൈകളിലുമിപ്പോൾ കഠിനാദ്ധ്വാനത്തിന്റെ തയമ്പുകളുണ്ടാകും. അയാൾ അസ്വാസ്ഥ്യത്തോടെ ഓർത്തു.

പഴയ മണിക്കുട്ടിയുടെ ഓർമ്മക്കെന്നപോലെ നീണ്ട ഇടതൂർന്ന തലമുടിമാത്രം. അതിനെക്കുറിച്ച് അച്ഛൻ പറയാറുള്ളത് ഓർമ്മ വന്നു. അപ്പോൾ

മണ്ടിപ്പെണ്ണ്. തലേലു വെറും കളിമണ്ണാ. അതാ മുടിക്കിത്ര കരുത്ത്.

പഠിക്കാനവൾ പിറകോട്ടായിരുന്നല്ലോ. പത്തിൽ രണ്ടു തവണ തോറ്റപ്പോൾ പഠിത്തവും അവസാനിച്ചു. ജീവിതത്തിലും അവൾ ബുദ്ധി ശൂന്യത കാണിച്ചുവെന്ന് അച്ഛൻ പലപ്പോഴും പരാതി പറയാറുണ്ടായിരുന്നു. സ്വന്തം നിലനിൽപ്പിനെക്കുറിച്ചോർക്കാതെ നിലവും പറമ്പും കിട്ടിയ വിലക്ക് വിറ്റത് ബുദ്ധിശൂന്യതയെന്നല്ലേ ആരും പറയൂ.

അത്തവണ ലീവിൽ നാട്ടിലെത്തിയ ദിവസം വലിയൊരു ഇടവേളക്കുശേഷം മണിക്കുട്ടിയെ കണ്ടപ്പോൾ ഞെട്ടിപ്പോയി. എത്ര മാറിപ്പോയി അവൾ.

മോരിന്റെ കാശും വാങ്ങി അകത്തേക്ക് നടക്കും. മുൻപ് അവൾ ചോദിച്ചു. ഏട്ടനെന്താ ഇവിടിങ്ങനെ ഒറ്റയ്ക്ക് ? വിമലയെവിടെ ?

ആവോ ആർക്കറിയാം. അയാൾ പറഞ്ഞു. വിമലക്ക് ഇവിടെ വന്നേപ്പിന്നെ വീട്ടിലിരിക്കാൻ സമയമുണ്ടായിട്ടില്ലല്ലോ. അയൽപ്പക്കത്തെല്ലാം പട്ടണപൊങ്ങച്ചോം പറഞ്ഞ് നടക്കലല്ലേ പണി.

ഏട്ടന് ചായ വേണോ?

വേണ്ട.

കാലുകൾ ഏന്തിവലിച്ച് നടന്നകലുന്ന അനുജത്തിയെ പിന്തുടരുന്ന അയാളുടെ കണ്ണുകൾ ഈറനായി.

കാലിന് വേദനയുണ്ടോ? ഏട്ടൻ തടവിത്തരട്ടെ? കുട്ടികളായിരുന്ന കാലത്തെപ്പോലെ ചോദിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...... അയാൾ ആശിച്ചു പോയി.

പക്ഷെ അങ്ങനെ ചോദിച്ചാൽ തന്നെ അവളെന്തെങ്കിലും തുറന്ന് പറയുമോ ? ഇല്ലെന്നയാൾക്ക് തോന്നി. എല്ലാ വേദനകളും ഹൃദയത്തിലൊതുക്കാനവൾ പഠിച്ചിരിക്കുന്നു.

കല്യാണം കഴിഞ്ഞകാലത്ത് വിമലക്ക് മണിക്കുട്ടിയോട് അസൂയയായിരുന്നു. തന്റെ മേൽവിലാസത്തിൽ കുനുകുനെ എഴുതി നിറച്ചിരിക്കുന്ന അവളുടെ കത്തുകണ്ടാൽ വിമലക്ക് അരിശം വരുമായിരുന്നു. കത്തിൽ പകുതിയും അവളുടെ ഭർത്താവ് വാസുവിനെക്കുറിച്ചുള്ള വിശേഷങ്ങളായിരിക്കും. പിന്നെ മക്കളായപ്പോൾ അവരെ പറ്റിയും. എല്ലാം അവൾ വിസ്തരിച്ചെഴുതും. പിന്നെ നാട്ടുവിശേഷങ്ങൾ, അവൾ കണ്ട സിനിമകളുടെ കഥകൾ തുടങ്ങി പൂച്ചപെറ്റതുവരെ.

ഈ മണിയേടത്തീടെ ഒരു കാര്യം. വാസുവേട്ടനോ മക്കളോ ഒന്ന് തുമ്മിയാൽ മതി അതും കത്തിലെഴുതും. വിമല പിറുപിറുക്കും.

സാവധാനത്തിൽ കത്തുകളുടെ നീളം കുറഞ്ഞുവന്നു. എങ്കിലും കൃത്യമായി കത്തുകളെത്തും. സ്നേഹം തുളുമ്പുന്ന കത്തുകൾ. ഏട്ടന് ക്ഷീണമാണെന്ന് അവിടുന്നു വന്ന അപ്പേട്ടൻ പറഞ്ഞൂലോ. ശരീരം നല്ലോണം നോക്കണംട്ടോ. അവളൊരിക്കലെഴുതി.

ആ കത്ത് കണ്ടപ്പോൾ വിമല പൊട്ടിത്തെറിച്ചു. ഇവിടെ ഞാനിട്ട് നരകിപ്പിക്ക്യാന്ന് തോന്നൂലോ. ഒരു മണിക്കുട്ടീം പുന്നാര ഏട്ടനും.

വർഷങ്ങൾ കടന്നു പോയി. അമ്മ മരിച്ചപ്പോഴും മറ്റുമായി മൂന്നാലു തവണ ലീവിൽ നാട്ടിൽ വന്നു പോകുകയും ചെയ്തു.

കഴിഞ്ഞ തവണ ലീവിൽ വന്നപ്പോൾ അച്ഛന്റെ പരാതി. വാസൂന്റെ കള്ളുകുടിക്ക് ഒരു ശമനോല്ല്യാന്നാ കേട്ടത്. കച്ചോടൊക്കെ പൊളിഞ്ഞൂത്രെ. അവളുടെ പേരിലുള്ള വസ്തുക്കൾ വിക്കണോന്നും പറഞ്ഞ് മണിക്കുട്ടി കുട്ട്യോളേംകൊണ്ട് രണ്ടീസം മുൻപ് ഇവിടെ വന്നിരുന്നു. ഞാനപ്പോൾ അവളോട് പറഞ്ഞു. ഇവിടെ വന്നുനിൽക്കാൻ. ഭാര്യേം മക്കളേം പൊലർത്താൻ കഴിയാത്തോന്റെ കൂടെ പൊറുത്തിട്ടെന്താ ഫലം. പറഞ്ഞാൽ കേൾക്കണ്ടേ. അവളുടെ കുട്ട്യോൾക്ക് അച്ഛനില്ലാണ്ടാവില്ലേന്ന്. പിന്നെ വാസൂന് തീരെ സുഖല്ല്യാത്രെ. അങ്ങനേക്കെ ഓരോ തട്ടുമുട്ടും പറഞ്ഞ് വന്നതിനേക്കാൾ വേഗത്തില് മടങ്ങിപ്പോവും ചെയ്തു.

അയാളതെല്ലാം കേട്ടുകൊണ്ട് തരിച്ചിരുന്നു പോയി. മണിക്കുട്ടിയോട് അല്പം നീരസവും തോന്നി. യാത്രാക്ഷീണം വകവെക്കാതെ അന്നുതന്നെ അയാൾ അവളെ കാണാൻ പുറപ്പെട്ടു.

അല്ല, ഇതാരാ ! ഏട്ടനോ. മക്കളേ ദേ അമ്മാമ വന്നേക്ക്ണു. എന്നെല്ലാം പറഞ്ഞുകൊണ്ട് അവൾ അരികിലേക്ക് ഓടിയെത്തി.

അടുക്കളക്കരിപുരണ്ട മുണ്ടും വേഷ്ടിയും. കൂടുതൽ നേർത്തു പോയ കഴുത്തിലെ കറുത്ത ചരടിൽ കോർത്ത താലിമാത്രം. കണ്ണിനു ചുറ്റും ഉറക്കച്ചടവിന്റെ കാളിമ. പക്ഷെ നിഷ്കളങ്കമായ ആ മുഖത്തുപ്പോഴും മങ്ങാത്ത പുഞ്ചിരിയുണ്ടായിരുന്നു. ഏട്ടനെ വളരെക്കാലംകൂടി കണ്ടതിന്റെ നിർവൃതിയും.

രോഗിയായ ഭർത്താവ്, അഞ്ചും ഏഴും വയസ്സുകാരായ കുട്ടികൾ. ഒപ്പം ഇല്ലായ്മയുടെ പങ്കപ്പാടുകളും. ആ കൊച്ചുലോകത്തിൽ സ്വർഗ്ഗം പണിയാൻ നെട്ടോട്ടമോടുന്ന വീട്ടമ്മ. അടുക്കളപ്പണി ചെയ്യണം. കുട്ടികൾ തമ്മിലുള്ള വഴക്ക് തീർക്കണം. എങ്കിലും ഇടക്കിടെ അവൾ വാസുവിന്റെ മുറിയിലേക്കെത്തും. കഷായം കൊണ്ടു വരട്ടേ, ഇത്തിരിനേരം തലോണയിൽ ചാരി ഇരുത്തട്ടേ എന്നെല്ലാം ചോദിച്ചുകൊണ്ട്.

അവളുടെ വിളർത്തുമെല്ലിച്ച കോലം കണ്ടപ്പോൾ വാസുവിനേക്കാൾ ശുശ്രൂഷ ആവശ്യമുള്ളത് അവൾക്കാണെന്നുതോന്നി അയാൾക്ക്.

ആ കറയറ്റ സ്നേഹത്തിനുമുൻപിൽ അയാളുടെ നീരസം ആവിയായി. പറയാൻ കരുതി വെച്ചിരുന്ന പരുഷവാക്കുകൾ തൊണ്ടയിൽ കുരുങ്ങി.

അവരിരുവരും തനിച്ചായപ്പോൾ അയാൾ സൗമ്യമായി ചോദിച്ചു. നീ നിന്റെ വസ്തു വിക്കാൻ പോണൂന്ന് അച്ഛൻ പറഞ്ഞല്ലോ. ശരിയാണോ.

എനിക്കെന്തിനാ ഏട്ടാ, നെലോം പറമ്പുമൊക്കെ. ചികിത്സക്ക് പണം വേണം. വാസേട്ടന്റെ സൂക്കേടൊന്ന് മാറിക്കിട്ടിയാൽ മതിയായിരു

ന്നു. അയാൾക്കൊന്നും പറയാനായില്ല. ആരുടെയും വേദന കാണാനവൾക്കാവില്ല. പിന്നെയാണോ ഭർത്താവിന്റെ ?

ലീവു കഴിഞ്ഞ് അയാൾ കുടുംബസമേതം ജോലിസ്ഥലത്തേക്ക് മടങ്ങി. വൈകാതെ അച്ഛന്റെ കത്തു വന്നു. മണിക്കുട്ടി വസ്തുവിറ്റു എന്ന വാർത്തയുമായി. രണ്ടുമാസം കഴിയുംമുമ്പ് വാസുവിന്റെ മരണവാർത്തയും.

അന്നുമുതൽ നാട്ടിലൊന്ന് വന്നുപോകാൻ ആഗ്രഹിച്ചതാണ്. പക്ഷെ വരാൻ കഴിഞ്ഞത് ഇപ്പോഴാണ് , അച്ഛൻ മരിച്ചുവെന്ന ഫോൺ എത്തിയപ്പോൾ.

ഒരു മാസത്തെ ലീവ് കഴിഞ്ഞതറിഞ്ഞില്ല. ഇന്ന് വൈകിട്ടത്തെ ട്രെയിനിൽ മടങ്ങുകയാണ്.

പെട്ടികൾ പാക്കു ചെയ്യണം. ബന്ധുക്കളോടും അയൽക്കാരോടും യാത്ര പറയണം. പക്ഷെ ഒന്നിനും തോന്നുന്നില്ല. ആരും സഹായത്തിനില്ലാത്ത മണിക്കുട്ടിയുടെ ഭാവി ഓർക്കുമ്പോൾ വല്ലാത്ത ആശങ്ക.

അല്ല, എന്തിരുപ്പാത്, പെട്ടി ഒതുക്കണ്ടേ. വിമല സാമാന്യം വലിയൊരു ബാഗുമായി ഓടിക്കിതച്ചുകൊണ്ടെത്തി. ഞാൻ കുട്ട്യോളടെ ഉടുപ്പുകൾ തുന്നാൻ കൊടുത്തത് വാങ്ങാൻ പോയതാ. കുട്ടികളെവിടെ? അവരെല്ലാംകൂടി തൊടിയിൽ പന്ത് കളിക്കുന്നു.

പെട്ടി പാക്കുചെയ്യുന്നതിനിടയിൽ മണിക്കുട്ടി രണ്ട് കുപ്പികളുമായി അങ്ങോട്ട് വന്നു. ഇത് ഇവിടെ കാച്ചിയ കുറച്ച് നെയ്യാ, ഇതും ബാഗിലേക്ക് വെച്ചോളൂ. കുട്ട്യോൾക്ക് ഇഷ്ടാവും. അപ്പേട്ടൻ ഓണത്തിന് ലീവിൽ വരുമ്പോൾ ഞാൻ വറത്തുപ്പേരി കൊടുത്തുവിടാം കേട്ടോ. അപ്പേഴേക്കും കായക്കുല മൂപ്പാകും.

മണിക്കുട്ടിക്ക് ഇത്രയെങ്കിലും ചെയ്യാനാകുന്നുണ്ടല്ലോ. പക്ഷെ തനിക്കോ. വിമലയുടെ ധാരാളിത്തം കൊണ്ട് തന്റെ പോക്കറ്റ് എപ്പോഴും കാലിയായിരിക്കും. അയാളുടെ മനസ്സ് കുറ്റബോധത്താൽ നീറി.

ദേ, ഇത് മണിയേടത്തീടെ കുട്ടികൾക്ക്. വിമല മൂന്നാലുടുപ്പുകൾ അവളുടെ നേരെ നീട്ടി. നിറം മങ്ങിയ പഴഞ്ചനുടുപ്പുകൾ ഒട്ടും പരിഭവമില്ലാതെ ഇരുകൈയ്യും നീട്ടി വാങ്ങുന്ന തന്റെ അനുജത്തി.

അവൾ നടന്നകന്നപ്പോൾ വിമലയുടെ പതിഞ്ഞ സ്വരത്തിലുള്ള ആത്മപ്രശംസ. ആ പിള്ളേരുടെ ഉടുപ്പുകളൊക്കെ കീറി, അതാ ഞാൻ.......

അയാൾ അസഹ്യതയോടെ പെട്ടെന്നവിടെ നിന്ന് എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. മനസ്സും ശരീരവും ചുട്ടുനീറുമ്പോലെ.....

ചാറിനിന്ന മഴയപ്പോൾ കൂടുതൽ ശക്തമായി. മഴത്തുള്ളികളോടൊപ്പം അയാളുടെ കണ്ണുകളും തുളുമ്പിയൊഴുകി.

ഏട്ടാ, ദേ, കുട തൊട്ടുപിറകിൽ ഒരു വിളി. മണിക്കുട്ടി കുടയുമായി എത്തിക്കഴിഞ്ഞു.

നിറഞ്ഞൊഴുകുന്ന കണ്ണുകൾ അവളിൽ നിന്നും ഒളിക്കാനുള്ള ശ്രമത്തിലായിരുന്നു അയാൾ.

ഏട്ടാ, എന്തായിത് കുട്ട്യോളെപ്പോലെ, തന്റെ മനസ്സു വായിക്കാൻ കഴിഞ്ഞതുപോലായിരുന്നു അപ്പോൾ ആ മുഖത്തെ ഭാവം.

അയാൾ ഒന്നും മറുപടി പറയാനാകാതെ വിഷണ്ണനായി നിന്നു.

നനവൂറുന്ന അവരുടെ കണ്ണുകൾ അന്യോന്യം എന്തെല്ലാമോ മന്ത്രിച്ചു. അവരുടെ ഹൃദയത്തുടിപ്പുകൾക്കപ്പോൾ ഒരേ താളമായിരുന്നു. മനസ്സുകളിൽ ഒരേ വികാരവും വിചാരവുമായിരുന്നു. അവരുടെ ഓർമ്മകളിൽ ബാല്യകാലം വീണ്ടും വിരുന്നിനെത്തിയിരുന്നു.

വാ ഏട്ടാ, മഴതോർന്നിട്ട് പോയാൽ മതി. അവളയാളുടെ കയ്യിൽ പിടിച്ച് കുടക്കീഴിലേക്ക് ചേർത്തു നിർത്തി.

മഴവെള്ളം തട്ടിത്തെറിപ്പിച്ചുകൊണ്ട് ഒരേ കുടക്കീഴിൽ നടന്നു പോകാറുള്ള ഏട്ടനും അനുജത്തിയമാണെവരെന്നും തങ്ങൾക്ക് ഒരു മാറ്റവുമില്ലെന്നും അവർക്കു തോന്നി. അവരുടെ ചുറ്റിനും മഴത്തുള്ളികളപ്പോൾ സ്നേഹമഴയായി പൊഴിഞ്ഞുകൊണ്ടിരുന്നു.


ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ






# നാലാം വ്യാവസായിക വിപ്ളവത്തിൽ ഭാഗഭാക്കാകാതിരിക്കാൻ ഇന്ത്യയുടെ കാർഷിക മേഖലയ്ക്ക് എങ്ങിനെ സാധിക്കും?

ഡോ. പത്മനാഭൻ

ജയിംസ് വാട്ട് (1765–1819) എന്ന സ്കോട്ട്ലൻഡുകാരൻ കണ്ടു പിടിച്ച നീരാവിയന്ത്രം ആധുനിക ലോകത്തിന്റെ ഒന്നാം വ്യാവസായിക വിപ്ലവത്തിനു തുടക്കം കുറിച്ചു. ഈ കണ്ടു പിടുത്തം നീരാവികൊണ്ടു പ്രവർത്തിക്കുന്ന ഒട്ടേറെ എഞ്ചിനുകൾക്കും അതോടൊപ്പം ട്രെയിൻ യാത്ര സാധ്യമാക്കിയ Locomotive Engine ഉം നിർമ്മിച്ചെടുക്കാൻ വഴിയൊരുക്കി. ഇതിനു പിന്നാലെ മൈക്കൾ ഫാരഡെ (Michael Faraday 1791- 1867) എന്ന ബ്രിട്ടീഷുകാരൻ ഭൗതിക ശാസ്ത്രജ്ഞൻ വിദ്യുച്ഛക്തി (Electricity) അതിനെ തുടർന്ന് ഇലക്ട്രിക് മോട്ടോറും (Electric Motor) കണ്ടു പിടിച്ച് രണ്ടാം വ്യാവസായിക വിപ്ലവം (2IR) യാഥാർത്ഥ്യമാക്കി. ഇലക്ട്രിക് മോട്ടോർ എല്ലാ വ്യാവസായിക മേഖലകളിലും വൻകുതിപ്പിന് വഴിയൊരുക്കി. വൻകിടവ്യവസായങ്ങളുടെ നെടുംതൂണായി ഇലക്ട്രിക് മോട്ടോർ പ്രചാരം നേടി. 1750– 1900 കാലഘട്ടത്തിലെ രണ്ടു കണ്ടു പിടുത്തങ്ങൾ മൂന്നാം വ്യാവസായിക വിപ്ലവത്തിന് (3IR) വഴിയൊരുക്കി. 1876 ൽ അലക്സാണ്ടർ ഗ്രഹാംബെ (Alexander Graham Bell) ല്ലിന്റെ ടെലിഫോൺ കണ്ടുപിടുത്തവും, 1896 ൽ ഇറ്റലിക്കാരൻ മാർക്കോണി (Marconi) യുടെ റേഡിയോ ഇലക്ട്രോണിക്സും മൂന്നാം വ്യാവസായിക വിപ്ലവ (3IR) ത്തിന് ആക്കം കൂട്ടി. 1950 –ന്റെ തുടക്കം മുതൽ മൂന്നാം വ്യാവസായിക വിപ്ലവ (3rd Industrial Revolution or 3IR) ത്തിന്റെ വരവായി. അർദ്ധചാലകങ്ങൾ അഥവാ Semiconductors (മോയിൻ ഫ്രെയും) കമ്പ്യൂട്ടറുകൾ, പേഴ്സണൽ കമ്പ്യൂട്ടറുകൾ (PCs) അതോടൊപ്പം ഇന്റർനെറ്റു സംവിധാനത്തോടു കൂടിയ ആഗോളതലത്തിലുള്ള വാർത്താവിനിമയ സംവിധാനങ്ങൾ എന്നിവയാണ് മൂന്നാം വ്യാവസായിക വിപ്ലവംകൊണ്ട് നേടിയത്. ആധുനിക ലോകം ഇപ്പോൾ എത്തി നിൽക്കുന്നത് നാലാം വ്യാവസായിക വിപ്ലവകാലഘട്ടത്തിലാണ്. (4th Industrial Revolution or 4IR) വിവരസാങ്കേതിക വിദ്യ (Information Technology) അതിന്റെ അത്യാധുനിക തലത്തിൽ രൂപാന്തരപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഒരു യന്ത്രം പ്രവർത്തിപ്പിക്കാനായി നിയോഗിച്ചിരുന്ന വ്യക്തിയുടെ സഹായമില്ലാതെ സ്വയം പ്രവർത്തിക്കാൻ കിട്ടിയ നിർദ്ദേശമനുസരിച്ച് യന്ത്രത്തിന് സാധിക്കുകയും അതോടൊപ്പം തന്നെ ഏല്പിച്ച ജോലി പൂർത്തീകരിച്ചു കഴിയുമ്പോൾ സ്വയം പ്രവർത്തനം നിറുത്തുന്നു. കഴിയുന്ന വിധത്തിൽ നമ്പറുകൾ ഉപയോഗിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കുന്ന യന്ത്രങ്ങളെയും ഉപകരണങ്ങളേയും Automated Operating Machines അഥവാ Automation Systems എന്നു പറയാം. 4IR യുഗത്തിൽ കൃത്രിമ മസ്തിഷ്കം അഥവാ കൃത്രിമ ബുദ്ധി (Artificial Intelligence (AI)) ധാരാളമായി ഉപയോഗിച്ച് കൃത്രിമ മനുഷ്യനെ അഥവാ റോബോട്ടിനെക്കൊണ്ട് മനുഷ്യൻ ചെയ്യേണ്ട പല ജോലികളും ചെയ്യിക്കാൻ സാധിക്കുന്നു.

## ഇന്ത്യയിലെ കാർഷിക രംഗം

ഇന്ത്യയുടെ കാർഷിക മേഖലയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള സ്ഥിതി പരിശോധിച്ചാൽ താഴെ പറയുന്ന പോരായ്മകൾ നിലനിന്നിരുന്നു, ഇപ്പോഴും പല സംസ്ഥാനങ്ങളിലും തൽസ്ഥിതി തുടർന്നുകൊണ്ടേയിരിക്കുന്നു. കൃഷിയിടം കൃഷിക്കായി രൂപപ്പെടുത്താനും, വിത്തുവിതയ്ക്കാനും, ജലസേചനം നടത്താനും, കളപറിക്കാനും, വളമിടാനും, വിളവെടുപ്പു നടത്താനും യന്ത്രവൽകൃത മാർഗ്ഗങ്ങൾ ഉപയോഗിക്കാത്ത ധാരാളം കൃഷിയിടങ്ങളും കൃഷിക്കാരും ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും ഇന്നും പ്രവർത്തിച്ചു പോരുന്നു. ഇതുകൊണ്ടു കൃഷി ലാഭകരമല്ലാതായി തീരുന്നു. കൃഷിക്കാർ കടബാധ്യതകളിൽ കഴിഞ്ഞു കൂടുന്നു.

1960 മുതൽ തുടങ്ങി വച്ച ഹരിത വിപ്ലവം യന്ത്രവൽക്കരണത്തിലൂടെ കൃഷി ലാഭകരമാക്കാൻ

ശ്രമം നടത്തി. ട്രാക്ടറുകളും, ജലസേചനത്തിനുള്ള പമ്പുകളും ഇറക്കി വൈദ്യുതി ഉപയോഗം 1971 – ൽ ഉണ്ടായിരുന്ന 40% –ൽ നിന്ന് 2003 ആയപ്പോഴേക്കും 84 % ആയി ഉയർന്നു. പക്ഷെ അതിനനുസരിച്ച് കാർഷിക മാർക്കറ്റിംഗ് കുറ്റമറ്റതായി രൂപാന്തരപ്പെട്ടില്ല !

കാർഷികരംഗത്തെ നഷ്ടത്തിലേക്ക് നയിക്കുന്ന ഘടകങ്ങൾ

നല്ല രീതിയിലുള്ള മാർക്കറ്റിംഗ് രീതികളും സംവിധാനങ്ങളും ഇല്ലാത്തതിന്റെ ദൂഷ്യവശങ്ങൾ അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നത് അടുത്തകാലത്ത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നു.

1. രാജ്യാന്തര തലത്തിൽ കിടപിടിക്കാവുന്ന മാർക്കറ്റിംഗ് സംവിധാനങ്ങളുടെ അഭാവം

2. കൃഷിക്കാർക്ക് തൊട്ടടുത്തുള്ള ചെറുകിട വ്യാപാരികൾ മാത്രം (Local Traders Only)

3. കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ഇടനിലക്കാരെ ആശ്രയിക്കേണ്ട അവസ്ഥ

4. തദ്ദേശവാസികളായ സ്ഥിരം ഇടനിലക്കാർ മത്സരിക്കാൻ വെളിയിൽനിന്നു മറ്റാരും വരില്ലെന്ന ദു:സ്ഥിതി കാരണം കർഷകർക്ക് അർഹമായ വില കൊടുക്കാതെ കൊള്ളലാഭമെടുത്തു ചൂഷണം നടത്തുന്നു.

5. വില്ലേജുകളിൽ കൃഷിക്കാർ പണം വായ്പ തരുന്ന വട്ടി പലിശക്കാർക്ക് കാർഷികോൽപ്പന്നങ്ങൾ കിട്ടുന്ന വിലയ്ക്ക് വിറ്റു നഷ്ടത്തിൽ ജീവിതം നയിക്കുന്നു.

6. പഞ്ചാബിലെ കർഷകരുടെ 70% എണ്ണ ധാന്യങ്ങളും (Oil Seeds) 35% പഞ്ഞി (Cotton) ഉൽപ്പന്നങ്ങളും വില്ലേജിൽത്തന്നെ കുത്തക പ്രൈവറ്റ് വ്യാപാരികൾക്ക് വിറ്റഴിക്കുന്നു.

7. ഉത്തർപ്രദേശിലെ 85% ഗോതമ്പ്, 75% എണ്ണ ധാന്യങ്ങൾ, ബംഗാളിലെ 90% ചണം (Jute) വില്ലേജിൽത്തന്നെ മത്സരമില്ലാത്ത മാർക്കറ്റിൽ വിറ്റഴിച്ച് കർഷകർ ജീവിച്ചു പോരുന്നു.

ഇത്തരത്തിൽ ഇന്ത്യയുടെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും കർഷകർ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ചൂഷണങ്ങൾക്കിരയാകുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഇടനിലക്കാരും ബ്രോക്കർമാരും, കൃഷിക്കാരന് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നവരും ഇന്ത്യയുടെ കാർഷികമേഖലയെ ലാഭകരമാക്കി തീർക്കാൻ അനുവദിക്കുന്നില്ല. ഈ സ്ഥിതിവിശേഷം രാജ്യത്തിന്റെ സമ്പദ്ഘടനയെ പിന്നോട്ടു വലിക്കുന്നുവെന്നത് ഗവേഷണഫലങ്ങൾ തുറന്നു കാണിക്കുന്നു. അതിനാലാണ് ഗവൺമെന്റ് നിയമനിർമ്മാണത്തിലൂടെ കാർഷിക മേഖലയിൽ പരിഷ്കാരം വരുത്തി കർഷകനും, ബാങ്കുകൾക്കും ബഹുമുഖ വ്യാപാരമേഖലയ്ക്കും അതോടൊപ്പം രാജ്യത്തിനും അസൂയാർഹമായ പുരോഗതി കൈവരിക്കാൻ അവസരമൊരുക്കുകയാണെന്ന് മറ്റു രാജ്യങ്ങളിലെ സ്ഥിതി പരിശോധിച്ചാൽ മനസ്സിലാകും.

കാർഷിക മേഖല മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ചൈന, ആസ്ത്രേലിയ കാനഡ, എന്നീ രാജ്യങ്ങൾ കാർഷിക ഗവേഷണങ്ങളും നിയമനിർമ്മാണങ്ങളും നടത്തിയാണ് പുരോഗതി കൈവരിച്ചിട്ടുള്ളത് എന്നതു ഒരു വസ്തുതയാണ്. നാലാം വ്യാവസായിക വിപ്ലവത്തിലൂടെ ലഭ്യമായ ആധുനിക വൽക്കരണം മേൽപ്പറഞ്ഞ രാജ്യങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഇന്ത്യയ്ക്ക് 4 IR എന്തെല്ലാം ആധുനികവൽക്കരണ നേട്ടങ്ങൾ സമ്മാനിക്കാൻ പോകുന്നുവെന്നു പരിശോധിച്ചു നോക്കാം. മേൽപ്പറഞ്ഞ രാജ്യങ്ങൾ ചെയ്തതുപോലെ രാജ്യാന്തര തലത്തിൽ പേരുകേട്ട കൺസൾട്ടൻസി (Consultancy) സ്ഥാപനങ്ങളെയാണ് ഇന്ത്യയും ഉപയോഗപ്പെടുത്തിയത്. ലേകത്തിലെ Big Four എന്നറിയപ്പെടുന്ന കൺസൾട്ടൻസി ഗവേഷക സ്ഥാപനങ്ങളെയാണ് ഇന്ത്യയും ഉപയോഗപ്പെടുത്തിയത്. ലോകത്തിലെ Big Four എന്നറിയപ്പെടുന്ന കൺസൾട്ടൻസി ഗവേഷക സ്ഥാപനങ്ങളാണ് Price Water Coopers, Deloitte & Touche, KPMG and Ernest & Young കാർഷിക മേഖലയിൽ ഇന്ത്യയ്ക്ക് വൻകുതിച്ചുചാട്ടമുണ്ടാക്കാൻ ഏതൊക്കെ ഘടകങ്ങളിൽ പരിഷ്കാരം കൊണ്ടു വരണമെന്നു പരിശോധിച്ച് മാർഗ്ഗനിർദ്ദേശം നൽകാൻ Deloitte & Touche എന്ന ഫ്രഞ്ചു ഗവേഷണ കൺസൾട്ടൻസിയെയാണ് മാർഗ്ഗ നിർദ്ദേശം നൽകാൻ ഏല്പിച്ചത് എന്നറിയുന്നു.

ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇത്തരം ഗവേഷണസ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. അഭികാമ്യമായ ഭൂരിപക്ഷം നേടി ഭരണത്തിലെത്തുന്ന ഒരു സർക്കാർ ജനക്ഷേമപരിപാടികളല്ലാതെ മറ്റൊരു അജണ്ടയും നടപ്പാക്കാൻ ശ്രമിക്കുകയില്ലല്ലോ. അങ്ങനെ സംഭവിച്ചാൽ വീണ്ടും ഭരണം നേടുക അസാദ്ധ്യമായിത്തീരുമെന്ന സാമാന്യബോധം എല്ലാ ജനാധിപത്യ സർക്കാരുകൾക്കുമുണ്ടാകാതിരിക്കില്ലല്ലോ!





നാലാം വ്യാവസായിക വിപ്ലവം (4IR) എന്തൊക്കെ മേന്മകളാണ് കാർഷികമേഖല പ്രദാനം ചെയ്യാൻ പോകുന്നതെന്നു പരിശോധിക്കാം. Fifth Generation (5G) അതിവേഗ ഇന്റർനെറ്റു സംവിധാനം കൊണ്ടു ഏതു കർഷകനും ഒരു സെൽഫോണിൽ കൂടി ലോകത്തിലെ കാർഷിക ഉൽപ്പന്നങ്ങൾ, മാർക്കറ്റുകൾ, ഉൽപ്പന്നങ്ങളുടെ ആഗോള വിലനിലവാരം, വിവിധ രാജ്യങ്ങളിലെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരമനുസരിച്ചുള്ള സ്ഥാനം, റേറ്റിംഗ്, ആഗോള തലത്തിൽ പ്രമുഖരായ വാങ്ങലും വിൽക്കലും നടത്തുന്ന കമ്പനികൾ, ഓൺലൈൺ ഷോപ്പിങ് കമ്പിനികൾ –ആമസോൺ, ഫ്‌ലിപ്കാർട്ട് തുടങ്ങിയ ആഗോളതലത്തിൽ പ്രവർത്തിക്കുന്ന കമ്പിനികൾ തുടങ്ങിയ എല്ലാ വിവരങ്ങളും കർഷകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ആധുനിക സാങ്കേതിക വിദ്യയിൽ ഇന്ത്യ ഒട്ടും പിറകിലല്ല. 5ജി അതിവേഗ ഇന്റർനെറ്റു സംവിധാനത്തിൽ ചൈന അമേരിക്കയെക്കാൾ മുന്നിലാണ്. കാരണം മറ്റൊന്നുമല്ല, ചൈനയിൽ സമരസിദ്ധാന്തം അവരുടെ നിഘണ്ടുവിലില്ല. ചൈനയിൽ ഒരാൾക്കു ജീവതത്തിൽ ഒരിക്കൽ മാത്രമേ സർക്കാരിനെതിരെ സമരം ചെയ്യാൻ സാധിക്കുകയുള്ളൂ. കാരണം വീണ്ടും സമരം ചെയ്യണമെങ്കിൽ ജീവിച്ചിരുന്നിട്ടു വേണ്ടേ!

4IR അത്യാധുനിക പരിഷ്കാരങ്ങൾ കാർഷിക മേഖലയ്ക്ക് പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. ഡ്രോൺ ഉപയോഗിച്ച് മുഴുവൻ കൃഷിയിടങ്ങളേയും പര്യവേഷണത്തിൽ കൊണ്ടു വരാൻ സാധിക്കും. റോബോട്ടുകളുപയോഗിച്ച് വളമിടലും, വിളവെടുപ്പും, പശുക്കളിൽ നിന്നും പാൽ കറന്നെടുക്കലും തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ കൂടുതൽ കൃത്യതയോടെ ചെയ്തു തീർക്കാൻ സാധിക്കും. യന്ത്രവൽക്കരണം സമയലാഭവും, പണലാഭവും കാർഷികമേഖലക്ക് പ്രദാനം ചെയ്യും. 5 ജി വരവോടു കൂടി സന്ത്രവൽക്കരണത്തിനുപരി അതിയന്ത്രവൽക്കരണവും സാധ്യമായിക്കൊണ്ടിരിക്കുന്നു.

കാർഷിക പരിഷ്കരണങ്ങളെപ്പറ്റിയുള്ള തെറ്റിദ്ധാരണ പരത്തുന്ന പ്രചരണം ഇന്ത്യയ്ക്ക് വളരെ ദോഷം ചെയ്യും. ഉദാഹരണത്തിന് ഇന്ത്യയുടെ DGP (Gross Domestic Product) അഥവാ ആഭ്യന്തര ഉത്പ്പാദനത്തിന്റെ 33% കൃഷിയിൽ നിന്നു ലഭിക്കുന്നതാണ്. അതിനാൽ ആധുനികയന്ത്രവൽക്കരണം കാർഷികരംഗത്ത് നടപ്പാക്കുന്നതോടുകൂടി ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് (AI), ഇന്റർനെറ്റ് ഒഫ് തിങ്സ് (IOT), Big data, Block Chain and Drones എന്നീ ആത്യാധുനിക സംവിധാനങ്ങൾ നിലവിൽ വരും. അവയെല്ലാം കാർഷിക രംഗത്തെ കുതിപ്പിലേക്കു നയിക്കും. ലാഭകരമാക്കിത്തീർക്കും. കർഷകർ അതിസമ്പന്നരായിത്തീരും.

4 IR കാരണം, താങ്ങുവില (Minimum Support Price) ആഗോളനിലവാരത്തിലേക്കുയരും. സുതാര്യത വരും. ഇടനിലക്കാരില്ലാതാകും. ഉൽപ്പന്നങ്ങളുടെ വില ആഗോളതലത്തിലെ വിലയാകും. ഓൺലൈൻ ഷോപ്പിങ്ങ് കാരണം കർഷകരുടെ ഏതു ഉൽപ്പന്നത്തിനും ആഗോളതലത്തിലുള്ള മികച്ച വിലക്കു വിറ്റഴിക്കും !

**വന്ദ്യാൻ നിന്ദതി ദു:ഖിതാനുപഹസ-**
**ത്യാബാധതേ ബാന്ധവാൻ**
**ശൂരാൻ ദ്വേഷ്ടി ധനച്യുതാനപഹസ-**
**ത്യുത്താപയത്യാശ്രിതാൻ**
**ഗുഹ്യാനി പ്രകടീകരോതി ഘടയ-**
**ത്യത്ഥേഷു ജീവാശയം**
**ബ്രൂതേ ശീഘ്രമവാച്യ, മുഞ്ഝതിഗുണാൻ**
**ഗൃഹ്ണാതി ദോഷാൻ ഖല ഃ**

ഖലൻ (ദുഷ്ടൻ) വന്ദനീയരെ നിന്ദിക്കുന്നു. ദു:ഖിതരെ പരിഹസിക്കുന്നു. ബന്ധുക്കളെ ഉപദ്രവിക്കുന്നു. ശൂരന്മാരെ വെറുക്കുന്നു. ധനം നഷ്ടപ്പെട്ടവരെ ആക്ഷേപിക്കുന്നു. ആശ്രിതരെ പീഢിപ്പിക്കുന്നു. ജീവിതത്തിന്റെ അർത്ഥത്തെ സമ്പത്തിൽ ചേർക്കുന്നു. പറയരുതാത്തതു വേഗം പറയുന്നു. ഗുണങ്ങളെ ഉപേക്ഷിക്കുന്നു. ദോഷങ്ങളെ സ്വീകരിക്കുന്നു.

*ഹിതോപദേശം*

# പഞ്ചമഹായജ്ഞങ്ങൾ

എം. ആർ. എസ്. മേനോൻ

ധർമ്മാനുഷ്ഠാനമാണ് സംതൃപ്തമായ ജീവിതത്തിന്റെ അടിത്തറ. മതമെന്നല്ല ധർമ്മമെന്ന അർത്ഥമാണ് സനാതനധർമ്മത്തിന് കൂടുതൽ ഉചിതം. ക്രിസ്തുമതം, ഇസ്ലാംമതം, ബുദ്ധമതം, എന്നൊക്കെ നാം മറ്റു മതങ്ങളെ മനസ്സിലാക്കിയപ്പോൾ മതത്തിന്റെ പരിമിതികൾക്കപ്പുറമായിരുന്നു സനാതനധർമ്മം.

'ധാരയതി ഇതി ധർമ്മ' നിലനിറുത്തുന്നതെന്തോ അതാണ് ധർമ്മം. ഒരു വസ്തുവിനെ അതാക്കി നിലനിർത്തുന്നതാണ് ധർമ്മം. അഗ്നിയുടെ ധർമ്മം ചൂടാണ്. മഞ്ഞിന്റെ ധർമ്മം തണുപ്പും. ചൂടും വെളിച്ചവുമാണ് സൂര്യന്റെ ധർമ്മം. ശീതളിമയാണ് ചന്ദ്രന്റെ ധർമ്മം. സമൂഹത്തിൽ ഓരോ തലത്തിലും വ്യക്തിക്ക് ഓരോ ധർമ്മമുണ്ട്. ഇതിഹാസങ്ങൾ ധർമ്മത്തിന്റെ സൂക്ഷ്മതലങ്ങളെ ജീവിത മാതൃകളിലൂടെ പഠിപ്പിക്കുന്നു. ഓരോ തലത്തിൽ വർത്തിക്കുമ്പോഴും ധർമ്മാചരണം വ്യത്യസ്ഥമാകാം. ഒരു പുത്രൻ എന്ന നിലക്കുള്ള ധർമ്മത്തേക്കാൾ മീതെയാണ് ഒരു ഭരണാധികാരി എന്ന നിലയ്ക്ക് ഉള്ള ധർമ്മം.

ഒരു ഗൃഹസ്ഥൻ സാമാന്യമായി അനുഷ്ഠിക്കേണ്ട ധർമ്മാചരണമാണ് പഞ്ചമഹായജ്ഞങ്ങൾ. ഇവ സമാജത്തിന്റെ സുരക്ഷിതമായ സാമൂഹ്യജീവിതത്തിന് ഉറപ്പു നൽകുന്നു. പ്രാഥമികമായ ഒരു വ്യക്തിയുടെ കടപ്പാടാണ് പഞ്ചമഹായജ്ഞങ്ങൾ എന്നത്കൊണ്ട് വ്യക്തമാക്കുന്നത്. തത്വമറിഞ്ഞ് ഇവ ആചരിക്കേണ്ടത് സുഘടിതമായ ഒരു സാമൂഹ്യവ്യവസ്ഥക്ക് അനിവാര്യമാണ്.

വൃഷ്ടാദികൾ നിമിത്തം ലഭിച്ചിരിക്കുന്ന പദാർത്ഥങ്ങളെ ഗൃഹസ്ഥൻ ഉചിതമായ പഞ്ചമഹായജ്ഞങ്ങൾക്ക് ഉപയോഗിച്ച ശേഷം ബാക്കിയുള്ള അന്നാദിപദാർത്ഥങ്ങളെക്കൊണ്ട് തന്റെ ജീവസന്ധാരണം ചെയ്യണം. അവശേഷിച്ചത് അന്യർക്ക് നൽകണം. ഇപ്രകാരം നിത്യവൃത്തികൾ കഴിക്കുന്ന ഗൃഹസ്ഥൻ പരമഹംസപദത്തെ പ്രാപിക്കുന്നു. ശ്രീമദ്ഭാഗവതം 7.14 പഞ്ചമഹായജ്ഞങ്ങൾക്കായി ഉപയോഗിച്ചശേഷം ബാക്കി വരുന്നവയിൽ തന്റെ ജീവസന്ധാരണത്തിന് ഉപയോഗിച്ചശേഷം അവശേഷിക്കുന്നത് അന്യർക്ക് നൽകണമെന്നാണ് ഭാഗവതം പഠിപ്പിക്കുന്നത്. തുടർന്ന് ഭാഗവതം വിവരിക്കുന്നു. ദേവന്മാർ, ഋഷിമാർ, മനുഷ്യർ പക്ഷിമൃഗാദികൾ, പിതൃക്കൾ എന്നീ രൂപഭേദങ്ങളിലിരിക്കുന്ന പഞ്ചയജ്ഞ ദേവതകളെയും തന്നെയും തന്റെ സമുചിത വ്യാപാരദ്വാരാ ലഭിച്ച ധനം കൊണ്ട് പൂജിക്കണം. ഭിന്ന സ്വരൂപങ്ങളായി കാണുന്ന ഇവരെല്ലാം ഏകനായ ഈശ്വരൻ തന്നെയാകയാൽ ഇവരിൽ ചെയ്യുന്ന ആരാധന ഈശ്വരാരാധന തന്നെയാകുന്നു. ശ്രീമദ് ഭാഗവതം ഏകാദശ സ്കന്ദം (17.50) ഗൃഹസ്ഥാശ്രമികൾ ആചരിക്കേണ്ട പഞ്ചമഹായജ്ഞത്തെ ഇപ്രകാരം വർണ്ണിക്കുന്നു. വേദം പഠിക്കുന്നതുകൊണ്ട് ഋഷിമാരേയും ശ്രാദ്ധം ഊട്ടുന്നതുകൊണ്ട് പിതൃക്കളെയും ഹോമംകൊണ്ട് ദേവന്മാരെയും ബലി കൊണ്ട് ഭൂതങ്ങളെയും അതിഥിസൽക്കാരംകൊണ്ട് മനുഷ്യനേയും ഗൃഹസ്ഥാശ്രമികൾ പൂജിക്കണം. ശക്തിക്കൊത്തവണ്ണം എന്നും ഈ പഞ്ചകൃത്യങ്ങൾ നിർവ്വഹിക്കണം.

> യജ്ഞശിഷ്ടാശിന : സന്തോ
> മുച്യന്തേ സർവ്വ കില്ബിഷൈ
> ഭുഞ്ജതേ തേ ത്വഘം പാപാ
> യേ പചന്ത്യാത്മ കാരണാത്
>
> ഗീത 3/13

യജ്ഞശിഷ്ടം ഭുജിക്കുന്ന സജ്ജനങ്ങൾ സർവ്വപാപങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുന്നു. സ്വന്തം ആവശ്യത്തിന് മാത്രം ഭക്ഷണം പാകം ചെയ്യുന്നവരാകട്ടെ പാപത്തെ അനുഭവിക്കുന്നു. ദേവയജ്ഞം മുതലായ പഞ്ചയജ്ഞാദികൾ നിർവ്വഹിച്ച് അതിന്റെ ഉച്ഛിഷ്ടമായ അമൃതം എന്നു പറയപ്പെടുന്ന അന്നം ഭുജിക്കുന്ന ശീലമുള്ളവരാണ് യജ്ഞശിഷ്ടം ഭുജിക്കുന്ന സജ്ജനങ്ങൾ.

ഏറ്റവും പ്രാചീനസ്മൃതിഗ്രന്ഥമായ മനുസ്മൃതിയിലും പഞ്ചയജ്ഞാചരണവിധിയിൽ ഇപ്രകാരം പറയുന്നു. അടുപ്പ്, അരക്കല്ല് , ചൂല്, ഉരല്, ഉലക്ക, വെള്ളം കോരുന്ന കുടം ഇവയഞ്ചും ഹിംസാസ്ഥാനങ്ങളാണ്. ഇവയെ ഉപയോഗിക്കുമ്പോൾ നാം അറിയാതെ തന്നെ പ്രാണിഹിംസയുടെ പാപത്തിന് അർഹരായി തീരുന്നു. മേൽപ്പറഞ്ഞ അവസ്ഥ മൂലം ഉണ്ടായ പാപം നശിക്കുന്നതിന് ദിവസേന

**(ശേഷം 59-ാം പേജിൽ)**





# വൈശാഖ ധർമ്മം

എം. രാജലക്ഷ്മി

ഒരു വ്യാഴവട്ടക്കാലം ഒരു നുണയും പറയാതെ ജീവിക്കുന്ന ആൾക്ക് വാക്കുകൾ സത്യമായി ഫലിക്കുന്നു എന്നൊരു സിദ്ധിയുണ്ട്. സത്യപ്രതിഷ്ഠായാം ക്രിയാഫലാശ്രയത്വം - സത്യത്തിൽ അടിയുറച്ച സ്ഥിതി നേടിക്കഴിഞ്ഞാൽ അയാളുടെ വാക്ക് സ്ത്യമായിത്തീരുന്നു എന്നർത്ഥം. ഇതനുസരിച്ച് ചില ദിവസങ്ങളിൽ ഈശ്വര സാക്ഷാത്ക്കാരം ലഭിച്ചവർക്ക് അനുഗ്രഹം ലഭിക്കുന്നു. അതിനാൽ വൈശാഖധർമ്മം ഉപവാസവ്രതാദികൾ അനുഷ്ഠിച്ചാൽ കൂടുതൽ ഫലം കിട്ടുമെന്നാണ് വിശ്വാസം. ചൈത്രമാസത്തിനുശേഷവും ജ്യേഷ്ഠമാസത്തിന് മുമ്പുമാണ് (മേടം കറുത്ത വാവു മുതൽ ഇടവം കറുത്തവാവു വരെയുള്ള കാലം വൈശാഖ കാലം എന്ന് കണക്കാക്കപ്പെടുന്നു. ഈ സമയത്തെ പുണ്യകർമ്മങ്ങലളുടെ വസന്തകാലം എന്ന് പറയപ്പെടുന്നു) സ്കന്ദപുരാണത്തിൽ നാരദമഹർഷി അംബരീഷനോട് പറയുന്നു വൈഷ്ണവരിൽ രുദ്രനെ പോലെയും രത്നങ്ങളിൽ കൗസ്തുഭം പോലെയും ധർമ്മകർമ്മമാസങ്ങളിൽ വൈശാഖം അത്യുത്തമം. വൈശാഖ ഉപവാസത്തെക്കുറിച്ച് ഭീഷ്മർ യുധിഷ്ഠരന് പറഞ്ഞു കൊടുക്കുന്നു - ഈ മാസം മുഴുവൻ ഒരിക്കൽ വ്രതം എടുത്ത ആൾക്ക് അതീവശ്രേഷ്ഠ ഫലം ലഭിക്കും.

വൈശാഖമാസത്തിൽ മുഖ്യം വിഷ്ണു പൂജയാണ്. ഈ സമയത്ത് ഗംഗാസ്നാനം അതിവിശേഷമാണ്. എല്ലാ തീർത്ഥദേവതകളുടെയും സാന്നിദ്ധ്യം ഈ മാസത്തിലാണത്രേ സാധാരണ ജലാശയങ്ങളിൽപോലും ഉണ്ടാവുക. സൂര്യോദയാൽ പരം 6 നാഴികവരെ അവരുടെ സാന്നിധ്യം ഉണ്ടാവണമെന്ന് ഭഗവാൻ കല്പിച്ചിട്ടുണ്ടത്രെ. ഇത് സത്യവിനായക പൂർണ്ണിമയായും കരുതുന്നു. സുദാമാവ് തന്റെ സഹപാഠിയായ കൃഷ്ണദർശനത്തിന് വന്നപ്പോൾ ഈ വ്രതത്തിന്റെ മാഹാത്മ്യംകൊണ്ടാണ് അദ്ദേഹം ഐശ്വര്യവാനായി തീർന്നത് എന്ന് പറയപ്പെടുന്നു.

വേറൊരു കഥ സരസ്വതീ തീരത്തുള്ള ഭദ്രാവതി എന്ന രാജ്യത്ത് ധനപാലനെന്ന വൈശാഖന്റെ 5 -ാമത്തെ പുത്രൻ ധൃഷ്ടബുദ്ധി '(നാണമില്ലാത്തവൻ)' - ജീവിച്ചിരുന്നു. അവൻ ദുഷ്ടബുദ്ധിയും ദുസ്വഭാവിയുമായിരുന്നു. അതിനാൽ അവനെ വീട്ടിൽ നിന്നും പുറത്താക്കി. ബന്ധുക്കളും ഉപേക്ഷിച്ചു. നിർധനനായപ്പോൾ അവൻ മോഷണം പതിവാക്കി. രാജകിങ്കരന്മാർ അവനെ ചമ്മട്ടിക്കൊണ്ട് അടിച്ചോടിച്ചു. അവസാനം ഏതോ സുകൃതത്താൽ കൗണ്ഡലന്യ മഹർഷിയുടെ (യുധിഷ്ഠരന്റെ സഭയിലെ മഹർഷി) ആശ്രമ പരിസരത്തെത്തി. അന്ന് വൈശാഖമായിരുന്നു. മുനി ഗംഗാസ്നാനം ചെയ്ത് വരുന്ന വഴിയ്ക്ക് എങ്ങിനെയോ മരവുരിയിൽ നിന്ന് രണ്ടു തുള്ളി ഗംഗാജലം ധൃഷ്ടബുദ്ധിയുടെ മേൽ തെറിച്ച് വീണു. തന്മൂലം സർവ്വപാപങ്ങളിൽ നിന്നും മോചിതനായ അവൻ മുനിയോട് മുക്തിമാർഗ്ഗം ഉപദേശിച്ചു തരണമെന്ന് അപേക്ഷിച്ചു. മോഹിനി എന്ന വൈശാഖ ശുക്ലൈകാദശി നോറ്റാൽ മഹാമേരുവോളമുള്ള പാപങ്ങൾ അവസാനിക്കുമെന്ന് ഉപദേശിച്ചു. ധൃഷ്ടബുദ്ധി ആ വ്രതമുനഷ്ഠിച്ച് എല്ലാ പാപങ്ങളിൽ നിന്നും മുക്തനായി ദിവ്യസ്വരൂപനായി വിഷ്ണുലോകം പ്രാപിച്ചു.

ദാനം വൈശാഖ ധർമ്മത്തിൽ ഒട്ടും അപ്രധാനമല്ല. ദാഹജലം കൊടുത്താൽ മതി ഫലസിദ്ധി ഉണ്ടാകും. ഇതിന് ദൃഷ്ടാന്തമായി ഒരു വൈശാഖ ദിനത്തിൽ ത്രിതൽ എന്ന മഹർഷി ദാഹവും ക്ഷീണവും കൊണ്ട് മരച്ചുവട്ടിൽ വീണ് കിടന്ന സമയത്ത് നാടുകടത്തപ്പെട്ട ഹേമന്ത രാജാവ് മുനിക്ക് വായിൽ ദാഹജലം നൽകിയപ്പോൾ നഷ്ടപ്പെട്ട രാജ്യവും സിംഹാസനവും തിരികെ ലഭിച്ചു. വസ്ത്രദാനം, സത്രനിർമ്മാണം, തണൽ മരം നട്ടു പിടിപിപക്കൽ മുതലായ കർമ്മങ്ങളും വൈശാഖ കഞ്ഞി, തണുത്ത സംഭാരം, കിടക്ക, തലയിണ, അന്നദാനം മുതലായ ദാനങ്ങൾ വൈശാഖത്തിൽ എറ്റവും പുണ്യമായ വ്രതമാണ്. ശാകല്ല്യ നഗരത്തിൽ സ്തംഭൻ എന്ന ബ്രാഹ്മണൻ ജീവിച്ചിരുന്നു. ഭാര്യയോടൊപ്പം വേശ്യയെയും കൂടെ താമസിപ്പിച്ചിരുന്നു ആ ദുഷ്ടാത്മാവ്. അയാൾ രോഗിയായപ്പോൾ വേശ്യ അയാളെ ഉപേക്ഷിച്ച് പോയി. എന്നാൽ ഭാര്യയാകട്ടെ വളരെ സ്നേഹപൂർവ്വം ഭർതൃ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം സന്ധ്യയ്ക്ക്

ദാഹിച്ച് വലഞ്ഞു വന്ന ദേവലനെന്ന മഹാത്മാവിന് അവർ ഭർത്താവിന്റെ അനുമതിയോടെ രുചിയുള്ള പാനകം ഉണ്ടാക്കി കൊടുത്തു. അതിഥി പിറ്റേന്ന് തിരിച്ചു പോകുകയും ചെയ്തു. കുറെനാൾ കഴിഞ്ഞ് ബ്രാഹ്മണൻ മരണമടഞ്ഞു. ഭാര്യ അദ്ദേഹത്തിന്റെ ചിതയിൽ ചാടി സതി അനുഷ്ഠിച്ചു. ദേവല മഹർഷിക്ക് പാനകം നൽകിയതിനാൽ ബ്രാഹ്മിണിക്ക് മുക്തിപദം ലഭിച്ചു. ബ്രാഹ്മണനാകട്ടെ വേശ്യയുടെ ചിന്തയിൽ മുഴുകി മരണമടഞ്ഞതിനാൽ വനവേടനായി പുനർജനിച്ചു. എന്നാൽ ദേവലന് പാനകമുണ്ടാക്കി കൊടുക്കുവാൻ അനുവദിച്ചതിനാൽ അയാളിൽ സത്ബുദ്ധിയും ധർമ്മബോധവും ഉണ്ടായി. ഇദ്ദേഹമാണത്രെ പിൽക്കാലത്ത് രത്നാകരനായി ജനിച്ച് ആദികവി വാത്മീകിയായി ഭവിച്ച് ആദികാവ്യമായ രാമായണം രചിച്ചത്.

വൈശാഖത്തിലെ മറ്റൊരു പുണ്യകർമ്മമാണ് ഭഗവൽ കഥാകഥനവും കഥാശ്രവണവും ഭഗവൽ കാര്യങ്ങൾക്ക് കാതു കൊടുക്കാതെ അന്യമനസ്കരായി ഇരുന്നാൽ രൗര നരകത്തിൽ പതിക്കും, പിശാചായി ജനിക്കുകയും ചെയ്യും. പണ്ട് ദുർവ്വാസാവിന് സത്യനിഷ്ഠൻ, തപോനിഷ്ഠൻ എന്ന് പേരായ രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. സത്യനിഷ്ഠൻ വിഷ്ണുഭക്തനും സജ്ജന സംസർഗ്ഗം പുലർത്തുന്നവനും ആയിരുന്നു. എന്നാൽ തപോനിഷ്ഠൻ നേർ വിപരീത സ്വഭാവക്കാരനും. അയാൾ കാതുപൊട്ടനും പിശാചുമായി ജനിച്ചു. അയാൾ ആഹാരവും ആശ്രയവുമില്ലാതെ കാട്ടിലലഞ്ഞു നടക്കവെ ഒരു ദിവസം സത്യനിഷ്ഠനെ കണ്ടുമുട്ടി ഇതിൽ നിന്ന് മോചനം കിട്ടുവാൻ യാചിച്ചു. മനസ്സലിഞ്ഞ സത്യനിഷ്ഠൻ വൈശാഖ മാഹാത്മ്യം കേട്ടാലുണ്ടാകുന്ന പുണ്യം ലഭിക്കുവാനായി കയ്യിൽ ജലമെടുത്ത് കണ്ണടച്ച് ധ്യാനിച്ച് പിശാചായി മാറിയ തപോനിഷ്ഠന്റെ മേൽ തളിച്ചു. ഉടൻ തന്നെ അവൻ പാപമുക്തനായി, സത്യനിഷ്ഠനെ പ്രണമിച്ച് വിഷ്ണുപദം പ്രാപിച്ചു. വൈശാഖ ധർമ്മം കേട്ടാലും അനുസ്മരിച്ചാലും ഗംഗാസ്നാനം ചെയ്താലും അവന്റെ മനസ്സിൽ സദാ ഈശ്വരസാന്നിദ്ധ്യം ഉണ്ടാകും.

അതുപോലെ തന്നെ ഏറെ പ്രധാനപ്പെട്ടതാണ് വൈശാഖത്തിൽ വിഷ്ണുപൂജയും, നാമസങ്കീർത്തനവും, തുളസീ പുഷ്പാഞ്ജലിയും. വൈശാഖ ശുക്ലപക്ഷത്തിലെ തൃതീയയിൽ ചെയ്യപ്പെടുന്ന കർമ്മം അക്ഷയ്യമാണ്. അതുകൊണ്ടു തന്നെ ഈ ദിവസത്തെ അക്ഷയതൃതീയ എന്ന് പറയുന്നു.

ഉതത്ഥ്യാശ്രമത്തിൽ വച്ച് ഒരിക്കൽ ഇന്ദ്രൻ ഗുരുദാരഗമനമെന്ന പാപത്തിലകപ്പെട്ടു. അസ്തപ്രഭവാനും ലജ്ജിതനുമായ ഇന്ദ്രന് ഏതോ ഗുഹയിൽ ഒളിച്ചു കഴിയേണ്ട ഗതി വന്നു. ഈ തക്കം നോക്കി അസുരന്മാർ ദേവന്മാരെ സ്വർഗ്ഗത്തിൽ നിന്നും ഓടിച്ചു. കൂട്ടത്തിൽ ബ്രഹസ്പതിയെയും, അദ്ദേഹം ഇന്ദ്രന് തൃതീയ ദിവസം സൽക്കർമ്മങ്ങൾ ചെയ്താൽ സർവ്വ പാപവും തീരുമെന്ന് ഉപദേശിച്ചു കൊടുത്തു. ഗുരുവിന്റെ ഉപദേശപ്രകാരം ഇന്ദ്രൻ അത് അനുഷ്ഠിച്ചു. തത്ഫലമായി ഇന്ദ്രന് അന്യസ്ത്രീസംഗ ദോഷം മാറുകയും സ്വർഗ്ഗം വീണ്ടെടുക്കുവാനും സാധിച്ചു.

വൈശാഖത്തിലെ ശുക്ള ദ്വാദശി വ്രതവും പുണ്യദായകമാണ്. കാശ്മീരിൽ ദേവവ്രതന്റെ ഭാര്യ മാലിനി വേശ്യാവൃത്തിയിൽ ജീവിച്ച് രോഗിണിയായി മരിച്ച് ഒരു പട്ടിയായി പുനർജനിച്ചു. വ്രണങ്ങൾ പഴുത്ത് നാറി വേദന സഹിച്ച് പത്മബന്ധു എന്ന ബ്രാഹ്മണന്റെ ഗൃഹത്തിൽ കഴിയവെ ശുക്ളദ്വാദശി നാൾ ബ്രാഹ്മണപുത്രന്റെ പാദതീർത്ഥം ഏൽക്കാനിടയായി. അത് അവൾക്ക് പൂർവ്വജന്മസ്മരണ ലഭിക്കുവാൻ ഇടയാക്കി. അവൾ ബ്രാഹ്മണനെ ശരണം പ്രാപിച്ചു മുക്തി നേടുവാനുള്ള മാർഗ്ഗത്തിനായി. എന്നാൽ കർമ്മഫലം സ്വയം അനുഭവിച്ച് തീരണമെന്ന് പറഞ്ഞ് അയാൾ പട്ടിയെ ആട്ടി വിട്ടു. ആ പട്ടി വീണ്ടും പത്മബന്ധുവിനെ ശരണം പ്രാപിച്ചു. ഇത്തവണ കരുണ തോന്നി ബ്രാഹ്മണൻ ദ്വാദശി വ്രത പുണ്യം നൽകി അതിനെ രക്ഷിച്ചു. മാലിനി വളരെക്കാലം സ്വർഗ്ഗസുഖം അനുഭവിച്ച് വാണു. ഇവരാണ് നരനാരായണന്മാരുടെ തുടയിൽ നിന്നും ജനിച്ച ഉർവ്വശി.

വൈശാഖത്തിലെ അവസാനത്തെ മൂന്നു ദിവസത്തിന് ശ്രദ്ധേയമായ പല പ്രത്യേകതകളുമുണ്ട്. ഈ മൂന്നു ദിവസം മാത്രം വ്രതമനുഷ്ഠിച്ചാൽ മതി പൂർണ്ണഫലം കിട്ടും. വൈശാഖ ഏകാദശി നാളിലാണത്രെ പാലാഴി കടഞ്ഞ് അമൃത് ലഭിച്ചത്. ദ്വാദശി നാളിൽ ഭഗവാൻ അത് സൂക്ഷിച്ചു വച്ചു. ത്രയോദശിയിൽ ദേവന്മാരുടെ അമൃത പാനം നടന്നു. പൗർണ്ണമിക്ക് ദേവന്മാർക്ക് സ്വർഗ്ഗം വീണ്ടു കിട്ടുകയും ചെയ്തു. വൈശാഖ പൗർണ്ണമി നാളിൽ സഹസ്രനാമം ചൊല്ലി ഭഗവാന് പാലഭിഷേകം ചെയ്താൽ വിഷ്ണുപദം പ്രാപിച്ച ഫലത്തിന് തുല്യമാണെന്ന് പറയുന്നു. അതിനെ ആസ്പദമാക്കി ഒരു കഥയുണ്ട്. അനർത്ത ദേശവാസിയായ ധർമ്മവർണ്ണനെന്ന മുനി





പല ദ്വീപുകളിലും സഞ്ചരിച്ച് ഒടുവിൽ പിതൃലോകത്തെത്തി. തന്റെ പ്രപിതാക്കൾ അവിടെ ഗതികെട്ടുഴലുന്ന കാഴ്ചയാണ് അദ്ദേഹം കണ്ടത്. അവർ ധർമ്മവർണ്ണനോട് പറഞ്ഞു. കുഞ്ഞേ നാട്ടിൽ ചെന്ന് വേഗം തന്നെ വൈശാഖ അമാവാസി ദിവസം ശ്രാദ്ധാദി പുണ്യകർമ്മങ്ങൾ ചെയ്ത് എല്ലാവരുടെയും ശ്രേയസ്സിന് വേണ്ടി ഗൃഹസ്ഥാശ്രമം സ്വീകരിക്കുക. ധർമ്മാർത്ഥകാമ മോക്ഷങ്ങൾ നേടിയതിന് ശേഷം മുനിവൃത്തി പൂണ്ട് ദ്വീപുകളിൽ സഞ്ചരിച്ചുകൊള്ളൂ. ധർമ്മവർണ്ണൻ അവരുടെ വാക്കുകൾ പാലിച്ചതിനാൽ പിതൃക്കൾക്ക് മുക്തി ലഭിച്ചു. വൈശാഖ പൗർണ്ണമിപോലെ സമസ്തപുണ്യവും ചേർന്നൊരു തിഥി ഇല്ലെന്ന് തന്നെ പറയാം.

വൈശാഖ വ്രതങ്ങൾ പതിവായി അനുഷ്ഠിക്കുന്നവർക്ക് യമനെപോലും ഭയപ്പെടാനില്ലെന്നാണ് പറയുന്നത്. ഇതിന് ദൃഷ്ടാന്തമായി സൂര്യവംശരാജാവായ നൃഗന്റെ പുത്രൻ കീർത്തിമാൻ, കുലഗുരുവായ വസിഷ്ഠനിൽ നിന്ന് വൈശാഖധർമ്മത്തെക്കുറിച്ച് മനസ്സിലാക്കി തന്റെ രാജ്യവാസികളെക്കൊണ്ട് നിർബന്ധമായും വൈശാഖവ്രതം അനുഷ്ടിപ്പിച്ചു. രാജകൽപ്പന എന്ന നിലയിൽ കുഞ്ഞുങ്ങൾ പോലും വ്രതത്തിൽ നിന്ന് വിട്ടു നിന്നില്ല. ഇത് മൂലം യമപുരിയിലേക്ക് പോകാൻ ആളില്ലാതായി. യമധർമ്മൻ നാരദനിൽ നിന്ന് വിവരങ്ങൾ മനസ്സിലാക്കി രാജാവിനോട് യുദ്ധത്തിന് പുറപ്പെട്ടു. പക്ഷെ വിഷ്ണുഭക്തനായ കീർത്തിമാന് വിഷ്ണു ചക്രം സഹായമായി വന്നത്കൊണ്ട് യമൻ പരാജിതനായി. യമൻ ബ്രഹ്മാവിനെ സമീപിച്ചു. ബ്രഹ്മാവ് വൈശാഖ മാഹാത്മ്യം വർണ്ണിച്ചു കൊടുത്തു. പ്രയാഗിലോ പടക്കളത്തിലോ വീണ് മരിച്ചാലും കാശിയിൽ താമസിച്ച് ജീവൻ വെടിഞ്ഞാലും വൈശാഖധർമ്മമുഷ്ഠിച്ച ആളുകളുടെ സദ്ഗതി ലഭിക്കുകയില്ല. ഇത് കേട്ടത് കൊണ്ടൊന്നും യമരാജന് തൃപ്തിയായില്ല. യമനും ബ്രഹ്മാവും കൂടി വൈകുണ്ഠത്തിലെത്തി വിഷ്ണുവിനോട് തന്റെ സങ്കടം ഉണർത്തിച്ചു. വിഷ്ണു പറഞ്ഞു – എന്റെ ഭക്തന്മാരെ വിഷമിപ്പിക്കുന്ന ഒരു കാര്യവും ഞാൻ ചെയ്യില്ല. അതിനാൽ കീർത്തിമാനെയും കൂട്ടി നമുക്ക് തീരുമാനമെടുക്കാം. തുടർന്ന് സനന്ദനെ അയച്ച് കീർത്തിമാനെ വരുത്തി ഭഗവാൻ പറഞ്ഞു – എന്റെ ഭക്തനായ അങ്ങ് ഇനിമേൽ യമനുമായി സഖ്യത്തിൽ കഴിയണം. വൈശാഖ കാലത്ത് ചെയ്യുന്ന സദ്കർമ്മങ്ങളിൽ യമനെയും ഭാഗഭാഗാക്കണം. വേനൻ എന്നു പേരായ ഒരു ദുഷ്ടരാജാവ് ഉണ്ടാകും. അന്ന് നരകത്തിൽ വരാൻ ധാരാളം ആളുകളുണ്ടാകും. അതുവരെ യമനും വിശ്രമിക്കട്ടെ. രണ്ടു പേരും തെല്ലൊരു സമാധാനത്തോടെ മടങ്ങി. യമൻ വേനന്റെ വരവും കാത്ത് ഇരിപ്പായി. കീർത്തിമാനാകട്ടെ വൈശാഖധർമ്മാനുഷ്ഠാനം മുടങ്ങാതെ ചെയ്ത് വളരെ കാലത്തിന് ശേഷം സായൂജ്യമടയുന്നു. കൊട്ടിയൂർ വൈശാഖോത്സവം സുപ്രസിദ്ധമാണല്ലോ. അപമാനിതയായ ദാക്ഷായണി യാഗാഗ്നിയിൽ ചാടി ജീവത്യാഗം ചെയ്ത യാഗഭൂമിയാണീ സ്ഥലം. ഇവിടെ നാം വൈശാഖധർമ്മത്തെ വെളിപ്പെടുത്തുന്ന ഏതാനും പുരാണ കഥകൾ അനുസ്മരിച്ചു. എന്നാൽ കഥ മാത്രം ഓർത്ത് വയ്ക്കുന്നവർ കഥയില്ലാത്തവരാണ്. നമ്മൾ അതിന്റെ തത്വത്തെയാണ് ആചരിക്കാൻ ശ്രമിക്കേണ്ടത്. അങ്ങിനെ ചെയ്താൽ തീർച്ചയായും അത് ശാന്തിയിലേക്കും സമാധാനത്തിലേക്കും നമ്മെ നയിച്ച് എത്തിക്കുമെന്നതിൽ സംശയമില്ല.

## പഞ്ചമഹായജ്ഞങ്ങൾ

**(56-ാം പേജിൽ നിന്ന് തുടർച്ച)**

അഞ്ചു യജ്ഞങ്ങൾ ഗൃഹസ്ഥൻ ചെയ്യണമെന്ന് ഋഷിമാർ ഉപദേശിക്കുന്നു. അദ്ധ്യാപനവും – അദ്ധ്യയനവുമാണ് ബ്രഹ്മയജ്ഞം അഗ്നിയിൽ ഹോമം നടത്തുന്നത് ദേവയജ്ഞം, സർവ്വഭൂതങ്ങൾക്കും ബലി നൽകുന്നത് ഭൂതയജ്ഞം, അതിഥിപൂജ തന്നെ നൃയജ്ഞം (മനുസ്മൃതി)

ഈ ആശയങ്ങൾ ശ്രുതിയിലും സ്മൃതിയിലും പരാമർശിക്കുന്നതുകൊണ്ട് ഇവ പുരാതനകാലം മുതൽ ഭാരതീയ പാരമ്പര്യത്തിന്റെ ഭാഗമാണെന്ന് കാണാം. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ നാലു ആശ്രമങ്ങളിലും ഗാർഹസ്ഥ്യമാണ് മുഖ്യം. കാരണം മറ്റ് മൂന്നാശ്രമങ്ങളും ഗൃഹസ്ഥത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

പഞ്ചയജ്ഞാചരണം നൽകുന്ന ജീവിതദർശനത്തെ അവയുടെ അന്ത:സത്ത ഒട്ടും ചോർന്നു പോകാതെ ആചരണത്തിന്റെ ബാഹ്യഭാവങ്ങളും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് തന്നെ നിത്യജീവിതത്തിൽ പകർത്താവുന്നതാണ്.

(തുടരും)

# മാതൃമുക്തകങ്ങൾ

ഡി.കെ.എം. കർത്താ

**1. മാതൃപ്രത്യയം**

കണ്ണഞ്ചിപ്പിയ്ക്കുമർക്കൻ, സകലഭയഹരീ, നിൻ വലംകണ്ണു, രണ്ടാം
കണ്ണല്ലോ ചന്ദ്ര, നെന്നിൽക്കുളിരല ചൊരിയും ശുദ്ധപീയൂഷബിംബം
സ്വർണ്ണം തീയിൽജ്ജ്വലിയ്ക്കുമ്പൊഴുതതിലുളവാകുന്നതാം ജ്വാലയെത്തൻ-
വർണ്ണത്താലേ ജയിക്കും ഹുതവഹനെരിയുന്നുണ്ടു നിൻ ഫാലനേത്രേ !

**2. ഭക്താവനം**

അമ്മേ! നിശ്ശബ്ദമീ രാ, വതിഭയകരമിക്കുരിരു, ട്ടന്യരെല്ലാ -
മെന്മേൽ എയ്യുന്നു കൂര, മ്പിത മമ  കവചം പൂർണ്ണവിച്ഛിന്നഭിന്നം
നിന്മേലെൻ പ്രത്യയത്തെപ്പുനരപി ബലവത്താക്കിയാലും മൃഗേന്ദ്രൻ -
തന്മേലേറിച്ചരിയ്ക്കും ശിവമയി ! യവിടുന്നെന്നെ രക്ഷിയ്ക്ക വേഗം !

**3. കാരുണ്യതരങ്ഗം**

കാരുണ്യത്തിൻ തരങ്ഗം തവ മിഴിയിണയിൽനിന്നുമുൽഭൂതമായി-
ട്ടാരും നോക്കാത്തൊരാളാമിവനിലുമമലേ വന്നു മന്ദം തൊടുന്നു.
ഭീരുത്വം നീങ്ങിടുന്നു,പരനുമുതവി ചെയ്തീടുവാൻ തോന്നിടുന്നു,
വാരുറ്റോരക്കടാക്ഷം ഭുവനജനനി നീയെന്നുമേ തന്നിടേണേ !

**4. മാർഗ്ഗബന്ധു**

കുത്തിക്കൊള്ളുന്നു കാലിൽശ്ശിലയുടെ കഷണം നുറുനൂ,റന്ധനാം ഞാൻ
നൃത്തം തത്തുന്നു നോവാൽ,പ്പദവിരലുകളിൽക്കള്ളിമുള്ളേറ്റു മാർഗ്ഗേ;
എത്താനുള്ളേടമെങ്ങാ,ണറിയുക വിഷമം,ചെത്തമില്ലെങ്ങുമൊട്ടും;
പൊൽത്താരിൽ വാഴുമമ്മേ, വരികയരികിൽ നീ മാർഗ്ഗബന്ധുത്വപൂർവം !

**5. ഭക്താരാദ്ധ്യ**

ഉദ്യാനത്തിൽപ്പറക്കും ശലഭസമമിതാ മന്മനം സഞ്ചരിപ്പൂ
വിദ്യാഹീനത്വമോടേ വിഷയസുമവിഷം  സ്വാംശമാക്കും തിരക്കിൽ ;
നിത്യാരാദ്ധ്യേ മനസ്സിൽത്തവപദകമലം തന്നിൽവന്നെത്തുവാനാ-
യത്യാവേശം ജനിപ്പിച്ചിവനെയുമവനം ചെയ്തുകൊൾകംബികേ നീ !

**6. ദേവീലാസ്യം**

കാണുന്നേൻ പൂമരത്തിൽത്തവരുചിരതതൻ നർത്തനം സർവ്വവന്ദ്യം,
ചേണുറ്റോരിപ്പശുക്കൾ തരുമൊരു മധുരപ്പാലിലോ നിൻ സുഹാസം ;
കാണുന്നേൻ കുട്ടികൾതൻ കളിചിരികളിലോ പാർവ്വതീദേവി ബാല്യം
പൂണുമ്പോളാടിയോരക്കുസൃതികൾ- ഇവിടെക്കാണ്മതൊക്കെത്ത്വദേശം !

**7. നാമൗഷധം**

തൃപ്പാദങ്ങൾ തൊഴുന്നേൻ, അശരണനിവനും സാന്ത്വനം നൽകിയംബേ-
യിപ്പാരിൻ ഭാരമെല്ലാം ചുമലുകളിടിയാതേറ്റുവാൻ ശക്തനാക്കൂ !
കയ്പ്പാണെങ്ങും പരക്കും രസമതിനിടയിൽബ്ഭക്തജിഹ്വയ്ക്കു ലഭ്യം
നൽപ്പാലാകുന്ന നാമം - ഭഗവതി, യിതുതാൻ ഔഷധം, സോമതുല്യം !

**8. ദർപ്പദമനി**

നോട്ടത്താലേ മെരുക്കുഹരഹൃദയഹരീ ! ചങ്ങലക്കെട്ടുപൊട്ടി -
ച്ചോട്ടത്തിന്നായ് ശ്രമിയ്ക്കും മദഗജസമമാമെന്റെ ദർപ്പത്തെയിപ്പോൾ;
തോട്ടിയ്ക്കും നിൻ കരത്തിൽക്കരുതിയ കയറിൻ തുണ്ടിനും കെൽപ്പപാരം
ദൗഷ്ട്യ ത്തെസ്സൗമ്യമാക്കാൻ, തിരുനടയിലിതാ ശുണ്ഡവും താഴ്ത്തി നിൽപ്പേൻ !!

**9.വരവാണി**

സമ്പൂർണ്ണജ്ഞാനവാനാം പരമശിവനി, ലാ വേദമെല്ലാം വ്യസിയ്ക്കാൻ
അൻപുണ്ടായോരു പൂജ്യൻ ശുകജനകനി, ലാ ദിവ്യവാൽമീകിതന്നിൽ,
പിമ്പേ വന്നോരെയെല്ലാം കവനസുഷമയിൽ വെന്നൊരക്കാളിദാസൻ-
തൻബുദ്ധിയ്ക്കുള്ളിൽ, അംബേ, യമൃതവചനമായ് നീ ചിരം വാണീടുന്നു!

**10. ശാകംഭരി**

തീപോലാളും വിശപ്പിൽക്ഷുധിതരൊരുദിനം ചാമ്പലാകുന്ന പോതിൽ-
ത്തായ്പോലെത്തീ ഭവാനീ, ഭവതി മിഴികളിൽ നൂറിലും ബാഷ്പമോടേ;
താപോർജ്ജത്തിൽത്തളർന്നോർക്കനവധി ഫലവും ശാകവും നൽകി നീയ-
ന്നാ ഭോജ്യത്താൽ, ഉദാരേ, പുനരപി ജനനം ദാനമായേകി ധന്യേ!
(ശതാക്ഷി, ശാകംഭരി - ദേവീഭാഗവതം 7/28/47)

## 2-ാം ചരമവാർഷികം

15.01.2021



**പി. എൻ. നാരായണകുറുപ്പ്**
സ്വാതി, 39/5644
ടെമ്പിൾ ലെയ്ൻ
രവിപുരം, കൊച്ചിൻ 682015

*സന്തപ്ത കുടുംബാംഗങ്ങൾ*

## 27-ാം ചരമവാർഷികം

21.01.2021



**മേലങ്ങത്ത്
ഗോവിന്ദൻകുട്ടി മേനോൻ**
മേലങ്ങത്ത്, ആലപ്പാട്ട് റോഡ്
രവിപുരം, കൊച്ചി - 682016

*സന്തപ്ത കുടുംബാംഗങ്ങൾ*

# 2020 ഡിസംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**രാജപ്പൻ പി. വി**
L/3917, വൻമേലിൽ ഹൗസ്, വാർഡ് നമ്പർ-1
ആമ്പല്ലൂർ. പി. ഒ, എറണാകുളം - 682315



**ശങ്കർ അമ്പാടി**
L/4392, 5 ബി, ഹാർബർ ക്രെസ്റ്റ്
കുരിശുപള്ളി റോഡ്, കൊച്ചി - 682015



**ദേവകിക്കുട്ടി. പി**
L/1700, രോഹിണി 59/996
ടെമ്പിൾ ലെയ്ൻ സൗത്ത്
രവിപുരം, കൊച്ചി - 682015




**ഗോപിനാഥ്. കെ. എൻ**
L/0608, നമ്പ്യാകുറുപ്പത്ത്
ചിറ്റൂർ റോഡ്
വളഞ്ഞമ്പലം, കൊച്ചി - 682016




**വിജയഗോപാലമേനോൻ കെ. എൻ**
L/4517, ഓർക്കിഡ് കോർട്ട്,
അമ്പേലിപ്പാടം റോഡ്, പഞ്ചവടി കോളനി
വൈറ്റില, കൊച്ചി - 682019



**എസ്. കൃഷ്ണൻ നായർ**
L/1877, ഗോകുലം
ക്ലിന്റ് റോഡ്, പെരുമാനൂർ
തേവര, കൊച്ചി- 682036



**എ. നന്ദകുമാർ**
L/1758, 39/2835
കെ.എസ്. എൻ. മേനോൻ റോഡ്
രവിപുരം, കൊച്ചി- 682016



**പി.കെ. ദേവൻ**
L/0670, കളത്തിൽപറമ്പിൽ ഹൗസ്
കളത്തിൽപറമ്പിൽ റോഡ്
കൊച്ചി - 682016

**കോടക്കാർ വർണ്ണനോടക്കുഴലൊടുകളി വി-**
**ട്ടോടിവന്നമ്മ തന്റെ**
**മാടൊക്കും പോർമുലപ്പാലമിതരുചി ഭുജി-**
**ച്ചാശ്വസിക്കും ദശായാം**
**ഓടിക്രീഡിച്ചു വാടീടിന വദനകലാ-**
**നാഥ ഘർമ്മാമൃതത്തെ-**
**ക്കൂടെക്കൂടെത്തുടയ്ക്കും സുകൃതനിധി യശോ-**
**ദാകരം കൈതൊഴുന്നേൻ**
*-വെൺമണി അച്ഛൻ നമ്പൂതിരി*

മേഘവർണ്ണനായ ഉണ്ണികൃഷ്ണൻ കളി വിട്ട് ഓടക്കുഴലുമായ് അമ്മയുടെ അടുത്തേക്ക് ഓടി വന്നു. കുന്നിനു സമമായ അമ്മയുടെ മുലയിൽ നിന്ന് വളരെ രുചിയോടെ മുലപ്പാൽ കുടിച്ച് ആശ്വസിക്കുകയാണ്. അമ്മയാകട്ടെ, ഓടിക്കളിച്ചു വാടിയ മകന്റെ ചന്ദ്രതുല്യമായ വദനത്തിലെ അമൃതബിന്ദുക്കൾക്കു തുല്യമായ വിയർപ്പു തുള്ളികളെ കൂടെ കൂടെ തുടയ്ക്കുന്നു. അങ്ങിനെ തുടയ്ക്കുന്ന യശോദാ ദേവിയുടെ ആ തൃക്കയ്യിനെ ഞാൻ തൊഴുന്നു.





1196 മകരം 3 - കുംഭം 3


ഓം
ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2021 ജനുവരി16 മുതൽ ഫെബ്രുവരി 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** പ്രവൃത്തി മണ്ഡലങ്ങളിലെ പ്രതിസന്ധികൾക്ക് പരിഹാരമാകും. വൈകിയാണെങ്കിലും ധനം കൈവശം വന്ന് ചേരും. സ്വഗൃഹത്തിലേക്ക് വരാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. കുടുംബത്തിൽ കലഹത്തിന് സാധ്യത ഉള്ളതിനാൽ കരുതലോടെ വാക്കുകൾ ഉപയോഗിക്കുക. വിദ്യാർത്ഥികൾക്ക് പഠനത്തിന് അലസത തോന്നും. പൈതൃകമായ കാര്യങ്ങളിൽ ഭാഗ്യം അനുഭവപ്പെടും. ശിരോരോഗം മലമൂത്ര വിസർജ്ജന സംബന്ധമായ രോഗങ്ങൾ മൂർഛിക്കാം. ദേവീപ്രീതിയും സർപ്പ പ്രീതിയും വരുത്തുക.




**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** ഊർജ്ജസ്വലമായ മനസ്സിനാലും കാര്യഗ്രഹണ ശേഷിയാലും നേട്ടങ്ങൾ ലഭിക്കും. പൂർവ്വികമായോ, പുതിയ ബന്ധത്തിലൂടെയോ ഉള്ള ഗുണപരമായ ലാഭങ്ങൾ ഉണ്ടാകും. കലാപരമായ പഠനത്തിൽ ഏർപ്പെട്ട വിദ്യാർത്ഥികൾക്ക് മികവ് പുലർത്താൻ സാധിക്കും. ഇതിനായി ശ്രമിക്കുന്നവർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കും. പാദരോഗം, വീഴ്ച്ച, മുറിവ് എന്നീ ദോഷങ്ങളും ദാമ്പത്യ പ്രതിസന്ധിയും ഉണ്ടാകും. ദാമ്പത്യബന്ധത്തിൽ പ്രശ്നങ്ങൾ തുടരും. സർപ്പ പ്രീതികരങ്ങളായ വഴിപാടും ശിവാരാധനയും നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** സംതൃപ്തമായ ദാമ്പത്യ ബന്ധം, വിവാഹ കാര്യത്തിൽ അനുകൂല സാഹചര്യം ഉണ്ടാകും. സമൂഹത്തിൽ നിന്നും അനുകൂലത, സാമ്പത്തിക നേട്ടം. സഹപ്രവർത്തകരിൽ നിന്നും പങ്കാളികളിൽ നിന്നും സഹായം, സ്ഥാനപ്രാപ്തി വസ്തുവകകളിൽ നിന്നുള്ള ആദായം, എന്നീ ഗുണങ്ങൾക്ക് ഒപ്പം, അലർജി സംബന്ധമായും ഉദര സംബന്ധമായും എന്നിൽ കാരണം വ്യക്തമാവാത്തതുമായ രോഗദുരിതങ്ങൾ ഉണ്ടാകും. സർപ്പപ്രീതി പഞ്ചാക്ഷരി ജപം എന്നിവ നടത്തുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** ലഭിക്കാനുള്ള ധനം തിരികെ ലഭിക്കും. ദുർബല മാനസികാവസ്ഥയും ചീത്ത ശീലങ്ങളും കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാം. വിവാഹത്തോടനുബന്ധിച്ചുള്ള ആകുലതകളും വിഷമങ്ങളും പരിഹരിക്കപ്പെടും. ദാമ്പത്യ വിഷയത്തിൽ അസംതൃപ്തിക്കും അലസതക്കും ഇടവരും. സ്ത്രീകളുടെ ശത്രുത കാരണം വഴക്കിന് ഇടവരും, കരുതിയിരിക്കണം. മൂത്ത കുട്ടിയെ കുറിച്ചുള്ള ചിന്തകൾ മനസ്സിനെ അലട്ടും. വിഷ്ണു സഹസ്രനാമജപവും ഭാഗ്യസൂക്ത അർച്ചനകളും നടത്തുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)ഃ** ശത്രുക്കളുടെ എണ്ണം കൂടും. ഏതു രംഗത്തും ശത്രുക്കളുടെ നടുവിൽ നിൽക്കുന്നതായി തോന്നും. പല കാര്യങ്ങളിലും തീരുമാനമെടുക്കുവാൻ പ്രയാസപ്പെടും. കർമ്മ രംഗത്ത് അനുകൂലമായ പരിവർത്തനങ്ങൾക്ക് സാധ്യത ഉണ്ട്. അപകീർത്തികരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ട സാഹചര്യവും വന്നു ഭവിക്കാം. ധനലാഭവും വാഹന സുഖവും ഉണ്ടാകും. ഗൃഹം വാങ്ങുകയോ മോടി പിടിപ്പിക്കുകയോ ചെയ്യും, ദാമ്പത്യ സുഖം ലഭിക്കും. അകന്ന് നിന്ന പങ്കാളിയുമായി കൂടി ചേരാൻ സാധിക്കും.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** വീട് മോടി പിടിപ്പിക്കൽ, പുതുക്കി പണിയൽ, പുതിയ വാഹനം വാങ്ങാനുദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാക്കുക എന്നീ ഗുണഫലങ്ങൾ പ്രതീക്ഷിക്കാം. മേലാധികാരികളിൽ നിന്നും സർക്കാരിൽ നിന്നും അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകും. ബന്ധു ഗുണം കുറയും ബുദ്ധിപരമായി മേന്മ ഉണ്ടാകും. ധനധാന്യ ലാഭം സിദ്ധിക്കും. വിദ്യാർത്ഥികൾക്ക് കാലം പ്രവർത്തി ഗുണം ഉണ്ടാക്കും. കലാപരമായ രംഗത്ത് കാര്യങ്ങൾ നേരായ രീതിയിൽ നടക്കും.




**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** സാമ്പത്തികപരമായി പ്രതിസന്ധി ഉണ്ടാവും.കുടുംബത്തിൽ വാക്ക് നിമിത്തം കലഹം നടക്കും. വിദ്യാർത്ഥികൾക്ക് പഠനകാര്യത്തിൽ തടസ്സം നേരിടും. നിഗൂഢ ശാസ്ത്രങ്ങൾ പഠിക്കാൻ ശ്രമിക്കുന്നവർക്ക് അതിന് സാധിക്കും. ബന്ധുക്കളുമായി കൂടി ചേരും. പിടിവാശി മൂലം ദമ്പതികൾ തമ്മിൽ അനാവശ്യ കലഹങ്ങൾ ഉണ്ടാകും. കഴുത്തിന് മുകൾ ഭാഗത്ത് രോഗത്തിന് സാധ്യത ഉണ്ട്. ദേവീപ്രീതി സർപ്പപൂജ എന്നിവ നടത്തുക.




**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** വിദ്യാ, ധന സമ്പാദനങ്ങളിൽ മികവ് പുലർത്തും. ഔദ്യോഗിക രംഗത്ത് അനുകൂലമായ മാറ്റങ്ങൾ പ്രതീക്ഷിക്കാം. ബിസിനസ്സ് രംഗത്തുള്ളവർക്ക് നേട്ടങ്ങൾ കൈവരിക്കുവാനും, പുതിയ സംരംഭങ്ങൾ ആരംഭിക്കാനും സാധിക്കും. ഭൂമി വാങ്ങാനോ വിൽക്കാനോ ഉദ്ദേശിക്കുന്നവർക്ക് കാലം അനുകൂലമായിരിക്കും. അകാരണമായ ശിരോരോഗ സാധ്യത ഉണ്ടാക്കും. ദാമ്പത്യകലഹ സാധ്യത കൂടുതലാണ് കരുതിയിരിക്കുക. പഞ്ചാക്ഷരി ജപവും സർപ്പപ്രീതിയും ചെയ്യണം.




**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം 1/4)ഃ** സാമ്പത്തികപരമായി മെച്ചമായിരിക്കുമെങ്കിലും പാദരോഗം, ഉദരരോഗം, അലർജി തുടങ്ങിയ രോഗം ഉള്ളവർക്ക് അത് മൂർച്ഛിക്കുവാനും, അല്ലാത്തവർക്ക് രോഗം വരാനും സാധ്യത ഉള്ള കാലമായതിനാൽ രോഗലക്ഷണം തുടങ്ങുമ്പോൾ തന്നെ ചികിത്സ തേടാൻ വൈകരുത്. സന്താനങ്ങളുമായി കലഹിക്കും, ജീവിത പങ്കാളിയിൽ നിന്നും ധനലാഭം ഉണ്ടാകും. സർപ്പ പ്രീതി വരുത്തുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** ശത്രുക്കളിൽ നിന്നും അർത്ഥ ലാഭം ഉണ്ടാകും. സാമ്പത്തിക ലാഭം ഉണ്ടാക്കും. സുഖഭോഗങ്ങൾക്കായി കൂടുതൽ ധനം ചിലവഴിക്കും. വിദ്യാഗുണം ലഭിക്കും, പക്ഷെ അലസത കൂടുതൽ ഉണ്ടാകുവാൻ സാധ്യത ഉള്ള കാലമായതിനാൽ വിദ്യാർത്ഥികൾ കഠിന പരിശ്രമം നടത്തേണ്ടി വരും. കുടുംബാംഗങ്ങളുമായി കൂടി ചേരും. വിട്ടുവീഴ്ച മനോഭാവം പുലർത്തേണ്ടി വരും. അയ്യപ്പസ്തുതിയും ദേവീസ്തുതിയും ചൊല്ലുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** സർക്കാർ നിമിത്തവും മേലാധികാരികൾ നിമിത്തവും അർത്ഥനാശത്തിന് സാധ്യത ഉള്ളതിനാൽ നിയമപരമായ കാര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ പറ്റാതെ പ്രയാസപ്പെടും. തൊഴിൽ രംഗമോ, താമസ സ്ഥലമോ വിട്ട് പോകണമെന്ന് ആലോചിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകും. ശാസ്താ ഭജനവും ശിവസ്തുതി പാരായണവും പ്രശ്നങ്ങൾക്ക് പരിഹാരമാകും.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** എല്ലാ കാര്യങ്ങളിലും അലസത തോന്നും, പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനമാകാതെ നീണ്ടു പോകും. അശ്രദ്ധമായ വാക്ക് മൂലം കുടുംബാംഗങ്ങളുമായി കലഹം ഉണ്ടാകും. ധനനഷ്ടം മൂലം മനപ്രയാസം നേരിടേണ്ടി വന്നേക്കാം. കാര്യങ്ങൾ പലതും ക്രമമില്ലാതെയും ചിട്ടയില്ലാതെയും ആയി തീരും. വിദ്യാർത്ഥികൾക്ക് പഠനത്തിൽ തടസ്സങ്ങൾ നേരിടും. ദേവീപ്രീതികരങ്ങളായ സ്തുതികളും വിഷ്ണു സഹസ്രനാമ ജപവും നടത്തുക. എല്ലാ വിഷയങ്ങളിലും ശ്രദ്ധയോടെ ഇടപെടുക.

*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 23/154cm (5'1"), Thiruvonam, Fair, B.Com, Doing PG,Pref: Graduation, Mob: 9847422922, Reg.No.22616

Email:npanilkumar4022@gmail.com
Date of Birth:21-7-1997(2.04pm)
Sishta Dasa:





Contact Address:
MR.ANILKUMAR N. P
71/1997 - A, SREEPRABHA
IIND AVENUE, SRA-14,
SANGAMAM LANE, THANIKAL
ELAMAKKARA
ERNAKULAM - 682026

---

Nair Girl,22/157cm,Punartham, Fair, MBBS, Doctor, Pref: Doctors having MD/MS, Age - 25-29, Mob: 9447521015, 9746769310, Reg.No. 22617

Email:knsreeraj01@gmail.com
Date of Birth:22-01-1997(6.25am)
Sishta Dasa:





Contact Address:
MR.K.N. SREERAJ
KANNAPPUZHAYIL HOUSE
AVOLYP.O
MUVATTUPPUZHA
ERNAKULAM - 686670

---

Nair Girl,26/170cm, Avittam, Medium complexion, B.Tech,Bank Employee, Pref: Employed boy, Transferable, Central Govt Job preferred, Mob:8547629425, Reg.No.22618

Email:vijayalakshmivk1965@gmail.com
Date of Birth:21-8-1994(9.50am)
Sishta Dasa:





Contact Address:
MRS.S.VIJAYALEKSHMI
GANGA
THIRUMOOLAPURAM P. O
IRUVALLIPRA
THIRUVALLA
PATHANAMTHITTA - 689115

---

Nair Girl, 27/164cm, Pooram, Fair, M.Sc Chemistry,Doing BEd,Pref: Higher Education & Good Job, Mob: 9495541611,Reg.No.22619

Email:pnvalsakumar@gmail.com
Date of Birth:25-6-1993(3.45pm)
Sishta Dasa:Sukra :10-2-6





Contact Address:
MR.VALSAKUMAR
KAKKUZHIYIL HOUSE
AMBALLOOR P O
ERNAKULAM - 682315

---

Nair Girl, 27/153cm, Karthika, Wheatish, M.Sc(First Rank),M.Tech (2nd Rank), Research Fellow, Pre:PG/PhD,Govt/PSU, Mob:9446457010, Reg,.No.22620

Email:satheeshjtobsnl@gmail.com
Date of Birth:21-5-1993(6.18pm)
Sishta Dasa:Ravi :1-7-25





Contact Address:
MR.SATHEESH KUMAR
SARASWATHY MANDIRAM
SREENARAYANAPURAM TEMPLE
EZHUPUNNA P. O
ALAPPUZHA - 688537

---

Nair Girl, 24/157cm, Aayilyam, White,M.A.English Literature, Student, Pref:PostGraduation , Ph:0474-2795577, Mob: 9847071571, Reg.No.22621

Email:advbimalraj@gmail.com
Date of Birth:4-2-1996(12.53pm)
Sishta Dasa:Budha:16-6-27




Contact Address:
MR.BIMAL RAJ
KARTHYAYANI
MANALIL NAGAR - 183
NEAR MANALIL TEMPLE
KUREEPUZHA, KAVANADU P. O
KOLLAM - 691003






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/167cm, Ayilyam,Wheatish , M.Com - Finance,Pref: PG/B.Tech, Teetotaller & Non smoker, Mob:9447495166,Reg.No.22623

Email:arajith@rediffmail.com
Date of Birth:19-10-1995(8.38am)
Sishta Dasa:Budha:1-5-25





Contact Address:
MR.AJITHKUMAR A. R
SREEHARI HOUSE,X/338(I)
LITTLE FLOWER ROAD
PUMP JN , ALUVA
ERNAKULAM - 683101

---

Nair Girl,24/5ft 5inch,Aswathy, Fair, BCA,MBA(Not completed),Infosis, Trivandrum(Test Engineer), Pref:Govt Employee, IT, Private , Mob: 9447577919, Reg.No.22624

Email:sreekuttamassery@gmail.com
Date of Birth:5-8-1996(10.19am)
Sishta Dasa:Ketu : 3-4-18




Contact Address:
MR.SREEKUMAR
KARAVAT HOUSE
KUTTAMASSERY
THOTUMUGHAM P. O
ALUVA
ERNAKULAM 683105

---

Nair Girl, 27/5'7", Atham, Fair,MBBS, Persuing MS, Pref:PostGraduate Doctors, CA, PG, Non - IT Engineers, Mob:9847012213, Reg.No.22625

Email:sschandrababu@gmail.com
Date of Birth:17-9-1993(12.55pm)
Sishta Dasa:Chandra : 4-5-6





Contact Address:
MR.S. S. CHANDRA BABU
TC 28/438-3, CPRA 75,
KAITHAMUKKU,
PETTAH,
TRIVANDRUM - 695024

---

Nair Girl,25/169cm, Bharani, Fair, M.Sc Mathematics,Pref: Well qualified,Upper middle class, Dosha jathakam - Chowa Dosham,Ph:0484-2518705, Mob:7558018245,Reg.No.22626

Email:drsanthadevikunjamma@gmail.com
Date of Birth:13-9-1995(2.23pm)
Sishta Dasa:Sukra:13-10-24





Contact Address:
MR.P.SARATHCHANDRAN
SMITHA HOUSE
POST OFFICE ROAD
NORTH PARVOOR
ERNAKULAM - 683512

---

Nair Girl, 24/160cm,Anizham, Fair, Masters in Management from UK, Edu Tech Sector:Branding & Communications, Pref: Boys working outside Kerala (Indian cities or overseas), Mob:9822004417, Reg.No.22630

Email:kcm@bdbipl.com
Date of Birth:11-03-1996(4.40am)
Sishta Dasa:17-8-0




Contact Address:
MR.K.C.MANI
M 013, FOREST COUNTY
KHARADI
PUNE
MAHARASHTRA - 411014

**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy,27/178cm,Makam,Fair,B.Tech ComputerScience, Senior Business Immigration Coordinator, Pref:B.Tech/ Similar degree,Mob:9446583304, Reg.No.22622

Email:mohit.mohan15@gmail.com
Date of Birth:14-9-1993(8.40am)
Sishta Dasa:

| | | | |
|---|---|---|---|
| | | ശി | |
| മ | ഗ്രഹനില & അംശകം | | ശു |
| | | | ച ര |
| മാ | സ | ല | ബു കു ഗു |

Contact Address:
MR.M.P.MOHAN
FLAT NO.10B,
LOTUS GARDENS
KOTTAKKAKAM, SNVP ROAD
TRIPUNITHURA
ERNAKULAM - 682301

Nair Boy, 30/150cm,Punartham, White, B.Com+DIP in Naturopathy, Employed in Intersight Holidays P Ltd,,Pref: Graduation, Mob:9446469122, Reg.No.22627

Email:suseeladevik58@gmail.com
Date of Birth:11-10-1990(5.44pm)
Sishta Dasa:Guru:5-5-12

സ ബു ച

| | | | |
|---|---|---|---|
| ല | | കു | ച |
| | ഗ്രഹനില & അംശകം | | ഗു ശി |
| സ | | | |
| മ | മാ | | ര ശു ബു |

ശു കു ര ശി
മാ ല
ഗു മ

Contact Address:
SMT.K.SUSEELADEVI
SREEPADAM (YESODAYAM)
NEAR TATA HOSPITAL
CHOTTANIKKARA
ERNAKULAM - 682312

Nair Boy, 29/5ft 8inch,Thriketta, Wheatish, MBA,Working in Bangalore with MYGATE (Private Sector),Pref: Employed girl with Post graduation, Good family background should be working in Bangalore,Ph:0484-2345149, Mob:9443704842, Reg. No.22628

Email:binaraghunath@gmail.com
Date of Birth:16-9-1991(3.19am)
Sishta Dasa:Budha:1-8-9

| | | | |
|---|---|---|---|
| | | മാ | ശി |
| | ഗ്രഹനില & അംശകം | | ശു ല |
| മ | | | ര ഗു ബു |
| സ | ച | | കു |

Contact Address:
MR.RAGHUNATH KRISHNAN
GEETANJALI
20, SUBHASH NAGAR
EDAPALLY P O
KOCHI - 682024

Nair boy,29/170cm, Ayilyam, White, MBA,Business,Pref: Graduation, Mob:8137064379,Reg.No.22629

Email:aishwaryaaish@gmail.com
Date of Birth:27-11-1991(11.39am)
Sishta Dasa:

മ ശി ബു ല

| | | | |
|---|---|---|---|
| | | | ശി |
| | ഗ്രഹനില & അംശകം | | ച |
| ല മ മാ | | | ഗു |
| ബു സ | ര കു | | ശു |

ച
കു ശു ഗു
ര സ മാ

Contact Address:
MR. SURENDRAN
ITTURUTHIL HOUSE
MARADU P. O
NIRAVATH ROAD
ERNAKULAM - 682304

Nair Boy,27/162cm, Avittom, Fair, B.Tech,Junior Executive (ATC) in Airports Authority of India (MINI RATNA PSU),Pref: Educated girl from Educated family, Ph: 0484-2780562, M ob: 9446060562,Reg.No.22631

Email:rajanaicwai@gmail.com
Date of Birth:21-02-1993(00-20am)
Sishta Dasa:Kuja:3-5-12

ബു

| | | | |
|---|---|---|---|
| ശു | | ശി | കു |
| ര ച ബു | ഗ്രഹനില & അംശകം | | |
| മ | | | |
| | ല മാ സ | | ഗു |

കു സ ശു ര
ഗു മാ ല ശി മ
ച

Contact Address:
MR.C.K.RAJAN
AISWARIA, CRRA 10,
CHAKKALAMUTTU ROAD
N.F.GATE
TRIPUNITHURA
ERNAKULAM - 682301

**മനസ്സും വാക്കും ഒന്നാക്കുന്നതാണ് ശരിയായ സാധന. വാക്കുകൊണ്ട് 'ഹേ ഭഗവാൻ! അങ്ങാണ് എന്റെ സർവ്വസ്വവും' എന്നു പറഞ്ഞുകൊണ്ട് ചിലർ മനസ്സിൽ സമ്പത്താണ് സർവ്വസ്വവും എന്ന് സമ്പൂർണ്ണ ബോധത്തോടുകൂടിയിരിക്കുന്നു. ഇപ്രകാരമുള്ള ജനങ്ങളുടെ സകല സാധനകളും വിഫലമാവുകയേ ഉള്ളൂ.**

*ശ്രീ. ബ്രഹ്മാനന്ദസ്വാമികൾ*





Radheyam
Guest House
Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161
For Booking









Administrative Office: ERNAKULAM KARAYOGAM
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com

DATE OF PUBLICATION: 10-01-2021

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 13 January 2021 Issue No. 8



## എറണാകുളം കരയോഗത്തിന്റെ 34-ാമത്

# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

**2021 ഫെബ്രുവരി 21 മുതൽ 28 വരെ**

**34-ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം ഈ വർഷം കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ അതിന്റെ നിബന്ധനകൾക്ക് വിധേയമായി പാരായണ യജ്ഞമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഫെബ്രുവരി 21-ാം തീയതി രാവിലെ നാരായണീയ പൂജയോടെ ആരംഭിച്ച് തുടർന്നുള്ള ദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 8.00 മണി മുതൽ 12.00 മണി വരെ എറണാകുളം കരയോഗത്തിലെ അംഗങ്ങളും ശ്രീമദ് ഭാഗവത പ്രേമികളും സംയുക്തമായി പാരായണം നടത്തുന്നതാണ്. എല്ലാ ശ്രീ ഗുരുവായൂരപ്പൻ ഭക്തരുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.**

*NB : പാരായണത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും സാമൂഹിക അകലം പാലിക്കുകയും, മാസ്ക്, സാനിറ്റൈസർ, എന്നിവ ഉപയോഗിക്കുകയും വേണം. 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും, 10 വയസ്സിനു താഴെയുള്ള കുട്ടികളും കോവിഡ് -19 ന്റെ നിബന്ധനകൾ പാലിക്കേണ്ടതാണ്.*

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.